# കാർഷിക സംസ്കൃതിയും വർഗ്ഗാവബോധവും: വൈലോപ്പിള്ളിക്കവിതകളെ കുറിച്ചുള്ള പഠനം

കാലിക്കറ്റ് സർവ്വകലാശാലയുടെ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

കെ. പ്രദീപ് കുമാർ

മലയാളവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2008

# കാർഷിക സംസ്കൃതിയും വർഗ്ഗാവബോധവും: വൈലോപ്പിള്ളിക്കവിതകളെ കുറിച്ചുള്ള പഠനം

കാലിക്കറ്റ് സർവ്വകലാശാലയുടെ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

കെ. പ്രദീപ് കുമാർ

മലയാളവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
2008

# AGRARIAN CULTURE AND CLASS CONSCIOUSNESS: A STUDY ON VILOPPILLI'S POEMS

**THESIS SUBMITTED TO**
**THE UNIVERSITY OF CALICUT**
**FOR THE DEGREE OF**
**DOCTOR OF PHILOSOPHY**


**K. PRADEEP KUMAR**

**DEPARTMENT OF MALAYALAM**
**UNIVERSITY OF CALICUT**

**2008**

# സത്യവാചകം

"കാർഷിക സംസ്കൃതിയും വർഗ്ഗാവബോധവും: വൈലോപ്പിള്ളിക്കവിതകളെ കുറിച്ചുള്ള പഠനം" എന്ന പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷക്കോ, ബിരുദത്തിനോ അസോസിയേറ്റ്ഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും ടൈറ്റിലിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധ്യപ്പെടുത്തുന്നു.

കോഴിക്കോട്

15.09.2008 **കെ. പ്രദീപ് കുമാർ**

**ഡോ.കെ.വി. തോമസ്**
റീഡർ,
മലയാള വിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്.

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി.ഫൈനൽ എക്സാമിനേഷന് സമർപ്പിക്കുന്ന "കാർഷിക സംസ്കൃതിയും വർഗ്ഗാവബോധവും: വൈലോപ്പിള്ളിക്കവിതകളെ കുറിച്ചുള്ള പഠനം" എന്ന ഈ പ്രബന്ധം കെ. പ്രദീപ്കുമാർ എന്റെ നിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

15.09.2008 **ഡോ.കെ.വി. തോമസ്**

# ആമുഖം

ആറുവർഷത്തെ ഗവേഷണഫലമാണ് ഈ പ്രബന്ധം. ഈ പ്രബന്ധരചനയിൽ എനിക്കുവേണ്ട പ്രോത്സാഹനവും വിലയേറിയ മാർഗ്ഗനിർദ്ദേശങ്ങളും നൽകി എന്നെ അകമഴിഞ്ഞ് സഹായിച്ച എന്റെ ഗുരുനാഥൻ ഡോ. കെ. വി. തോമസിനോടുള്ള (മലയാള വിഭാഗം, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്) നന്ദി ഞാൻ രേഖപ്പെടുത്തുന്നു. ഗവേഷണത്തിന് വേണ്ട ഉപദേശങ്ങളും സഹായങ്ങളും നൽകിയ മലയാള വിഭാഗം മുൻ വകുപ്പദ്ധ്യക്ഷൻമാരായ ഡോ. എം.എം. പുരുഷോത്തമൻ നായർ, ഡോ. ടി.ബി. വേണു ഗോപാലപ്പണിക്കർ, ഡോ. എൻ ഗോപിനാഥൻ നായർ എന്നിവരോടും ഇപ്പോഴത്തെ വകുപ്പുദ്ധ്യക്ഷൻ ഡോ. പി. എം വിജയപ്പനോടും എനിക്ക് അളവറ്റ നന്ദിയുണ്ട്. പ്രബന്ധം ആദ്യന്തം വായിച്ച് അച്ചടിയിലെ പിശകുകൾ തിരുത്തുകയും വിലയേറിയ അനവധി നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ശ്രീ ഇ. വി. സദാനന്ദനോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.

എനിക്ക് വേണ്ട സഹായസഹകരണങ്ങൾ നൽകിയ യൂണിവേഴ്സിറ്റി അധികാരികളോടും മലയാള വിഭാഗത്തിലെ ഓഫീസ് ജീവനക്കാരോടും റഫറൻസിനുവേണ്ട സൗകര്യങ്ങൾ ചെയ്തു തന്ന ലൈബ്രറി ജീവനക്കാരോടും എനിക്കുള്ള കടപ്പാട് അളവറ്റതാണ്. വിലയേറിയ നിർദ്ദേശങ്ങൾ നൽകി സഹായിച്ച ഡോ. ആസാദ്, ഡോ. എം എൻ കാരശ്ശേരി, ഡോ. ആർ. വി. എം ദിവാകരൻ, ഡോ. കെ. എം. പ്രിയദർശൻലാൽ എന്നിവരോടുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു. ഡി.ടി.പി.ചെയ്തു തന്ന ടി.പി. സുഗതനും നന്ദി.

കോഴിക്കോട്

15.09.2008

**കെ. പ്രദീപ് കുമാർ**

## ഉള്ളടക്കം

**ആമുഖം .................................................................................................... v**

**ചുരുക്കെഴുത്തുസൂചി ........................................................................................ ix**

**അധ്യായം-1**

**ഉപോദ്ഘാതം ................................................................................................ 1**

1.1 പഠനലക്ഷ്യം

1.2 പൂർവ്വപഠനങ്ങൾ

1.3 പഠനത്തിന്റെ പ്രസക്തി

1.4. പഠനരീതി

1.5 പ്രബന്ധഘടന

**അധ്യായം-2**

**വർഗാവബോധം: സൈദ്ധാന്തിക പരികല്പനകൾ ............................................. 8**

2. ആമുഖം

2.1. ജൈവപരിണാമത്തിൽനിന്ന് സാമൂഹിക പരിണാമത്തിലേക്ക്

2.1.2 അധ്വാനവും പരിണാമവും

2.1.3 സാമൂഹിക വികാസഘട്ടങ്ങൾ

2.1.3.1 സാമ്പത്തിക പ്രവർത്തനങ്ങളുടെ ഉൽപ്പത്തിയും വികാസവും

2.1.4 വർഗാധിഷ്ഠിത സമൂഹം

2.1.5. വെങ്കലയുഗ സംസ്കാരങ്ങളുടെ വികാസ പരിണാമം

2.1.5.1 വർഗങ്ങളും വർഗസമരവും

2.1.6. ഇരുമ്പുയുഗം

2.1.7 ഫ്യൂഡലിസത്തിന്റെ വർഗ്ഗ പ്രവണതകൾ

2.1.8 ആധുനിക സമൂഹം

2.1.9 മാർക്സിസത്തിനകത്തെ ആശയ സംവാദം

2.1.9.1 ഗ്രാംഷിയും കീഴാള ചിന്തയും

2.1.9.2 അൽത്തുസറിന്റെ ഇടപെടൽ

2.2. കൃഷിയും കേരള ചരിത്രവും

2.2.1 കാർഷികവിദ്യയുടെ ആവിർഭാവം

2.2.2 കാർഷികവൃത്തി

2.2.3 ഉൽപ്പാദനബന്ധങ്ങൾ

2.2.3.1 വിഭവങ്ങളുടെ വിതരണം

2.2.3.2 ഉൽപ്പാദന മിച്ചം
2.2.3.3 ചരക്കുൽപ്പാദനം
2.2.3.4. കൈമാറ്റം
2.2.4 വർഗവും ജാതിയും
2.2.5 ലിംഗഭേദങ്ങൾ
2.3 കർഷക പ്രസ്ഥാനങ്ങൾ
2.3.1 ആയിരത്തി തൊള്ളായിരത്തി ഇരുപതുകൾക്കു ശേഷമുള്ള സാർവദേശീയ -ദേശീയപരിസ്ഥിതി
2.3.2 ഇന്ത്യയിലെ സവിശേഷ അന്തരീക്ഷം
2.3.3 കിസാൻ സഭയും മാനിഫെസ്റ്റോയും
2.3.4 കേരളത്തിലെ തൊഴിലാളി കർഷക മുന്നേറ്റങ്ങൾ
2.3.5 കർഷക സമരങ്ങൾ മലബാറിൽ
2.3.5.1 കർഷക സമരങ്ങൾ
2.3.5.1.1. പുന്നപ്ര വയലാർ സമരം
2.3.5.1.2. കരിവെള്ളൂർ സമരം
2.3.6. ജീവൽസാഹിത്യവും പുരോഗമന സാഹിത്യവും
2.3.7 ദേശാഭിമാനി സ്റ്റഡിസർക്കിളും പുരോഗമനകലാസാഹിത്യസംഘവും

**അധ്യായം :3**

**വർഗ്ഗാവബോധത്തിന്റെ പരിണാമം വൈലോപ്പിള്ളിക്കവിതകളിൽ ...................... 62**

3.1 വർഗ്ഗങ്ങൾ
3.1.1. തൊഴിലാളികൾ അധ്വാനിക്കുന്ന ശരീരം
3.1.1.1അന്യവത്ക്കരണം
3.1.1.2. അന്യവത്ക്കരണവും തൊഴിലാളി വർഗ്ഗവും
3.1.1.3. അന്യവർക്കരണം സംഭവിക്കാത്ത അധ്വാനം
3.1.2. മധ്യവർഗ്ഗം
3.1.2. മേലാളർമാർ/അധികാരിവർഗം
3.2 സാർവ്വദേശീയത/പ്രാദേശികത
3.3. വർഗാവബോധം എന്ന വിചാരമാതൃക
3.3.1 ജീവിതത്തിലുള്ള ശുഭാപ്തി വിശ്വാസം
3.3.2 വ്യക്തി സ്വാതന്ത്ര്യം
3.3.3 മനുഷ്യശക്തിയിലുള്ള പ്രതീക്ഷ
3.3.4 സ്ഥിതി സമത്വം
3.4 പരിണാമം

**അധ്യായം: 4**

**കവിതയിലെ കാർഷിക സംസ്കൃതി വർഗാവബോധത്തിന്റെ ആവിഷ്കാരം എന്ന നിലയിൽ ........ 111**

4.1. കാവ്യബിംബങ്ങൾ

4.1.1 കാവ്യബിംബങ്ങളുടെ ധർമ്മം

4.1.2 ബിംബങ്ങളും അലങ്കാരങ്ങളും

4.1.3. ബിംബങ്ങളിലെ ആന്തരിക വൈരുദ്ധ്യങ്ങൾ

4.1.4 കാവ്യബിംബങ്ങളുടെ പ്രവർത്തനരീതി

4.1.5. ബിംബങ്ങളും പ്രതീകങ്ങളും

4.1.6. ബിംബവർഗീകരണ രീതികൾ

4.1.6.1 ദൃശ്യബിംബങ്ങൾ

4.1.6.2 ശാബ്ദബിംബങ്ങൾ

4.1.6.3 ഗന്ധബിംബങ്ങൾ

4.1.6.4 രാസനബിംബങ്ങൾ

4.1.7 പ്രത്യാവൃത്തി ബിംബങ്ങളിലൂടെ കവി മനസ്സിലേക്ക്

4.2 വൈലോപ്പിള്ളി കവിതകളിലെ കാർഷിക സംസ്കാരത്തോടു ബന്ധപ്പെട്ട ബിംബങ്ങൾ

4.2.1 പ്രത്യക്ഷ വാങ്മയ ചിത്രങ്ങൾ

4.2.2.ആദിപ്രരൂപബിംബബങ്ങൾ

4.2.2.1 മാതൃബിംബങ്ങൾ

4.2.2.2. മഹാത്മാവിന്റെ ദ്വന്ദാത്മക പ്രകൃതി

4.2.3 ഉർവ്വരതാ ബിംബങ്ങൾ

4.2.4 പ്രകൃതി ബിംബങ്ങൾ

4.3. പ്രകൃതി സങ്കല്പം

4.4. ഉത്സവങ്ങൾ, ആഘോഷങ്ങൾ

**അധ്യായം: 5**

**ഉപസംഹാരം ........ 170**

**അനുബന്ധങ്ങൾ ........ 177**

അനുബന്ധം 1 : ജീവിതരേഖ

അനുബന്ധം 2 : സമ്പൂർണ്ണകൃതികൾ

അനുബന്ധം 3 : സമാഹരിക്കാത്ത കവിതകൾ

**ഗ്രന്ഥസൂചി ........ 188**

# ചുരുക്കെഴുത്ത് സൂചിക

**മലയാളം**

| | | |
|---|---|---|
| വൈ.ക. | - | വൈലോപ്പിള്ളിക്കവിതകൾ |
| വൈ.ശ്രീ. | - | വൈലോപ്പിള്ളി ശ്രീധരമേനോൻ |
| നാ.ബു. | - | നാഷണൽ ബുക്ക് സ്റ്റാൾ |
| പു. | - | പുറം |
| സമ്പാ. | - | സമ്പാദകൻ |
| വിവ: | - | വിവർത്തകൻ |
| കേ.ഭാ.ഇ. | - | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |

**ENGLISH**

| | | |
|---|---|---|
| p. | - | Page |
| Ed. | - | Editor |
| Trans. | - | Translator |

# അധ്യായം ഒന്ന്

# ഉപോദ്ഘാതം

## 1.1 പഠന ലക്ഷ്യം

കേരളീയ സാമൂഹ്യജീവിതത്തിന്റെ പരിണാമത്തിലെ ഒരു നിർണ്ണായക ഘട്ടത്തിലാണ് വൈലോപ്പിള്ളി തന്റെ കാവ്യ ജീവിതം ആരംഭിക്കുന്നത്. കൃഷിയിൽനിന്ന് വ്യവസായ ത്തിലേയ്ക്കുള്ള പരിണാമം ഇക്കാലത്താരംഭിക്കുന്നു. രാജഭരണത്തിൽ നിന്ന് പ്രജായത്ത ഭരണത്തിലേയ്ക്കുള്ള പ്രയാണം മെല്ലെ തുടങ്ങിയിരിക്കുന്നു. അക്കാലത്തും സമൂഹത്തിന്റെ അടിസ്ഥാന ജീവിതമായ കൃഷി ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവും വർഗ്ഗപ രവുമായ ബോധത്തെ നിർണ്ണയിക്കുന്നു. ഈ നിലയിൽ കാർഷിക വൃത്തി കേവലമായ തൊഴിൽ എന്നതിലുപരി സാമൂഹിക സാംസ്കാരിക വ്യാപാരമായി മാറുന്നു.

കേരളീയ സമൂഹത്തിന്റെ ജീവിതം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാർഷിക ജീവിത വൃത്തിയുടെ അടിത്തറ നിർണ്ണയിക്കുന്നത് ജന്മി-കുടിയാൻ ബന്ധമാണ്. 1930-40 കളിലെ കാർഷിക സമരങ്ങൾ കേരളീയ സാമൂഹ്യ ജീവിത മണ്ഡലത്തിൽ സാരമായ മാറ്റങ്ങൾക്ക് കാരണമായി. ഈ പശ്ചാത്തലത്തിൽ വളർന്ന വൈലോപ്പിള്ളി യുടെ കവിതകളിൽ തെളിയുന്ന വർഗ്ഗപരവും സാമൂഹികവും സാംസ്കാരികവുമായ സൂച നകളുടെ വിശകലനമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 1.2 പൂർവ്വ പഠനങ്ങൾ

വൈലോപ്പിള്ളിക്കവിതയെക്കുറിച്ച് പല പഠനങ്ങളും ഉണ്ടായിട്ടുണ്ട്. സൗന്ദര്യാത്മക മായും സാമൂഹിക ശാസ്ത്രപരമായും മനഃശാസ്ത്രപരമായും നിരൂപകന്മാർ വൈലോപ്പി ള്ളിക്കവിതയെ വിലയിരുത്തിയിട്ടുണ്ട്.

വൈലോപ്പിള്ളിക്കവിതയെ മുൻനിർത്തിയുള്ള ആദ്യ പഠനം *കന്നിക്കൊയ്ത്തിന്* കുട്ടി കൃഷ്ണമാരാർ എഴുതിയ അവതാരികആണ്. കൂടാതെ *ശ്രീരേഖ* എന്ന കൃതിക്ക് കൈനി ക്കര കുമാരപിള്ളയും *കുടിയൊഴിക്കലിന്* എൻ.വി.കൃഷ്ണവാര്യരും *ഓണപ്പാട്ടുകൾ* എന്ന കൃതിക്ക് എം.എൻ.വിജയനും *ഋശ്യശൃംഗനും അലക്സാണ്ടറും* എന്ന കൃതിക്ക് വിഷ്ണു

നാരായണൻ നമ്പൂതിരിയും *കടൽക്കാക്കകൾ* എന്ന കൃതിക്ക്പി.ഏ.വാര്യരും *കുരുവികൾ* എന്ന കൃതിക്ക് കെ പി ശങ്കരനും *വിട* എന്ന കൃതിക്ക് എം. ലീലാവതിയും *കൃഷ്ണമൃഗങ്ങൾ* എന്ന കൃതിക്ക് കെ.അയ്യപ്പപ്പണിക്കരും എഴുതിയ അവതാരികകളും എസ്.പി.സി.എസ് പ്രസിദ്ധീകരിച്ച *വൈലോപ്പിള്ളിക്കവിതകൾ* എന്ന സമാഹാരത്തിന് എസ്.കെ.വസന്തന്റെ അവതാരികയും വൈലോപ്പിള്ളിക്കവിതയെ വിശകലനം ചെയ്യുന്നുണ്ട്. വൈലോപ്പിള്ളിയുടെ *സമ്പൂർണ്ണകൃതികൾക്ക്* എം.എൻ. വിജയൻ *കവിതയുടെ മൃത്യുഞ്ജയം* എന്ന ലഘുപഠനം തയ്യാറാക്കിയിട്ടുണ്ട്.

*കുടുംബജീവിതം വൈലോപ്പിള്ളിക്കവിതയിൽ* എന്ന വിഷയത്തിൽ വി.വത്സലകുമാരിയും *ചങ്ങമ്പുഴയുടയും വൈലോപ്പിള്ളിയുടെയും കൃതികളിലെ കാല്പനിക ഘടകങ്ങൾ* എന്ന വിഷയത്തിൽ ബി. പാർവ്വതിയും ഗവേഷണ പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. ബേബി ഷീബ.സി.പി *വൈലോപ്പിള്ളിക്കവിത: ശൈലീ വിജ്ഞാനപരമായ അപഗ്രഥനം* എന്ന തന്റെ ഗവേഷണ പ്രബന്ധത്തിൽ ആവിഷ്കാരോപാധികളെക്കുറിച്ച് ചർച്ച ചെയ്യുന്നു.

### 1.2.1 എസ്.രാജശേഖരന്റെ പഠനങ്ങൾ

*വൈലോപ്പിള്ളി: ജീവിതവും ദർശനവും* എസ്. രാജശേഖരന്റെ ഗവേഷണ പ്രബന്ധമാണ്. ഏഴ് അദ്ധ്യായങ്ങളായി തിരിച്ചാണ് വൈലോപ്പിള്ളിക്കവിതകളെ അദ്ദേഹം വിശകലനം ചെയ്യുന്നത്. *കവിത കവിത്രയത്തിൽ നിന്ന് വൈലോപ്പിള്ളിയിലേക്ക്, പാരമ്പര്യവും പൈതൃകവും, വൈയക്തികത, വിശ്വമാനവികത, സാമൂഹികത, ഓണസങ്കല്പം, ജീവിതദർശനവും കാവ്യദർശനവും* എന്നിവയാണ് അധ്യായങ്ങൾ. സാമൂഹിക ശാസ്ത്ര നിരൂപണ രീതിയാണ് അദ്ദേഹം സ്വീകരിച്ചത്. വൈലോപ്പിള്ളിയുടെ ജീവിത ദർശനം അദ്ദേഹത്തിന്റെ കൃതികളിലൂടെ കണ്ടെത്താനുള്ള ശ്രമമാണ് രാജശേഖരൻ തന്റെ കൃതികളിലൂടെ നടത്തുന്നത്.

മലയാള കവിതയ്ക്ക് അതിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ കരുത്തും ചൈതന്യവും പകർന്ന മൂന്നു കവികളാണ് എഴുത്തച്ഛനും ആശാനും വൈലോപ്പിള്ളിയും. മലയാളത്തിലെ കവിത്രയ സങ്കല്പം ഇവരെ സംബന്ധിച്ചാണുണ്ടാവേണ്ടത് എന്നും രാജശേഖരൻ വ്യക്തമാക്കുന്നു. ഇക്കാര്യം *ഞാനിന്നിവിടെ പാടും പോലെ* എന്ന കൃതിയിൽ അദ്ദേഹം ആവർത്തിക്കുന്നു. രണ്ടു ഭാഗങ്ങളായുള്ള പ്രസ്തുത കൃതിയിൽ ഒന്നാം ഭാഗത്തിൽ അനുഭവങ്ങളെക്കുറിച്ചും രണ്ടാം ഭാഗത്തിൽ കവിതയുടെ സമീപനത്തെക്കുറിച്ചും വിശദീകരിക്കുന്നു. രാജശേഖരന്റെ മുൻ കൃതികളിലെ ആശയങ്ങൾ ഈ കൃതിയിലും കാണാം.

### 1.2.2 എം.എൻ.വിജയന്റെ പഠനങ്ങൾ

വൈലോപ്പിള്ളിക്കവിതയെക്കുറിച്ച് എം.എൻ.വിജയന്റെ പഠനങ്ങളാണ് *ശീർഷാസനം* എന്ന കൃതി. മന:ശ്ശാസ്ത്ര തത്വങ്ങളാണ് പഠനത്തിനാധാരം. *പഴയ പുലവൻ, കുടിയൊഴിക്കൽ പ്രതീകങ്ങളും പ്രേരണകളും, തൊടുന്ന രേഖകൾ തൊടാത്ത രേഖകൾ, സംശയം, സഹ്യന്റെ മകൻ, മാമ്പഴം, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാരുടെ അവതാരിക, വൈലോപ്പിള്ളിയുടെ ചിരി, വൈലോപ്പിള്ളിക്കവിതയുടെ ഒരു സവിശേഷത, കന്നിക്കൊയ്ത്ത്* എന്നീ ലേഖനങ്ങളാണ് ഈ കൃതിയിൽ.

കുടിയൊഴിക്കൽ എന്ന ഖണ്ഡ കാവ്യത്തെക്കുറച്ചുള്ള പഠനമാണ് *തൊടുന്ന രേഖകൾ തൊടാത്ത രേഖകൾ* എന്ന ലേഖനം. *മാമ്പഴം* എന്ന കവിതയുടെ ജനപ്രീതിക്കു കാരണം മനസ്സിന്റെ അഗാധതയിൽ മലയാളി കാത്തു സൂക്ഷിക്കുന്ന ശൈശവബോധമാണ് എന്ന് അദ്ദേഹം കണ്ടെത്തുന്നു. വൈലോപ്പിള്ളിക്കവിതകളുടെ അടിക്കുറിപ്പുകൾ അനുവാചകരെ വസ്തുതകൾ മനസ്സിലാക്കുന്നതിൽ നിന്ന് വിലക്കുമെന്ന് എം.എൻ വിജയൻ പറയുന്നു. *സഹ്യന്റെ മകൻ* എന്ന ലേഖനത്തിൽ ഇക്കാര്യം വ്യക്തമാക്കിയശേഷം മന:ശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറയുന്നു. *വൈലോപ്പിള്ളിയുടെചിരി, വൈലോപ്പിള്ളി കവിതകളുടെ ഒരു സവിശേഷത* എന്നീ ലേഖനങ്ങളിലൂടെ വൈലോപ്പിള്ളിക്കവിതകളെ മന:ശാസ്ത്രാധിഷ്ഠിതമായി വിലയിരുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്.

### 1.2.3 എം ലീലാവതിയുടെ പഠനങ്ങൾ

വൈലോപ്പിള്ളിയുടെ കാവ്യനാടകങ്ങളിൽ, മൃതസഞ്ജീവനിയെക്കുറിച്ചുള്ള എം.ലീലാവതിയുടെ പഠനം ശ്രദ്ധേയമാണ്. *സാവിത്രി* എന്ന കവിത വ്യക്തിയുടെയും സമൂഹത്തിന്റെയും കവിതയുടെയും കഥയാണെന്ന് എം.ലീലാവതി *സാവിത്രി* എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നു. പുതിയ യുഗത്തിൽ പുതിയ മനുഷ്യനു വേണ്ടുന്ന ശക്തികൾ സംഭരിക്കാനുള്ള വിശുദ്ധോദ്യമമാണ് *സാവിത്രി* രചനയിലേക്കു കവിയെ നയിച്ചതെന്നും ലേഖിക കണ്ടെത്തുന്നു. വൈലോപ്പിള്ളിയുടെ വൈയക്തിക ജീവിതത്തെ സംബന്ധിച്ച കവിതകളുടെ പശ്ചാത്തലത്തിൽ, ഇതിഹാസ കഥയ്ക്കുള്ളിലൊളിപ്പിച്ചു വച്ച കവിതയുടെ സ്വന്തം വ്യക്തി ദു:ഖത്തെക്കുറിച്ചുള്ള അന്വേഷണമാണ് *ഉജ്ജ്വലമുഹൂർത്തം* എന്ന ലേഖനത്തിലേത്.

*കാവ്യലക്ഷ്മി ചാരി നിന്ന കൊന്ന, ജലസേചനം, സഹ്യന്റെ മകനും മകളും, വെള്ളിലവള്ളിയും ഉപമന്യുവും* എന്നീ ലേഖനങ്ങളിലൂടെ വൈലോപ്പിള്ളിക്കവിതകളെ വിലയിരുത്തുകയാണ് എം.ലീലാവതി *അമൃതമശ്നുതേ* എന്ന കൃതിയിലൂടെ. എം.ലീലാവതി

യുടെ മലയാള കവിതാപഠന കൃതിയാണ് *വർണ്ണരാജി.* ഇതിൽ *വൈലോപ്പിള്ളിക്കവിത* എന്ന ലേഖനത്തിൽ റൊമാന്റിസിസത്തിന്റെ പാർവണനിശയുടെ അന്ത്യ നിമിഷങ്ങളാണ് നാം വൈലോപ്പിള്ളി കവിതയിൽ കാണുന്നതെന്ന് ലീലാവതി വ്യക്തമാക്കുന്നു. *കവിതാ ധ്വനി* എന്ന തന്റെ കൃതിയിലും വൈലോപ്പിള്ളിക്കവിതയെ മന:ശ്ശാസ്ത്രപരമായി വിലയി രുത്തുകയാണ് എം.ലീലാവതി. യുങ്ങിന്റെ മന:ശാസ്ത്ര ദർശനങ്ങളാണ് കവിതാ പഠന ത്തിൽ അവർ ഉപയോഗപ്പെടുത്തുന്നത്. ആദി പ്രരൂപ വിമർശന രീതിയാണ് ലീലാവതി സ്വീകരിച്ചത്. അതു തന്നെയാണ് ഈ കവിതാ പഠനത്തിന്റെ പരിമിതിയും.

### 1.2.4 പി.സോമന്റെ പഠനങ്ങൾ

വൈലോപ്പിള്ളി കവിതകളെക്കുറിച്ച് പി.സോമന്റെ പഠനമാണ് *കാവ്യം അന്നരസമയം* എന്ന കൃതി. ആറ് ലേഖനങ്ങളാണ് പ്രസ്തുത കൃതിയിലുള്ളത്. *കാവ്യം അന്നരസമയം, കവിതയിലെ വിതയും കൊയ്ത്തും, വൈലോപ്പിള്ളിയുടെ ആസുരഗീതങ്ങൾ, സർഗ്ഗാത്മ കമായ അശ്ലീല പ്രയോഗം, വൈലോപ്പിള്ളിക്കവിതയിലെ വർഗ്ഗാവബോധം, വൈലോപ്പി ള്ളിയുടെ രാമായണ ദർശനം* എന്നീ ലേഖനങ്ങളാണ് അവ. സാമൂഹ്യ ശാസ്ത്ര വിമർശന രീതിയാണ് പഠനങ്ങൾക്ക് അദ്ദേഹമുപയോഗിച്ചത്.

### 1.2.5 മറ്റ് പഠനങ്ങൾ

മലയാളത്തിലെ പ്രധാന കവിയായ ചങ്ങമ്പുഴയെയും വൈലോപ്പിള്ളിയെയും കുറിച്ച് ഒ.എൻ.വി കുറുപ്പിന്റെ പഠനങ്ങൾ ഉൾക്കൊള്ളുന്ന കൃതിയാണ് *കവിതയിലെ സമാന്തര രേഖകൾ.* മനസ്സു കൊണ്ടും വാക്കു കൊണ്ടും വ്യത്യസ്തരായിരുന്നവരുടെ സമാന്തരരേഖ കൾ. മലയാള കവിതയുടെ നാടോടി പാരമ്പര്യം ഉൾക്കൊണ്ട ഈ കവിപ്രതിഭകളെക്കുറി ച്ചുള്ള പഠനമാണ് ആദ്യഭാഗം. രണ്ടാം ഭാഗത്തിൽ *വൃത്തവും താളവും കവിതയിൽ, ഭാവ ഗീതം കിഴക്കും പടിഞ്ഞാറും, കാവ്യകലയെപ്പറ്റി രണ്ടു കവിതകൾ, സർഗപ്രക്രിയയുടെ സമാന്തരമാർഗ്ഗങ്ങൾ, ഭാവഗീതങ്ങൾ* എന്നീ അഞ്ചു സാഹിത്യ പ്രബന്ധങ്ങളും ഉൾപ്പെടു ന്നു.

*ഗൃഹാതുരത്വത്തിന്റെ വിഭിന്നസ്വരങ്ങൾ, സ്ത്രീ സങ്കല്പത്തിലെ സാരള്യവും സങ്കീർണ്ണ തയും, സ്നേഹത്തിന്റെ ശക്തി ദൗർബല്യങ്ങൾ* എന്നീ ലേഖനങ്ങളിലൂടെ ചങ്ങമ്പുഴ യുടെയും വൈലോപ്പിള്ളിയുടെയും കവിതകളിലെ വൈരുദ്ധ്യങ്ങൾ വരച്ച് കാട്ടുകയാണ് ഒ.എൻ.വികുറുപ്പ്. എം.പി.ശങ്കുണ്ണിനായരുടെ കാവ്യവ്യുത്പത്തി എന്ന ഗ്രന്ഥത്തിലെ പ്രസിദ്ധ ലേഖനമാണ് *കണ്ണീർപ്പാടം* വൈലോപ്പിള്ളിയുടെ കണ്ണീർപ്പാടം എന്ന കവിത യിൽ വർഷകാലവും മനുഷ്യജീവിതവും പരസ്പരാദ്ധ്യാസം കൊണ്ട് ഏകീകരിക്കപ്പെട്ടി രിക്കുന്നതായി ശങ്കുണ്ണിനായർ അഭിപ്രായപ്പെടുന്നു.

അയ്യപ്പപണിക്കർ കവിദർശനം എന്ന കൃതിയിൽ *വൈലോപ്പിള്ളിയുടെ ആത്മാദിവർത്തിത്വം* എന്ന ലേഖനത്തിലൂടെ വിരുദ്ധവും പരസ്പരപൂരകവുമല്ലാത്ത രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലാണ് ആ കവിതയുടെ കാച്ചിക്കുറുക്കിയ സൗന്ദര്യമള്ളതെന്നഭിപ്രായപ്പെടുന്നു.

വൈലോപ്പിള്ളിയുടെ *കന്നിക്കൊയ്ത്ത്* മുതൽ *മകരക്കൊയ്ത്ത്* വരെയുള്ള കൃതികളെ അടിസ്ഥാനമാക്കിയുള്ള മേലത്ത് ചന്ദ്രശേഖരന്റെ പഠനമാണ് *വൈലോപ്പിള്ളിക്കവിത* എന്ന കൃതി. പതിനെട്ട് അധ്യായങ്ങളാണ് പ്രസ്തുത കൃതിയിലുള്ളത്. വൈലോപ്പിള്ളി കവിതയിലെ *ഗൃഹാതുരത്വം, ഗ്രാമസങ്കല്പം, ശാസ്ത്രബോധം, ജീവിതദർശനം, വൈലോപ്പിള്ളി: അപൂർണതയും പൂർണതയും, കവി കാലഘടത്തിന്റെ പ്രഭു, പുതിയ സൗന്ദര്യത്തിന്റെ കവി, ആത്മാവിന്റെ വിപ്ലവം- വൈലോപ്പിള്ളികവിതയിൽ, കവിതയിലെ മുത്തുകൾ, ചേറ്റുപുഴകവിതകളിലൂടെ, പരിണാമഗാഥ, മനുഷ്യനും പ്രകൃതിയും വൈലോപ്പിള്ളിക്കവിതയിൽ, കൊടുമുടിയിൽ നിന്ന് താഴ്വരകളിലേക്ക്* തുടങ്ങിയ ലേഖനങ്ങളിലെല്ലാം വൈലോപ്പിള്ളിക്കവിതയെ അടുത്തറിയാനുള്ള ചന്ദ്രശേഖരന്റെ ശ്രമങ്ങൾ കാണാം.

*വർണ്ണബോധം മലയാള കാല്പനികകവിതയിൽ* എന്ന ഗവേഷണ പ്രബന്ധത്തിൽ ജോളി സക്കറിയ വൈലോപ്പിള്ളി കവിതയെ പഠന വിധേയമാക്കുന്നുണ്ട്. പി.നാരായണക്കുറുപ്പിന്റെ *കവിയും കവിതയും*, എൻ.മുകുന്ദന്റെ *കവിത: ധ്വനിയും പ്രതിധ്വനിയും* എന്നീ കൃതികളിൽ വൈലോപ്പിള്ളിക്കവിതകളെ വിശകലനം ചെയ്യുന്നുണ്ട്.

വൈലോപ്പിള്ളി കവിതകളെ സംബന്ധിച്ചുള്ള മറ്റൊരു പ്രധാന കൃതി *കന്നികൊയ്ത്തു മുതൽ മകരകൊയ്ത്തു വരെ* എന്നതാണ്. പല വിമർശകരുടെ ലേഖനങ്ങൾ ഒത്തു ചേർന്ന സമാഹാരമാണിത്.

## 1.3. പഠനത്തിന്റെ പ്രസക്തി

ആവിഷ്കാരശൈലി, കുടുംബബന്ധങ്ങൾ എന്നിവയെ മുൻനിർത്തി അതിന്റെ ശൈലീപരവും കുടുംബപരവുമായ തലങ്ങളെ വിശദീകരിക്കുവാൻ ശ്രമിക്കുന്ന പഠനങ്ങളാണ് വൈലോപ്പിള്ളിക്കവിതകളെക്കുറിച്ച് നടന്നിട്ടുള്ളവയിൽ ഏറെയും. വൈലോപ്പിള്ളിയുടെ കാവ്യജീവിതത്തിലെ സംഘർഷങ്ങളും സമൂഹത്തിലെ വ്യത്യസ്ത വർഗ്ഗ താല്പര്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുത വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ കാർഷികസംസ്കൃതിക്ക് വന്ന പരിണാമവും വർഗ്ഗബോധത്തിൽ വന്ന മാറ്റവും പ്രസക്തമായിത്തീരുന്നു. ഉൽപ്പാദന ബന്ധങ്ങളുടെ പരിണാമവും അതു വഴി രൂപപ്പെടുന്ന ചരിത്രാത്മകവും വൈരുദ്ധ്യാത്മകവുമായ വർഗാവബോ

ധവും മുഖ്യ പരികല്പനകളായി സ്വീകരിച്ച് കൊണ്ട് മാത്രമേ വൈലോപ്പിള്ളിയുടെ കാവ്യ ലോകത്തിന്റെ ഭൗതികതയെ പൂർണ്ണമായ അർത്ഥത്തിൽ അനാവരണം ചെയ്യാൻ കഴിയൂ.

മേൽപ്പറഞ്ഞ പഠനങ്ങൾ ഇത്തരത്തിലുള്ള വിശകലനത്തിന്റെ വെളിച്ചത്തിൽ നടന്നി ട്ടുള്ളവയല്ല എന്നതിനാൽ ഈ പഠനം പ്രസക്തമാവുന്നു.

## 1.4. പഠനരീതി

വൈലോപ്പിള്ളിക്കവിതകളിലെ കാർഷിക സംസ്കൃതിയും വർഗ്ഗാവബോധവും അനാ വൃതമാക്കത്തക്ക വിധത്തിൽ പ്രധാനവും വ്യതിരിക്തവുമായ കവിതകളെ തിരഞ്ഞെടുത്ത് സവിശേഷമായി പഠിക്കുന്ന രീതിയാണ് ഉപയോഗിക്കുന്നത്. പഠനത്തിനാവശ്യമായ ഉപാ ദാനങ്ങൾ നൽകുന്ന പ്രധാനവും പ്രാതിനിധ്യസ്വഭാവമുള്ളതുമായ കൃതികളെ പ്രത്യേക മായി തെരഞ്ഞെടുത്തിരിക്കുന്നു. പഠനത്തിനുള്ള സാമഗ്രികളുടെ ലഭ്യതയാണ് ഈ പ്രത്യേക തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. ചില പ്രത്യേക സന്ദർഭങ്ങളിൽ ഇതരകവിത കളുടെ പ്രസക്ത ഭാഗങ്ങളും ഉദാഹരണമായി ചേർത്തിട്ടുണ്ട്.

വ്യവസായ വൽക്കരണത്തോട് കൂടി രൂപപ്പെട്ട നിരവധി ദർശനങ്ങളുടെ അടിപ്പടവായി പ്രവർത്തിച്ചത് വർഗ്ഗം എന്ന സങ്കല്പമാണ്. ഈ സങ്കല്പത്തെ പ്രായോഗികവും സൈദ്ധാ ന്തികവുമായ ഒരു വിചാര മാതൃകയാക്കി വികസിപ്പിച്ചതിൽ മാർക്സ്, എംഗൽസ് എന്നി വർക്കുള്ള പങ്ക് വളരെ വലുതാണ്. എന്നാൽ ഒന്നരനൂറ്റാണ്ട് മുമ്പ് രൂപപ്പെട്ട മാർക്സിയൻ ദാർശനിക പാരമ്പര്യത്തിനകത്ത് സംവാദാത്മകമായ ഒരു മണ്ഡലം രൂപപ്പെട്ടിട്ടുണ്ട്. ഈ ചർച്ചകളെ മുഴുവൻ ക്രോഡീകരിക്കുക ഈ പ്രബന്ധത്തിന്റെ ലക്ഷ്യമല്ല. എന്നാൽ മാർക്സിൽ നിന്ന് തുടങ്ങി ആധുനിക കാലം വരെ നീണ്ടു നിൽക്കുന്ന മാർക്സിസ്റ്റ് പാര മ്പര്യത്തിന്റെ ഉൾക്കാഴ്ചകളെ സാന്ദർഭികമായി ഉപയോഗപ്പെടുത്തി കൊണ്ടാണ് ഈ പ്രബ ന്ധത്തിന്റെ വിശകലനം നടത്തിയിട്ടുള്ളത്.

## 1.5 പ്രബന്ധ ഘടന

അഞ്ച് അദ്ധ്യായങ്ങളോട് കൂടിയതാണ് മുഖ്യ പ്രബന്ധം *ഉപോദ്ഘാത*മെന്ന ഈ അധ്യായത്തിൽ വിഷയാവതരണവും ഈ പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും രീതിയും പ്രതിപാദിക്കുന്നു.

*വർഗ്ഗാവബോധം സൈദ്ധാന്തിക പരികല്പനകൾ* എന്ന രണ്ടാമത്തെ അദ്ധ്യായം വിശ കലത്തിന്റെ സൈദ്ധാന്തികാടിത്തറ വിശദമാക്കുന്ന ഭാഗമാണ്. കാർഷിക സംസ്കൃതി യിൽ അന്തർഭവിച്ചിട്ടുള്ള വർഗ്ഗ ചിന്തകളെ ഇവിടെ വിശദമായി അന്വേഷിക്കുന്നു.

*വർഗ്ഗാവബോധത്തിന്റെ പരിണാമം വൈലോപ്പിള്ളിക്കവിതകളിൽ* എന്ന മൂന്നാമത്തെ

അദ്ധ്യായത്തിൽ പ്രധാനപ്പെട്ടതും പ്രാതിനിധ്യ സ്വഭാവമുള്ളതുമായ കൃതികളിലെ വർഗ്ഗാവബോധ ധാരകൾ സ്പഷ്ടമാക്കുകയാണ് ചെയ്യുന്നത്.

*കവിതയിലെ കാർഷിക സംസ്കൃതി വർഗ്ഗാവബോധത്തിന്റെ ആവിഷ്കാരം എന്ന നിലയിൽ* എന്ന നാലാമത്തെ അധ്യായം തെരഞ്ഞെടുത്ത് വൈലോപ്പിള്ളിക്കവിതകളിലെ കാർഷിക ബിംബങ്ങളുടെ വിശകലനമാണ് നിർവ്വഹിക്കുന്നത്.

അഞ്ചാമത്തെ അദ്ധ്യായം *ഉപസംഹാര*മാണ്. വിശകലനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങൾ ചർച്ച ചെയ്ത് ഇവിടെ ക്രോഡീകരിച്ചിട്ടുണ്ട്.

## അധ്യായം-രണ്ട്

# വർഗാവബോധം: സൈദ്ധാന്തിക പരികല്പനകൾ

### 2.1 ആമുഖം

മനുഷ്യന്റെ ഉദ്ഭവവും വളർച്ചയും സംബന്ധിച്ച് ചാൾസ് ഡാർവിൻ ആവിഷ്കരിച്ച പരിണാമസിദ്ധാന്തം, പ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനമെന്തെന്ന കാര്യത്തിൽ അതുവരെയുണ്ടായിരുന്ന ധാരണകളെ തകർത്തു.

പരിണാമസിദ്ധാന്തംപോലെ തന്നെ പ്രധാനമാണ് മനുഷ്യന്റെ വളർച്ചയിൽ രൂപം പ്രാപിച്ച വിവിധ സാമൂഹ്യസംഘടനാരൂപങ്ങളെക്കുറിച്ച് ഹെന്റി മോർഗൻ എന്ന സാമൂഹ്യശാസ്ത്രകാരൻ നടത്തിയ ഗവേഷണവും നിഗമനങ്ങളും.

ജീവിവർഗ്ഗങ്ങളുടെ വളർച്ചയിൽ മനുഷ്യനുണ്ടായതെങ്ങനെയെന്നാണ് ഡാർവിൻ പരിശോധിച്ചതെങ്കിൽ സാമൂഹ്യജീവിയെന്ന നിലക്ക് മനുഷ്യനിൽ വന്നുകൊണ്ടിരിക്കുന്ന രൂപഭേദങ്ങളായിരുന്നു മോർഗന്റെ പരിശോധനാ വിഷയം. മൃഗങ്ങളുടെതിൽ നിന്ന് വളരെയൊന്നും വ്യത്യസ്തമല്ലാത്ത ഒരു ജീവിതരീതി ഒരു കാലത്ത് മനുഷ്യൻ തുടർന്നിരുന്നു. ഈ കാലഘട്ടത്തെ കാട്ടാളത്ത കാലഘട്ടം എന്നാണ് മോർഗൻ വിളിച്ചത്. ഈ കാലഘട്ടം കടന്ന് പരിഷ്കൃത (നാഗരിക) ജീവിതത്തിന്റെ പുതിയ കാലം വന്നതായി മോർഗൻ ചൂണ്ടിക്കാണിച്ചു.[1]

ഈ ഓരോ കാലഘട്ടത്തിലും അതിന്റേതായ സാമൂഹ്യജീവിതം സംഘടന, കുടുംബം എന്നിവയെല്ലാം ഉണ്ടായിരുന്നതായും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.[2]

ഡാർവിന്റെ പരിണാമ സിദ്ധാന്തം പോലെ ഇതും വിജ്ഞാന മേഖലയിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. സർവചരാചരങ്ങളിലും വെച്ച് ഉത്കൃഷ്ടജീവിയായി ദൈവം മനുഷ്യനെ സൃഷ്ടിച്ചതാണെന്ന ധാരണയ്ക്ക് ഡാർവിൻ കനത്ത പ്രഹരമേൽപിച്ചുവെങ്കിൽ, മനുഷ്യൻ ജനിച്ചതുമുതൽക്ക് അവന്റെ സാമൂഹ്യ ജീവിതത്തിൽ സ്വാഭാവി

കവും അനിവാര്യവുമായി നിലനിന്നുപോന്ന ഒരേർപ്പാടാണ് കുടുംബമെന്ന ധാരണയെ മോർഗൻ പൊളിച്ചു. കുടുംബമെന്ന ഒരേർപ്പാട് ഇല്ലാതെ, മൃഗങ്ങളുടെ ഇടയിലെന്ന പോലെ, അനിയന്ത്രിതമായ ലൈംഗിക ബന്ധങ്ങളുള്ള ഒരു സാമൂഹ്യ വ്യവസ്ഥ നില വിലിരുന്നതായി മോർഗൻ തെളിയിച്ചു. ക്രമേണ ക്രമേണയായി, ലൈംഗിക ബന്ധ ത്തിന്റെ നിരങ്കുശത്വം കുറഞ്ഞു വരികയും, അങ്ങനെ കുടുംബബന്ധത്തിന്റെ സ്വഭാവ മാകെ മാറുകയും ചെയ്യാനിടയാക്കിയ സാഹചര്യങ്ങളെന്തെല്ലാമെന്നും അദ്ദേഹം വിവ രിച്ചു.[3] ശാശ്വതവും അലംഘ്യവുമായ ചില കുടുംബബന്ധനിയമങ്ങളുണ്ടെന്ന ധാരണ യാകെ തകർത്ത ഒരു സിദ്ധാന്തമാണിത്.

ഡാർവിന്റെയും മോർഗന്റെയും കണ്ടുപിടുത്തങ്ങളെ കുറെക്കൂടി വിപുലമായ മേഖ ലകളിലേക്ക് വ്യാപിപ്പിക്കുകയും അതുവഴി സാമൂഹ്യശാസ്ത്രങ്ങൾക്കാകെ മാർഗ്ഗ ദർശനം നൽകുകയും ചെയ്യാൻ മാർക്സിനും എംഗൽസിനും കഴിഞ്ഞു. ഡാർവിന്റെയും മോർഗന്റെയും മറ്റനവധി ശാസ്ത്രകാരൻമാരുടെയും കണ്ടുപിടുത്തങ്ങൾ സ്വയം ഉൾക്കൊള്ളുക മാത്രമല്ല മാർക്സും എംഗൽസും ചെയ്തത്.

മനുഷ്യന്റെ ഉദ്ഭവം തൊട്ട് അവന്റെ ജീവിതത്തിലും സാമൂഹ്യഘടനയിലുമെല്ലാം വന്നുകഴിഞ്ഞതും ഇനി വരാനിരിക്കുന്നതുമായ മാറ്റങ്ങളെയെല്ലാം നിയന്ത്രിക്കുന്ന അടി സ്ഥാന നിയമങ്ങളെന്തെന്ന് കണ്ടുപിടിക്കുക കൂടി അവർ ചെയ്തു.

മാർക്സും എംഗൽസും ആവിഷ്കരിച്ച ഈ പുതിയ സിദ്ധാന്തത്തിന്റെ പേരാണ് ചരിത്രപരമായ ഭൗതികവാദം. മറ്റ് ജീവികളെപോലെ പ്രകൃതിയിലുള്ള ഭക്ഷ്യസാമഗ്രി കൾ ശേഖരിച്ച് വിശപ്പടക്കുക മാത്രം ചെയ്യുന്നതിനു പകരം പ്രകൃതിയിൽ നിന്ന് ഭക്ഷ്യ സാധനങ്ങൾ ഉണ്ടാക്കാനും പ്രകൃതിയിൽ മാറ്റങ്ങൾ വരുത്താനും മനുഷ്യന് കഴിവുണ്ട്. ഇതനുസരിച്ച് ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയതോട് കൂടി മനുഷ്യന്റെ ജീവിതമാകെ മാറി. ഭക്ഷ്യോൽപ്പാദനത്തിനുപയോഗിക്കുന്ന ഉപകരണങ്ങളും അതു പയോഗിച്ച് നടത്തുന്ന ഉൽപ്പാദനത്തിന്റെ രീതിയും കൂടുതൽ കൂടുതൽ പരിഷ്കരി ക്കാനും, അതോടൊപ്പം ഭക്ഷ്യേതരങ്ങളായ ജീവിതോപാധികൾ സൃഷ്ടിക്കാനുള്ള കഴിവ് മനുഷ്യൻ സമ്പാദിച്ചു. ഇങ്ങനെ ജീവിതോപാധികൾ കൂടുതൽ കൂടുതൽ നന്നാ ക്കാൻ മനുഷ്യൻ നടത്തുന്ന ശ്രമത്തിൽ അവൻ വിവിധ സാമൂഹ്യബന്ധങ്ങളുണ്ടാക്കി. ഉൽപ്പാദന പ്രക്രിയ, വിശേഷിച്ച് ഉൽപ്പാദനോപകരണങ്ങൾ, മാറുന്നതിനൊത്ത് സാമൂ ഹ്യബന്ധങ്ങളും മാറി. ഈ ക്രമത്തിൽ മനുഷ്യനുണ്ടാവുന്ന പുരോഗതിയാണ് ചരിത്ര

ത്തിന്റെ അന്തഃസത്തയെന്നാണ് ചരിത്രപരമായ ഭൗതികവാദം ചൂണ്ടിക്കാണിക്കുന്നത്.

ഈ കാഴ്ചപ്പാടനുസരിച്ച് ചരിത്രത്തിന്റെ മുഖ്യകടമ ഓരോ കാലഘട്ടത്തിലും നില വിലിരുന്ന ഉൽപ്പാദനോപകരണങ്ങളേവ, ഈ ഉപകരണങ്ങളുപയോഗിച്ച് കൊണ്ട് ഉൽപ്പാ ദനം നടത്തുന്നതിന് ഏതെല്ലാം തരത്തിലുള്ള അന്യോന ബന്ധങ്ങളിലാണ് സമൂഹം ഏൽപ്പെടുന്നത്, സാമൂഹ്യ ബന്ധങ്ങളിൽ വരുന്ന ഈ മാറ്റങ്ങൾ എങ്ങനെ രാഷ്ട്രീയ സംഘട്ടനങ്ങളിലും യുദ്ധങ്ങളിലും വിപ്ലവങ്ങളിലും ചെന്നെത്തുന്നു- ഇതെല്ലാം പരി ശോധിക്കുകയാണ്.

ജീവിത സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിന് ഒരു കാലത്ത് മനുഷ്യൻ ഉപയോഗി ച്ചിരുന്ന ഉപകരണങ്ങൾ കല്ലുകൊണ്ടുണ്ടാക്കിയതായിരുന്നു. അതുകൊണ്ട് ആ ചരി ത്രകാലഘട്ടത്തെ ശിലായുഗമെന്ന് ചരിത്രകാരൻമാർ വിളിക്കുന്നു.

പിന്നീട് കല്ലിനുപകരം വിവിധ ലോഹങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഉൽപ്പാദ നോപകരണങ്ങൾ പ്രയോഗത്തിൽ വന്നു. അതനുസരിച്ച് ചരിത്രത്തിന്റെ കാലഘട്ട ത്തിനും അതത് ലോഹത്തിന്റെ പേർ നൽകപ്പെട്ടു.- വെങ്കലയുഗവും ഇരുമ്പ് യുഗവും.

ആധുനിക കാലഘട്ടത്തിലാകട്ടെ, യഥാക്രമം ആവിശക്തി, വിദ്യുച്ഛക്തി, അണു ശക്തി എന്നിവ വന്നപ്പോൾ അതതുമായി ഘടിപ്പിച്ചുകൊണ്ടാണ് ചരിത്രകാലഘട്ടം അറിയപ്പെടുന്നത്.

ഉൽപ്പാദനോപകരണങ്ങളുടെ സ്വഭാവത്തിൽ വരുന്ന മാറ്റമനുസരിച്ച് ചരിത്രകാല ഘട്ടങ്ങളെ വകതിരിക്കാനുള്ള ഈ പ്രവണത ചരിത്രത്തെ ഒരു സയൻസായി രൂപാന്ത രപ്പെടുത്താൻ സഹായിച്ചു.

മാർക്സും എംഗൽസും ചേർന്ന് രചിച്ച *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ* "ഇതേവ രെയുള്ള മനുഷ്യചരിത്രം വർഗ സമരങ്ങളുടെ ചരിത്രമാണ്." എന്ന് പ്രഖ്യാപിക്കു ന്നുണ്ട്.[4] ആ ചരിത്ര പ്രധാനകൃതിയുടെ പിന്നീടുള്ള ഒരു പതിപ്പിൽ ഇതേവരെത്തെ ചരിത്രത്തിന് 'എഴുതപ്പെട്ട ചരിത്ര' മെന്നാണർത്ഥമെന്ന് എംഗൽസും ഒരു അടിക്കുറി പ്പെഴുതുകയുണ്ടായി.

പ്രാകൃത കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം എന്നീ നാലുഘട്ട ങ്ങൾ കടന്ന് മനുഷ്യൻ സോഷ്യലിസത്തിന്റെ വക്കെത്തെത്തി നിൽക്കുകയാണെന്ന് മാർക്സും എംഗൽസും അർഥശങ്കയ്ക്കിടയില്ലാത്ത വിധം പ്രഖ്യാപിച്ചു. യൂറോപ്പിന്

പൊതുവെ ബാധകമായ ഈ പ്രക്രിയയിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് അടിമത്തം, ഫ്യൂഡലിസം എന്ന രണ്ട് വ്യവസ്ഥകളുടെ അംശങ്ങൾ ഇടകലർന്ന പല രൂപങ്ങളും ഏഷ്യയിൽ രൂപപെട്ടതായി അവർ കണ്ടു. ഒരു ഘട്ടത്തിൽ അതിന് "ഏഷ്യാറ്റിക് വ്യവസ്ഥ" എന്ന പേർ തന്നെ മാർക്സ് കൊടുക്കുകയുണ്ടായി. പക്ഷെ, ഏഷ്യക്കാകെ ബാധകമായ ഒരൊറ്റ സാമൂഹ്യവ്യവസ്ഥ ഉണ്ടെന്ന ധാരണ പിന്നീടുള്ള കൃതിയിൽ അദ്ദേഹം തന്നെ തള്ളിക്കളഞ്ഞു.

എന്നാൽ, പ്രാകൃത കമ്യൂണിസം തകർന്ന് വർഗസമൂഹം രൂപപ്പെട്ടതിനൊത്ത് മുതലാളിത്തത്തിന്റെ ആവിർഭാവം വരെ പല രാജ്യങ്ങളിലും പലതരം സാമൂഹ്യവ്യവസ്ഥകൾ ഉയർന്നു വന്നതായി മാർക്സും എംഗൽസും ചൂണ്ടിക്കാണിച്ചു. അവയ്ക്കും യൂറോപ്പിലെ ഫ്യൂഡലിസത്തിനും പൊതുവിൽ 'മുതലാളിത്തപൂർവ്വം' എന്ന പേരിടുകയും ചെയ്തു. അവയെ തകർത്ത് മുതലാളിത്തം മുന്നേറുന്നതിന്റെ ചിത്രം മാർക്സ് മൂലധനത്തിലും അവയ്ക്ക് തയ്യാറാക്കിയ കുറിപ്പുകളിലും നൽകിയിട്ടുണ്ട്.

ചരിത്രം സൃഷ്ടിക്കുന്നത് മഹാൻമാരല്ല അധ്വാനിക്കുന്ന ജനങ്ങളാണെന്നും കേവല ആശയങ്ങളല്ല, ഉത്പാദന പ്രവർത്തനവും അതുമായി ബന്ധപ്പെടുന്ന ആശയങ്ങളുമാണെന്നും അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്ന, 'പ്രയോഗത്തിന്റെ തത്വശാസ്ത്ര'മാണ് മാർക്സിസം. അത് വ്യക്തിയെ ഇല്ലാതാക്കുകയല്ല ചരിത്രത്തിലേക്ക് വികസിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ചരിത്രം ഓരോ വ്യക്തിയിലും സന്നിഹിതമായിരിക്കുന്നു എന്ന് മാർക്സ് നിരീക്ഷിക്കുന്നു.[5] സാമൂഹ്യശക്തികളുടെ സങ്കീർണ്ണമായ പ്രവർത്തനങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടാണ് വ്യക്തിശക്തിയെ പെരുപ്പിച്ച് കാണുന്ന വ്യക്തിവാദപരമായ പ്രവണത രൂപപ്പെടുന്നത്. പ്ലഹനോവ് നിരീക്ഷിക്കുന്നതുപോലെ പ്രതിഭാശാലികൾക്ക് സംഭവങ്ങളുടെ മുഖമുദ്രയെ അല്ലാതെ പൊതുദിശയെ മാറ്റാൻ കഴിയില്ല. കാരണം അവരുടെ അസ്തിത്വം തന്നെ അതിനെ ആശ്രയിച്ചിരിക്കുന്നു. ചരിത്രപരമായ ഭൗതികവാദത്തെ സംബന്ധിച്ചിടത്തോളം വ്യക്തികളിലല്ല വ്യക്തിയെത്തന്നെ സാധ്യമാക്കുന്ന സാമൂഹ്യവിതാനത്തിന്റെ വ്യത്യസ്തമെങ്കിലും പരസ്പര ബന്ധിതമായ സാമ്പത്തികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ സൈദ്ധാന്തിക പ്രയോഗങ്ങളിലാണ് സാമൂഹ്യവൽക്കരണ പ്രക്രിയയുടെ അടിസ്ഥാനം വർത്തിക്കുന്നത്. അധ്വാനമെന്ന പ്രക്രിയയ്ക്കാണ് അത് പരമപ്രധാന്യം നൽകുന്നത്. സമ്പത്തിന്റെയും സൗന്ദര്യത്തിന്റെയും സർവ മൂല്യങ്ങളുടെയും

അടിസ്ഥാനം അധ്വാന പ്രക്രിയയിൽ കണ്ടെത്താൻ കഴിഞ്ഞ ഒരേ ഒരു തത്വസംഹിത മാർക്സിസം മാത്രമാണ്.[6]

രാഷ്ട്രീയ വിപ്ലവങ്ങളാണ് വർഗവിഭജിതമായ സാമൂഹ്യവ്യവസ്ഥകളിലൊക്കെയും ചരിത്രത്തിന്റെ ചാലകശക്തിയെന്ന് സന്ദേഹരഹിതമായി പ്രഖ്യാപിക്കുന്ന രാഷ്ട്രീയ ദർശനമാണ് മാർക്സിസം.

### 2.1.1. ജൈവപരിണാമത്തിൽനിന്ന് സാമൂഹിക പരിണാമത്തിലേക്ക്

ആൾക്കുരങ്ങിൽനിന്ന് ആധുനികമനുഷ്യനിലേക്കുള്ള ഈ പരിണാമത്തിന് ദശലക്ഷക്കണക്കിന് വർഷങ്ങളുടെ നീണ്ട ചരിത്രമാണുള്ളത്. ജൈവികപരിണാമത്തിന്റെ വിവിധ ഘട്ടങ്ങളും അവയുടെ ശരീരശാസ്ത്രസംബന്ധമായ പ്രത്യേകതകളുമാണ് *ജീവിവർഗ്ഗങ്ങളുടെ ഉത്ഭവം* എന്ന ഗ്രന്ഥത്തിൽ ചാൾസ് ഡാർവിൻ രേഖപ്പെടുത്തിയത്.[7] കേവലം പ്രകൃതിനിർധാരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മനുഷ്യപരിണാമത്തെ വിലയിരുത്തുന്നത് അബദ്ധമാണ്. മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തമായി ചിന്തിക്കുന്ന ജീവിയായി പരിണമിക്കാൻ മനുഷ്യനെ സഹായിച്ച സാമൂഹ്യ,സാംസ്കാരിക, സാമ്പത്തിക ലക്ഷണങ്ങളെ വിലയിരുത്താതെ മനുഷ്യപരിണാമത്തെക്കുറിച്ചുള്ള ചരിത്രപാഠങ്ങൾ അപൂർണ്ണമായിരിക്കും.

### 2.1.2 അധ്വാനവും പരിണാമവും

ബുദ്ധിയുള്ള മനുഷ്യൻ സ്വന്തം ജീവിതത്തെയും മറ്റു ചരാചരങ്ങളെയും നിയന്ത്രിക്കുവാൻ പ്രാപ്തനായത് കേവലം ജൈവിക പരിണാമത്തിലൂടെയുള്ള വികാസത്തിന്റെയടിസ്ഥാനത്തിൽ മാത്രമല്ല. കുരങ്ങിൽ നിന്നു മനുഷ്യനിലേക്കുള്ള പരിവർത്തനത്തിനിടയിലും നടന്ന ആകൃതി മാറ്റങ്ങൾക്ക് വേറെ ചാലകശക്തി പ്രേരകമായി വർത്തിച്ചിട്ടുണ്ട്. അധ്വാനമാണ് ആ ചാലകശക്തിയെന്ന് ആദ്യം സമർത്ഥിച്ചത് ഫ്രെഡറിക് എംഗൽസാണ്.[8] അതിപ്രാചീന മനുഷ്യരുടെയും പ്രാചീന മനുഷ്യരുടെയും അധ്വാന പ്രവർത്തനങ്ങൾക്ക് അതുകൊണ്ടുതന്നെ പ്രാധാന്യമുണ്ട്. ഉപകരണങ്ങളുടെ ഉപയോഗവും നിർമ്മാണവും മനുഷ്യർക്ക് മാത്രമല്ല ഉണ്ടായിരുന്നത്. പക്ഷികൾക്ക് ഭക്ഷണം, ശുചിത്വം, കൂട് എന്നിവയ്ക്കാവശ്യമായ വസ്തുക്കൾ ഉണ്ടാക്കാൻ കഴിയുന്നു. ചിമ്പൻസികളും പലവിധ ഉപകരണങ്ങൾ ഭക്ഷണാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. എന്നാൽ മനുഷ്യൻ പണിയായുധങ്ങൾ നിർമ്മിച്ചത് വ്യക്തമായ ആസൂത്രണത്തിന്റെയും കൈകളുടെ സമർത്ഥമായ ഉപയോഗത്തിന്റെയും ഫലമായിട്ടാണ്. മനുഷ്യനെ പണിയായുധ

ങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മൃഗം എന്നു നിർവചിച്ചത് ഫ്രാങ്ക്ലിനാണ്.[9]

മാർക്സും എംഗൽസും *ജർമ്മൻ ഐഡിയോളജി* എന്ന പുസ്തകത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നുണ്ട്. "ജീവസന്ധാരണത്തിനുള്ള ഉപകരണങ്ങളെ ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയതുമുതലാണ് മനുഷ്യൻ മൃഗത്തിൽ നിന്ന് വ്യത്യസ്തമായ ജീവിയാകാൻ തുടങ്ങിയത്. യാതൊരളവിലാണോ മനുഷ്യൻ തന്റെ ജീവിതാവശ്യത്തിനുള്ള ഉപകര ണങ്ങളെ ഉൽപ്പാദിപ്പിക്കുന്നത് ശരിക്കതേ അളവിലാണ് അവൻ തന്റെ യഥാർത്ഥ ജീവി തത്തെ രൂപവൽക്കരിക്കുകയും ഉയർത്തുകയും ചെയ്തത്."[10] മനുഷ്യപരിണാമത്തിന്റെ ചരിത്രത്തിൽ ആദ്യ*ഹോമിനിഡ്* ആയി *ആസ്ത്രലോപിത്തെക്കസ്* വിലയിരുത്തപ്പെടു ന്നത് മൃഗത്തിൽ നിന്ന് വ്യത്യസ്തനാവാൻ തുടങ്ങിയതിനാലാണ്. അധ്വാനത്തിന്റെ പ്രാരംഭസ്വഭാവം കാണുന്നതും അവയിലാണെന്നത് പ്രസക്തമായ കാര്യമാണ്.

ഭൂമിശാസ്ത്രപരമായ ഘടകങ്ങളും മറ്റുമൃഗങ്ങളിൽ നിന്ന് രക്ഷനേടുന്നതിനുള്ള തീവ്രശ്രമങ്ങളും ആൾക്കുരങ്ങുകളിൽ നിന്ന് രണ്ടുകാലിൽ നടക്കുന്ന പൂർവ്വിക മനു ഷ്യന്റെ ആവിർഭാവത്തിന് വഴിയൊരുക്കി. ബോധപൂർവ്വം അപരിഷ്കൃത ആയുധങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതുമുതൽ മനുഷ്യന്റെ മസ്തിഷ്കം വലിപ്പം കൂടി വന്നത് ശ്രദ്ധേയമാണ്. അതിനോടൊപ്പം ബുദ്ധിശക്തിയും ചിന്താശേഷിയും വർദ്ധിക്കുകയാ യിരുന്നു. ജടിലവും സങ്കീർണവുമായ ജീവകോശങ്ങളുടെ പ്രവർത്തനങ്ങൾ വർദ്ധി ക്കുന്നതനുസരിച്ച് മസ്തിഷ്കവലിപ്പവും വർദ്ധിച്ചിരുന്നു. പ്രാകൃതമായിരുന്ന മനുഷ്യ മനസ്സ് തെളിഞ്ഞ ചിന്തയുടെ അടിസ്ഥാനമായി മാറിയത് ബോധപൂർവ്വം ജീവിതോപ കരണങ്ങൾ സമ്പാദിച്ചതിന്റെ തോതനുസരിച്ചാണ്. ചിന്താശക്തി പ്രകൃതിയിൽ നിന്ന് സ്വാഭാവികമായി ലഭിച്ചതല്ല. സ്വന്തം പ്രവർത്തനങ്ങളിലൂടെ മനുഷ്യൻ നേടിയെടുത്ത താണ്.

പരിണാമത്തിന്റെ ഘട്ടങ്ങളിലെല്ലാം പുതിയ പണിയായുധങ്ങൾ നിർമ്മിക്കുകയും പ്രയോഗിക്കുകയും ചെയ്തുകൊണ്ടിരുന്നത് മനുഷ്യൻ മാത്രമാണ്. മറ്റു സസ്തനിക ളിൽ നിന്നു വ്യത്യസ്തമായി കൂടിയ മസ്തിഷ്ക വളർച്ച മനുഷ്യ പരിണാമ ഘട്ടങ്ങളി ലുണ്ടായതിന്റെ കാരണവുമതുതന്നെയാണ്. ബോധപൂർവ്വമായ അധ്വാനവും അതിലൂടെ യുണ്ടായ ഉൽപ്പാദനോപാധികളും മനുഷ്യരുടെ മസ്തിഷ്ക വളർച്ചയെയും പരിണാമ വേഗതയെയും ത്വരിതപ്പെടുത്തുകയായിരുന്നുവെന്ന് സമകാലീന പഠനങ്ങളും തെളി യിക്കുകയാണ് ചെയ്യുന്നത്.

### 2.1.3 സാമൂഹിക വികാസ ഘട്ടങ്ങൾ

മനുഷ്യവംശത്തിന്റെ തുടക്കത്തിൽ നടന്ന പ്രവർത്തനങ്ങൾ പ്രാകൃത രീതിയിലു ള്ളതായിരുന്നു. ഉപജീവനമാർഗം തേടാൻ നിശ്ചിത കൂട്ടായ്മയിലെ അംഗങ്ങൾ നട ത്തിയ സംയുക്ത പ്രവർത്തനം സാമൂഹ്യ ജീവിതത്തിന്റെ നിലവാരമുയർത്തി. ആദിമ മനുഷ്യൻ വസ്തുക്കളെ കൈകാര്യം ചെയ്യുന്നതിൽ നിന്നും വ്യക്തമായ ഉദ്ദേശ്യത്തോടെ അവയെ ഉപയോഗിക്കുന്നതിലേക്കു കടക്കുകയും കൂട്ടായ നായാട്ടിലും ഭക്ഷ്യശേഖര ണത്തിലും വ്യക്തികളുടെ പരസ്പര പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തത് മനുഷ്യരാശിയുടെ സാമൂഹികവും സാംസ്കാരികവുമായ വികാസ പരിണാമങ്ങൾക്ക് വഴിയൊരുക്കി. സാമൂഹിക ജീവിതത്തിൽ മനുഷ്യനെ ഏറ്റവും മുൻപന്തിയിലെത്തി ക്കുന്ന ഘടകങ്ങളിലൊന്ന് അവന്റെ ഭാഷയാണ്.

പണിയായുധ നിർമ്മാണം ഒരു സാംസ്കാരിക പ്രവർത്തനമാണ്. ശിലകളിൽ പണി ക്കോപ്പുകളുണ്ടാക്കാൻ തുടങ്ങിയപ്പോൾ അത് മാനവരാശിയുടെ സാംസ്കാരിക വളർച്ച യുടെ തുടക്കമായി. മാറിയ പുരാതന- നവീന ശിലായുഗങ്ങളിലെ ശിലാസംസ്കാര ങ്ങൾ അതിനാൽ തന്നെ പ്രാധാന്യമർഹിക്കുന്നുണ്ട്.

പ്രാചീന ശിലായുഗത്തെ സാമൂഹ്യ സാംസ്കാരിക പ്രവണതകൾക്ക് വൻതോ തിൽ പരിവർത്തനമുണ്ടായത് നവീനശിലായുഗത്തിലാണ്. പ്രകൃതിയിൽ നിന്ന് കിട്ടാ വുന്നത് നേടുവാൻ പുതിയ പുതിയ ശിലായുധങ്ങൾ കണ്ടെത്തുന്നതിൽ അഭിവൃദ്ധി പുരാതന ശിലായുഗത്തിൽ മനുഷ്യനുണ്ടായിരുന്നെങ്കിലും നവീനശിലായുഗം മാനവ സംസ്കാരത്തിന് പുതിയൊരു അടിത്തറ നൽകി. പ്രകൃതിയെ നിയന്ത്രിച്ച് കൊണ്ട് മനുഷ്യ സമ്പദ്ഘടനയെ പരിവർത്തനം ചെയ്ത വിപ്ലവം ഭക്ഷ്യസാധനങ്ങൾ ഉൽപ്പാ ദിപ്പിക്കുക എന്നതായിരുന്നു എന്ന് ഗോർഡൻ ചൈൽഡ് രേഖപ്പെടുത്തുന്നുണ്ട്.[11]

സാമൂഹ്യ, സാംസ്കാരിക മേഖലകളിൽ മനുഷ്യരാശി പുതിയൊരു കുതിച്ചുചാട്ടം നടത്തിയത് കൃഷി ആരംഭിച്ചതോടെയാണ്. സാമൂഹ്യ ജീവിതത്തിന് കൂടുതൽ കെട്ടു റപ്പുണ്ടാക്കാനും കുടുംബവ്യവസ്ഥ ശക്തമാക്കാനും അതു വഴിതെളിച്ചു. കൃഷിക്കു വേണ്ടി പാറക്കോലുകളും മരപ്പണിക്കുവേണ്ടി കല്ലുളികളും നിർമ്മിച്ച നവശിലായുഗ ക്കാർ യാത്രക്കായി വഞ്ചിയും ചക്രമില്ലാത്ത വലിവണ്ടിയും ഉപയോഗിക്കാൻ തുടങ്ങി. നൂൽനൂൽപ്പ്, നെയ്ത്ത് എന്നിയവുടെ തുടക്കവും വീട്ടുമൃഗങ്ങളെ വളർത്താൻ തുട ങ്ങിയതും ഈ കാലഘട്ടത്തിലെ സാമൂഹ്യജീവിതത്തിന് കൂടുതൽ മിഴിവ് നൽകി.

സഹകരണാടിസ്ഥാനത്തിലുള്ള സാമൂഹിക ജീവിതത്തിന്റെ വികസിത ഘട്ടത്തിലേക്കാണ് നവീനശിലായുഗം മനുഷ്യരാശിയെ നയിച്ചത്. വേട്ടയാടിയും ഭക്ഷണം ശേഖരിച്ചും കഴിഞ്ഞിരുന്നവരുടെ എണ്ണം അവരുടെ അധീനതയിൽ വരുന്ന വിഭവങ്ങൾക്ക് അനുസൃതമായി ക്രമീകരിക്കപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള പിരമിതികളെ അതിജീവിക്കാൻ കൃഷി മനുഷ്യനെ പര്യാപ്തമാക്കുകയുണ്ടായി.

പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ മനുഷ്യൻ മെച്ചമായ സാമൂഹ്യ സാംസ്കാരിക ജീവിതത്തിലേക്കും പുരോഗമിക്കുകയായിരുന്നു. നിലനില്പിന് കൂട്ടായ്മ ആവശ്യമാണെന്ന് ആദ്യം ബോധ്യപ്പെട്ടത് ആദ്യകാല ഹോമിനിഡുകൾക്കാണ്. ആദ്യകാല ഹോമിനിഡുകളിൽ ആരംഭിച്ച വൈകാരിക ബുദ്ധിയുടെ വികാസം വിവിധ ഘട്ടങ്ങളിലൂടെ മനുഷ്യന്റെ സാമൂഹ്യ സ്വഭാവത്തെ പരിപോഷിപ്പിക്കുകയും ചെയ്തു.[12]

### 2.1.3.1 സാമ്പത്തിക പ്രവർത്തനങ്ങളുടെ ഉൽപ്പത്തിയും വികാസവും

മനുഷ്യരാശിയുടെ സാമ്പത്തിക പ്രവർത്തന ചരിത്രത്തിൽ രണ്ടുഘട്ടങ്ങളുണ്ടെന്ന് വ്യക്തമാക്കിയത് എംഗൽസാണ്. *കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉൽപ്പത്തി* എന്ന കൃതിയിൽ എംഗൽസ് ആ രണ്ടു ഘട്ടങ്ങളെയും വിഭജിച്ച് പറഞ്ഞിട്ടുണ്ട്- സ്വായത്തമാക്കലിന്റെ ഘട്ടമെന്നും ഉൽപ്പാദനത്തിന്റെ ഘട്ടമെന്നും. പ്രകൃതിയെ ആശ്രയിച്ചുകൊണ്ട് അതിൽ നിന്നുള്ള ഉൽപ്പന്നങ്ങളെ സ്വായത്തമാക്കുന്നതാണ് ആദ്യത്തെ രൂപം. സാധനങ്ങൾ കൈക്കലാക്കുവാൻ വേണ്ടി പണിക്കോപ്പുകളുപയോഗിച്ചു തുടങ്ങിയത് പ്രാചീന മനുഷ്യരാണ്. അവിടെ സ്വന്തമായി ഒന്നും ഉൽപ്പാദിക്കുന്നില്ല. ഭക്ഷ്യ പദാർത്ഥങ്ങൾ ശേഖരിച്ചതും മൃഗങ്ങളെ വേട്ടയാടിയതും മീൻപിടിച്ചതുമെല്ലാം പ്രകൃതിയിൽ നിന്നുള്ളവയെ സ്വായത്തമാക്കുന്ന രീതികളാണ്. പ്രകൃതിയെ നിയന്ത്രിച്ചു കൊണ്ട് മനുഷ്യൻ കൃഷിയാരംഭിക്കുന്ന നവീനശിലായുഗം വരെയുള്ള സാമ്പത്തിക പ്രവർത്തനചരിത്രം സ്വായത്തമാക്കലിന്റെ ഘട്ടമായിരുന്നു.[13]

സ്വായത്തമാക്കൽ ഘട്ടത്തിലെ സാമ്പത്തിക കൂട്ടായ്മകൾക്ക് പൊതുകമ്പോളങ്ങൾ നിലവിലിരുന്നുവെന്ന് സങ്കൽപ്പിക്കാനാവില്ല. ഏതൊരു സാമ്പത്തിക കൂട്ടായ്മയും സ്വന്തം ആവശ്യങ്ങൾ കഴിയുന്നത്ര പൂർണ്ണമായും വിപുലമായും നിറവേറ്റാൻ ശ്രമിക്കും. മനുഷ്യരാശിയുടെ ക്രമേണയുള്ള വികാസവും ഉൽപ്പാദന ശക്തികളുടെയും സാങ്കേതിക വിദ്യയുടെയും വികാസവും സ്വായത്തമാക്കൽ സമ്പദ്വ്യവസ്ഥയിൽ നിന്ന് ഉൽപ്പാദന (കാർഷിക) സമ്പദ്വ്യവസ്ഥയിലേക്ക് മാറാൻ സഹായിക്കുകയായിരുന്നു.[14]

അപ്പർ പാലിയോലിതിക് കാലത്തിന്റെയും മെസോലിതിക് കാലത്തിന്റെയും സംഗമസന്ധിയിൽ തുടങ്ങുകയും സംസ്കാരങ്ങളുടെയും ആദ്യത്തെ വർഗാധിഷ്ഠിത സാമൂഹ്യ-ചരിത്രസംവിധാനത്തിന്റെയും ആവിരർഭാവകാലം വരെ തുടരുകയും ചെയ്ത യുഗം ആദിമ കമ്യൂണിന്റെതായി വിലയിരുത്തപ്പെടുന്നു. ഇതിനെ രണ്ടു ഘട്ടമായി തിരിക്കാം. ആദ്യഘട്ടത്തെ ഉപഭോക്താക്കളുടെ ആദ്യകാല കമ്യൂൺ എന്നും രണ്ടാമത്തെ ഘട്ടത്തെ ഉൽപ്പാദകരുടെ വികസിത കമ്യൂൺ എന്നും പറയുന്നു.

ഉൽപ്പാദകരുടെ വികസിത കമ്യൂണിന്റെ ഘട്ടമെന്നത് നവീനശിലായുഗ- വെങ്കലയുഗങ്ങളാണ്. ആദ്യകാല കൃഷിക്കാരുടെയും കാലിവളർത്തൽകാരുടെയും സമൂഹമാണിത്. വംശ സമുദായങ്ങൾ വ്യക്തമായി തന്നെ നിലവിലുണ്ടായിരുന്നത് ഇക്കാലത്താണ്. ഈ ഘട്ടങ്ങളിലാണ് മനുഷ്യസമൂഹം വർഗാധിഷ്ഠിത സാമൂഹ്യ- സാംസ്കാരിക പരിണാമത്തിന് ശക്തമായ അടിത്തറയൊരുക്കിയത്. നവീനശിലായുഗത്തിനുശേഷം ലോഹങ്ങളുടെ കണ്ടുപിടുത്തമുണ്ടായി. വെങ്കലയുഗത്തിലാണ് ഈജിപ്ഷ്യൻ, മെസോപ്പൊട്ടേമിയൻ, ഹാരപ്പ, ചൈനീസ് നാഗരികതകൾ രൂപം കൊണ്ടത്. തുടർന്നുവന്ന ഇരുമ്പ് യുഗത്തിലെ റോമൻ, ഗ്രീക്ക്, വേദ സംസ്കാരങ്ങൾ കൂടുതൽ സങ്കീർണമായ സാമൂഹ്യ ഭരണ സംവിധാനങ്ങളുടെ രൂപപ്പെടലുകളിലേക്ക് വെളിച്ചം വീശുന്നു. ഇവയെല്ലാം ആദ്യകാല കമ്യൂണിനുശേഷമുള്ള നാഗരികതകളുടെയും വർഗസമൂഹങ്ങളുടെയും ഭരണകൂട രൂപീകരണങ്ങളുടെയും ചരിത്രത്തിന്റെ ഭാഗമാണ്.

### 2.1.4. വർഗാധിഷ്ഠിത സമൂഹം

മനുഷ്യസമ്പദ്ഘടനയെ പരിവർത്തനം ചെയ്ത ആദ്യത്തെ വിപ്ലവമാണ് ഉപഭോക്താവെന്നതിൽ നിന്ന് ഉൽപ്പാദകനായി മാറിയ പ്രക്രിയ. അതൊടെ മനുഷ്യന് തന്റെ സ്വന്തം ഭക്ഷ്യവസ്തുക്കൾക്ക് മേൽ നിയന്ത്രണമുണ്ടായി. തിന്നാൻ പറ്റിയ പുല്ലുകളും വേരുകളും ഫലങ്ങളടങ്ങിയ വൃക്ഷങ്ങളും കൃഷിചെയ്യാനും തെരഞ്ഞെടുത്ത് അഭിവൃദ്ധിപ്പെടുത്താനും മനുഷ്യൻ പഠിച്ചു.

സാമ്പത്തിക കൂട്ടായ്മകൾ പുതിയ പ്രദേശങ്ങളിലേക്കു കുടിയേറുകയും പുതിയ പരിസ്ഥിതികളുടെ മേൽ നിയന്ത്രണം സ്ഥാപിക്കുകയും ചെയ്യാറുണ്ട്. കാടുകൾ വെട്ടിതെളിച്ചും ചുട്ടെരിച്ചും നടത്തുന്ന കൃഷിയിൽ അത് വ്യക്തമാണ്. ഫലപുഷ്ടി ക്ഷയിക്കുമ്പോൾ കൂട്ടായ്മ പുതിയ വനപ്രദേശം വെട്ടിത്തെളിച്ച് കൃഷിയിറക്കുന്നു. ഉൽപ്പാദന ശക്തികളുടെ വികാസവും സാങ്കേതിക പുരോഗതിയും മനുഷ്യരാശിയുടെ ക്രമേണയുള്ള പരിവർത്തനത്തെ സൂചിപ്പിക്കുന്നു.[15]

ഭക്ഷ്യോൽപ്പാദന സമ്പദ്ഘടനയ്ക്ക് ചില പ്രത്യേകതകൾ ഉണ്ട്. മിച്ചം വയ്ക്കാനുള്ള പ്രവണതയുണ്ടാകുകയും വിളവെടുത്തു കഴിഞ്ഞാൽ അടുത്ത കൊയ്ത്തുവരെ ധാന്യം സൂക്ഷിച്ചു ചെലവു ചെയ്യണമെന്ന ധാരണ ശക്തമാവുകയും ചെയ്തു. വരൾച്ച, വിളനാശം എന്നിവയ്ക്കെതിരായ കരുതലായി അതുമാറി.

പ്രാഥമിക വ്യാപാരത്തിന്റെ അടിത്തറയായതും അത്തരം ഉൽപ്പാദനവും സംഭരണവുമാണ്. അത് മറ്റൊരു സാമ്പത്തിക ക്രമത്തിന്റെ തുടക്കമായി മാറി. ക്രമമായ സാമൂഹ്യബന്ധങ്ങൾ നിലവിലുണ്ടായിരുന്നില്ലെങ്കിലും ആവർത്തിച്ചുണ്ടാകുന്ന ബന്ധങ്ങളാൽ ഓരോ സമൂഹവും ഇരുവശത്തുമുള്ള അയൽക്കാരുമായി ബന്ധപ്പെട്ടിരുന്നു എന്ന് *മനുഷ്യൻ സ്വയം നിർമ്മിക്കുന്നു* എന്ന കൃതിയിൽ ഗോർഡൻ ചൈൽഡ് രേഖപ്പെടുത്തുന്നുണ്ട്.[16]

മിച്ചം ഉൽപ്പാദിപ്പിക്കുന്നതിനു സാധ്യതയുണ്ടായിരുന്നതാണ് നവശിലായുഗ സമ്പദ്വ്യവസ്ഥ. ആ മിച്ചം ഭക്ഷ്യോൽപാദനത്തിൽ സ്വയം പങ്കെടുക്കാത്ത പുതിയ സാമ്പത്തിക വർഗങ്ങളെ പോറ്റാൻ ലഭ്യമാക്കുകയും നിലവിലുള്ള സാമൂഹ്യ സാമ്പത്തിക ബന്ധങ്ങൾ പരിഷ്കരിക്കപ്പെടുകയും ചെയ്തു.

നവശിലായുഗം വരെയുള്ള ആദിമചരിത്രം പരിശോധിക്കുമ്പോൾ വർഗസമൂഹങ്ങളുടെ ചരിത്രത്തെക്കാൾ കൂടുതൽ സ്വതന്ത്രമായിരുന്നു അത്. എന്നാൽ വ്യക്തി കൂട്ടായ്മക്കു പൂർണമായും വിധേയനായിരുന്നു എന്നു പറയാനാവില്ല. ഗോത്രത്തലവന്മാരും മന്ത്രവാദികളും നായാട്ടുകാരും വൃദ്ധരും ഗോത്രത്തിലുള്ള എല്ലാ ആളുകളുടെയും ബഹുമാനത്തിന് അർഹത നേടിയിരുന്നു. പ്രാകൃത കൃഷിയിൽ നിന്ന് വികസിത കൃഷിയിലേക്ക് നവശിലായുഗ ജനത ചുവടുവെച്ചിരുന്നെങ്കിലും അപ്പോഴും സ്വതന്ത്രമായ സമൂഹങ്ങളായിരുന്നു ഉണ്ടായിരുന്നത്. അതിനുശേഷമുള്ള കാലയളവിലാണ് വർഗ്ഗസമൂഹങ്ങളുടെ സങ്കീർണ്ണതകളിലേക്ക് മനുഷ്യരാശി പരിണമിച്ചത്.

### 2.1.5. വെങ്കലയുഗ സംസ്കാരങ്ങളുടെ വികാസപരിണാമം

ചെമ്പ് എന്ന ലോഹത്തെ ഈയവുമായി ചേർത്ത് വെങ്കലം(ഓട്) ഉണ്ടാക്കാൻ കഴിഞ്ഞത് ലോഹസാങ്കേതിക ജ്ഞാനത്തിൽ മനുഷ്യനുണ്ടാക്കിയ അടുത്ത നേട്ടമാണ്. അതുമുതലുള്ള കാലഘട്ടം വെങ്കലയുഗം എന്നറയപ്പെടുന്നു. നദീതടങ്ങളിൽ വന്നടിഞ്ഞ എക്കലിനെ കുറച്ചൊക്കെ ഇളക്കി മറിക്കാനും അവിടെ ആവർത്തനകൃഷി നട

പ്പിലാക്കാനും വൃക്ഷങ്ങളെ മുറിച്ചുമാറ്റി കൃഷിയിടങ്ങളൊരുക്കാനുമൊക്കെ വെങ്കലത്തിലെ പണിയായുധങ്ങൾ മനുഷ്യനെ സഹായിച്ചു. നദീതടങ്ങളിൽ കൃഷിയിറക്കാനും അത്തരമൊരു സമ്പദ്‌വ്യവസ്ഥയെ ആശ്രയിച്ച് ജീവിക്കാനും നവശിലായുഗം മുതൽ മനുഷ്യൻ ശ്രമിച്ചു തുടങ്ങിയതാണ്. അവന്റെ സാമൂഹ്യജീവിതത്തിന് കുറച്ച് കൂടി വികസിച്ച നിലവാരമുണ്ടായത് വെങ്കലയുഗത്തിലായിരുന്നു. സംസ്കാരങ്ങളുടെ ആദ്യകളിത്തൊട്ടിലുകളായി വിശേഷിപ്പിക്കപ്പെടുന്ന നദീതടസംസ്കാരങ്ങളായ ഈജിപ്ഷ്യൻ, മൊസോപ്പൊട്ടേമിയൻ, ഹാരപ്പൻ, ചൈനീസ് സംസ്കാരങ്ങൾ ഈ കാലഘട്ടത്തിലാണ് വികസിച്ചത്.

പ്രധാനമായും കൃഷിയെ അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ-സാമ്പത്തിക ജീവിതമായിരുന്നു വെങ്കലയുഗത്തിലേത്. കലപ്പയും കന്നുകാലികളെയും ഉപയോഗിച്ചുകൊണ്ട് നിലം ഉഴുതുമറിക്കുകയും ജലസേചനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. മൺപാത്രനിർമ്മാണം, നെയ്ത്ത്, രോമക്കുപ്പായ നിർമ്മാണം ലോഹഉപകരണങ്ങളുടെ നിർമ്മാണം എന്നിവ പൊതു പ്രത്യേകതകളാണ്. നഗരജീവിതത്തിന്റെ സവിശേഷതകൾ നിറഞ്ഞതായിരുന്നു വെങ്കലയുഗസംസ്കാരങ്ങളെല്ലാം. വ്യക്തമായ തൊഴിൽ വിഭജനം നിലവിൽ വന്നപ്പോൾ ആഭ്യന്തര/വിദേശ കച്ചവടങ്ങളിലേർപ്പെട്ടവർ, കൃഷിക്കാർ, മരപ്പണിക്കാർ, ലോഹപ്പണിക്കാർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളുണ്ടായി. നഗരജീവിതം സങ്കീർണ്ണമാവാൻ തുടങ്ങിയത് അതിനാലാണ്. പൊതുജീവിതത്തെ നിയന്ത്രിക്കാൻ ഒരു അധികാരകേന്ദ്രത്തിന്റെ ആവശ്യകതയിലേക്ക് അത് വിരൽചൂണ്ടി. രാജാവെന്നും ഗോത്രത്തലവനെന്നുമൊക്കെ വിശേഷിപ്പിക്കാവുന്ന ഭരണാധികാരികൾ അതിനെത്തുടർന്നുണ്ടായി. നിയതമായ ഭരണകൂടങ്ങളുടെ തുടക്കമായി അതിനെ കരുതാവുന്നതാണ്. നിയതമായ ചില വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഒരു ഭരണകൂടത്തിന് പ്രവർത്തിക്കാനാവൂ. കേവലം വാചികമായി അത്തരം വ്യവസ്ഥകൾ തുടർന്നുപോരുക പ്രയാസമാണ്. അപ്പോൾ അവ എങ്ങനെ രേഖാമൂലമാക്കാമെന്ന ചിന്തയുണ്ടായി. അത്തരം ആവശ്യകതകൾ ലിപികളുടെ കണ്ടുപിടുത്തത്തിനും എഴുത്തുവിദ്യയുടെ തുടക്കത്തിനും കാരണമായി. എഴുത്തുവിദ്യ പ്രചാരത്തിലായതോടെ മനുഷ്യൻ രേഖകൾ എഴുതി സൂക്ഷിക്കാൻ തുടങ്ങി. മനുഷ്യൻ ചിന്തകൾക്ക് അനശ്വരത നൽകാൻ തുടങ്ങിയത് അക്ഷരങ്ങളിലൂടെയാണ്. അതുമുതൽ ചരിത്രകാലഘട്ടം ആരംഭിച്ചു.

നവീനശിലായുഗം വരെ കാണാതിരുന്ന വർഗ്ഗ വിഭജനത്തിന്റെ അടയാളങ്ങൾ വെങ്കലയുഗ നാഗരികതയുടെ അവശിഷ്ടങ്ങളിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. വർഗ്ഗ സമൂഹങ്ങൾ രൂപം കൊണ്ടപ്പോൾ അതിന് പല തട്ടുകളുണ്ടായി. രാജാവ് ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ഒന്നാമത്തെ തട്ടിൽ ഉൾപ്പെട്ടു. പുരോഹിതന്മാരും പ്രഭുക്കന്മാരും ഉയർന്ന ഉദ്യോഗസ്ഥരുമൊക്കെ അടുത്ത ശ്രേണിയിലും കലാകാരന്മാരും കരകൗശല വിദഗ്ദരും അതിനടുത്ത ശ്രേണിയിലും ഉൾപ്പെട്ടിരുന്നു. മധ്യവർഗ്ഗക്കാരായ കൃഷിക്കാരായിരുന്നു അടുത്ത തട്ടിൽ. യുദ്ധത്തടവുകാരുൾപ്പെടെയുള്ള അടിമകൾ ഏറ്റവും താഴത്തെ തട്ടിലായിരുന്നു. സമൂഹത്തിൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു വർഗ്ഗത്തിന്റെ രൂപീകരണത്തെക്കുറിച്ച് വ്യക്തമായ സൂചനയാണ് വെങ്കലയുഗത്തിൽ നിന്ന് ലഭിക്കുന്നത്.

### 2.1.5.1. വർഗങ്ങളും വർഗസമരവും

ചരിത്രപരമായ ഭൗതികവാദം വളർന്നതോടെയാണ് ചരിത്രം ശാസ്ത്രമായത്. നിരവധിനൂറ്റാണ്ടുകൾക്ക് മുമ്പ് പക്ഷിമൃഗാദികളെപ്പോലെ മനുഷ്യൻ പ്രകൃതിയെ കീഴടക്കാൻ തുടങ്ങി. അതിനു ശേഷമാണ് സമൂഹത്തിൽ വർഗങ്ങളുണ്ടായത്. വർഗങ്ങൾ ഉണ്ടായതോടുകൂടി വർഗസമരങ്ങളും ഉണ്ടായി.

ചരിത്രപരമായി നിർണ്ണയിക്കപ്പെട്ട ഒരു സാമൂഹ്യോൽപ്പാദന വ്യവസ്ഥയിൽ അവർ വഹിക്കുന്ന സ്ഥാനം കൊണ്ടും ഉൽപ്പാദനോപകരണങ്ങളുമായി അവർക്കുള്ള ബന്ധം കൊണ്ടും അധ്വാനത്തിന്റെ സാമൂഹ്യഘടനയിൽ അവർക്കുള്ള പങ്കുകൊണ്ടും ഇതിന്റെയെല്ലാം ഫലമായി അവരുൽപ്പാദിപ്പിക്കുന്ന സാമൂഹ്യബന്ധത്തിൽ നിന്നുകിട്ടുന്ന ഓഹരിയുടെ അളവുകൊണ്ടും പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്ന ആളുകളുടെ വലിയ ഗ്രൂപ്പുകളാണ് വർഗങ്ങൾ.

പ്രാചീന സമൂഹത്തിൽ ഉൽപ്പാദന ശക്തികൾ വികസിക്കുകയും പ്രവൃത്തിവിഭജനം ആവിർഭവിക്കുകയും അന്നന്നത്തേക്ക് വേണ്ടതിലുമധികം ഉൽപ്പാദിപ്പിക്കാനും മിച്ചമുണ്ടാക്കാനും തുടങ്ങുകയും ചെയ്തതോടുകൂടിയാണ് ആദ്യമായി വർഗവിഭജനം ഉണ്ടാകുന്നത്. അടിമത്തവ്യവസ്ഥയോടെയാണ് സമൂഹത്തിൽ വർഗങ്ങളുടെ രംഗപ്രവേശം. വർഗങ്ങൾ സാമ്പത്തികാടിസ്ഥാനത്തിലുള്ളവയാണ്. സമൂഹത്തിലുള്ള സ്ഥാനമനുസരിച്ച് വർഗങ്ങളെ അടിസ്ഥാനപരമായ വർഗങ്ങളെന്നും അടിസ്ഥാനേതരവർഗങ്ങളെന്നും രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. സമൂഹത്തിൽ നിലവിലുള്ള ഉൽപ്പാദനരീ

തിയുടെ നിലനിൽപ്പിന് ഒഴിച്ചുകൂടാൻ വയ്യാത്ത വർഗങ്ങളെയാണ് അടിസ്ഥാനപരമായ വർഗങ്ങളെന്നു പറയുന്നത്. അടിമത്ത വ്യവസ്ഥയിൽ അടിമകളും ഉടമകളുമാണ് സമൂഹത്തിലെ അടിസ്ഥാനവർഗങ്ങൾ. നാടുവാഴിത്ത സമൂഹത്തിലെ വർഗങ്ങൾ നാടുവാഴികളും അടിയാളരുമാണ്. ബൂർഷ്വാസമൂഹത്തിലാവട്ടെ, മുതലാളികളും തൊഴിലാളികളുമാണ്. ഈ വർഗങ്ങളിൽ ഒരു കൂട്ടർ അടിസ്ഥാനപരമായ ഉൽപ്പാദനോപാധികളുടെ ഉടമസ്ഥരും, അധികാരമുള്ളവരുമാണ്. മറ്റേ കൂട്ടരാവട്ടെ, ചൂഷണത്തിനു വിധേയരായ ബഹുജനങ്ങളാണ്.

ഈ അടിസ്ഥാനപരമായ വർഗങ്ങൾക്കു പുറമെ ചൂഷണാധിഷ്ഠിത സമൂഹത്തിൽ സ്വതന്ത്രരായ കൃഷിക്കാരും കൈവേലക്കാരുമുണ്ടായിരുന്നു. മുതലാളിത്ത സമൂഹത്തിൽ മുതലാളി വർഗത്തിനും തൊഴിലാളി വർഗത്തിനും പുറമെ കർഷകവർഗവുമുണ്ട്, പല രാജ്യങ്ങളിലും ജന്മികളുമുണ്ട്.

വർഗസമരമില്ലാതെ സാമൂഹ്യപുരോഗതിയില്ല. ചൂഷിതവർഗത്തിന്റെ സംഘടിതവും ശക്തവുമായ സമരം വളർന്നുവരുന്നതിനനുസരിച്ചാണ് സമൂഹത്തിന്റെ പുരോഗമനപരമായ വളർച്ച ത്വരിതഗതിയിലാവുന്നത്. വർഗസമരത്തിന്റെ ഏറ്റവും ഉയർന്ന രൂപമായ സാമൂഹ്യവിപ്ലവം സമൂഹപുരോഗതിയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. സാമൂഹ്യവിപ്ലവത്തിന്റെ ഫലമായി പഴയത് നശിക്കുകയും പുതുതും പുരോഗമനപരവുമായ സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

### 2.1.6. ഇരുമ്പുയുഗം

ഇരുമ്പുയുഗത്തിൽ നാഗരികത വെങ്കലയുഗത്തിനേക്കാൾ കൂടുതൽ വിസ്തൃതമായ പ്രദേശങ്ങളിലേക്കു വ്യാപിക്കുകയും കൂടുതൽ ആഴത്തിലെത്തുകയും ചെയ്തു. മണ്ണ് ഇളക്കിമറിക്കാനും വൃക്ഷങ്ങൾ മുറിച്ചുമാറ്റാനും ജലസേചനത്തിനാവശ്യമായ ചാലുകൾ കീറുന്നതിനും പുതിയ ലോഹോപകരണം കൂടുതൽ മെച്ചമായി ഉപയോഗിക്കാൻ കഴിഞ്ഞു. ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് ജനങ്ങളുടെ കുടിയേറ്റം വ്യാപകമായത് ഇരുമ്പുയുഗത്തിലാണ്. രാജ്യങ്ങളുടെ അതിർത്തികൾ കൃത്യമായി വേർതിരിക്കാത്തതിനാൽ കുടിയേറ്റവും സാംസ്കാരിക വ്യാപനവും എളുപ്പമായിരുന്നു. ഇരുമ്പുയുഗത്തിലെ വൈദിക, ഗ്രീക്ക്, റോമ സംസ്കാരങ്ങൾ ഇങ്ങനെ കുടിയേറ്റക്കാരുടെ സാംസ്കാരിക വ്യാപനത്തിന്റെ ഭാഗമായി വളർന്നുവന്നവയാണ്.

ഗോത്രവർഗ്ഗ സ്വഭാവമാണ് ഇരുമ്പുയുഗസംസ്കാരങ്ങൾക്ക് തുടക്കത്തിലുണ്ടായിരുന്നത്. വർഗവിഭജനവും വിവേചനവും കൂടുതൽ ശക്തമാകുന്ന കാഴ്ചയാണ് ഇരുമ്പുയുഗം നൽകുന്നത്. ഇന്ത്യയിലെ വർണ്ണവ്യവസ്ഥ പിൽക്കാല വേദയുഗത്തോടെ താഴ്ന്ന ജാതിക്കാരന്റെ ജീവിക്കാനുള്ള അവകാശങ്ങളെ അങ്ങേയറ്റം ഹനിക്കുന്ന തരത്തിൽ ശക്തമാവുകയായിരുന്നു. ഗ്രീസിലെ അടിമപ്പണിയും റോമിൽ പിന്നീടുണ്ടായ നാലുതട്ടുകളുള്ള സാമൂഹ്യശ്രേണിയും വർഗ്ഗവിവേചനത്തിന്റെ തെളിവുകൾ തന്നെയാണ്. സമൂഹത്തിലെ ഉൽപ്പാദന- വിതരണപ്രക്രിയയിൽ വർദ്ധിച്ചുകൊണ്ടിരുന്ന വർഗ്ഗവേർതിരിവ് സംഘർഷങ്ങൾക്ക് വഴിയൊരുക്കി. റോമിലെ ദേശീയ സമ്പത്തിന്റെ സിംഹഭാഗവും ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്ന അടിമകളെ വയലിലും തൊഴിൽശാലയിലും പലപ്പോഴും ചങ്ങലകൊണ്ട് ബന്ധിച്ചിരുന്നു. ഇത്തരം വിവേചനത്തിനെതിരെ അടിമകളുടെ സമരങ്ങൾ പലപ്പോഴും നടക്കുകയുണ്ടായി. ബി.സി.73-ൽ സ്പാർട്ടക്കസിന്റെ നേതൃത്വത്തിൽ നടന്ന വിമോചനസമരം അതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു.

റോമൻ സമൂഹത്തിലെ രണ്ടുവിഭാഗങ്ങളായ പെട്രീഷ്യന്മാരും പ്ലീബിയന്മാരും തമ്മിലുള്ള സംഘർഷം തുറന്ന സമരത്തിലെത്തിച്ചേരുകയുണ്ടായി. 'സ്ട്രഗിൾ ഓഫ് ദി ഓർഡേഴ്സ്, എന്ന പേരിലറിയപ്പെട്ട ആ സമരത്തെ ലോക ചരിത്രത്തിലെ ആദ്യവർഗ്ഗസമരമെന്ന് വിശേഷിപ്പിക്കുന്നുണ്ട്.[17] ഭൂവുടമകളും ഉന്നതകുല ജാതരുമായ പെട്രീഷ്യന്മാർ റിപ്പബ്ലിക്കിന്റെ ഭരണസാരഥ്യം വഹിച്ചിരുന്നു. ഇടത്തരം കൃഷിക്കാർ, കരകൗശലപ്പണിക്കാർ, കച്ചവടക്കാർ തുടങ്ങിയവരുൾപ്പെട്ട പ്ലീബിയന്മാർക്ക് ഭരണപങ്കാളിത്തം നൽകാതെ അമിത നികുതിയും വിവേചനപരമായ ശിക്ഷാവിധികളും അടിച്ചേൽപ്പിക്കുകയുണ്ടായിരുന്നു. ഇതിനെതിരെ പ്ലീബിയൻ ജനത നടത്തിയ സമരം ഒടുവിൽ വിജയിക്കുകയും റിപ്പബ്ലിക്കിന്റെ ഭരണരീതിയിൽ മാറ്റങ്ങളുണ്ടാവുകയും ചെയ്തു.

### 2.1.7 ഫ്യൂഡലിസത്തിന്റെ വർഗ്ഗ പ്രവണതകൾ

റോമാ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു ശേഷം മധ്യകാലഘട്ടമായപ്പോഴേക്കും യൂറോപ്പിൽ പുതിയൊരു സാമൂഹ്യവ്യവസ്ഥ വളർന്നു വന്നു. ഫ്യൂഡലിസമെന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയ ആ വ്യവസ്ഥിതിയിൽ വർഗ്ഗ സംഘർഷത്തിന്റെ വ്യാപ്തി വർധിക്കുകയായിരുന്നു. ലോകമെമ്പാടും ഭൂമി, ഭൂവുടമ, പ്രഭുക്കൻമാർ, കർഷകർ എന്നീ ഘടകങ്ങളും പരസ്പര ബന്ധത്തെ വിശകലനം ചെയ്യുന്നിടത്തെല്ലാം 'ഫ്യൂഡലിസ'മെന്ന പദം ഒഴിച്ചു നിർത്താനാവാതെ വന്നു. ആ വ്യവസ്ഥിതിയിൽ രാജ്യത്തെ

ഭൂമിയുടെ മൊത്തം അവകാശി രാജാവായിരുന്നു. ഗ്രാമകേന്ദ്രീകൃതമായ, കൃഷിയെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക പ്രവർത്തനങ്ങളാണ് ഫ്യൂഡലിസത്തിൽ നില നിന്നത്. രാജാവ് തന്റെ കൈവശഭൂമി മുഖ്യപ്രഭുക്കൻമാർക്കും മുഖ്യപ്രഭുക്കന്മാർ ഇട പ്രഭുക്കന്മാർക്കും അവർ പ്രഭുക്കന്മാർക്കും നൽകി. യഥാർത്ഥ കൃഷിക്കാരായ അടി യാന്മാർക്ക് പ്രഭുക്കന്മാരിൽ നിന്നാണ് ഭൂമി ലഭിച്ചിരുന്നത്. അതിനു പകരം അടിയാൻമാർ പ്രഭുവിന് പാട്ടം നൽകണം. എന്നാൽ അടിയാന്മാർ മാത്രമാണ് കൃഷിഭൂമിയിൽ പണി യെടുത്ത് ഉൽപ്പന്നങ്ങളുണ്ടാക്കിയിരുന്നത്. അവരുടെ അധ്വാനഫലമാണ് പല തട്ടുക ളിലുള്ള പ്രഭുക്കന്മാരും രാജാവും പങ്കിട്ടെടുത്തിരുന്നത്.

'ശാസ്ത്രം ചരിത്രത്തിൽ' എന്ന കൃതിയിൽ ജെ.ഡി ബർണൽ ഇപ്രകാരം രേഖ പ്പെടുത്തുന്നു. "മധ്യകാലങ്ങളിലുടനീളം സാമ്പത്തിക അടിത്തറയായി വർത്തിച്ചിരു ന്നത് നാടുവാഴിത്തമാണ്. അതിന്റെ ബുദ്ധിപരവും ഭരണപരവുമായ വശത്തെ പ്രതി നിധാനം ചെയ്തിരുന്നത് പള്ളിയും. പള്ളി ഒരിക്കലും നാടുവാഴിത്തത്തിനെതിരായി നിന്നിട്ടില്ല. മാത്രമല്ല നാടുവാഴിത്തത്തിന്റെ ഒരവശ്യഘടകം പോലെയാണ് അതു പ്രവർത്തിച്ചു പോന്നതും."[18]

നാടുവാഴിത്തത്തിനെതിരെ ചെറുത്തു നിൽപ്പ് വേണമെങ്കിൽ പള്ളി പിന്തുടരുന്ന വ്യവസ്ഥിതിക്കെതിരെയും അതുണ്ടാവേണ്ടിയിരുന്നു. മതനവീകരണം പള്ളിയുടെ പ്രവർത്തനങ്ങളെ നേരായ വഴിയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചത് അതിന്റെ വെളിച്ച ത്തിൽ വേണം മനസ്സിലാക്കാൻ. നാടുവാഴിത്ത പ്രവണതകളെ അടിച്ചമർത്തിക്കൊണ്ട് യൂറോപ്പിൽ ശക്തമായ രാജവാഴ്ച സ്ഥാപിക്കപ്പെടുകയുണ്ടായി. ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം നാടുവാഴിത്തത്തിലധിഷ്ഠിതമായ ഫ്യൂഡലിസത്തെ ദുർബലമാക്കുകയും ചെയ്തു.

ഇന്ത്യയിലാകട്ടെ മൗര്യരാജവംശം മുതലുള്ള ഭരണകൂടങ്ങളെല്ലാം പൊതുവെ ചാതുർവർണ്യത്തിലധിഷ്ഠിതമായ ജാതീയ ഘടനയെ നിലനിർത്തുന്ന രീതിയിലാണ് പ്രവർത്തിച്ചിരുന്നത്. രാജകൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലുമായി സമ്പത്ത് കേന്ദ്രീക രിക്കുന്ന പ്രവണതയുമുണ്ടായി. ദേവസ്വം ഭൂമിയെന്നും ബ്രഹ്മസ്വം ഭൂമിയെന്നും വിശേ ഷിക്കപ്പെട്ട ഭൂമിയുടെ ഉടമസ്ഥത ഫലത്തിൽ ബ്രാഹ്മണർക്കായി മാറുകയും കുടിയാ ന്മാരെ അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന വ്യവസ്ഥിതി ശക്തമായി തുടരുകയും ചെയ്തു. രാജാവും പുരോഹിതൻമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും സുഖ

സമൃദ്ധിയിൽ ജീവിച്ചപ്പോൾ കൃഷിക്കാരും പരമ്പരാഗത കൈത്തൊഴിലുകാരും അവശതയനുഭവിക്കേണ്ടി വന്നു. വിദേശ ആക്രമണങ്ങൾ പലതും കൊട്ടാരങ്ങളെയും ക്ഷേത്രങ്ങളെയും കേന്ദ്രീകരിച്ചു നടന്നതു തന്നെ അവിടങ്ങളിലെ അളവറ്റ സമ്പത്ത് കൈക്കലാക്കുന്നതിനുവേണ്ടിയായിരുന്നു. മധ്യകാലഘട്ടങ്ങൾ വർഗ്ഗവേർതിരിവിന്റെയും സംഘർഷങ്ങളുടെയും വ്യാപ്തി വർദ്ധിപ്പിക്കുന്നതിൽ ഭരണകൂടങ്ങൾക്കൊപ്പം പുരോഹിതന്മാർക്കും മതസ്ഥാപനങ്ങൾക്കും പങ്കുണ്ടായിരുന്നുവെന്നത് സുവ്യക്തമാണ്.

ഫ്യൂഡലിസത്തിന്റെ ഉൽപ്പാദന വ്യവസ്ഥിതി തകർന്നതിനുശേഷം മുതലാളിത്തത്തിന്റെ പാതയൊരുങ്ങി. ആദ്യം വ്യാപാര മുതലാളിത്തമായിരുന്നു വളർന്നത്. അതിനെ തുടർന്ന് വ്യാവസായിക മുതലാളിത്തത്തിന്റെ കാലഘട്ടം നിലവിൽ വന്നു.

### 2.1.8 ആധുനിക സമൂഹം

യൂറോപ്പിൽ ദേശരാഷ്ട്രങ്ങളുടെ രൂപീകരണത്തിനു ശേഷം ശാസ്ത്ര- വ്യാവസായിക മേഖലയിലുണ്ടായ വളർച്ച ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവത്തിന് വഴിയൊരുക്കി. മനുഷ്യനിർമ്മിത ഉൽപ്പന്നങ്ങളുടെ സ്ഥാനത്ത് യന്ത്രവൽക്കൃത ഉൽപ്പന്നങ്ങൾ വന്നത് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുകയും സമയലാഭം ഉണ്ടാവുകയും ചെയ്തു. ലോകത്തെ രാഷ്ട്രീയ-സാമ്പത്തിക ക്രമങ്ങളിൽ ദൂരവ്യാപകമായ ഫലങ്ങളാണ് അതോടു കൂടിയുണ്ടായത്. വ്യവസായ സംരംഭങ്ങളുടെ ഉടമസ്ഥരായ മുതലാളി വർഗ്ഗത്തിന്റെ ചൂഷണത്തിന് വിധേയരാകുന്ന പുതിയൊരു തൊഴിലാളിവർഗ്ഗം വ്യവസായ വിപ്ലവത്തിന്റെ ഫലമായുണ്ടായി. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അധ്വാനശേഷിയെ പ്രധാന മൂലധനമാക്കിക്കൊണ്ട് മുതലാളി വൻതോതിൽ ലാഭമുണ്ടാക്കാൻ തുടങ്ങി. തൊഴിലാളിക്ക് ന്യായമായ കൂലിയോ വിശ്രമസമയമോ അനുവദിക്കപ്പെട്ടില്ല. വ്യവസായശാലകളാരംഭിച്ച രാജ്യങ്ങൾക്കുള്ളിൽ ഈ പ്രവണത തുടരുമ്പോൾ തന്നെ യൂറോപ്യൻ രാജ്യങ്ങൾ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനും മിച്ചോൽപ്പാദനം വിറ്റഴിക്കുന്നതിനുമുള്ള കിടമത്സരത്തിലായിരുന്നു. ലോകമെമ്പാടും കോളനി രാജ്യങ്ങൾ നേടിയെടുക്കാൻ അവർ മത്സരിച്ചു. മറ്റു രാജ്യങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരങ്ങളെ കവർന്നെടുത്തുകൊണ്ടാണ് യൂറോപ്പിലെ പ്രധാന രാജ്യങ്ങൾ അവയെ കോളനികളാക്കി മാറ്റിയത്. ഇങ്ങനെ വളർന്ന സാമ്രാജ്യത്വത്തിനെതിരെ പോരാടാൻ കോളനി രാജ്യങ്ങൾക്കുള്ളിൽ ശ്രമങ്ങൾ നടന്നു.

വ്യാവസായിക മുതലാളിത്തത്തിന്റെ വ്യാപനത്തോടെ അതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ അത്തരമൊരു പ്രസ്ഥാനം പ്രവർത്തിച്ചിരുന്നു. 1830 കളോടെ തൊഴിലാളികൾ സമരങ്ങളും സായുധകലാപങ്ങളും ആരംഭിക്കുകയുണ്ടായി. തങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും സ്ഥാപിച്ചെടുക്കുന്നതിന് തൊഴിലാളികൾ ചില സംഘടനകളും രൂപീകരിക്കുകയുണ്ടായി. അതിലൊരു സംഘടന 1847 ൽ കമ്മ്യൂണിസ്റ്റ് ലീഗ് എന്ന പേരു സ്വീകരിക്കുകയും അതിന് അന്തർദേശീയ സ്വഭാവം കൈവരികയും ചെയ്തു. 1848 ൽ കാൾ മാർക്സും ഫ്രെഡറിക് എംഗൽസും ചേർന്ന് *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ* പ്രസിദ്ധീകരിച്ചത് ലോകത്തെമ്പാടുമുള്ള തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങളെ സ്വാധീനിക്കുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മിക്കവാറും വ്യാവസായിക രാഷ്ട്രങ്ങളിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപീകൃതമാവുകയും ചെയ്തു. തൊഴിലാളികൾ ട്രേഡ്യൂണിയനുകളിലക്ക് ആകർഷിക്കപ്പെടുകയും വർഗബോധമുള്ളവരായിത്തീരുകയും രാഷ്ട്രീയബോധമുള്ളവരായി വളരുകയും ചെയ്തു.

ഈ തൊഴിലാളി പ്രസ്ഥാനങ്ങൾ 1864 ലെ ഒന്നാം ഇന്റർനാഷണൽ രൂപീകരിക്കുന്നതിന് വഴിയൊരുക്കി. എല്ലാ വർഗ്ഗ ഭരണങ്ങളെയും അവസാനിപ്പിക്കണമെന്നും വർഗ്ഗ സമരത്തിലൂടെ തൊഴിലാളി വർഗ്ഗത്തിന്റെ മോചനം അവർതന്നെ നേടിയെടുക്കണമെന്നും മാർക്സ് ഉദ്ബോധിപ്പിക്കുകയുണ്ടായി. തൊഴിലാളികൾ പ്രധാന പങ്ക് വഹിച്ച ഒരു പോരാട്ടത്തിൽ 1871 ൽ പാരീസ് കമ്യൂൺ രൂപീകരിച്ചത് എടുത്തുപറയേണ്ട വസ്തുതയാണ്. സ്ഥിതി സമത്വത്തിന്റെ നടപ്പിലാകൽ സൂചന നൽകിയ ആ വിജയത്തെ അടിച്ചമർത്തിയെങ്കിലും ക്രമേണ യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിൽ ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾ ശക്തമാകാൻ തുടങ്ങി.

തൊഴിലാളി യൂണിയനുകളും സോഷ്യലിസ്റ്റ് പാർട്ടികളും ഒരു കുടക്കീഴിൽ വരണമെന്ന ഉദ്ദേശ്യത്തോടെ 1889 ൽ പാരീസിൽ രണ്ടാം ഇന്റർ നാഷണൽ വിളിച്ചു കൂട്ടി. തൊഴിലാളിക്ക് എട്ടുമണിക്കൂർ പ്രവൃത്തി സമയമായി നിശ്ചയിക്കണമെന്നും എല്ലാ വർഷവും മെയ് ഒന്ന് ഐക്യത്തിന്റെയും ശക്തിയുടെയും പ്രതീകമായി തൊഴിലാളി ദിനം ആചരിക്കാനും അതിൽ തീരുമാനിച്ചു. രണ്ടാം ഇന്റർനാഷണൽ സൈനിക വൽക്കരണത്തിനും യുദ്ധത്തിനുമെതിരെ ശക്തമായ പ്രചാരണം നടത്തുകയും എല്ലാവിഭാഗം ജനങ്ങൾക്കും സമത്വവും സ്വാതന്ത്ര്യവുമെന്ന ആശയം ഉയർത്തിപ്പിടിക്കുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധവും അതിനിടയിൽ നടന്ന വിജയകരമായ ആദ്യത്തെ കമ്യൂണിസ്റ്റ് വിപ്ലവവും വളരെയേറെ വിശകലനമർഹിക്കുന്നവയാണ്. സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം വിപ്ലവത്തിലൂടെ റഷ്യയിൽ അധികാരത്തിലെത്തിയത് ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കുകയുണ്ടായി. ലോകത്തെമ്പാടും വിമോചന പ്രസ്ഥാനങ്ങൾക്ക് അത് ആവേശമായി മാറുകയും ചെയ്തു. ഈ കാലഘട്ടത്തിൽ മാർക്സിസത്തിനകത്ത് സംവാദാത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു.

## 2.1.9. മാർക്സിസത്തിനകത്തെ ആശയ സംവാദം

മാർക്സിസം അടിസ്ഥാനപരമായി വസ്തുവാദപര (positivistic) മായ ഒരു സാമൂഹ്യശാസ്ത്രമാണെന്ന ധാരണമൂലം അസ്തിത്വവാദപരവും മനശാസ്ത്രപരവുമായ വ്യാഖ്യാനങ്ങൾകൊണ്ട് അതിനെ മാനവീകരിക്കാനുള്ള ശ്രമങ്ങളും ഇതോടൊപ്പം പാശ്ചാത്യരാജ്യങ്ങളിൽ നടക്കുകയുണ്ടായി. ഗ്രാംഷി,ലൂക്കാച്ച് തുടങ്ങിയവരുടെ കൃതികൾക്ക് ഈ അന്തരീക്ഷത്തിൽ പുതിയ പ്രസക്തികൈവന്നു. പലവഴിക്ക് തിരിഞ്ഞ ഫ്രാങ്ക്ഫർട്ട് സ്കൂൾ പണ്ഡിതന്മാർ സാമൂഹ്യശാസ്ത്രം, മനശാസ്ത്രം, സൗന്ദര്യശാസ്ത്രം തുടങ്ങിയ വിവിധ വിജ്ഞാനമേഖലകളുമായി മാർക്സിസത്തെ ബന്ധിപ്പിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ ബഹുമുഖമായി ഇക്കാലത്ത് വികസിക്കുകയും ചെയ്തു. ഇവയെല്ലാം ചേർന്നാണ് യൂറോ കമ്മ്യൂണിസത്തിന്റെയും നവീന ഇടതുപക്ഷത്തിന്റെയും സൈദ്ധാന്തികാടിത്തറയായിത്തീരത്തക്കവിധം മാർക്സിസത്തെ ഉടച്ചുവാർക്കുന്നതിനുള്ള ഒരു പ്രത്യയശാസ്ത്രമൂശക്ക് രൂപം നൽകിയത്.

### 2.1.9.1. ഗ്രാംഷിയും കീഴാള ചിന്തയും

'സബാൾട്ടൺ' എന്ന പദം ഇംഗ്ലീഷിൽ പ്രയോഗിക്കാറുള്ളത് സൈനികഘടനയുമായി ബന്ധപ്പെട്ടാണ്. ഇംഗ്ലീഷിൽ സങ്കേത ബന്ധമില്ലാതെ പ്രയോഗിക്കുകയാണെങ്കിൽ 'കീഴുദ്യോഗസ്ഥ/ൻ,' താഴെക്കിടയിലുള്ള ' എന്നൊക്കെയാണ് അർത്ഥംവരിക. മാർക്സിസ്റ്റ് സംവാദങ്ങളിൽ ഈ പദം ആദ്യമായി പ്രയോഗിക്കപ്പെടുന്നത് ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് നേതാവും ദാർശനികനുമായ അന്തോണിയോ ഗ്രാംഷി (1891- 1937) യുടെ വിഖ്യാതമായ *പ്രിസൺനോട്ട് ബുക്സി*ലാണ്. മാർക്സിസത്തെ 'പ്രയോഗത്തിന്റെ തത്വശാസ്ത്രം എന്നു വിളിക്കുമ്പോൾ പലവശങ്ങളുള്ള ആ സിദ്ധാന്ത പ്രയോഗ രൂപവൽക്കരണത്തിന്റെ ഒരു പ്രത്യേക വശത്തിന് ഗ്രാംഷി ഊന്നൽ നൽകുന്നുണ്ട്.[19]

'കീഴാള/ൻ' എന്ന പദം രണ്ട് അർത്ഥതലങ്ങളിൽ ഗ്രാംഷി പ്രയോഗിക്കുന്നു. 'തൊഴി ലാളി വർഗ്ഗം' എന്നതിന്റെ നേർപര്യായമാണ് ഒരു പ്രയോഗം. ആധുനിക മുതലാളിത്ത സമൂഹത്തില 'കീഴാളവർഗ്ഗ'മാണ് തൊഴിലാളി.

തൊഴിലാളിയെ കീഴ്പ്പെടുത്തികൊണ്ട് ചൂഷണം ചെയ്യാനുള്ള അധികാരം മുത ലാളിയിൽ നിക്ഷിപ്തമാണ്. ഈ അധികാരഘടനയിൽ 'കീഴാളർ' ക്കെതിരായ ധ്രുവ ത്തിലുള്ളത് 'അധീശ' മുതലാളി വർഗ്ഗമാണ്. അതായത് മൂലധനത്തിന്റെ ഉടമകളായ ബൂർഷ്വാസി. തൊഴിലാളി വർഗ്ഗ/ബൂർഷ്വാസി ബന്ധത്തെക്കുറിച്ച് ഗ്രാംഷി നടത്തുന്ന വിശകലനം ആധുനിക മാർക്സിയൻ വിജ്ഞാനത്തിന്റെ മൗലികമായ സംഭാവനയാണ്. ബൂർഷ്വാസി ഭരണ സംവിധാനത്തിൽ മേൽക്കോയ്മ നേടിക്കൊണ്ട് തൊഴിലാളിയെ അടിച്ചമർത്താൻ ശ്രമിക്കുന്നു. മുതലാളിത്ത വർഗ്ഗം സാമ്പത്തിക സാമൂഹിക തലങ്ങ ളിൽ ആധിപത്യം സ്ഥാപിക്കുകയും അവരുടെ മേൽക്കോയ്മ തൊഴിലാളി വർഗ്ഗത്തെ അംഗീകരിപ്പിക്കാനും ശ്രമിക്കുന്നു.

സാമാന്യമായ ഒരു അർത്ഥത്തിലും ഗ്രാംഷി 'കീഴാളൻ' എന്ന പദം പ്രയോഗിക്കു ന്നുണ്ട്. ആധുനിക മുതലാളിത്ത സമൂഹത്തിൽ മാത്രമല്ല 'കീഴാള' വർഗ്ഗമുള്ളത്. ചരി ത്രഘട്ടങ്ങളിൽ പലതിലും കീഴാള വർഗ്ഗത്തെക്കുറിച്ച് ഗ്രാംഷി പ്രതിപാദിക്കുന്നുണ്ട്. 'കീഴാളം' എന്നത് വ്യാവസായിക തൊഴിലാളി വർഗ്ഗമെന്നല്ല ഇവിടെ ഗ്രാംഷിയുടെ വിവക്ഷ , മറിച്ച് അടിമത്തം അനുഭവിക്കുന്ന എല്ലാവരും ഉൾപ്പെടുന്നു. അധികാരത്തി ലുള്ള 'അധീശ' വർഗ്ഗങ്ങൾ ഒരു ഭാഗത്തും മറുഭാഗത്ത് മേൽക്കോയ്മയ്ക്ക് വിധേയരാ വുന്ന 'കീഴാള' വർഗ്ഗങ്ങളുമാണുള്ളത്.[20]

വർഗ്ഗ വിവേചനം നിലനിൽക്കുന്ന സമൂഹത്തിലെ മേൽക്കോയ്മ/ വിധേയത്വബ ന്ധങ്ങളുടെ പല സവിശേഷതകളും ഗ്രാംഷി നിരത്തുന്നു. ഉൽപ്പാദനബന്ധങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ മേൽക്കോയ്മ/ വിധേയത്വബന്ധം സാമൂഹ്യവി കാസത്തിൽ ഇവയോട് ഏറെ ബന്ധപ്പെട്ട് കിടക്കുന്നു. മുതലാളിത്തത്തിലേക്കുള്ള പരി വർത്തനം ഭാഗികമായി മാത്രം നടന്നിരുന്ന, ഇരുപതാം നൂറ്റാംണ്ടിലെ ഇറ്റലിയുടെ പശ്ചാത്തലത്തിൽ, ജന്മി- ഭൂപ്രഭുക്കളുടെ മേധാവിത്വവും കർഷകത്തൊഴിലാളികളുടെ അടിയാളത്തവും തമ്മിലുള്ള ബന്ധം വളരെ സവിശേഷമാണ്. സമൂഹത്തിലെ അധീ ശവർഗ്ഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കർഷകത്തൊഴിലാളി അവബോധം ഛിന്ന ഭിന്നവും ആശ്രിതവും സഹനോത്സുകവുമാണ്. എന്നിരുന്നാലും കർഷകത്തൊഴി

ലാളികളുടെ മനോഭാവം അധീശവർഗ്ഗത്തിന് എന്നും എതിരായി തന്നെ ഒളിഞ്ഞും തെളിഞ്ഞും നിലകൊള്ളുന്നു. ഇതുകൊണ്ട് തന്നെ അതിനു ചരിത്രപരമായി ക്രിയോന്മുഖവും പുരോഗമനപരവുമായ രൂപങ്ങളിൽ സ്വയം പ്രകാശിപ്പിക്കാൻ കഴിയും. തൊഴിലാളി നീതിബോധം അധീശ മുതലാളിവർഗ്ഗ മനോഭാവത്തിനെതിരെ ശബ്ദമുയർത്തുന്നു. തൊഴിലാളിവർഗ്ഗം ജനകീയ സംസ്കാരത്തെ മാറ്റിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. അതിന്റെ ചില ഘടകങ്ങൾ മാത്രമേ സ്വാംശീകരിക്കപ്പെടാറുള്ളു. ഇതിലൂടെ സംഘടിതമതത്തിന്റെ സാമൂഹ്യലോകത്ത് ഒരു പ്രത്യേകതരം ശ്രേണീവത്ക്കരണം കാണാനിടവരുന്നു. പ്രത്യക്ഷത്തിൽ അധീശവർഗ്ഗങ്ങളുടെ സംഘടിതമതം കീഴാളവർഗ്ഗങ്ങളുടെതിൽ നിന്നു വ്യത്യസ്തമല്ലെങ്കിലും അവയുടെ രൂപഭാവങ്ങൾ വ്യത്യസ്തവും, ചിലപ്പോൾ വിരുദ്ധം പോലും, ആയ അർത്ഥങ്ങളുള്ളവയുമായിരിക്കും. ഈ വൈരുദ്ധ്യത്തിൽനിന്നാണ് അധീശ വിഭാഗങ്ങളുടെ വാഴ്ചയെ തകിടം മറിക്കാൻ ശേഷിയുള്ള കീഴാള പ്രതിരോധം ഉറവെടുക്കുന്നത്.

ഇന്ത്യാചരിത്രത്തിൽ 'ആധുനികം' എന്നു പരാമർശിക്കപ്പെടുന്ന കാലഘട്ടം മാർക്സിയൻ സൈദ്ധാന്തിക വീക്ഷണ പ്രകാരം മുതലാളിത്തപൂർവ്വ സാമൂഹ്യ രൂപവർക്കരണങ്ങളിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള ചരിത്രപരമായ പരിവർത്തനത്തിന്റെ പ്രശ്നമണ്ഡലത്തിലാണ് പ്രതിഷ്ഠിക്കപ്പെടാറുള്ളത്. ഈ പരിവർത്തനത്തെക്കുറിച്ചുള്ള സാമ്പ്രദായിക മാർക്സിസ്റ്റ് ധാരണയാവട്ടെ യൂറോപ്യൻ ചരിത്രത്തെ അവലംബിച്ചു രൂപപ്പെട്ടതുമാണ്. ഫ്യൂഡൽ സമ്പദ്ക്രമത്തിന്റെ പ്രതിസന്ധി, കൃഷിയിലെ മുതലാളിത്തോത്പാദനത്തിന്റെ ആവിർഭാവം, കാർഷിക വിഭാഗങ്ങളിലെ വർദ്ധിച്ചുവരുന്ന വ്യത്യാസവത്ക്കരണം, ഭൂമിയിൽനിന്നും ഉത്പാദനോപാധികളിൽ നിന്നും പറിച്ചുമാറ്റപ്പെട്ട ദരിദ്രതൊഴിലാളികളുടേതായ ഒരു വർഗ്ഗത്തിന്റെ രൂപീകരണം, ഇതേ സമയത്തുതന്നെ നഗരങ്ങളിൽ ആവിർഭവിച്ച ഫാക്ടറി കേന്ദ്രീകൃതോത്പാദനം എന്നിങ്ങനെയാണ് ഫ്യൂഡലിസത്തിൽ നിന്ന് വ്യാവസായിക മുതലാളിത്തോത്പാദനത്തിലേക്കുള്ള പരിവർത്തനത്തിന്റെ ആഖ്യാന മാതൃക. വ്യക്തിവാദത്തെയും യുക്തിയെയും കുറിച്ചുള്ള സാമൂഹ്യദർശനം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ ജനായത്താശയങ്ങൾ, പ്രാതിനിത്യസ്വഭാവമുള്ള സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് ബൂർഷ്വാസി സാമൂഹ്യാധീശത്വത്തിലേക്കുയരുന്നത്.

### 2.1.9.2. അൽത്തൂസറിന്റെ ഇടപെടൽ

മാർക്സിസത്തെ മാർക്സിന്റെ ആദ്യകാലരചനകളുടെ പശ്ചാത്തലത്തിൽ ഒരു ഹ്യുമനിസ്റ്റു പ്രത്യയശാസ്ത്രമായി അവതരിപ്പിക്കുന്നതിന് ലോകവ്യാപകമായി നടന്ന ശ്രമങ്ങൾക്കേറ്റ ഏറ്റവും വലിയ സൈദ്ധാന്തിക പ്രഹരമായിരുന്നു അൽത്തുസറിന്റെ തത്വശാസ്ത്രപരമായ സംഭാവനകൾ. ലിബറൽ ഹ്യുമനിസ്റ്റ് പ്രസ്ഥാനത്തിന് മാർക്സിന്റെ ആദ്യകാലരചനകളുടെയോ അസ്തിത്വവാദത്തിന്റെയോ പിൻബലത്തോടുകൂടി ഇനിയൊരിക്കലും ഉയർന്നുവരാൻ കഴിയാത്തവിധം അതിന്റെ യുക്തി മണ്ഡലത്തിൽ നിന്നുതന്നെ എങ്ങനെ വേറിട്ടുനില്ക്കുന്നു എന്നു തെളിയിക്കുന്ന അൽത്തൂസറിന്റെ വിശകലനത്തിന് ശേഷം മാർക്സിന്റെ ആദ്യകാല രചനകളുടെ പ്രത്യയശാസ്ത്രപരമായ ദുരുപയോഗത്തിന് അന്ത്യം വന്നു. മാർക്സിസം ലെനിനിസത്തിന്റെ വികാസ പ്രശ്നങ്ങളെയും സ്റ്റാലിനിസത്തിന്റെ നിഷേധാത്മകവശങ്ങളെയും പുനഃപരിശോധിക്കുന്നതിന് മാർക്സിസം- ലെനിനിസത്തിന്റെ ശാസ്ത്രീയ സമീപനത്തെ, ലിബറൽ മാർഗങ്ങളെ പിന്നിലേക്ക് തള്ളിക്കൊണ്ട് അൽത്തൂസർ മുന്നിലേക്ക് കൊണ്ടുവന്നു. അങ്ങനെ അൽത്തുസറിന്റെ സൈദ്ധാന്തികമായ ഇടപെടലോടുകൂടി മാർക്സിന്റെ ആദ്യകാല കൈയെഴുത്തുകൾക്ക് മാർക്സിന്റെ വികാസചരിത്രത്തിൽ അവ യഥാർത്ഥത്തിൽ അർഹിക്കുന്നതെന്തോ അത് തിരിച്ചുകിട്ടുകയും അവയ്ക്കുമേൽ കെട്ടിയേല്പിക്കപ്പെട്ടവയെന്തോ അവയെല്ലാം വിട്ടുപോവുകയും ചെയ്തു.[21]

പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിക്കുന്ന ഏതു പ്രശ്നത്തെയും ഒന്നുകിൽ യാന്ത്രിക വസ്തുവാദത്തിന്റെയോ അല്ലെങ്കിൽ വ്യക്തിനിഷ്ഠ ആത്മീയ വാദത്തിന്റെയോ കണ്ണിലൂടെ ഭാഗികമായി മാത്രം കാണാൻ കഴിയുന്ന പാശ്ചാത്യബൂർഷായുക്തി മണ്ഡലത്തിന്റെ പരിമിതിയെ അൽത്തുസർ തുറന്നു കാണിക്കുന്നുണ്ട്. ഈ യുക്തി മണ്ഡലത്തിൽ വസ്തുവാദത്തെയും വ്യക്തിവാദത്തെയും കൃത്രിമമായി കൂട്ടിച്ചേർക്കാൻ നടത്തിയ ശ്രമങ്ങളെല്ലാം അജ്ഞേയവാദത്തിലേക്കോ വ്യക്തിമാത്രവാദത്തിലേക്കോ ഒടുവിൽ ചെന്നു ചേരുകയും ചെയ്തു. മാർക്സിസം ഈ യുക്തിബോധത്തിന്റെ രീതി ശാസ്ത്രത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഒന്നല്ല. മാർക്സിസം അന്നോളം നിലവിലില്ലാതിരുന്ന ഒരു പുതിയ ശാസ്ത്രത്തിന് ജന്മം നൽകി, ചരിത്രത്തിന്റെ ശാസ്ത്രം. ആ ശാസ്ത്രമാകട്ടെ ശാസ്ത്രത്തെക്കുറിച്ചുതന്നെയുള്ള പഴയ സങ്കല്പങ്ങളെ മറികടന്നു നില്ക്കുന്ന ഒന്നായിരുന്നു. അതിനാൽ ശാസ്ത്രത്തെക്കുറിച്ചുള്ള പഴയ സങ്കല്പങ്ങളെ തിരുത്തിക്കുറിക്കാൻപോന്ന ആ ശാസ്ത്രത്തിന് പുതിയൊരു തത്വശാസ്ത്ര

ത്തിനുള്ളിൽ മാത്രമേ നിലനില്ക്കാൻ കഴിയൂ എന്നു വന്നു. അങ്ങനെ മാർക്സിസത്തിന്റെ ചരിത്രശാസ്ത്രം പഴയശാസ്ത്ര, തത്വശാസ്ത്രങ്ങളുടെ പരിമിതികളെ മറികടന്ന പുതിയൊരു തത്വശാസ്ത്രത്തിന് ജന്മം നൽകി. ചുരുക്കത്തിൽ മനുഷ്യവിമോചനത്തിന്റെ ശാസ്ത്രം ശാസ്ത്രങ്ങളുടെ തന്നെ വിമോചനത്തിന് കാരണമായിത്തീർന്നു. അങ്ങനെ ശാസ്ത്രങ്ങളെ പഴയതത്വശാസ്ത്രങ്ങളിൽനിന്ന് മോചിപ്പിക്കാൻ പോന്ന ഈ പുതിയ തത്വശാസ്ത്രം തത്വശാസ്ത്രത്തെ തന്നെ അതിന്റെ പ്രാക്ചരിത്രത്തിൽ നിന്ന് മോചിപ്പിക്കുന്ന ശാസ്ത്രീയ തത്വശാസ്ത്രമായിത്തീർന്നു. ശാസ്ത്രത്തെയും തത്വശാസ്ത്രത്തെയും കുറിച്ചുള്ള പഴയ വസ്തുവാദപരമോ ആത്മവാദപരമോ ആയ ചിന്താരീതികൾക്ക് ഒന്നും ഉൾക്കൊള്ളാനാകാത്തവിധം അവയുടെ പ്രശ്നമണ്ഡലത്തിൽ നിന്നുതന്നെ മുറിഞ്ഞു മാറിനില്ക്കുന്ന ഒന്നാണ് മാർക്സിസം എന്നർത്ഥം. ജ്ഞാനസിദ്ധാന്തപരമായ വിച്ഛേദം എന്ന് അൽത്തുസർ വിശേഷിപ്പിച്ചിരുന്ന ഈ യുക്തിമണ്ഡലപരമായ മുറിഞ്ഞു മാറലിന്റെ യാഥാർത്ഥ്യം കണ്ടെത്താൻ ബൂർഷ്വാ പ്രത്യയശാസ്ത്ര പ്രവണതകൾക്കൊന്നും കഴിയുമായിരുന്നില്ല. അതുകൊണ്ടുതന്നെ മാർക്സിസത്തെയും പഴയരീതിയിൽ ഐക്യപ്പെടാനാകാത്ത വിരുദ്ധവീക്ഷണങ്ങളിലൂടെ മാറി മാറി വ്യാഖ്യാനിക്കാൻ മാത്രമേ ബൂർഷ്വാ യുക്തിമണ്ഡലത്തിന് സാധിച്ചുള്ളൂ. അതായത് വസ്തുവാദപരമായ പഴയശാസ്ത്രരീതിയിലുടെ വ്യാഖ്യനിക്കുമ്പോൾ മാർക്സിസം ഒരു ഹ്യുമനിസമാണ്. ഇങ്ങനെ, ഒന്നുകിൽ സാമ്പത്തികവാദമായോ അല്ലെങ്കിൽ ഹ്യുമനിസമായോ വ്യാഖ്യനിച്ച് ചേരിതിരിഞ്ഞ് പൊരുതുക, അല്ലെങ്കിൽ സാമ്പത്തിക വാദത്തിലേക്ക് ഹ്യുമനിസത്തെയും ഹ്യുമനിസത്തിലേക്ക് സാമ്പത്തിക വാദത്തെയും കടത്തിവിട്ട് കൃത്രിമമായ അനുരഞ്ജനത്തിലെത്തുക, ഇതാണ് പഴയ വിഘടിത യുക്തിമണ്ഡലത്തിന്റെ വക്താക്കൾ മാർക്സിസത്തെ കൈകാര്യം ചെയ്ത രീതി. മാർക്സിസം ശാസ്ത്രീയമായും തത്വശാസ്ത്രപരമായും പിന്നിട്ടുകഴിഞ്ഞ ഒരു പഴയ യുക്തിവലയത്തിലേക്ക് അതിനെ തിരികെ പിടിച്ചുകൊണ്ടുപോകാൻ നടത്തിയ ശ്രമങ്ങളുടെ ഫലമായിരുന്നു അത്.

ഇങ്ങനെ സാമ്പത്തികവാദത്തെയും ഹ്യുമനിസത്തെയും ഉല്പാദിപ്പിക്കുന്ന പ്രശ്നമണ്ഡലത്തിൽ നിന്നുതന്നെ വേറിട്ടുനിർക്കുന്ന ഒരു ശാസ്ത്രവും അതിന്റെ തത്വശാസ്ത്രവും ആണ് മാർക്സിസം എന്ന് അൽത്തുസർ വിശദീകരിച്ചു.[22] അതായത് മാർക്സിസം ബൂർഷ്വാഹ്യുമനിസത്തിന്റെ ഔപചാരികതയെ മറികടന്ന ശാസ്ത്രീയ

ഹ്യുമനിസവും, ബൂർഷ്വാശാസ്ത്രവാദത്തെ മറികടന്ന മാനവികശാസ്ത്രവുമാണെന്ന യാഥാർത്ഥ്യം അൽത്തുസർ എടുത്തുകാട്ടി.

മനുഷ്യചരിത്രത്തിലെ സാമൂഹിക പരിണാമത്തിൽ അധ്വാനം വഹിച്ച പങ്കും വർഗ രഹിതമായ സമൂഹം എങ്ങനെ വർഗാധിഷ്ഠിത സമൂഹമായി മാറി എന്നുമാണ് ഈ ഭാഗത്ത് അന്വേഷിച്ചത്. ഒപ്പം വിവിധ ചരിത്രഘട്ടങ്ങളിൽ അടിസ്ഥാന വർഗങ്ങളിൽ അവബോധമുണ്ടാവാൻ മാർക്സിയൻ പ്രത്യയശാസ്ത്രം വഹിച്ച പങ്കും സൂചിപ്പിച്ചു. കവിതയിലെ വിശകലത്തിന് സഹായകമാവുന്ന മാർക്സിയൻ സംവാദത്തിലെ ചില ആശയങ്ങളും ഇവിടെ ക്രോഡീകരിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷിക ചരിത്രവും അതിലെ വർഗപ്രവണതയുമാണ് ഇനി വിശകലനം ചെയ്യുന്നത്.

## 2.2.കൃഷിയും കേരള ചരിത്രവും

### 2.2.1 കാർഷികവിദ്യയുടെ ആവിർഭാവം

സൂക്ഷ്മ ശിലാ പരിഷ്കൃതി വരെയുള്ള ഘട്ടങ്ങളെ പൊതുവെ ഇരതേടൽ വ്യവസ്ഥ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഇതിൽ നിന്ന് മൗലികമായ വ്യത്യാസം സംഭവി ക്കുന്നത് ഭക്ഷ്യോൽപ്പാദന വ്യവസ്ഥയോടെയാണ്. കാർഷിക വിദ്യയുടെ ഉപഞ്ജാ താക്കളെന്ന് അറിയപ്പെടുന്ന നവീന ശിലായുഗ പരിഷ്കൃതിയുടെ നേട്ടമാണ് ഇത്. കാലി വളർത്തലും മലയോരങ്ങളിൽ കുറ്റിക്കാടുകളും മേടുകളും വെട്ടിക്കരിച്ച് കൃഷി ചെയ്ത് വിളവെടുക്കലും നവീനശിലായുഗക്കാരുടെ ജീവികാ സമ്പാദന മാർഗ്ഗങ്ങളാ യിരുന്നു. കൃഷിയും കാലിവളർത്തലും മുഖ്യ ജീവകാസ്പദങ്ങളായതോടു കൂടി മനു ഷ്യന്റെ ഭൗതിക ലോകത്തിൽ വമ്പിച്ച പരിവർത്തനങ്ങളുളവായി. കാർഷികവൃത്തി ഭക്ഷ്യവിഭവങ്ങളുടെ ലഭ്യത സുനിശ്ചിതമാക്കി. പൂർവ്വാധികം സുരക്ഷിതമായ ജീവിത സാഹചര്യങ്ങൾ ജനവർദ്ധനയെ സഹായിച്ചു. ജന വർദ്ധന ഉൽപ്പാദന വർദ്ധനവിന് കാരണമായി. ഈ ഉൽപ്പാദന സമൃദ്ധിയാണ് മനുഷ്യ സംസ്കൃതിയുടെ ത്വരിത വികാ സത്തിന് കാരണമായത്.

### 2.2.2. കാർഷികവൃത്തി

ക്ഷേത്ര രേഖകളിൽ നിന്നറിയുന്നിടത്തോളം കേരളത്തിലെ മുഖ്യ വിള നെല്ലാണ്. കന്നിയിലും മകരത്തിലും കൊയ്യുന്ന രണ്ടു വിളവുകളാണ് നെൽ കൃഷിയുടെ സാമാന്യ രീതി. വെള്ളം കിട്ടുന്നേടങ്ങളിൽ മേടത്തിലെ പുഞ്ചയും സാധ്യമാവും. പുഞ്ചപ്പണിയു ള്ളിടങ്ങളിൽ കൊല്ലത്തോടു കൊല്ലം വയലിൽ വേലക്കാർ വേണം. കൊയ്ത്തു കഴിഞ്ഞ

കണ്ടങ്ങൾ ഉഴുതുമറിക്കൽ, വിത്തിടൽ, ഞാറുനടൽ, കളപറിക്കൽ, കൊയ്ത്ത്, മെതി എന്നിങ്ങനെ ആണാളും പെണ്ണാളും ചെയ്യേണ്ട പണികൾ വിളവിന്റെ കാലം മുഴുവനു മായി വ്യാപിച്ചു കിടക്കുന്നു. ഒരോ കൃഷിനിലത്തിലും ആ നിലത്തിന്റെ സ്ഥിരം പണി ക്കാരുണ്ടാകേണ്ടി വരുന്നു. 'പെരുവയൽ ഭൂമിയും പുലയരും', 'വെട്ടിക്കരിക്കാട്ട് ഭൂമിയും പുലയരും', 'കണ്ണമംഗലത്ത് വയൽക്കരയും പുലയരും' എന്നിങ്ങനെ തൃക്കാക്കര ക്ഷേത്ര രേഖകളിലും 'കടപ്പനങ്ങാട് ഭൂമിയും ആളും' 'കുഴിക്കാട് ഭൂമിയും ആളും' എന്നിങ്ങനെ തിരുവല്ല ചെപ്പേടിലും കാണുന്നു.[23] പുലയരാണ് ഇക്കാലത്തെ നെൽകൃഷിയുടെ പണി യാൾ കൂട്ടായ്മ. കാർഷികവൃത്തിക്ക് പുലയരായ ആളടിയാരുടെ സേവനം മാത്രം പോര; പണിയായുധങ്ങളുടെ നിർമ്മിതിക്കും മറ്റും വേണ്ട കൂട്ടായ്മകൾ വേറെയും വേണം. തച്ചൻ, വണ്ണാൻ, ഈഴവൻ എന്നിവരെക്കുറിച്ച് തരിസാപ്പള്ളി ചെപ്പേടിൽ നിന്നറിയുന്നു. കാർഷിക വൃത്തിയിലെ ഉൽപ്പാദന ബന്ധങ്ങളെക്കുറിച്ചാണ് ഇനി അന്വേഷിക്കുന്നത്.

### 2.2.3 ഉൽപ്പാദന ബന്ധങ്ങൾ

ഉൽപ്പാദന ബന്ധങ്ങൾ ഉൽപ്പാദന ഉപാധികളുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ടി രിക്കുന്നു.[24] ഒരു കാർഷിക സമൂഹത്തിൽ ഭൂമിയാണ് ഏറ്റവും മുഖ്യമായ ഉൽപ്പാദനോ പാധി. അവിടെ ഭൂമിയുടെ ഉടമാവകാശമാണ് കാതലായ പ്രശ്നം. ബ്രാഹ്മണരുടെയും ബ്രാഹ്മണേതരുടെയും ഭരണവർഗ്ഗത്തിന്റെയും ഭൂമികളിലെ ഉടമാവകാശങ്ങളെ പ്രത്യേകം പ്രത്യേകം പരിഗണിക്കേണ്ടിയിരിക്കുന്നു.

ബ്രാഹ്മണർ തങ്ങളുടെ ഭൂമി കാരാളർക്കു പാട്ടത്തിനു കൊടുക്കുന്നു. അവർ നിശ്ചിത അളവ് പാട്ടം ഉടമയ്ക്കു കൊടുക്കണം. ദേവസ്വം ഭൂമിയുടെ ഉടമ തത്ത്വത്തിൽ ദേവനും പ്രയോഗത്തിൽ ക്ഷേത്രം ഉടമകളുമാണ്. തരിസാപ്പള്ളി ചെപ്പേടിൽ പള്ളിയാർക്ക് അട്ടി പ്പേറു കൊടുക്കുന്ന ഭൂമിയിലെ കാരാളരെപ്പറ്റി പറയുന്നുണ്ട്. അവിടെയും ഉടമ-കാരാള ബന്ധം കാണുന്നു. വിളവിന്റെ അഞ്ചിൽ രണ്ട്, മൂന്നിലൊന്ന്, അഞ്ചിലൊന്ന് എന്നി ങ്ങനെ വെവ്വേറെ തോതിലാണ് കാരാളർ ഉടമകൾക്ക് പാട്ടം കൊടുത്തിരുന്നത്.

ദക്ഷിണേന്ത്യയിലെ മറ്റുഭാഗങ്ങളെപ്പോലെ കേരളത്തിലും സാമൂഹിക ജീവിത ത്തിന്റെ കേന്ദ്രം ക്ഷേത്രങ്ങളായിരുന്നു.[25] ക്ഷേത്രങ്ങളിൽ ശാന്തി, കഴകം, കൂത്ത്, വാദ്യം, മഹാഭാരത പാരായണം തുടങ്ങിയവയ്ക്ക് നിയമിക്കപ്പെടുന്നവർക്ക് 'ജീവിത'മായി ഭൂസ്വ ത്തുത്തന്നെയാണ് കൊടുക്കുക. അതിന് വിരുത്തി എന്നും പറയും. വിരുത്തി ഭൂമി കിട്ടുന്നവരൊന്നും തന്നെ നേരിട്ട് കൃഷി ചെയ്യുന്നവരല്ല. ക്ഷേത്രകേന്ദ്രങ്ങളിൽ ഊരാ

ളർക്കു പുറമെ 'വിരുത്തി' ഭൂമിയുടെ ഉടമകൾ കൂടി ഉടയാളരായുണ്ട്. കൃഷിയുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുന്ന എല്ലാ പണിയാൾ കൂട്ടായ്മകളും കാരാളർക്കു താഴെയാണ്. ഉൽപ്പാദനത്തിന്റെ അടിസ്ഥാന മാത്രകളിലെ അംഗങ്ങളാണവർ. അവ രിൽ പലരെയും കുടികളെന്ന് രേഖകളിൽ പരമാർശിച്ചു കാണുന്നു. തരിസാപ്പള്ളി ചെപ്പേടിലെ ഈഴവർ, വണ്ണാൻ, തച്ചൻ മുതലായവർ ഉദാഹരണം. കുടികളെപ്പറ്റി പല രേഖകളിലും സൂചനയുണ്ട്. കാല സൂചനയില്ലാത്ത ഒരു ചെമ്പ്ര ലിഖിതത്തിൽ കുടി കൾ പാർക്കുന്ന ഭാഗമായ കുടിത്തലയെപ്പറ്റി പ്രസ്താവമുണ്ട്. ഊരാളൻമാർ കുടിത്തല പകുക്കരുത് എന്നാണ് ഈ രേഖയിൽ പറയുന്നത്. കുടിത്തലകളുടെ ഉടമാവകാശം ഊരാളന്മാർക്കായിരുന്നു എന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. വേലയ്ക്കു കൂലി വിഭവങ്ങൾ എന്നാണ് ഇക്കാലത്തെ രീതി. തൊഴിൽത്തഴക്കം ആവശ്യമായ ലോഹപ്പ ണിക്കാർ, മരപ്പണിക്കാർ, തോൽപ്പണിക്കാർ എന്നിവർക്കും അവരവരുടെ ഉൽപ്പന്ന ങ്ങൾക്ക് ഉപഭോഗ വിഭവങ്ങളാണ് പകരം കിട്ടുന്നത്.

ഉൽപ്പാദന ബന്ധങ്ങളിലെ ഒടുവിലത്തെ കണ്ണി അടിയാളരാകുന്നു. കേരളീയ ലിഖി തങ്ങളിൽ പുലയരാണ് ആളടിയാരെന്ന നിലയിൽ എടുത്തു പറയപ്പെടുന്നവർ. കാർഷി കവൃത്തിയിലെ അടിസ്ഥാന വിഭാഗമായ ഇവർക്ക് ഉൽപ്പന്നത്തിൻ മേൽ യാതൊരു വിധ അവകാശവും ഇല്ലായിരുന്നു.[26]

### 2.2.3.1 വിഭവങ്ങളുടെ വിതരണം

കാർഷിക വിഭവങ്ങളിൽ മുഖ്യം നെല്ല് തന്നെ. ഉൽപ്പാദകരിൽ നിന്ന് നെല്ല് ആദ്യം സമാഹരിക്കപ്പെടുന്നത് കാരാളരുടെ കൈയിലാണ്. ഇതാണ് വിതരണത്തിന്റെ ഒന്നാം ഘട്ടം. ഈ ഘട്ടത്തിൽ കാർഷിക വൃത്തിയുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ട തൊഴിൽ കൂട്ടായ്മകൾക്കും മറ്റ് ആശ്രിതർക്കുമായി ഒരു പങ്ക് പുനർവിതരണം ചെയ്യ പ്പെടുന്നു. അമ്പലങ്ങളും പള്ളികളും മറ്റുമാണ് ഉടമാവകാശമുള്ള സ്ഥാപനങ്ങൾ. ഈ ഭൂവുടമകൾ വിഭവ സമാഹാരണത്തിന്റെയും പുനർവിതരണത്തിന്റെയും അടുത്ത ഘട്ട മാകുന്നു. വ്യക്തികളായ ഭൂവുടമകളിൽ നിന്ന് വിഭവങ്ങളുടെ ഒരംശം അവരവരുടെ ആശ്രിതരിൽ വന്നു ചേരുന്നു. ഊരാളൻമാർ വിഭവത്തിന്റെ ഒരു പങ്ക് സമാഹരിച്ച് നാടു വാഴിക്ക് കൊടുക്കേണ്ടി വരുന്നു.

വിഭവങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സമാഹരണ സ്ഥാനം ക്ഷേത്രമായിരുന്നു. "അന്നത്തെ സമൂഹത്തിലെ വിദ്യാലയങ്ങളുടെ വായനശാലകളുടെ, മതകേന്ദ്രങ്ങളുടെ,

സിനിമാശാലകളുടെ, നാടകശാലകളുടെ, പാർക്കുകളുടെ എന്തിന് ശാപ്പാടു ശാലകളുടെ വരെ ഭാഗധേയങ്ങൾ ക്ഷേത്രങ്ങൾ നിറവേറ്റി" എന്ന് ഇളം കുളം രേഖപ്പെടുത്തുന്നുണ്ട്.[27] കാരാളരിൽ നിന്ന് പാട്ടമായി കൊല്ലം തോറും നെല്ല് അവിടേക്ക് ചെന്നു. പരമ്പരാഗത ഗ്രാമക്ഷേത്രങ്ങളെല്ലാം തന്നെ നെല്ല് വരുമാനത്തിന്റെ കാര്യത്തിൽ സമ്പന്നങ്ങളായിരുന്നു. ബ്രാഹ്മണർക്കും അല്ലാത്തവർക്കുമുള്ള ഊട്ട് നടത്തുന്നതിനായി ക്ഷേത്രങ്ങളിൽ ധാരാളം നെല്ല് വിനിയോഗിക്കേണ്ടി വന്നിരുന്നു. ബ്രാഹ്മണേതരരായ ഊരാളരുടെയും അവരുടെ ഗ്രാമക്ഷേത്രങ്ങളുടെയും വിഭവ സമാഹരണവും പുനർവിതരണവും വ്യക്തമാക്കുന്ന രേഖകൾ വിരളമാണ്. ഊരാളകാരാള ബന്ധമായിരുന്നു അവിടെയും.

വിഭവസമാഹരണത്തിന്റെയും പുനർ വിതരണത്തിന്റെയും അടുത്തഘട്ടം നാടുവാഴികളാണ്. നാടുവാഴികൾക്ക് അവരവരുടെ ചേരിക്കൽ ഭൂമിയുണ്ട്. അവിടെയും ഊരാള കാരാള ബന്ധം നിലനിന്നിരുന്നു. ഊരാളരുടെ സ്ഥാനത്ത് നാടുവാഴിയാണെന്നു മാത്രം. വിഭവങ്ങളുടെ സമാഹരണത്തിന്റെയും പുനർവിതരണത്തിന്റെയും ഏറ്റവും മുകളിലത്തെ തട്ട് പെരുമാളാണ്. നാടു വാഴിയെപ്പോലെത്തന്നെ പെരുമാൾക്കും ചേരിക്കൽ ഭൂമിയുണ്ട്. അതു കൊണ്ട് തന്നെ കാരാളരിൽ നിന്നുള്ള പാട്ടവുമുണ്ട്.

### 2.2.3.2 ഉൽപ്പാദന മിച്ചം

ഉൽപ്പാദന മിച്ചം കാർഷിക വ്യാപനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവർഷം ഒമ്പതാം നൂറ്റാണ്ടു മുതൽ പന്ത്രണ്ടാം നൂറ്റാണ്ടു വരെയുള്ള കാലം കേരളത്തിൽ കാർഷിക വ്യാപനത്തിന്റെ ദശയായിരുന്നു. കൃഷിക്കനുയോജ്യമായ നദീതട പ്രദേശങ്ങളിൽ മുഴുവനും ഇക്കാലത്തോടെ വ്യാപിച്ചു കഴിഞ്ഞ ബ്രാഹ്മണ ഗ്രാമങ്ങളും ക്ഷേത്രലിഖിതങ്ങളുമാണ് പ്രത്യക്ഷ തെളിവുകൾ. തൊഴിൽ കൂട്ടായ്മകളുടെ വ്യാപകമായ സാന്നിദ്ധ്യം പരോക്ഷമായ തെളിവുകളാണ്. ഗ്രാമക്ഷേത്രങ്ങളിലെ രേഖകൾ വിസ്തൃതമായ കൃഷിയിടങ്ങളുടെ പട്ടികയുൾക്കൊള്ളുന്നു.

കലപ്പയുപയോഗിച്ചുള്ള കൃഷി മിച്ചം ഉൽപ്പാദിപ്പിക്കും. അതിന്റെ വ്യാപനം വർദ്ധിച്ച ഉൽപ്പാദന മിച്ചത്തെക്കുറിക്കുന്നു.[28] വൻതോതിൽ മിച്ചമുള്ള സമൂഹം പ്രതാപം കാണിക്കും. തമിഴകത്തെക്കാൾ കുറവാണ് കേരളത്തിലെ ഉൽപ്പാദന മിച്ചം. അത് ഇവിടുത്തെ ക്ഷേത്ര കൊത്തുപണികളിൽ ദൃശ്യമാണ്.

### 2.2.3.3 ചരക്കുൽപ്പാദനം

ചരക്കുൽപ്പാദനം കാർഷിക വൃത്തിക്കടിപ്പെട്ട് അതാതിടത്തെ അധിവാസസ്ഥാനങ്ങളിൽ തൊഴിൽ കൂട്ടായ്മകൾ നടത്തിപ്പോന്നു. കാർഷികോപകരണങ്ങൾ, വീട്ടുപക

രണങ്ങൾ, വസ്ത്രം, ആഭരണങ്ങൾ എന്നിവയും ഉപ്പ്, എണ്ണ, ശർക്കര, നെയ്യ് തുടങ്ങിയവയുമാണ് ലിഖിത പരാമർശമനുസരിച്ച് ഈ സമൂഹത്തിനാവശ്യമായ ചരക്കുകൾ. പ്രാദേശികതയാണ് ഇക്കാലത്തെ ചരക്കുൽപ്പാദനത്തിന്റെ മുഖ്യ സ്വഭാവം. ഉപകരണ നിർമ്മിതിക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഉടമാവകാശം തൊഴിൽ കൂട്ടായ്മകൾക്കുണ്ടായിരുന്നില്ല, ഉടയാളന്മാർക്കായിരുന്നു. മണ്ണ് കൊണ്ട് പാത്രങ്ങളുണ്ടാക്കുന്നവർക്ക് മണ്ണും കൊല്ലപ്പണിക്കാർക്ക് ഇരുമ്പും മറ്റും സ്വന്തമായുണ്ടായിരുന്നില്ല. അതു കൊണ്ട് തൊഴിൽത്തഴക്കം ഉണ്ടായിരുന്നാലും കൈത്തൊഴിലുകൾ കാർഷിക ബന്ധങ്ങളിൽ അമർന്നു തന്നെ കിടന്നു. എല്ലാ അധിവാസ മാത്രകളിലും ലഭ്യമല്ലാതിരുന്ന ഉപ്പ്, ശർക്കര, എണ്ണ, വസ്ത്രം തുടങ്ങിയ വസ്തുക്കളാണ് ഉള്ള സ്ഥലങ്ങളിൽ നിന്ന് ആവശ്യമുള്ള ഇടങ്ങളിലേക്ക് എത്തേണ്ടിയിരുന്നത്. കൈമാറ്റക്കാരുടെ ആവശ്യം ഇവിടെയാണ്.

#### 2.2.3.4 കൈമാറ്റം

അധിവാസസസ്ഥാനങ്ങളിൽ കൈമാറ്റത്തിലെ പ്രചാരമുള്ള ഘടകങ്ങൾ വാണിയനും ചാലിയനുമായിരുന്നു. മുഖ്യ അധിവാസ മാത്രകളിൽ ഇവർ ഉണ്ടാകും. അടുത്ത അധിവാസ സ്ഥാനങ്ങളിലേക്കു കൂടി ഇവർ കൈമാറ്റ വസ്തുക്കളുമായി എത്തുകയാണ് പതിവ്. എണ്ണ കൊണ്ടും നെയ്യ് കൊണ്ടും കത്തിക്കുന്ന കെടാവിളക്കുകൾ ആരാധനാ കേന്ദ്രങ്ങളിലെ മുഖ്യ വഴിപാടായിരുന്നു. എള്ളിന്റെ നെയ്യ് ആണ് എണ്ണ. കേരളത്തിലെ കൃഷിയിടങ്ങളിൽ എള്ളു കൃഷി ഈയടുത്ത കാലം വരെ നിലനിന്നിരുന്നു. എള്ളാട്ടിയും നാളികേരമാട്ടിയും എണ്ണയുണ്ടാക്കലാണ് വാണിയരുടെ തൊഴിൽ. കച്ചവടക്കാരൻ എന്നർത്ഥത്തിലുള്ള വാണിഭക്കാരനാണ് വാണിയൻ. കേരളത്തിലെ നെയ്ത്തുകാരായ ചാലിയർ ഇവിടുത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി തെരുവുകളായി പാർക്കുന്നവരാണ്. ഏതു നിലയ്ക്കും നെയ്ത്തിനുള്ള അസംസ്കൃത വസ്തുക്കൾ പുറമേ നിന്നു തന്നെ വരേണ്ടിയിരുന്നത് കൊണ്ട് ചാലിയർക്കും പുറം ദേശങ്ങളുമായി നിരന്തര ബന്ധം ആവശ്യമായിരുന്നു.

വസ്ത്രം പോലെ ആവശ്യമായ ചില ഉൽപ്പന്നങ്ങളും അസംസ്കൃത വസ്തുക്കളും പുറത്തു നിന്നു വന്നുവെങ്കിൽ പുറം നാട്ടുകാർക്കാവശ്യമായ ചില ഉൽപ്പന്നങ്ങൾ കേരളത്തിന്റെ കുത്തകയെന്നു തന്നെ പറയാവുന്നവയായിട്ടുണ്ടായിരുന്നു. കുരുമുളക് മുതലായ സുഗന്ധ വസ്തുക്കൾ ഉദാഹരണം. കേരളത്തിൽ ക്രി. ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ ഉടലെടുത്ത കൈമാറ്റ സ്ഥാനങ്ങളായ അങ്ങാടികളെല്ലാം തന്നെ മുഴുവൻ

സമയ കച്ചവടക്കാരായ അഞ്ചു വണ്ണം, മണിഗ്രാമം, വളഞ്ചിയർ, നാനാദേശികൾ മുതലായ സംഘങ്ങളുടെ സാന്നിദ്ധ്യം കാണിക്കുന്ന ലിഖിത ലക്ഷ്യങ്ങളുണ്ട്.[29]

## 2.2.4 വർഗവും ജാതിയും

ഒരു സമൂഹത്തിലെ ഉൽപ്പാദന ബന്ധങ്ങൾ സമൂഹ ബന്ധങ്ങളാണ്. സമൂഹബന്ധങ്ങളുടെ രീതിയും ഘടനയും ഉൽപ്പാദന വ്യവസ്ഥകളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. സംഘം കൃതികളിൽ നിരവധി സമൂഹ വിഭാഗങ്ങളെപ്പറ്റി പറയുന്നു. ഓരോ തിണകളിലും വ്യത്യസ്ത സമൂഹ വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. ഏയിനർ, വേടർ, വേട്ടുവർ, മുതലായവർക്ക് നായാട്ടാണ് നിത്യോപജീവനമാർഗ്ഗം.[30] പാണർ പൂർണ്ണമായും പാട്ടുകാരാണ്. ആയർ, കുറുമ്പർ മുതലായവർ കന്നു കാലി മേയ്ക്കുന്നവരും. ഈ വിഭാഗങ്ങളൊന്നും ജാതികളായിരുന്നില്ല. രക്ത ബന്ധങ്ങളിൽ നിർണ്ണയിക്കപ്പെട്ട ഗോത്ര വർഗ വിഭാഗങ്ങളായിരുന്നു അവർ. ഇവർ പല നാടുവാഴികളുടെയും ആശ്രിതരായിരുന്നു.

നദീതടങ്ങളിൽ നിന്ന് നാടുകളുടെ വളർച്ച ക്രമേണ ഗോത്ര സമുദായങ്ങളെയും സ്വാധീനിച്ചു. പില്ക്കാലത്ത് പുതിയ സമൂഹ ബന്ധങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്ത ഗോത്രസമൂഹങ്ങൾ മലകളിലേക്ക് തിരിച്ചു പോവുകയും മറ്റുള്ളവർ അടിയാരായി അധ:പതിക്കുകയും ചെയ്തു.

ഗോത്രസമൂഹങ്ങളുടെ ഇന്നത്തെ അവസ്ഥ ആദിമകാലത്തെ ചില പ്രത്യേകതകളിലേക്ക് വെളിച്ചം വീശുന്നു. തമിഴകത്തിന്റെ ഒരതിർത്തിയിൽ കിടന്നിരുന്ന കേരളത്തിലേയ്ക്ക് വിവിധ ഗോത്രസമൂഹങ്ങൾ കടന്ന് വന്നത് ആദിമകാലത്തു നടന്ന ജന വിഭാഗങ്ങളുടെ ഭ്രമണത്തിന്റെ ഭാഗമായിരിക്കാം. കുലങ്ങൾ രക്തബന്ധത്തിൽ ആധാരമാക്കിയ വിഭാഗങ്ങളായിരുന്നു.

ഗോത്രസമൂഹങ്ങളിൽ സ്വത്തുടമസ്ഥതയേക്കാൾ പ്രാധാന്യം രക്തബന്ധങ്ങൾക്കാണ്. ഗോത്രവർഗങ്ങളിൽ പലരും കൃഷിക്കാരാണ്. അവർ നടത്തി വന്നത് പുനം കൃഷിയാണ്. കൃഷി നടത്തുന്നതിന്റെ ബാധ്യത ഏതെങ്കിലും കുലത്തിനുമായിരിക്കും. സംഘകാലത്തെ കൃഷിയും തൊഴിലുകളും ഇത്തരം കൂട്ടായ്മകളെ ആശ്രയിച്ചായിരുന്നു. തിണങ്ങളുടെ ആശയം നിർണയിച്ചത് തൊഴിൽ വിഭജനത്തെയായിരുന്നു. മരുതം പ്രദേശത്തിൽ ആരംഭിച്ച എല്ലാ രക്തബന്ധഗ്രൂപ്പുകളേയും ഉഴവർ എന്നു പൊതുവായി വിളിച്ചിരുന്നു.

കാർഷിക സമുദായങ്ങളുടെയും നാടുകളുടെയും വളർച്ച, സംഘകാലത്തിനു ശേഷമുള്ള ഘട്ടത്തിലെ പ്രധാന ഘടകമാണ്. നിരവധി ഗോത്രസമൂഹങ്ങൾ കൃഷിയിലേക്കു കടക്കുകയും അവർ തമ്മിൽ ഇടകലരുകയും ചെയ്തു. കാർഷികപ്രദേശങ്ങളിൽ തലവർ വളർന്നപ്പോൾ വെള്ളാളർ കൃഷിക്കാരുടെ പൊതുപ്പേരായി.

പിൽക്കാല ചേരകാലത്ത് ലംബമാനമായ സമൂഹബന്ധങ്ങളും ഉൽപ്പന്നങ്ങളുടെ പുനർ വിതരണ സമ്പ്രദായങ്ങളും വളർന്നു വന്നതോടെയാണ്, പ്രാദേശിക ജനവിഭാഗങ്ങളിൽ ധ്രുവീകരണം സംഭവിച്ചത്. ക്ഷേത്രങ്ങളുടെ വളർച്ചയും നാടുവാഴികളുടെയും അവരുടെ സേവകരുടെയും വളർച്ചയാണ് അതിന് വഴിവെച്ചത്.

പിൽക്കാല ചേരകാലം കേരള സമൂഹത്തിന്റെ വളർച്ചയുടെ സുപ്രധാനമായ ഘട്ടമാണ്. സമൂഹബന്ധങ്ങളൊട്ടാകെ ലംബമാനമായ ആശ്രിതത്വ ബന്ധങ്ങളായി മാറുന്നു. രക്തബന്ധങ്ങളെ ആധാരമാക്കിയ സമൂഹ ബന്ധങ്ങൾ ഭൂനിയന്ത്രണത്തിന്റെയും മിച്ച ഉൽപ്പന്നത്തിന്റെ പുനർ വിതരണത്തെയും ആസ്പദമാക്കിയുള്ള ബന്ധങ്ങളായി മാറുന്നു. ഇവിടെ സമൂഹം വ്യക്തമായ രണ്ടു വിഭാഗങ്ങളായി തിരിയുന്നതു കാണാം. ഒന്ന്, അധ്വാനിക്കുന്ന കർഷകരും കൈത്തൊഴിൽക്കാരും. മറ്റൊന്ന്, ക്ഷേത്രങ്ങളിലെ ഊരാളർ, സഭയാർ മുതലായവരും ക്ഷേത്രജീവനക്കാരും അടങ്ങുന്ന വിഭാഗവും, നാടുവാഴികളും അധികാരർ, സൈനിക വിഭാഗങ്ങൾ മുതലായവർ ചേർന്ന വിഭാഗവും. മിച്ച ഉൽപ്പന്നത്തിന്റെ പുനർവിതരണം നടക്കുന്നത് ഇവരുടെ ഇടിയിലാണ്. അതുറപ്പ് വരുത്തുന്ന തീരുമാനങ്ങളെടുക്കുന്നതും നിയമങ്ങൾ നടപ്പിലാക്കുന്നതും ഇവരാണ്. ചരിത്രകാരന്മാർ വർഗങ്ങൾ എന്നു വിളിക്കുന്നത് ഇവരെയാണ്.[31]

ചേരശാസനങ്ങളിൽ തുടർച്ചയായി കാണപ്പെടുന്ന കച്ചങ്ങൾ വർഗാധിപത്യം ഉറപ്പിക്കാനുള്ള ശ്രമമാണ്. നിരവധി ശാസനങ്ങളിൽ രാജസേവകരും ക്ഷേത്രമാനേജ്മെന്റും ഒന്നു ചേർന്നാണ് കച്ചങ്ങളുണ്ടാക്കുന്നത്. ക്ഷേത്രസങ്കേതങ്ങളെ സംരക്ഷിക്കുകയാണ് കച്ചങ്ങളുടെ ഉദ്ദേശ്യം. സങ്കേതങ്ങളെ നശിപ്പിക്കുന്നത് കച്ചങ്ങളുടെ ലംഘനമാണ്. കച്ചങ്ങൾ സാമ്പത്തികേതരമായ ആധിപത്യ മാർഗവും കൂടിയാണ്. കച്ചങ്ങൾ ലംഘിക്കുന്നവർ "പഞ്ചമഹാപാപങ്ങൾ" ചെയ്തവർക്ക് തുല്യരാണെന്നു പറയുന്നത് ഇതിനുദാഹരണമാണ്. പാപ സങ്കല്പം, അധീശത്വ വർഗങ്ങളായ ബ്രാഹ്മണർക്കും നാടുവാഴികൾക്കുമെതിരായി പ്രവർത്തിക്കുന്നവർക്കു മേൽ പ്രയോഗിക്കാനുള്ള ആയുധമായി മാറി.

പ്രത്യേക തൊഴിലുകൾ, പരമ്പരാഗതമായി ചെയ്യേണ്ടി വന്ന കുലങ്ങളും ഗോത്ര ങ്ങളുമാണ് ക്രമേണ ജാതികളായി രൂപപ്പെട്ടത്. പഴയ ഗോത്ര സമൂഹങ്ങൾ തകർന്നു. പുതുതായി വളർന്നു വന്ന തൊഴിലുകളുടെ അടിസ്ഥാനത്തിൽ ഗോത്രവിഭാഗങ്ങൾ ഒന്നിച്ചു ചേർന്നു. തെങ്ങു കൃഷി വ്യാപകമായതോടെ പല ഗോത്രവിഭാഗങ്ങളും തെങ്ങു കയറ്റവുമായി ബന്ധപ്പെട്ടു തുടങ്ങി. ബില്ലവർ, തീയ്യർ, ചേകവർ, ഈഴവർ മുതലായ വർ. ക്രമേണ അവർ കൂടിച്ചേർന്ന് ഒരു ജാതിയായി. തൊഴിലുകളുടെ മേലുള്ള അവ കാശം തങ്ങളുടെ ജന്മാവകാശമാക്കി മാറ്റാനുള്ള ശ്രമത്തിൽ ഗോത്രവിഭാഗങ്ങൾ കൂടി ച്ചേർന്ന് അന്തർ വിവാഹ യൂണിറ്റുകളായി മാറി. ജാതി വ്യവസ്ഥ, ബ്രാഹ്മണർ അടി ച്ചേൽപ്പിച്ചതാണെന്നും ചേര ചോള യുദ്ധങ്ങളുടെ ഫലമാണ് ജാതിയെന്നും മറ്റുമുള്ള നിലവിലുള്ള സിദ്ധാന്തങ്ങൾ യുക്തിസഹമല്ലെന്ന് കെ.എൻ.ഗണേശ് രേഖപ്പെടു ത്തുന്നു.[32]

പുതിയ ഒരുൽപ്പാദന വ്യവസ്ഥ വളർന്നു വരികയും അതനുസരിച്ചു പുതിയ തൊഴി ലുകളും അവകാശങ്ങളും രൂപപ്പെടുകയും ചെയ്യുമ്പോഴാണ് ജാതി വളർന്നു വരുന്നത്. ജാതികൾ തമ്മിലുള്ള ഉച്ചനീചത്വം തൊഴിലുകൾക്ക് സമൂഹത്തിലുള്ള പ്രാധാന്യത്തെ ആശ്രയിച്ചിരിക്കുന്നു. ആ പ്രാധാന്യം ഉൽപ്പാദന വ്യവസ്ഥയെ നിയന്ത്രിക്കുന്ന വർഗ ങ്ങളുടെ ആശയസംഹിതയുടെയും സാമ്പത്തികാവശ്യങ്ങളുടെയും ഭാഗമാണ്. ജാതി വ്യവസ്ഥയുടെ ഏറ്റവും താഴെക്കിടക്കുന്നത് അധ്വാനിക്കുന്ന വർഗങ്ങളാണെന്നതും പ്രധാനമാണ്. നാടുവാഴികളും അവരുടെ സൈനികവിഭാഗങ്ങളും പറയരും പുലയരു മുൾപ്പെട്ട വിഭാഗങ്ങളെ അടിച്ചമർത്തുന്നതിൽ പങ്കു വഹിച്ചിരിക്കാം. ആദ്യകാല ഭൂവു ടമകൾ പറയരും പുലയരുമായിരുന്നെന്നും പിന്നീട് നായന്മാർ ഭൂമി കുടിയേറി അടിമ കളാക്കുകയാണ് ചെയ്തതെന്നുമുള്ള വിശ്വാസം ശ്രദ്ധേയമാണ്.[33]

സമൂഹത്തിലെ പല തട്ടുകളിലുള്ള അവകാശങ്ങളെ നിലനിർത്തുന്ന വിധത്തിൽ ശുദ്ധിയുടെയും അശുദ്ധിയുടെയും സങ്കല്പങ്ങൾ വളർത്തിയത് ജാതി വ്യവസ്ഥയുടെ രൂപീകരണത്തിന്റെ പ്രധാന ഘടകമാണ്. ശുദ്ധിയെയും അശുദ്ധിയെയും സമൂഹ നിയ ന്ത്രണത്തിനുള്ള ഘടകങ്ങളായി മാറ്റിയത് ബ്രാഹ്മണരായിരുന്നു. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ പദവിയനുസരിച്ച് നമ്പൂതിരിമാർ തങ്ങൾക്കുണ്ടാകുന്ന അശുദ്ധിയുടെ സ്വഭാവം നിർണ്ണയിച്ചു. അങ്ങനെ ക്ഷത്രിയന് 12 അടി, നായർക്ക് 24 അടി, കമ്മാളന് 36 അടി, ഈഴവന് 48, പറയന് 60 ഇങ്ങനെ ഓരോ വിഭാഗത്തിനും തീണ്ടാപ്പാടു ണ്ടായി.[34] ജാതികൾ തമ്മിലുള്ള സാമൂഹ്യമായ അകൽച്ച നിലനിർത്തുന്നതിനും അധ്വാ

നിക്കുന്ന വിഭാഗങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിൽ വരത്തക്കവിധത്തിൽ ക്രമീകരണം നടത്തുന്നതിനും തീണ്ടാപ്പാട് സഹായിച്ചു. കുടിയാരുടെയും അടിയാരുടെയും കടമ കൾ ജാതികളുടെ കീഴ് മര്യാദയായി രൂപപ്പെട്ടത് ഉൽപ്പാദന ബന്ധങ്ങൾക്ക് ശക്തി യേകി.

ജാതികളുടെ ക്രമീകരണം അധീശത്വ വർഗങ്ങളുടെ താല്പ്പര്യങ്ങളെ ആശ്രയിച്ചി രുന്നതിനു തീണ്ടാപ്പാട് തന്നെ തെളിവാണ്. ക്ഷത്രിയാന്മാരും നായന്മാരും നമ്പൂതിരി മാരുടെ അടുത്തയാളുകളാണ്. അതുകൊണ്ടവർക്ക് തീണ്ടാപ്പാട് കുറച്ചേയുള്ളൂ. നാണ്യ വിളകളും സമുദ്രവിഭവങ്ങളുമായി ബന്ധമുള്ളവരെ ക്ഷേത്രങ്ങളുടെ നടത്തിപ്പിന് ആവ ശ്യമില്ല. നാടുവാഴികൾക്ക് അവരിൽ നിന്നുള്ള ആദായം വർഷം തോറും പിരിക്കുന്ന തലപ്പണവും ഈ വരിയുമാണ്. ഉൽപ്പാദകരെ ഏതാണ്ടു മുഴുവനും ക്ഷേത്രങ്ങളിൽ നിന്നും ബ്രാഹ്മണഗ്രാമങ്ങളിൽ നിന്നും പുറത്തു നിർത്തുന്നു. ബ്രാഹ്മണർ നിയന്ത്രിച്ച ആചാരങ്ങളുടെയും മാമൂലുകളുടെയും അടിമത്തവും നായന്മാരുടെ ബലാൽക്കാരവും അടിയാർ വിഭാഗങ്ങളെ സമൂഹത്തിൽ ബഹിഷ്കൃതരായ "അദൃശ്യരായ" വിഭാഗമാ ക്കിത്തീർത്തതായി പി.കെ.ബാലകൃഷ്ണൻ രേഖപ്പെടുത്തുന്നു[35]

മധ്യകാലത്തെ സമൂഹസംഘർഷങ്ങളെ ജാതി എത്രമാത്രം പ്രതിഫലിപ്പിച്ചിരുന്നു വെന്നത് ചിന്തനീയമാണ്. മധ്യകാലത്തെ സമൂഹത്തെ നിയന്ത്രിച്ച ബ്രാഹ്മണ നാടു വാഴി സംസ്കാരത്തിന് ഒരു ബദൽ, പ്രാദേശിക വീരഗാഥകളിലും തെയ്യം, തിറ പോലുള്ള കലാരൂപങ്ങളിലും കാണാൻ കഴിയും. പരമ്പരാഗത സമൂഹത്തിൽ വർഗ വിദ്വേഷം പ്രകടിപ്പിക്കുന്നത് ആചാര വിശ്വാസങ്ങളിലും പരമ്പരാഗത മര്യാദകളുടെ ലംഘനത്തിലുമായിരിക്കും. പറയന്മാരും മറ്റു അയിത്ത ജാതികളും ചെയ്യാവുന്ന ഒടി വിദ്യയിലും കൂടോത്രത്തിലുമുണ്ടായിരുന്ന വിശ്വാസവും ഭയവും ഉപരിവർഗങ്ങളുടെ അരക്ഷിതാവസ്ഥയേയും കാണിക്കുന്നു. തെക്കൻ കേരളത്തിലെ മണ്ണാപ്പേടിയും പുല പ്പേടിയും പിന്നീട് ആചാരങ്ങളായി മാറിയ കീഴ്മര്യാദകളുടെ ലംഘനത്തിനുദാഹര ണമാണ്.

കേരളത്തിലെ പരമ്പരാഗത ബന്ധങ്ങളിലുള്ള മാറ്റങ്ങൾ ജാതി വ്യവസ്ഥയിലും മാറ്റങ്ങൾ വരുത്തി. കാർഷിക വികാസവും നാണ്യവിളകളുടെ വ്യാപാരത്തിന്റെ വർദ്ധിച്ചു വന്ന പ്രാധാന്യവുമാണ് ഏറ്റവും നിർണായകമായത്. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കശുവണ്ടി, നാളികേരം എന്നിവയുമായി ബന്ധപ്പെട്ട കൈത്തൊഴി

ലുകളുടെ വളർച്ച ജാതികളുടെ ബന്ധത്തിൽ മാറ്റം വളർത്തി. 19-ാം നൂറ്റാണ്ടിൽ ചതുപ്പുനിലങ്ങൾ വെട്ടിതെളിയിച്ച് കൃഷി ചെയ്തതിനു നൽകിയ പ്രോത്സാഹനവും കൈത്തൊഴിൽ ശാലകളുടെ വളർച്ചയും ജാതികളുടെ അവസ്ഥയിൽ വീണ്ടും മാറ്റങ്ങൾ വരുത്തി. കച്ചവടക്കാരും ചെറുകിട കൃഷിക്കാരുമായിരുന്ന സിറിയൻ കൃസ്ത്യാനികൾ പുതിയ നിയമങ്ങളുടെ തണലിൽ വൻതോതിൽ കൃഷിക്കാരായി മാറിയത് പരമ്പരാഗത സാമൂഹ്യബന്ധങ്ങളിൽ മാറ്റം വരുത്തി.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും നിയമസംഹിതയുടെയും വളർച്ച സമൂഹത്തിന്റെ ആശയ സംഹിതയുടെ നിയന്ത്രകരെന്ന ബ്രാഹ്മണരുടെ സ്ഥാനത്തെ തകർത്തു. ബ്രാഹ്മണർ വളർത്തിയെടുത്ത സമൂഹത്തിലെ ഉച്ചനീചത്വത്തിന്റെ സങ്കല്പം സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാശ്ചാത്യാശയങ്ങളാൽ ചോദ്യം ചെയ്യപ്പെട്ടു. ക്ഷേത്ര സങ്കേതങ്ങൾക്ക് സമൂഹത്തിലുണ്ടായിരുന്ന തന്ത്രപരമായ പ്രാധാന്യത്തെ മാർത്താണ്ഡ വർമ്മയുടെ പരിഷ്കാരങ്ങൾ തന്നെ നശിപ്പിച്ചിരുന്നു.[36] ക്ഷേത്ര സംരക്ഷണം ഭരണകൂടത്തിന്റെ ഔദ്യോഗിക കടമകളുടെ ഭാഗമാക്കുകയും അതിലുണ്ടായിരുന്ന ബ്രാഹ്മണരുടെ സ്വതന്ത്രാധികാരം നഷ്ടപ്പെടുകയും ചെയ്തു. കേരളത്തിലെ പരമ്പരാഗ ബന്ധങ്ങളുടെ സ്വഭാവം കൊണ്ട് പുതിയ ഉൽപ്പാദന രൂപങ്ങൾക്കും സാമുദായിക സ്വഭാവം കൈവന്നു. സർക്കാർ നിയമങ്ങളുടെ തണലിൽ സിറിയൻ ക്രിസ്ത്യാനികൾ കർഷകരായത് ഉദാഹരണമാണ്. അവരുടെ കീഴിൽ മുൻകാലങ്ങളിലെ അടിയാർ, കർഷകത്തൊഴിലാളികളായി.

തിരുവിതാംകൂറിൽ വന്ന സമൂഹമാറ്റത്തിൽ കൂടി ജാതിയുടെ സ്വാധീനം കാണാമായിരുന്നു. ഭരണകൂടത്തിൽ സവർണ വിഭാഗം സ്വാധീനം ചെലുത്തിയപ്പോൾ ക്രിസ്ത്യാനികളും ഈഴവരും പുതിയ കർഷക മുതലാളിമാരും തൊഴിലുടമകളായി വളർന്നു വന്നു. ക്രസ്ത്യാനികൾ, നായന്മാർ, ഈഴവർ മുതലായവർ ചെറുകിട കർഷകരായിരുന്നുവെങ്കിൽ കർഷകത്തൊഴിലാളികൾ ഏതാണ്ടു പൂർണ്ണമായും വ്യവസായത്തൊഴിലാളികളിൽ നല്ലൊരു ഭാഗവും അടിയാർ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഈ വിഭജനത്തിന് മാറ്റം വന്നത് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിലുമായി വളർന്നു വന്ന സാമൂഹ്യ പ്രസ്ഥാനങ്ങളാണ്. തിരുവിതാംകൂറിലെ സാമൂഹ്യ ബന്ധങ്ങളുടെ മാറ്റത്തിൽ ഇവ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. 1859ൽ നടന്ന ചാന്നാർ ലഹള ഉദാഹരണമാണ്. പരമ്പരാഗത ബന്ധങ്ങളനുസരിച്ച് അടിയാളർ സ്ത്രീകൾ,

മേലാളരുടെ മുമ്പിലും ദൈവത്തിന്റെ മുമ്പിലും മാറു മറയ്ക്കരുതെന്ന് നിർബന്ധമാണ്. തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിച്ച ലണ്ടൻ മിഷൻ പാതിരിമാർ തങ്ങളുടെ പള്ളിയിൽ വരുന്ന അടിയാളർ സ്ത്രീകളോട് മാറു മറയ്ക്കണമെന്ന് നിർദ്ദേശിച്ചു. അതനുസരിച്ച സ്ത്രീകളെ മേലാളർ പീഡിപ്പിച്ചു. അതിനെതിരായി ചാന്നാന്മാർ നടത്തിയ കലാപത്തെയാണ് 'ചാന്നാർ ലഹള' എന്നു പറയുന്നത്.[37]

അടിയാളരുടെ വഴി നടക്കാനുള്ള അവകാശമാണ് മറ്റൊന്ന്. തീണ്ടാപ്പാടിന്റെ തത്വമുപയോഗിച്ച് വിലക്കിയിരുന്നതു കൂടാതെ അടിയാളർക്ക് സവർണർ താമസിക്കുന്ന പ്രദേശങ്ങളിലേക്ക് കടക്കാനുള്ള അനുവാദം പോലും നിഷേധിക്കപ്പെട്ടിരുന്നു. പരമ്പരാഗത നിബന്ധനകളിൽ അയവു വന്നത് 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മാത്രമാണ്. ക്ഷേത്രപ്രവേശനം അതു പോലെ പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. പരമ്പരാഗത സംസ്കാരത്തിന്റെ കേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിരുന്നല്ലോ. ജാതികൾ തമ്മിലുള്ള അകൽച്ച, ശുദ്ധിയും അശുദ്ധിയും, തീണ്ടാപ്പാട് മുതലായ ആശയങ്ങൾ തന്നെ വളർന്നു വന്നത് ക്ഷേത്രസങ്കേതങ്ങളെ ആശ്രയിച്ചായിരുന്നു. ക്ഷേത്രങ്ങളുടെ മേലുള്ള സവർണ മേധാവിത്വത്തെ വെല്ലുവിളിക്കുകയായിരുന്നു അരുവിപ്പുറത്ത് "ഈഴവ ശിവനെ" പ്രതിഷ്ഠിക്കുക വഴി ശ്രീനാരായണഗുരു ചെയ്തത്. ക്ഷേത്ര പ്രവേശനത്തിനു വേണ്ടിയുള്ള പ്രക്ഷോഭം പിന്നാക്ക ജാതികളുടെ പ്രസ്ഥാനങ്ങളുടെ വളർച്ചയുടെ പ്രത്യേക ഘട്ടത്തെ സൂചിപ്പിക്കുന്നു. വർഗപരമായ അടിത്തറ തകർന്നിരുന്ന സവർണർക്ക് ക്ഷേത്ര പ്രവേശന മുദ്രാവാക്യത്തെ എതിർക്കാനുള്ള ശക്തിയുണ്ടായിരുന്നില്ല. എങ്കിലും ഭരണകൂടത്തിന് ക്ഷേത്ര പ്രവേശന പ്രക്രിയയെ മന്ദഗതിയിലാക്കാൻ കഴിഞ്ഞു. ആദ്യം 1925ലെ വൈക്കം സത്യാഗ്രഹത്തിനു ശേഷം ക്ഷേത്രത്തിലേയ്ക്കുള്ള വഴിയിലൂടെ നടക്കാനർഹത നേടിയ അവർണർ 1936ൽ ക്ഷേത്രപ്രവേശനത്തിനുള്ള അർഹത നേടിയെടുത്തു.

വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവകാശമായിരുന്നു മറ്റൊന്ന്. 19-ാം നൂറ്റാണ്ടിന്റെ അവസാനം മെഡിക്കൽ ബിരുദമെടുത്ത ആദ്യത്തെ ഈഴവനായിരുന്ന ഡോ.പൽപ്പുവിന് നിയമനം നൽകാൻ തിരുവിതാകൂർ ഗവൺമെന്റ് വിസമ്മതിച്ചു. പിന്നോക്ക വിഭാഗങ്ങളുടെ പ്രസ്ഥാനം ശക്തിപ്പെട്ടതിന്റെ ഫലമായി ഗവൺമെന്റ് സർവ്വീസിൽ അവർക്ക് പ്രവേശനം ലഭിച്ചു. മുപ്പതുകളുടെ അവസാനത്തോടെ വിവിധ ജാതികളുടെ മന്ത്രിസഭ തിരുവിതാംകൂറിൽ നിലവിൽ വന്നു. പരമ്പരാഗത ജാതി സമ്പ്രദായ

ത്തിന്റെ അടിത്തറ തകർന്നെങ്കിലും ജാതിയുടെ അടിസ്ഥാനത്തിലുള്ള സാമുദായികത തിരുവിതാംകൂറിലെ രാഷ്ട്രീയ സാമൂഹ്യ സമ്മർദ്ദ ശക്തിയായി വളർന്നു വന്നു. സാമുദായികതയ്ക്കെതിരെ പോരാടി വളരാൻ കഴിഞ്ഞ രണ്ടു വിഭാഗങ്ങൾ വ്യാവസായികത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമായിരുന്നു.

തികച്ചും വ്യത്യസ്ത സാഹചര്യങ്ങളാണ് മലബാറിലുണ്ടായിരുന്നത്. ബ്രിട്ടീഷ് ഭരണകൂടത്തിനു കീഴിൽ പരമ്പരാഗത ബന്ധങ്ങൾക്ക് നിയമസാധുത കൈവന്നത് ജാതി വ്യത്യാസങ്ങളെ നിലനിർത്താനാണ് സഹായിച്ചത്. യൂറോപ്യൻമാർ വാണിജ്യത്തിന്റെ നിയന്ത്രണം കയ്യടക്കിയതിന്റെ ഫലമായി കച്ചവടത്തിൽ നിന്നു പിന്തിരിയേണ്ടി വന്ന മാപ്പിളമാർ ക്രമേണ ജന്മിമാരുടെ നിലങ്ങളിൽ വെറും പാട്ടക്കാരായി മാറി.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നയങ്ങൾ മലബാറിലെ സമൂഹവിഭാഗങ്ങളെ രണ്ടു തരത്തിൽ ബാധിച്ചതായി കാണാം. മലബാറിലെ ജന്മിവർഗത്തിന്റെ സ്വയം ഭരണാവകാശങ്ങൾ നഷ്ടപ്പെടുകയും അവരുടെ നായർ പട്ടാളത്തെ പിരിച്ചു വിടേണ്ടി വരികയും ചെയ്തു. ജന്മിമാരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട നികുതി ഭാരം അവർ കുടിയാന്മാരുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയും അത് ജന്മി-കുടിയാൻ ബന്ധങ്ങളെ സംഘർഷാത്മകമാക്കുകയും ചെയ്തു. ജന്മിമാരും കുടിയാന്മാരും തമ്മിൽ പരമ്പരാഗതമായ മര്യാദകൾ നിലനിന്ന വടക്കെ മലബാറിലല്ല ആദ്യം സംഘർഷം മൂർച്ഛിച്ചത്. പരമ്പരാഗതമായ മര്യാദകൾ നിലനില്ക്കാത്ത, വൻ തോതിൽ മാപ്പിളമാർ വെറും പാട്ടക്കാരായ, തെക്കെ മലബാറിലായിരുന്നു. മാപ്പിളമാർ വൻതോതിൽ ചൂഷണത്തിനും പീഡനത്തിനും വിധേയരായി. ജന്മിമാരുടെ പ്രവർത്തനങ്ങൾക്ക് ബ്രിട്ടീഷ് ഭരണകൂടം താങ്ങും തണലുമായിരുന്നു. 19-ാം നൂറ്റാണ്ടിൽ നിരവധി മാപ്പിളകലാപങ്ങൾക്ക് ഈ പീഡനങ്ങൾ വഴി തെളിച്ചു. ഈ സംഘർഷങ്ങൾ ജാതിവ്യവസ്ഥയാൽ ക്രമീകരിക്കപ്പെട്ടിരുന്ന പരമ്പരാഗത മര്യാദകളെ തകർത്തു.

1921ലെ മലബാർ കലാപം തകരുന്ന പരമ്പരാഗത ബന്ധങ്ങളെ മറ്റൊരു തരത്തിൽ മാറ്റി മറച്ചു. ബ്രിട്ടീഷ് ആധിപത്യത്തിനും ജന്മിത്തത്തിനുമെതിരായി നടന്ന കലാപത്തിന് ക്രമേണ വളർന്നു വന്ന വർഗീയ പ്രതിഛായ തെക്കെ മലബാറിലെ സാമുദായിക ബന്ധങ്ങളെ സ്ഥിരമായി തകർക്കുന്നതിലെത്തിച്ചതായി എ.ശ്രീധരമേനോൻ രേഖപ്പെടുത്തുന്നു.[38] മുപ്പതുകളിലും നാല്പതുകളിലും വളർന്നു വന്ന വെറും പാട്ടക്കാരുടെ സമരങ്ങൾ മാപ്പിളമാരുടെ പ്രദേശങ്ങളെ ബാധിച്ചതുമില്ല.

1931-32 ലെ ഗുരുവായൂർ സത്യാഗ്രഹം പല രൂപങ്ങളിൽ പ്രധാനമായിരുന്നു. ജാതി വ്യവസ്ഥയ്ക്കാധാരമായ ജന്മിസമ്പ്രദായം തകരാത്ത കാലത്താണ് സത്യാഗ്രഹം നടന്നത്. പരമ്പരാഗത സമൂഹത്തിനെതിരായ സംഘടിത സമരത്തിന്റെ രൂപം കൈക്കൊണ്ട സത്യാഗ്രഹം ജാതിക്കെതിരായ പ്രക്ഷോഭത്തിന്റെ പുതിയ രൂപം വളർത്തിയെടുത്തു. മുപ്പതുകളുടെ അവസാനത്തിൽ മലബാറിലെ ക്ഷേത്രങ്ങളും തിരുവിതാംകൂറിന്റെ മാതൃകയിൽ എല്ലാ വിഭാഗങ്ങൾക്കും തുറന്നു കൊടുക്കപ്പെട്ടു. ഗുരുവായൂർ സത്യാഗ്രഹത്തിനു ശേഷം ജാതി വ്യവസ്ഥയുമായി നേരിട്ടു ബന്ധപ്പെട്ട സമരങ്ങളെക്കാൾ പ്രാധാന്യം ദേശീയ പ്രസ്ഥാനത്തിന്റെയും കർഷക തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ഭാഗമായി പരമ്പരാഗത സമൂഹ വ്യവസ്ഥയ്ക്കെതിരെ നടത്തിയ സമരങ്ങളായിരുന്നു. വാഗ്ഭടാനന്ദ ഗുരുദേവനെപ്പോലുള്ള ആത്മീയവാദികൾ മലബാറിൽ പ്രചാരണം നടത്തി. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലുമുണ്ടായ ആധുനികവൽക്കരണം ജാതിവ്യവസ്ഥയുടെ അടിത്തറ തകർത്തു. ഉൽപ്പാദന ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ വ്യവസായവൽകൃതമായ ആധുനിക സമൂഹവും അതിന്റെതായ ആശയസംഹിതയും വളർത്തിയെടുത്തിട്ടില്ല. കാർഷിക രംഗത്തെയും പരമ്പരാഗത വ്യവസായങ്ങളിലെയും അസംഘടിത മേഖലയിലെയും ചെറുകിട ഉൽപ്പാദകർ തങ്ങളുടെ തൊഴിലിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും വേണ്ടി ജാതിയുടെ ചട്ടക്കൂടിനെ കൂട്ടുപിടിച്ചു. വിവിധ ജാതിമത സംഘടനകളുടെ നിലനിൽപ്പിന്റെ കാരണം ജാതിയല്ല, പുതിയ സാമ്പത്തിക ബന്ധങ്ങളുടെ പിന്നാക്കാവസ്ഥ വളർത്തിയ സാമുദായക വികാരമാണ്.[39]

### 2.2.5 ലിംഗഭേദങ്ങൾ

സ്ത്രീപുരുഷ ബന്ധങ്ങൾ സമൂഹ വ്യവസ്ഥകളുടെ കേന്ദ്രഘടകങ്ങളിൽ ഒന്നാണ്. സംഘംകൃതികളിൽ സ്ത്രീപുരുഷ ബന്ധങ്ങളെക്കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. ഗോത്ര സമൂഹങ്ങൾ തമ്മിലുള്ള യുദ്ധങ്ങളെ വിവരിക്കുന്ന പുറം കവിതകളിൽ ലൈംഗികമായ തൊഴിൽ വിഭജനത്തിന്റെ ഒരു രൂപം പ്രത്യക്ഷപ്പെടുന്നു. യുദ്ധം ജയിച്ചതിനു ശേഷം പടക്കളത്തിൽ വെച്ചു നടത്തുന്ന കുരവൈക്കൂത്ത്, തുണങ്കൈക്കൂത്ത് മുതലായ നൃത്തങ്ങളിൽ പുരുഷന്മാരും സ്ത്രീകളും പങ്കെടുക്കുന്നു. തുടർച്ചയായ യുദ്ധങ്ങൾ സ്ത്രീപുരുഷ ബന്ധങ്ങളിൽ ഏല്പിച്ച ആഘാതങ്ങൾ സംഘംകൃതികളിൽ വ്യക്തമാണ്. അഞ്ചുതിണകളുടെ സ്വഭാവമനുസരിച്ച് സ്ത്രീ പുരുഷ ബന്ധങ്ങളിൽ

വ്യത്യാസമുണ്ടെന്ന് കാണാം. കുറിഞ്ചി, മുല്ലൈ, പാലൈ, മരുതം, നെയ്തൽ ഇവിട ങ്ങളിലെ ബന്ധങ്ങൾ കൂടുതൽ ലളിതമാണ്.

ബഹുഭാര്യത്വം മുതലായ സങ്കീർണ്ണ രൂപങ്ങൾ കാണുന്നത് മരുതം കവിതകളി ലാണ്. സ്ത്രീ പുരുഷന്മാർ തമ്മിലുള്ള കലഹങ്ങളും വേർപിരിയലും കാണുന്നതും മരുതം കവിതകളിലാണ്. സ്ത്രീയുടെ ചാരിത്രം പോലുള്ള കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതും അതിൽ തന്നെയാണ്.[40]

കളവ്, കർപ് എന്നീ സ്ത്രീപുരുഷ ബന്ധങ്ങളെക്കുറിച്ച് സംഘം കൃതികൾ പറ യുന്നു.[41] കളവ് സ്ത്രീ പുരുഷന്മാരുടെ ഗാന്ധർവ്വവിവാഹമാണ്. കർപ് കുടുംബങ്ങൾ തമ്മിൽ തീരുമാനിക്കുന്ന ഔപചാരികമായ വിവാഹവും. സ്ത്രീപുരുഷ ബന്ധങ്ങളുടെ വളർച്ചയുടെ രണ്ട് ഘട്ടങ്ങളെ ഇതു കാണിക്കുന്നു. പുരുഷ മേധാവിത്വത്തിന്റെ രൂപ ങ്ങൾ വളർന്നു വന്നിരുന്നില്ല. പുരുഷന്മാരുടെ പ്രവർത്തനം പൊതു പ്രവർത്തനമായും സ്ത്രീകളുടേത് ഗാർഹിക അധ്വാനമായും കണക്കാക്കപ്പെട്ടിരുന്നില്ല. പടക്കളത്തിൽ പോലും സ്ത്രീകൾ എത്തിയിരുന്നത് ഇതിനു സൂചനയാണ്.

ഇത്തരം ബന്ധങ്ങളിൽ മാറ്റങ്ങൾ വരുന്നുവെന്നതിന്റെ സൂചനയാണ് സംഘകാ ലത്തു തന്നെ പ്രത്യക്ഷപ്പെടുന്ന പുതിയ രീതികൾ. അതിലൊന്ന് ബഹുഭാര്യത്വമാണ്. മറ്റൊന്ന് വിധവകളുടെ അവസ്ഥയാണ്. വിധവകൾക്ക് സമൂഹച്ചടങ്ങുകളിൽ പങ്കെടു ക്കുകയോ ഗോത്രസഭകളായ മൻറങ്ങളിൽ ഇരിക്കുകയോ ചെയ്യാൻ പാടില്ല. സംഘ കാലത്തിന്റെ അവസാനം പ്രത്യക്ഷപ്പെടുന്ന പതിനെൺകീഴ്കണക്ക് എന്ന ഗ്രന്ഥങ്ങ ളിൽ വ്യക്തമായ പുരുഷ മേധവിത്വത്തിന്റെ സൂചനകൾ കാണാം. സ്ത്രീകളുടെ സ്ഥാനം ഗാർഹിക ജോലിയായും ഭർത്താവിനോടുള്ള ആശ്രിതത്വമായും അധ:പതിക്കുന്നുണ്ട്.

കേരളത്തിൽ ആദ്യകാലത്ത് മക്കത്തായം നിലനിന്നിരുന്നുവെന്ന് ഇളംകുളം കുഞ്ഞൻ പിള്ള വാദിക്കുന്നു.[42] പതിനൊന്നാം നൂറ്റാണ്ടുവരെ കേരളം ഭരിച്ചിരുന്നവർ മക്കത്തായികളായിരുന്നുവെന്നും ചേരചോളയുദ്ധം പൊട്ടിപ്പുറപ്പെട്ട പതിനൊന്നാം നൂറ്റാ ണ്ടിലെ പ്രത്യേക സാഹചര്യങ്ങളിൽ മക്കത്തായം മരുമക്കത്തായിമായിത്തീർന്നുവെന്നും അദ്ദേഹം വിശദീകരിക്കുന്നു. കുഞ്ഞൻ പിള്ളയുടെ വാദത്തിനെതിരെ നിരവധി വിമർശ നങ്ങളുന്നയിക്കപ്പെട്ടിട്ടുണ്ട്. പിൽക്കാല ചേര രാജാക്കന്മാരിൽ തന്നെ മരുമക്കത്തായം നിലനിന്നുവെന്ന വാദവും ഉയർന്നിട്ടുണ്ട്. കേരള ജനതയുടെ ദായക്രമം തന്നെ മാറ്റി മറക്കത്തക്ക യുദ്ധമായിരുന്നു ചേര ചോളയുദ്ധമെന്നതിന് തെളിവുകളില്ല.

ഗോത്രവർഗങ്ങളുടെ മറ്റൊരു പ്രധാനപ്പെട്ട പ്രത്യേകത വിവാഹങ്ങൾ സ്വന്തം വിഭാഗത്തിന്റെ നിലനില്പിനെ കണക്കാക്കിക്കൊണ്ടാണെന്നുള്ളതാണ്. അലഞ്ഞു തിരിയുന്ന സമൂഹങ്ങളിൽ നിലനിൽപ്പു മാത്രമാണ് പ്രധാനം. പക്ഷെ, കാർഷിക സമുദായങ്ങൾ വളർന്നു വരുമ്പോൾ കൃഷിസ്ഥലങ്ങളുടെ അവകാശം നിലനിർത്തുക പ്രധാനമാണ്. സ്ഥിരമായ പാർപ്പിടവും കാർഷികോൽപ്പാദനത്തിന്റെ വളർച്ചയും സമൂഹ വിഭജനത്തെ വളർത്തുന്നു. കാർഷിക സാങ്കേതിക വിദ്യകളുടെ വളർച്ച ഉൽപ്പാദനത്തിന്റെയും ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തിന്റെയും വളർച്ചയ്ക്കു കാരണമാകുന്നു. പുതിയ പ്രദേശങ്ങൾ കൃഷിയിൽ കൊണ്ടു വരുന്നതോടെ, കർഷക സമുദായങ്ങളിലെ കൂട്ടായ്മസ്വത്ത് തകരുകയും സ്വകാര്യസ്വത്ത് വളർന്നു വരികയും ചെയ്യുന്നു. സാങ്കേതിക വിദ്യകളുടെ നിയന്ത്രണം, കൃഷിസ്ഥലങ്ങളുടെ സംരക്ഷണം, ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തിന്റെ നിയന്ത്രണം എന്നിവ പടിപടിയായി പുരുഷന്മാരുടെ കയ്യിലേയ്ക്കു വരികയും സ്ത്രീയുടെ തൊഴിലുകൾ സ്വന്തം കുടുംബത്തിന്റെയും “ഗാർഹിക” പരിശീലനത്തിന്റെയും മേഖലകളിലേയ്ക്ക് ഒതുങ്ങുകയും ചെയ്യുന്നു.

മദ്ധ്യകാല കേരളത്തിലെ വിവാഹ രൂപങ്ങൾക്ക് ദായക്രമത്തെ നിലനിർത്തുന്നതിൽ പ്രധാന പങ്കുണ്ടായിരുന്നു. താലികെട്ടും സംബന്ധവും മധ്യകാല സ്ത്രീപുരുഷ ബന്ധങ്ങളെ സൂചിപ്പിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്. സംബന്ധത്തിന്റെ ഉത്ഭവം സങ്കീർണ്ണമാണെന്ന് കെ.എൻ.ഗണേശ് രേഖപ്പെടുത്തുന്നു.[43] ക്ഷേത്രങ്ങളുടെ വർദ്ധിച്ചു വന്ന പ്രാധാന്യവും ബ്രാഹ്മണരുടെ സമൂഹ നിയന്ത്രണത്തിലുള്ള പങ്കും തൽക്കാലത്തേയ്ക്കുള്ള സംബന്ധം പോലും അഭിലഷണീയമായ ബന്ധമാക്കി മാറ്റി. ക്ഷേത്രസേവകരും മറ്റുമായി ധാരാളം ബ്രാഹ്മണർ വന്നപ്പോൾ സംബന്ധം സാധാരണയായ സ്ത്രീ പുരുഷ ബന്ധത്തിന്റെ രൂപമായി.[44]

മരുമക്കത്തായ സമ്പ്രദായത്തിൽ സ്ത്രീയുടെ അവസ്ഥയ്ക്ക് നേർ വിപരീതമായിരുന്നു നമ്പൂതിരി കുടുംബങ്ങളിലെ സ്ത്രീ പുരുഷ ബന്ധങ്ങൾ. ഭൂമിയുടെയും ക്ഷേത്രത്തിന്റെയും നിയന്ത്രണം പുരുഷന്മാർ വഴി കൈമാറിയിരുന്നതു കൊണ്ട് നമ്പൂതിരി കുടുംബങ്ങൾക്കുള്ളിൽ പുരുഷാധിപത്യം അനിവാര്യമായി. നമ്പൂതിരി സ്ത്രീകളെ വെറും പുനരുൽപാദനോപകരണങ്ങൾ മാത്രമായി കരുതിയിരുന്നു. അവർക്ക് സ്വത്തവകാശവും കുടുംബത്തിനകത്തും പുറത്തും സ്വതന്ത്രമായി പെരുമാറാനുള്ള അവകാശവും നിഷേധിക്കപ്പെട്ടു. നമ്പൂതിരി ബ്രാഹ്മണരുടെ ഇടയിൽ ബഹു ഭാര്യത്വവും

കടന്നു വന്നു. ജന്മാവകാശം നിലനിർത്താനുള്ള ബ്രാഹ്മണരുടെ ശ്രമം സാക്ഷാത്ക രിക്കുന്നതിനുള്ള ഒരു പ്രധാന ഘടകം സ്ത്രീ മർദ്ദനമായിരുന്നു.

നമ്പൂതിരിമാരുടെ സ്ത്രീ സങ്കല്പത്തിന്റെ മറ്റൊരു വശമായിരുന്നു ക്ഷേത്രനർത്ത കികളായ ദേവദാസികൾ. ദേവദാസികൾ ഉടലെടുക്കുന്നത് ദക്ഷിണേന്ത്യയിലെ ഭക്തി പ്രസ്ഥാനത്തിന്റെ കാലത്തായിരുന്നു. പില്ക്കാല ചേരകാലത്തിനു ശേഷം നിരവധി ദേവദാസികളെക്കുറിച്ച് സൂചനയുണ്ട്. കണ്ടിയൂർ ശാസനത്തിൽ ഓടനാട് രവികേരള വർമ്മന്റെ ഭാര്യയായി പറയുന്ന ഉണ്ണിക്കളത്തിരം, ഉണ്ണിയാടി, ചെറിയച്ചി, ഉണ്ണുനീലി, ഉണ്ണിച്ചിരുതേവി മുതലയാവർ ഇവരിൽ പെടുന്നു. മദ്ധ്യകാലത്തിന്റെ അവസാനം സ്ത്രീ പുരുഷ ബന്ധങ്ങളുടെ ഘടനയിൽ ചില മാറ്റങ്ങൾ വന്നു തുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ തറവാടുകളുടെ സ്വഭാവത്തിന് വ്യത്യാസം വന്നു. തിരുവിതാംകൂറിലെ കാർഷിക വികസനം കുടുംബത്തിന്റെ ഐക്യത്തെ ശിഥി ലീകരിച്ചു. പഴയ കുടുംബങ്ങൾ ഭാഗം വെച്ചു പോകാനാരംഭിച്ചു. അതോടെ മരുമക്ക ത്തായത്തിന്റെയും മൂപ്പുമുറയുടെയും പ്രസക്തി കുറഞ്ഞു. കാരണവരുടെ അധികാര ത്തിന്റെ പ്രാധാന്യം കുറഞ്ഞു വന്നു.

തറവാടിന്റെ ഭാഗങ്ങൾക്കുള്ള അവകാശം നിലനിർത്തേണ്ടത് ആവശ്യമായി വന്ന തോടെ വിവാഹബന്ധങ്ങൾക്ക് ചില നിബന്ധനകളേർപ്പെടുത്തേണ്ടതും ആവശ്യമായി. പിന്തുടർച്ചാവകാശത്തിന് മാതൃത്വം കൂടാതെ പിതൃത്വവും പ്രധാന ഘടകമായി. ആധു നികവൽക്കരണത്തിന്റെ ഫലമായി സമൂഹത്തിലെ സ്ഥാനത്തിലും ഏർപ്പെട്ടിരുന്ന തൊഴിലിന്റെ രൂപത്തിലും മാറ്റം വന്ന വിഭാഗങ്ങളിലാണ് കുടുംബബന്ധങ്ങളും മാറി യത്. ജന്മിത്വം കൂടുതൽ ശക്തമായി നിലനിന്ന മലബാറിൽ കുടുംബബന്ധങ്ങളിൽ മാറ്റം വരാൻ കൂടുതൽ താമസിച്ചു. "കേരളത്തിലെ കുടുംബ വ്യവസ്ഥയിൽ ജീർണ ണോദ്ധാരണ ക്രമങ്ങൾ ഉണ്ടായില്ലെന്നു മാത്രമല്ല, ആ വ്യവസ്ഥയെ ആധുനിക വൽക്ക രണ ശക്തികൾ തള്ളിപ്പറയുകയാണുണ്ടായത്. അതോടൊപ്പം ബ്രിട്ടീഷ് ഭരണത്തിന്റെ നിയമ വാഴ്ചയുടെ ഇടപെടൽ കൂടിയായപ്പോൾ കേരളത്തിന്റെ അമ്മവഴി പാരമ്പര്യം ഒരു പഴങ്കഥയായി"[45]

കുടുംബബന്ധങ്ങളെ മാറ്റി മറിക്കുന്നതിൽ മറ്റൊരു പ്രധാന ഘടകം തൊഴിൽ വിപ ണിയിലേക്ക് സ്ത്രീകൾ കടന്നു വന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവുമായി വളർന്നു വന്ന പരമ്പരാഗത വ്യവ

സായ മേഖലകളിൽ വലിയ പങ്ക് സ്ത്രീ തൊഴിലാളികളായിരുന്നു. അധ്വാനിക്കുന്ന വർ തമ്മിലുള്ള യോജിപ്പിന്റെ അടിസ്ഥാനത്തിലുള്ള കുടുംബബന്ധങ്ങൾ വളർന്നു വന്നു. ഭൂപരിഷ്കരണങ്ങളുടെ ഫലമായി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം തന്നെ തിരുവിതാംകൂറിൽ ചെറുകിട കർഷകർ വളർന്നു വന്നതും കുടുംബബന്ധങ്ങളെ സ്വാധീനിച്ചു. സ്ത്രീയുടെയും പുരുഷന്റെയും കൂട്ടായ അധ്വാനമില്ലാതെ കൃഷിസ്ഥലങ്ങൾ നിലനിർത്തുക അസാധ്യമായിരുന്നു. വിവാഹ ബന്ധങ്ങളുടെ ക്രമീകരണം പ്രധാനമായി. കുടുംബസ്വത്ത് വർദ്ധിപ്പിക്കാനും വിവാഹബന്ധങ്ങൾ ഉപയോഗിക്കാനാരംഭിച്ചു. അണുകുടുംബത്തിന്റെയും സ്ത്രീധന സമ്പ്രദായത്തിന്റെയും വളർച്ചയ്ക്ക് ഇതു കാരണമായി. ഭൂപരിഷ്കരണങ്ങൾ വൈകി മാത്രം നടപ്പിലായ മലബാറിൽ കൂട്ടുകുടുംബങ്ങൾ കൂടുതൽ കാലം നിലനിന്നു.

മധ്യകാല കുടുംബബന്ധങ്ങൾക്കെതിരായ മുന്നേറ്റം ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ കൊണ്ടു വന്ന നിരവധി നിയമങ്ങളിൽ പ്രതിഫലിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പുറത്തു വന്ന മലബാറിലെ മരുമക്കത്തായം കമ്മറ്റി റിപ്പോർട്ട് ഇക്കാലത്തെ നായർ തറവാടുകളിൽ നടന്ന കലഹങ്ങളെയും എടുത്തുകാട്ടുന്നു. മരുമക്കത്തായം തകർന്നുവന്ന തിരുവിതാംകൂറിലാണ് പരമ്പരാഗത കുടുംബങ്ങളെ തകർത്ത നിയമങ്ങളുണ്ടാകുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായ മാറ്റങ്ങൾ കേരളത്തിലെ ലിംഗ ഭേദങ്ങളുടെ സ്വഭാവത്തിൽ വ്യത്യാസങ്ങൾ സൃഷ്ടിച്ചു. മക്കത്തായത്തിന്റെ വളർച്ചയും അന്തർ വിവാഹങ്ങളും പുരുഷ കേന്ദ്രീകൃത കുടുംബങ്ങളെ ശക്തിപ്പെടുത്തി. ലിംഗ ഭേദങ്ങളുടെ ഇന്നത്തെ അവസ്ഥയെ പരിശോധിക്കുമ്പോൾ രണ്ടു ഘടകങ്ങൾ പ്രസക്തമാണ്. 20-ാം നൂറ്റാണ്ടിൽ സാമ്പത്തിക ബന്ധങ്ങളിൽ വന്ന മാറ്റങ്ങളും, സ്ത്രീയുടെയും പുരുഷന്റെയും മാനസികവും കായികവുമായ വളർച്ചയെ സഹായിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, ജീവിക്കുന്ന പരിസ്ഥിതി മുതലായ ഘടകങ്ങളും. പണിയെടുക്കുന്ന സ്ത്രീകളിൽ വലിയഭാഗം, ഏതാണ്ട് നാല്പത്തിയാറ് ശതമാനം കർഷകത്തൊഴിലാളികളുമായിരുന്നു. കാർഷിക പരിഷ്കാരങ്ങൾ വ്യക്തമായ സ്വാധീനം ചെലുത്തിയ പാലക്കാട് ജില്ലയിൽ പുരുഷനും സ്ത്രീയും തൊഴിൽ സേനയുടെ ഭാഗമാണ്. അടിയാർ വിഭാഗങ്ങൾ കർഷകത്തൊഴിലാളികളായി മാറിയപ്പോൾ അവരുടെ സ്ത്രീകളും കർഷകത്തൊഴിലാളികളായി. ഇന്ന് തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഏറ്റവും വലിയ വിഭാഗം കർഷകത്തൊഴിലാളികളാണ്.

വിവാഹിതകളായ സ്ത്രീകൾ സ്വതന്ത്രമായി തൊഴിൽ തേടുകയല്ല ചെയ്യുന്നത്. ഭർത്താക്കന്മാർ “പറഞ്ഞയക്കുക”യാണ്. ചെയ്യുന്ന തൊഴിൽ സ്ത്രീയുടെ ഗാർഹിക ജോലികൾക്കും ശിശുപാലനത്തിനും വിഘാതമാകരുതെന്നുള്ള നിർബന്ധം ഭർത്താക്കന്മാർക്കുണ്ട്. “വീടിനടുത്തു തന്നെ” ഭാര്യയ്ക്ക് തൊഴിൽ വാങ്ങിക്കൊടുക്കുന്ന പ്രവണതയും ഭാര്യ ചെയ്യുന്ന തൊഴിൽ ഭർത്താക്കന്മാരുടേതിനേക്കാൾ വരുമാനത്തിൽ ഉയരുന്നത് മോശമാണെന്ന ധാരണയും ഇതിന്റെ ഭാഗമാണ്. തൊഴിൽ രംഗത്തും കുടുംബബന്ധങ്ങളിലുമുള്ള പുരുഷമേധാവിത്വ സങ്കല്പങ്ങളുടെ വ്യക്തമായ ദൃഷ്ടാന്തമാണിത്.

സ്ത്രീയുടെ ഗാർഹികാധ്വാനം അധമ പദവിയെയല്ല സൂചിപ്പിക്കുന്നത്, പുരുഷന്മാരുടെ അധ്വാനത്തിന് പൂരകമായതും സമൂഹത്തിന്റെ വളർച്ചയുടെ പ്രധാന ഘടകവുമായ പ്രവർത്തനമെന്ന നിലയിലാണ്. അതിനൊടൊപ്പം ഗൃഹജോലി തൊഴിലായി അംഗീകരിക്കപ്പെടുന്നില്ല. സമൂഹത്തിനാവശ്യമായ അധ്വാനത്തിൽ നിന്ന് സ്ത്രീയുടെ ഗാർഹികാധ്വാനം ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. പരമ്പരാഗത വിശ്വാസങ്ങൾ മുതൽ ആധുനിക മുതലാളിത്തത്തിന്റെ സാംസ്കാരിക രൂപങ്ങൾ വരെ ഇതിനെ നിലനിർത്താൻ ഉപയോഗിക്കപ്പെടുന്നുവെന്നു കാണാം.[46]

## 2.3 കർഷകപ്രസ്ഥാനങ്ങൾ

### 2.3.1 ആയിരത്തി തൊള്ളായിരത്തി ഇരുപതുകൾക്കു ശേഷമുള്ള- സാർവദേശീയ-ദേശീയ പരിസ്ഥിതി

വൈലോപ്പിള്ളി കാവ്യസൃഷ്ടി തുടങ്ങിയത് ഏതാണ്ട് 1930-കളുടെ ആരംഭത്തോടു കൂടിയായിരുന്നു. ലോകത്തെമ്പാടും അതീവ സങ്കീർണ്ണമായ രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധികളാണ് നിലവിലിരുന്നത്. ഇന്ത്യയിലും ഈ പ്രതിസന്ധികളുടെ പ്രതിഫലനം പല രീതിയിൽ പ്രകടമായി. സാമ്രാജ്യത്വ വ്യവസ്ഥിതിയിലെ ചൂഷണവും ഒന്നാം ലോക മഹായുദ്ധക്കെടുതികളും ആഗോള വ്യവസ്ഥിതിയെ ഏറെ വഷളാക്കി. ഹിറ്റ്ലറുടെയും മുസ്സോളനിയുടെയും ഫാസിസ്റ്റ് ശക്തികളുടെ മുന്നേറ്റത്തിനെതിരെ ഫാസിസ്റ്റ് വിരുദ്ധ മുന്നണികളും യൂറോപ്പിൽ രൂപം കൊള്ളാൻ തുടങ്ങി. തൊഴിലാളികളും കൃഷിക്കാരും മാത്രമല്ല, സാംസ്കാരിക പ്രവർത്തകന്മാരും ഇത്തരം ഫാസിസ്റ്റ് വിരുദ്ധ മുന്നണികളിൽ പങ്കാളികളായി പ്രവർത്തിക്കാൻ തുടങ്ങി. മൂലധനത്തിലൂന്നിയ മുതലാളിത്ത വ്യവസ്ഥിതിയുടെയും സാമ്രാജ്യത്വ ശക്തികളുടെയും അതിക്രൂരമായ സ്വേച്ഛാധിപ

ത്യമാണ് ഫാസിസമെന്ന തിരിച്ചറിവുണ്ടായ കാലഘട്ടം കൂടിയായിരുന്നു അത്. സ്പാനിഷ് യുദ്ധത്തോടു കൂടി പുതിയ ചിന്തകന്മാരും എഴുത്തുകാരും ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനങ്ങളിലേക്ക് ഏറെ ആകർഷിക്കപ്പെട്ടു. വിമാനാക്രമണങ്ങളിൽ നിന്ന് രക്ഷ നേടാനായി കുഴിച്ച ട്രഞ്ചുകളിലിരുന്നു പോലും യുവകവികൾ കാലിഗ്രാമുകൾ എഴുതി ലോകത്തെമ്പാടും ആവേശം സൃഷ്ടിച്ചു. പാശ്ചാത്യ കലാശാലകളിൽ മാർക്സി സത്തിലൂന്നിയ വിപ്ലവചിന്തകൾ രൂപം പ്രാപിച്ചു തുടങ്ങി. *ദ ഓക്സ് ഫോർഡ് ഔട്ട് ലുക്ക്, കേംബ്രിഡ്ജ് ലെഫ്ട്* തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഇതിന് ഉത്തമ ഉദാഹര ണങ്ങളാണ്. ഡബ്ലിയു.എച്ച്.ഓഡനെപ്പോലുള്ള കവികൾ എഴുത്തുകാരന്റെ "കർമ്മ ങ്ങൾ സത്വരമാക്കാനും അവയുടെ സ്വഭാവം വ്യക്തമാക്കാനും ആഹ്വാനം " ചെയ്തു.[47] സ്വാതന്ത്ര്യം എന്ന വാക്കിന് പുതിയ അർത്ഥമാനങ്ങൾ പ്രചരിക്കാൻ തുടങ്ങി. എല്ലാ ത്തരം ചൂഷണങ്ങൾക്കുമെതിരെ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളുടെയെങ്കിലും അംഗീ കാരമാണ് അവന്റെ സ്വാതന്ത്ര്യമെന്ന ആശയവും ജനങ്ങൾക്കിടയിൽ പ്രചരിക്കാൻ തുടങ്ങി. അവികസിത രാജ്യങ്ങളെയും അർദ്ധ വികസിത രാജ്യങ്ങളെയും നിഷ്ഠൂര മായി ചൂഷണം ചെയ്യുന്ന സാമ്രാജ്യത്വ ശക്തികളുടെ ചേരി ഒരു ഭാഗത്തും തൊഴി ലാളി മോചനത്തിനും സാമ്രാജ്യത്വ അടിമത്തത്തിനെതിരെ ഉയർന്നു വന്ന കോളനി രാഷ്ട്രങ്ങളുടെ നിര മറുഭാഗത്തും രൂപപ്പെട്ടു. മഹത്തായ റഷ്യൻ വിപ്ലവം കൊളോ ണിയലിസത്തിന് എതിരെയുള്ള ഒരു ഉറച്ച കാൽവെപ്പായി പരിണമിച്ചു. ബ്രിട്ടൺ, അമേ രിക്ക, ഫ്രാൻസ്, ജപ്പാൻ തുടങ്ങിയ വികസിത രാഷ്ട്രങ്ങൾ വൻ സാമ്പത്തിക പ്രതിസ ന്ധിയിലകപ്പെട്ടപ്പോൾ സോവിയറ്റ് യൂണിയൻ സാമ്പത്തികമായ മുന്നേറ്റം കൈവരി ച്ചത് ലോകശ്രദ്ധയാകർഷിച്ചു. ഇത് മറ്റു രാഷ്ട്രങ്ങളെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ലോക ത്തെമ്പാടും അധ്വാനിക്കുന്ന ജനവിഭാഗം കടുത്ത സാമ്പത്തിക ചൂഷണത്തിന്റെ പിടി യിലമർന്നിരുന്നു.

### 2.3.2 ഇന്ത്യയിലെ സവിശേഷ അന്തരീക്ഷം

ഇന്ത്യയിലാകട്ടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കർഷകരെയും കർഷകത്തൊ ഴിലാളികളെയും സംഘടിപ്പിച്ച് സാമ്രാജ്യത്വ ചൂഷണങ്ങൾക്കെതിരെയുള്ള മുന്നേറ്റങ്ങൾ തുടങ്ങി. ആഗോള സാമ്പത്തിക പ്രതിസന്ധി ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുകയും പണക്കാരെ വളർത്തുകയും ചെയ്തു. ഇന്ത്യൻ മുതലാളി വർഗ്ഗ വമ്പന്മാരും ബ്രിട്ടീഷ് ഭരണാധികാരികളും തമ്മിലുള്ള ശീതസമരവും ഭിന്നിപ്പും ഏറെ പ്രകടമായി തുടങ്ങി. 1920ന്റെ തുടക്കത്തിൽ ബാലഗംഗാധര തിലകന്റെ നിര്യാണത്തോടെ കോൺഗ്രസ്സിന്റെ

നേതൃത്വം ഗാന്ധിജിയുടെ കൈകളിലേക്ക് നീങ്ങി. ഇന്ത്യൻ ബൂർഷ്വാസിക്ക് ഹിതകര മാകും വിധം, അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ തങ്ങളുടെ താല്പര്യങ്ങളുടെ അതി രുകൾ കടക്കുമ്പോൾ അപ്പപ്പോൾ നിയന്ത്രിച്ച് കൊണ്ട് നയങ്ങളും പരിപാടികളും ആവി ഷ്കരിച്ച് കുറെക്കാലം കോൺഗ്രസ്സിനെ മുന്നോട്ടു കൊണ്ടു പോകാൻ ഗാന്ധിജിക്കു കഴിഞ്ഞു. കൂലിക്കും ജോലിസമയത്തിനും കൃത്യത വരുത്താൻ വേണ്ടിയായിരുന്നു ആദ്യകാല തൊഴിലാളി സമരങ്ങൾ. എന്നാൽ തൊഴിലാളി സംഘടനകൾ രാഷ്ട്രീയ വൽക്കരിക്കപ്പെടുകയും രാഷ്ട്രീയ പ്രസ്ഥാനങ്ങളോട് ചേർന്ന് നിന്നു കൊണ്ട് പ്രത്യ ക്ഷമായും പരോക്ഷമായും തൊഴിലാളി സമരങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു. പ്രാദേശിക തൊഴിൽ സംഘടനകൾക്ക് വ്യാപനമുണ്ടാവുകയും അവ അഖിലേന്ത്യാ തലത്തിൽ സഹകരിച്ച് പ്രവർത്തിക്കാനും തുടങ്ങി. അധികം വൈകാതെ ഈ സംഘ ടനകളിൽ പലതും ഗാന്ധിയൻ ആദർശങ്ങളെ തള്ളിപ്പറയുകയും അക്രമരാഷ്ട്രീയ ത്തിന്റെ വഴി തേടുകയും ചെയ്തു. ഇതിന്റെ ഉത്തമ തെളിവായിരുന്നു മദിരാശിയിൽ ചക്കര ചെട്ടിയാരുടെ നേതൃത്വത്തിലുള്ള ലേബർ യൂണിയന്റെ പ്രവർത്തനങ്ങൾ.

1920-കളിൽ കൽക്കത്തയിൽ വെച്ചു കൂടിയ കോൺഗ്രസ്സിന്റെ പ്രത്യേക സമ്മേ ളനം നിസ്സഹകരണ പ്രമേയം തത്വത്തിൽ അംഗീകരിച്ചു. ബ്രിട്ടീഷ് ഉൽപ്പന്നങ്ങളും സ്കൂളുകളും കോളേജുകളും കോടതികളും ബഹിഷ്കരിച്ച് കൊണ്ടും ബ്രിട്ടീഷ് ഗവൺമെന്റ് നൽകിപ്പോന്ന സ്ഥാനമാനങ്ങൾ ത്യജിച്ച് കൊണ്ടും അതിശക്തമായ സമ രമായി അത് മാറി. ഗാന്ധിജിയുടെ ചർക്കയും ഖാദിപ്രസ്ഥാനവും ഗ്രാമീണരെ ആകർഷി ക്കാൻ തുടങ്ങി.

വ്യവസായ തൊഴിലാളി സമരങ്ങളെ അനുകൂലിച്ച് കൊണ്ട് കാർഷിക തൊഴിലാളി കളും പ്രതികരിക്കാൻ തുടങ്ങി. വ്യവസ്ഥാപിത ഭരണകൂടത്തിനെതിരെ കർഷകർ നട ത്തിയ കലാപങ്ങൾ പത്തൊൻപതാം നൂറ്റാണ്ടിലെ പതിവു സംഭവങ്ങളായിരുന്നു. ഈ സംഘടനകൾക്ക് ഉണ്ടായിരുന്ന കാര്യമായ ഒരു പോരായ്മ അവയ്ക്ക് ഉറച്ച ഏകാഭി പ്രായം ഇല്ലായിരുന്നു എന്നതാണ്. നിരവധി വൈരുദ്ധ്യങ്ങൾ അവർക്കിടയിൽത്തന്നെ നിലനിന്നിരുന്നു. ജാതീയമായ വൈരുദ്ധ്യങ്ങൾ, ഭൂപ്രഭുവർഗ്ഗത്തിന്റെ ശക്തി, രാഷ്ട്രീ യമായ ചാഞ്ചാട്ടങ്ങൾ എന്നിവ കാരണം സംഘടിതമായ രീതിയിൽ കർഷകർക്കു പലപ്പോഴും മുന്നേറാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യത്തിനു മുൻപുള്ള ഇത്തരം കാർഷിക കലാപങ്ങളെ രാഷ്ട്രീയവൽക്കരിക്കപ്പെടുന്നതിനു മുൻപുള്ള ഒറ്റപ്പെട്ട കലാപങ്ങളെന്നും,

രാഷ്ട്രീയവൽക്കരിക്കപ്പെട്ട ഏകീകൃത സമരങ്ങളെന്നും ടി.കെ.ഉമ്മൻ വിഭജിക്കുന്നുണ്ട്[48]. ഇന്ത്യയിൽ നാം കണ്ട പല കാർഷിക സമരങ്ങളും ആദ്യകാലം ബ്രിട്ടീഷ് ഭരണകൂട ത്തിനെതിരായും, സ്വാതന്ത്ര്യലബ്ധിക്കു ശേഷം അത് കോൺഗ്രസ്സ് ഭരണകൂടത്തി നെതിരായും ആയിരുന്നു. സ്വാതന്ത്ര പ്രാപ്തിക്കു മുമ്പുള്ള കാർഷിക സമരങ്ങൾ പലതും കർഷകരുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി എന്നതിലുപരി സ്വത ന്ത്രഭാരതത്തിനു വേണ്ടിയുള്ളതായിരുന്നു.

ഇരുപതാം നൂറ്റാണ്ടാകുമ്പോഴേയ്ക്ക് ഇന്ത്യയുടെ പലഭാഗങ്ങളിൽ നടന്ന ഒറ്റപ്പെട്ട സമരങ്ങളും കലാപങ്ങളും അന്നേയ്ക്കു മുന്നേറിത്തുടങ്ങിയ ദേശീയ സമരമുറകളാൽ സ്വാധീനിക്കപ്പെടുകയും, അതേ ദേശീയ സമരങ്ങളുടെ മേൽ അവ ഒരു വലിയ മുദ്ര പതിപ്പിക്കുകയും ചെയ്തു.[49] 1920 ഡിസംബറിൽ ഉത്തർ പ്രദേശത്തെ ഫൈസാബാ ദിനടുത്ത അയോദ്ധ്യയിൽ വിളിച്ചു കൂട്ടിയ സമ്മേളനത്തിൽ ഉയർന്ന ജാതിയിലും താഴ്ന്ന ജാതിയിലും പെട്ട കർഷകർ ഒന്നടങ്കം ഒരു ലക്ഷത്തിലേറെപ്പേർ പങ്കെടുത്തു വെന്നും സൂറത്തിലെ ബൽദോളി താലൂക്കിൽ നടന്ന കർഷക സമരങ്ങളുടെ പ്രത്യേ കത അവ നികുതി നിഷേധ രൂപത്തിലാണ് പ്രകടമാക്കപ്പെട്ടത് എന്നതായിരുന്നു എന്നും ബിപിൻചന്ദ്ര രേഖപ്പെടുത്തുന്നു.[50] ജാതിഭേദവും തൊട്ടുകൂടായ്മയും കീഴാളർ മേലാ ളർ വിഭാഗീയതയും തീവ്രമായിരുന്നുവെങ്കിലും സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളിൽ ബ്രിട്ടീ ഷുകാർക്കെതിരെ ഉറച്ച് നിൽക്കാൻ കർഷകർ സന്നദ്ധരായി എന്നത് ഒരു വലിയ വിപ്ല വത്തിന്റെ ആരംഭമായിരുന്നു. അക്കാലത്തെ നിയമലംഘനങ്ങളിൽ ഏറ്റവും സജീവ മായി പങ്കെടുത്തത് കൃഷിക്കാരായിരുന്നു എന്നും ആ കൃഷിക്കാർ പലപ്പോഴും ഗാന്ധിജി അനുശാസിച്ച നിയന്ത്രണങ്ങൾ അനുസരിക്കാതെ മുന്നോട്ടു പോയി എന്നും ഇ.എം.എസ് രേഖപ്പെടുത്തുന്നുണ്ട്.[51] സെമീന്ദാർമാർ ഒരു വ്യവസ്ഥിതിയുടെ ആയുധം മാത്രമാണെന്നും ബ്രിട്ടീഷ് വ്യവസ്ഥയ്ക്കെതിരെ പ്രക്ഷോഭം നടത്തുമ്പോൾ തന്നെ സെമീന്ദാർക്കെതിരെ പ്രക്ഷോഭം നടത്തേണ്ട ആവശ്യമില്ലെന്നും ഉള്ള ഗാന്ധിജിയുടെ വാദഗതി പ്രക്ഷോഭത്തിലേർപ്പെട്ട കൃഷിക്കാർക്ക് സ്വീകാര്യമായി തോന്നാത്ത സന്ദർഭ ങ്ങൾ നിരവധിയുണ്ടായി.[52]

ഇടത്തരം കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും സാമ്പത്തിക ചൂഷണ ങ്ങൾ ഏറ്റവും അധികം അലട്ടി. കാർഷികോത്പന്നങ്ങളുടെ വില കുത്തനെ ഇടിയു കയും തത്ഫലമായി ഉണ്ടായ സാമ്പത്തിക ഞെരുക്കം കർഷകരെ കൃഷി ഇടങ്ങൾ

തരിശായി ഇടാൻ നിർബന്ധിതരാക്കുകയും ചെയ്തു. കടക്കെണിയിൽ വീണു പോയ ഇടത്തരം കൃഷിക്കാർ അവരുടെ തുണ്ട് ഭൂമികൾ പോലും തുച്ഛമായ വിലക്ക് മേലാള ന്മാർക്ക് കൈമാറ്റം ചെയ്യേണ്ട അവസ്ഥ സംജാതമായി. ബ്രിട്ടീഷ് സർക്കാരും ഭൂപ്രഭു ക്കളും പാട്ടം, നികുതി തുടങ്ങിയ അക്രമപിരിവുകൾ തുടർന്നു കൊണ്ടേയിരുന്നു. ഇക്കാ ര്യത്തിൽ കോടതികളും ഭരണയന്ത്രവും കർഷകത്തൊഴിലാളികൾക്കെതിരായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കർഷകരുടെ അതൃപ്തിയെയും നിരാശയെയും വിദ്വേ ഷത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ തിരിച്ചു വിട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് "കൃഷിഭൂമി കർഷകന്" എന്ന മുദ്രാവാക്യം 1935ലെ എ.ഐ.സി.സിയിൽ അംഗീകരിച്ചുവെന്നത് കർഷകതൊഴിലാളി മുന്നേറ്റത്തിന്റെ പ്രധാന വഴിത്തിരിവായിരുന്നു.

### 2.3.3 കിസാൻ സഭയും മാനിഫെസ്റ്റോയും

1920കളുടെ ആരംഭകാലത്തു തന്നെ പല സംസ്ഥാനങ്ങളിലും കൃഷിക്കാരുടെ സഭകൾ രൂപം കൊള്ളാൻ തുടങ്ങി. എങ്കിലും ഈ സഭകളിൽ മിക്കതിന്റെയും നേതൃ സ്ഥാനം കോൺഗ്രസ്സിനു തന്നെയായിരുന്നു. എന്നിട്ടും അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കിസാൻ സഭ രൂപം കൊള്ളുന്നത് 1936- ലെ ലക്നൗ എ.ഐ.സി.സി സമ്മേളനത്തിൽ വെച്ച് മാത്രമാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ കേന്ദ്രസംഘടനയായ എ.ഐ.ടി.യു.സി പോലെ കർഷകർക്കും കാർഷിക പ്രസ്ഥാന ത്തിനും ഒരു കേന്ദ്ര സംഘടന വേണമെന്ന ആഗ്രഹമായിരുന്നു കിസാൻ സഭയുടെ രൂപീകരണത്തിന് പിറകിൽ. പല നേതാക്കൻമാരും ഇതിനായി കിണഞ്ഞ് പരിശ്രമിച്ചു. ഇതിൽ പ്രധാനികൾ എൻ.ജി.രങ്ക, ഇന്ദുലാൽ യജ്ഞിത്, സഹജാനന്ദ സരസ്വതി, മുസാ ഫിർ അഹമ്മദ്, ആചാര്യ നരേന്ദ്രദേവ്, രാഹുൽ സംകൃത്യായനൻ എന്നിവരായിരുന്നു. കൃഷിക്കാർക്കും തൊഴിലാളികൾക്കും രാഷ്ട്രീയാധികാരം നേടിയെടുക്കുക എന്നത് സാമ്പത്തിക ചൂഷണത്തിനെതിരെയുള്ള അവരുടെ മുന്നേറ്റത്തിന്റെ ഉദ്ദേശ്യ ലക്ഷ്യമാ യിരുന്നു. ഇത് ലക്നൗ സമ്മേളനത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്തു. ലക്നൗ സമ്മേളനത്തിൽ അംഗീകരിച്ച കിസാൻ മാനിഫെസ്റ്റോ, പരിപൂർണമായ രാഷ്ട്രീയ സാമ്പത്തികാധികാരങ്ങൾ നേടിയെടുക്കലാണ് കിസാൻ സഭയുടെ മുഖ്യലക്ഷ്യമെന്നും അതിനു വേണ്ടിയുള്ള സമരത്തിൽ കൃഷിക്കാരെ അണിനിരത്തലാണ് സഭയുടെ മുഖ്യ കടമയെന്നും പ്രഖ്യാപിച്ചു.[53] ലക്നൗ സമ്മേളനം പാസ്സാക്കിയ മറ്റു രണ്ടു പ്രമേയ ങ്ങളും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടവയായിരുന്നു. ഒരു പ്രമേയം

വഴി ഭൂപ്രഭുത്വം അവസാനിപ്പിച്ച് കൃഷിക്കാരെ ഭൂവുടമകളാക്കണമെന്ന് ലക്നൗ സമ്മേളനം സർക്കാരിനോടാവശ്യപ്പെട്ടു.[54]

## 2.3.4 കേരളത്തിലെ തൊഴിലാളി കർഷക മുന്നേറ്റങ്ങൾ

കേരളത്തിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ കർഷക സംഘങ്ങൾ സംഘടിക്കാൻ തുടങ്ങിയത്, ഇതര സംസ്ഥാനങ്ങളെക്കാൾ വൈകിയായിരുന്നു എന്നതാണ് ഒരു പ്രത്യേകത. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത കാർഷിക പ്രശ്നങ്ങൾ നിലനിന്നിരുന്നു എന്നതാവാം ഇതിനു കാരണം. മലബാർ ഭൂപ്രദേശത്തെ കാർഷിക പ്രശ്നങ്ങൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും പ്രശ്നങ്ങളിൽ നിന്നും വിഭിന്നമായിരുന്നു. ഇതിനു പ്രധാന കാരണം ഭരണസംവിധാനത്തിലുള്ള പ്രത്യേകതയായിരുന്നു. തിരുവിതാംകൂറും കൊച്ചിയും രാജഭരണത്തിലായിരുന്നു. മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണസംവിധാനമായ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി നിലകൊണ്ടു. ഭൂമി മുഴുവൻ 'പണ്ടാരവക' (രാജാവിന്റെ) ആണെന്ന പ്രത്യേകത തിരുവിതാംകൂറിൽ നിലനിന്നു. അതു കൊണ്ടു തന്നെ അവിടെ ജന്മിത്വത്തിനു പ്രസക്തിയില്ല. എന്നാൽ പ്രത്യേകിച്ച് വടക്കെ മലബാറിൽ ജന്മിചൂഷണങ്ങൾ പ്രബലമായിരുന്നു. ജന്മി-കുടിയാൻ വ്യവസ്ഥിതിയുടെ ക്രൂരമായ മുഖം വടക്കെ മലബാറിൽ തെളിഞ്ഞു കാണാം. തൊഴിൽ ശാലകൾ മലബാർ മേഖലയിൽ താരതമ്യേന കുറവായിരുന്നു. 1859ൽ ആരംഭിച്ച ജയിംസ് ദാറയുടെ കമ്പനിയാണ് വ്യവസായ വൽക്കരണത്തിന്റെ ചിഹ്നമായി തിരുവിതാംകൂറിൽ പ്രത്യക്ഷപ്പെട്ട ആദ്യ കമ്പനി.[55] പിൽക്കാല തൊഴിൽ ശാലകളിൽ തൊഴിലാളികൾ പല വിധ ചൂഷണങ്ങൾക്കും ഇരയായി. ഉദാഹരണമായി, മധ്യസ്ഥരായ മൂപ്പന്മാർക്ക് കമ്മീഷൻ കൊടുക്കാൻ തൊഴിലാളിയുടെ കൂലിയിൽ നിന്നുള്ള പിടുത്തങ്ങൾ, മൂപ്പന്മാർ നടത്തുന്ന പലവ്യഞ്ജന കടകളിൽ നിന്നേ തൊഴിലാളികൾ സാധനങ്ങൾ വാങ്ങാവൂ എന്ന നിബന്ധനകൾ, തൊഴിലാളികൾക്ക് മേൽ ഏർപ്പെടുത്തിയിട്ടുള്ള പിഴകൾ, ഉറുപ്പികയ്ക്ക് മേലെയോ താഴെയോ വരുന്ന ചില്ലറക്കാശ് തൊഴിലാളി നഷ്ടപ്പെട്ടു കൊള്ളണം എന്ന വ്യവസ്ഥ തുടങ്ങിയവ. ഈ ചൂഷണങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ ഭാഗമായി 1922ൽ *കയർ വർക്കേഴ്സ് യൂണിയൻ* സ്ഥാപിതമായി. 1928 ആകുമ്പോഴേയ്ക്കും അതിന് നാല് ശാഖകൾ ഉണ്ടായതായും 1934ൽ അതിന്റെ കീഴിൽ ആദ്യത്തെ കേന്ദ്രീകൃത സമരം നടന്നതായും ടി.കെ.ഉമ്മൻ രേഖപ്പെടുത്തുന്നു.[56]

അധ:കൃത ജാതി സംഘടനകളോടായിരുന്നു ഇത്തരം തൊഴിൽ സംഘടനകൾക്ക് ഏറെ അടുപ്പം. എസ്.എൻ.ഡി.പിയുമായും കെ.പി. വെള്ളോളന്റെ നേതൃത്വത്തിലാരം ഭിച്ച കൊച്ചി പുലയ മഹാജനസഭയുമായും ഈ തൊഴിൽ സംഘടനകൾക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. 1871വരെ, അടിയാന്മാരായ പുലയരെ കൈമാറ്റം ചെയ്യുന്നത് കൊല്ലാനും വിൽക്കാനുമുള്ള അധികാരത്തോടു കൂടിയായിരുന്നു. അടിമയൊന്നിനു ആറു മുതൽ ഒൻപതു വരെ വില നിശ്ചയിക്കപ്പെട്ടിരുന്നു. 1907ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ സാധുജന പരിപാലന സംഘം രൂപം കൊണ്ടു. അയിത്തം ഇല്ലാതാക്കാനും, പൊതു നിരത്തുകളിൽ സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചു കിട്ടാനും, കൃഷി ചെയ്യുന്ന ഭൂമിക്ക് പുലയരെ ഉടമകളാക്കാനും, പള്ളിക്കൂടങ്ങളിൽ പഠിക്കാൻ അവകാശം അനുവദിച്ചു കിട്ടാനും വേണ്ടി സംഘം ഏറെ പോരാടി. ഇതിനർത്ഥം കർഷക- തൊഴിൽ മുന്നേറ്റങ്ങളെക്കാൾ ജാതീയമായ അവശതകൾക്കെതിരെയുള്ള പോരാട്ടങ്ങളാണ് ആദ്യ കാലത്ത് തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ കൂടുതലും നടന്നത് എന്നാണ്.

### 2.3.5 കർഷക സമരങ്ങൾ മലബാറിൽ

കെ.എൻ.പണിക്കരുടെ പഠനങ്ങൾ വ്യക്തമാക്കുന്നത് 1921ലെ മലബാർ ലഹള പ്രധാനമായും ഒരു കാർഷിക കലാപമായിരുന്നു എന്നാണ്.[57] 1836മുതൽ 1921വരെ അനേകം കാർഷിക സമരങ്ങൾ മലബാറിൽ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കലാപങ്ങളിൽ കൊല്ലപ്പെട്ടവരിൽ മിക്കവരും ഹിന്ദുക്കളായിരുന്നു. ലഹളക്കാർ മുസ്ലീംങ്ങളും. അതു കൊണ്ട് പൊതുവെ വർഗീയ കലാപങ്ങൾ എന്ന നിലയിലാണ് അവ ചിത്രീകരിക്കപ്പെട്ടത്. വ്യവസായങ്ങളുടെ അഭാവത്തിൽ കൃഷിയായിരുന്നു അവിടുത്തെ പ്രധാന തൊഴിൽ. ഉണ്ടായിരുന്ന കൈതൊഴിലുകൾ തകർന്നു കൊണ്ടിരിക്കുകയുമായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് മലബാറിൽ ജന്മികൾക്ക് ഭൂമിയുടെ പരമാധികാരം നൽകി പട്ടയം കൊടുത്തു. ഭൂവുടമകളുടെ താത്പര്യം സംരക്ഷിക്കുകയായിരുന്നു കോടതിയുടെയും പോലീസിന്റെയും മുഖ്യ ലക്ഷ്യം. കുടിയായ്മ തികച്ചും ജന്മിത്വത്തിന്റെ അധികാര പരിധിയിലായിരുന്നു. കുടിയൊഴിപ്പിക്കാൻ അവർക്ക് പരിപൂർണ്ണ സ്വാതന്ത്ര്യവും അവകാശവും ഉണ്ടായിരുന്നു. നികുതി ഭാരം, അക്രമ പാട്ടം എന്നിവ കുടിയാനിൽ അടിച്ചേൽപ്പിച്ചിരുന്നു. മലബാർ ലഹളയുടെ മുൻപുള്ള സമരങ്ങളിൽ പ്രധാനമായും പങ്കെടുത്തിരുന്നത് കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു. പണക്കാരായ മുസ്ലീംങ്ങൾ ലഹളയിൽ നിന്ന് വിട്ടു നിൽക്കുക മാത്രമല്ല പലപ്പോഴും ധനികരായ ഹിന്ദുക്കളെ സഹായിക്കുകയും ചെയ്തു.

ഖിലാഫത്ത് കമ്മിറ്റികൾ കുടിയായ്മ പ്രസ്ഥാനങ്ങൾക്ക് സമാന്തരമായാണ് മലബാറിൽ രൂപം കൊണ്ടത്. അതായത് ഖിലാഫത്ത് പ്രസ്ഥാനത്തിന് മലബാറിൽ കർഷകരുടെ പ്രശ്നങ്ങളുമായി ബന്ധമുണ്ടായിരുന്നു. ലഹളയെ ബ്രിട്ടീഷുകാർ നേരിട്ടത് രണ്ടു രീതിയിലായിരുന്നു. പരമാവധി മർദ്ദനോപാധികൾ ഉപയോഗിച്ചു കൊണ്ട് അടിച്ചമർത്തിയും പരിമിതമായ രീതിയിൽ ഭൂപരിഷ്കരണം നടപ്പിലാക്കിക്കൊണ്ടും. പരിമിതമായ രീതിയിലുള്ള ഭൂപരിഷ്കരണ നടപടികളിൽ ഏറ്റവും പ്രധാനം 1930ലെ മലബാർ കൂടിയായ്മാ ആക്ട് ആയിരുന്നു. ഖിലാഫത്ത് പ്രസ്ഥാനങ്ങളും കുടിയാൻ സംഘങ്ങളുടെ പ്രവർത്തനവുമാണ് ഈ ആക്ടിന് വഴി തെളിയിച്ചത്. ഈ കുടിയായ്മാ നിയമത്തിനു പോലും വെറും പാട്ടക്കാർ, കുടിയിരിപ്പ്-കുടികിടപ്പുകൾ എന്നിവയിൽ താമസിക്കുന്ന മറ്റ് ദരിദ്ര ജനവിഭാഗങ്ങൾ എന്നിവരെ വളരെയൊന്നും സഹായിക്കാൻ കഴിഞ്ഞില്ല. അവർക്കു കൂടി ആനുകൂല്യം കിട്ടത്തക്ക രീതിയിലാണ് 1933ൽ രൂപം കൊണ്ട കേരള കർഷക സംഘം പിന്നീട് പ്രവർത്തിച്ചത്.

കുടിയായ്മ പ്രസ്ഥാനം ഭൂവുടമകൾക്കെതിരെ കൃഷിക്കാരുടെ സംഘടിത ശക്തിയെയാണ് തെളിയിച്ചതെന്നും, ഖിലാഫത്ത് പൊതുവെ ഹിന്ദു-മുസ്ലീം വിരോധം ഊതിപ്പെരുപ്പിക്കുകയുണ്ടായില്ല എന്നും സൗമേന്ദ്ര നാഥ ടാഗോർ രേഖപ്പെടുത്തുന്നുണ്ട്.[58] കേരളത്തിൽ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളെ അപേക്ഷിച്ച് മലബാറിൽ കൂടുതൽ അക്രമണങ്ങൾക്കും ചൂഷണങ്ങൾക്കും കർഷകർ വിധേയരായിരുന്നു എന്നതിനാൽ ആ പ്രദേശത്താണ് കർഷക പ്രസ്ഥാനങ്ങൾ കൂടുതൽ കരുത്താർജ്ജിച്ചത് എന്നും അത്തരം ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും പ്രധാന കാരണം അവർണ്ണ ജാതിക്കാരുടെയും അഹിന്ദു ന്യൂനപക്ഷങ്ങളുടെയും സംഘടിത പ്രക്ഷോഭങ്ങളുടെ അഭാവമായിരുന്നു എന്നും ഉള്ള ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.[59] 1937ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു കേരള ഘടകം രൂപം കൊണ്ടു. ജീവൽ സാഹിത്യ സംഘം രൂപീകരിച്ചതും ഇതേ കാലയളവിലാണ്. മലബാറിലെ എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന് തൊഴിലാളികളുടെ ആവശ്യങ്ങളടങ്ങുന്ന ഒരു പത്രിക തയ്യാറാക്കി ആ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി സമരം നടത്തുമെന്ന് ദൃഢപ്രതിജ്ഞയെടുത്തതും കേവലം ഒറ്റപ്പെട്ടതും യാദൃശ്ചികവുമായ സംഭവങ്ങളല്ലെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.[60]

**2.3.5.1 കർഷക സമരങ്ങൾ**

കമ്മ്യൂണിസ്റ്റ് ഒളിപ്രവർത്തനങ്ങളും ഒന്നാം ലോക മഹായുദ്ധത്തിന്റെ പ്രത്യാഘാതങ്ങളും ഗവൺമെന്റിന് തൊഴിലാളി സംഘടനകൾക്ക് എതിരെ മർദ്ദന മുറകൾ സ്വീകരിക്കാൻ നിർബന്ധിതരായി. മൊറാഴയിൽ നടത്താനിരുന്ന കർഷക സമ്മേളനം ഗവൺമെന്റ് നിരോധിച്ചു. ദേശീയ പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൽ നടന്ന തീവ്രസമരങ്ങളും കർഷകരിൽ ഒരു വർഗബോധം സൃഷ്ടിച്ചു. വർഗസമരവും ദേശീയ പ്രസ്ഥാനവും ഒന്നിച്ചു ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി. കാസർകോടു താലൂക്കിലെ കയ്യൂരിൽ വലിയൊരു പ്രക്ഷോഭത്തിന് ഇത് വഴിയൊരുക്കി. പിൽക്കാലത്ത് ഇത് കയ്യൂർ സമരം എന്നറിയപ്പെട്ടു.

**2.3.5.1.1. പുന്നപ്ര വയലാർ സമരം**

തിരുവിതാംകൂറിൽ ചേർത്തല-ആലപ്പുഴ അമ്പലപ്പുഴ പ്രദേശങ്ങളിൽ സായുധ സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. കർഷകരും വ്യവസായ തൊഴിലാളികളും സംഘടിച്ച് ദിവാൻ സി.പി.രാമസ്വാമി അയ്യർക്കും മുതലാളിമാർക്കും ജന്മിമാർക്കുമെതിരെ സമരങ്ങൾ അഴിച്ചു വിട്ടു. പുന്നപ്ര വയലാർ സായുധ സമരം (1946, ഒക്ടോ:27) ഒരു വലിയ വഴിത്തിരിവായിരുന്നു. സമരക്കാർ പോലീസിനെതിരെ ശക്തമായ സായുധ കലാപം നടത്തി ജനശ്രദ്ധയാകർഷിച്ചു. മലബാറിലെ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഈ സമരം ഒരു പുതിയ സന്ദേശമാണ് നൽകിയത്.

**2.3.5.1.2. കരിവെള്ളൂർ സമരം**

മലബാറിലെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കരിവെള്ളൂരിൽ കർഷക സംഘങ്ങൾ നടത്തിയ സമരം ഐതിഹാസികമായി മാറി. ചിറയ്ക്കൽ കോവിലകത്തെ രാമവർമ്മ രാജാവിനെതിരായി കർഷകത്തൊഴിലാളികൾ നടത്തിയ സമരം അവരുടെ മരണത്തിൽ കലാശിച്ചു. ഇത് തൊഴിലാളികൾക്ക് കൂടുതൽ സമരാവേശം പ്രദാനം ചെയ്തു.

കാവുമ്പായി സമരം, കണ്ടക്കൈ മേച്ചിൽ പുല്ലു കേസ്, കുറുമ്പ്രനാട്ടിലെ സമരങ്ങൾ, ഹോസ് ദുർഗ് സബ്ബ് താലൂക്കിലെ പ്രക്ഷോഭങ്ങൾ, മടിക്കൈ കേസുകൾ തുടങ്ങിയവ കർഷകമുന്നേറ്റങ്ങൾക്ക് ആക്കം കൂട്ടി.[61] പയ്യന്നൂരിനു കിഴക്കുള്ള കാങ്കോൽ അംശത്തിലെ കർഷകസംഘം പ്രവർത്തകർ മാവിലാ കുഞ്ഞമ്പു നമ്പ്യാർ എന്ന ജന്മിയുടെ വീട്ടിലേക്ക് 1948 ഏപ്രിൽ 11ന് ജാഥ നയിക്കുകയും അയാളോട് നെല്ല് ആവശ്യപ്പെടുകയും ചെയ്ത സംഭവം കോറോം വെടിവെപ്പിൽ കലാശിച്ചു. കർഷകത്തൊ

ഴിലാളികളുടെ സമരങ്ങൾ ഇങ്ങനെ ഭൂപരിഷ്കരണ നിയമങ്ങൾ കൊണ്ടുവരാനും നട പ്പാക്കാനും കേരളസർക്കാരിനെ പ്രേരിപ്പിച്ചു.

### 2.3.6 ജീവൽസാഹിത്യവും പുരോഗമന സാഹിത്യവും

സാമ്രാജ്യത്വ ചൂഷണത്തിനും യുദ്ധത്തിനുമെതിരെ ആഗോളമായി പ്രതികരിക്കാനും സമൂഹത്തിന്റെ താഴെക്കിടയിലുള്ള ജനവിഭാഗങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപി ക്കാനും വേണ്ടി 1935ൽ പാരീസിൽ വെച്ച് മാക്സിം ഗോർക്കി, റോമാങ് റൊളാങ്ങ്, ഹെന്റി ബാർ ബൂസ്സോ, ആന്ദ്രേ മാൾറോ, തോമസ് മൻ തുടങ്ങിയവരുടെ നേതൃത്വ ത്തിൽ പുരോഗമന സാഹിത്യകാരന്മാരുടെ ഒരു സർവ്വ ദേശീയ സാഹിത്യ സമ്മേ ളനം വിളിച്ചു കൂട്ടി. "ഫാസിസത്തിനെതിരായി സംസ്കാരത്തെ സംരക്ഷിക്കുക" എന്ന തായിരുന്നു പ്രസ്തുത സമ്മേളനത്തിന്റെ പ്രഖ്യാപിത മുദ്രാവാക്യം. ഈ സമ്മേളന ത്തിൽ പങ്കെടുത്ത് ഭാരതത്തിൽ തിരിച്ചെത്തിയ സജ്ജാദ് സഹീർ, മുൽക് രാജ് ആനന്ദ് തുടങ്ങിയവരും ഹിന്ദി സാഹിത്യത്തിലെ പ്രധാനികളിരൊളായ പ്രേം ചന്ദും ചേർന്നുകൊണ്ട് ലക്നൗവിൽ 1936ൽ ഇന്ത്യയിലെ പുരോഗമന സാഹിത്യ പ്രസ്ഥാന ത്തിനു നാന്ദി കുറിച്ചു. 1936ൽ ലക്നൗവിൽ ചേർന്ന എ.ഐ.സി.സി സമ്മേളനം കിസാൻ മാനിഫെസ്റ്റോ അംഗീകരിച്ചു. പുരോഗമന സാഹിത്യപ്രസ്ഥാനവും അന്ന് ഒരു മാനിഫെസ്റ്റോ അംഗീകരിക്കുകയുണ്ടായി. മാനിഫെസ്റ്റോ വ്യക്തമാക്കുന്നു. "ഭാര തീയ സമൂഹത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. പഴയ ആശ യങ്ങളും വിശ്വാസങ്ങളും ജീർണ്ണിക്കുകയും നശിക്കുകയും ചെയ്യുന്നു. പുതിയൊരു സാമൂഹികാസ്തിത്വം ഉദയം ചെയ്തുകൊണ്ടിരിക്കുന്നു. വിപ്ലവാത്മകമായ ഈ മാറ്റ ങ്ങളെ വാക്കുകളിലൂടെ ആവിഷ്കരിക്കുകയും പുരോഗമനപരമായ ഒരു ദിശയിലേക്കു മുന്നേറാൻ മാർഗ നിർദ്ദേശം നൽകുകയും ചെയ്യേണ്ടത് ഇന്ത്യയിലെ എഴുത്തുകാരുടെ ചുമതലയാണ്. ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുകയും മിസ്റ്റിസിസ ത്തിലും തെറ്റായ ആത്മീയതയിലും അഭയം തേടുകയും ചെയ്യുക എന്നത് ഇന്ത്യൻ സാഹിത്യത്തിന്റെ ഒരു സ്വഭാവമായി തീർന്നിട്ടുണ്ട്. തൽഫലമായി ഭാവത്തിലും രൂപ ത്തിലും അത് നിർജ്ജീവവും വിരസവുമായിത്തീരുകയും യുക്തിയും ചിന്തയുമില്ലാതെ ഒളിമങ്ങിത്തളരുകയും ചെയ്തിരുന്നു".[62]

എല്ലാ ഇന്ത്യൻ ഭാഷകളിലെയും പുരോഗമന സാഹിത്യകാരന്മാരെ ഏകോപിപ്പിച്ചു കൊണ്ട് പ്രതിലോമ പ്രവണതകൾക്കെതിരെ സാഹിത്യത്തിലൂടെ പ്രതികരിക്കുക എന്ന

തായിരുന്നു പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യം. ഇതിന്റെ ചുവട് പിടിച്ച് കേരളത്തിലും പുതിയ സാഹിത്യ ചിന്തകൾ ഉടലെടുക്കുകയും 1937ൽ ജീവൽ സാഹിത്യ സംഘടന രൂപം കൊള്ളുകയും ചെയ്തു. ഇത് പിന്നീട് 1944ൽ പുരോഗ മന സാഹിത്യ സംഘടനയെന്ന പേര് സ്വീകരിച്ചു.

### 2.3.7. ദേശാഭിമാനിസ്റ്റഡിസർക്കിളും പുരോഗമനകലാസാഹിത്യസംഘവും

1950-നു ശേഷം ഏകദേശം രണ്ടു ദശാബ്ദം പുരോഗമന സാഹിത്യ പ്രസ്ഥാനം, സംഘടനാപരമായി ദുർബലമായിരുന്നു. ഈ ഇടവേളയിലാണ് മലയാളസാഹിത്യത്തിൽ പ്രതിലോമ ശക്തികളുടെ കടന്നുകയറ്റവും അരാജകവാദത്തിന്റെ രംഗപ്രവേശവും. പുരോഗമനസാഹിത്യപ്രസ്ഥാനം വളർത്തിക്കൊണ്ടുവന്ന സാഹിത്യമൂല്യങ്ങൾ ദുർബ ലമാകുന്ന സാംസ്കാരികാവസ്ഥയിലാണ് അവയുടെ പുനർജീവനസാധ്യതകൾ കണ്ടെത്തി പ്രായോഗികമാക്കാൻ 1969 -ൽ ദേശാഭിമാനി സ്റ്റഡി സർക്കിൾ രൂപംകൊ ള്ളുന്നത്. പുരോഗമന സാഹിത്യസംഘടനയുടെ തുടർച്ചതന്നെയാണിത്. കലയിലെ, സാഹിത്യത്തിലെ മൂല്യച്യുതിയോടും പ്രതിലോമ കാഴ്ചപ്പാടിനോടും എതിരായ സൃഷ്ടിപരവും ദാർശനികവുമായ പോരാട്ടമായിരുന്നു ദേശാഭിമാനി സ്റ്റഡി സർക്കിൾ നടത്തിയത്. സ്റ്റഡി സർക്കിളിന് കമ്യൂണിസ്റ്റ് രാഷ്ട്രീയ നേതൃത്വം ഉണ്ടായിരുന്നെങ്കിലും ഒരു സ്വതന്ത്ര സാംസ്കാരിക പ്രസ്ഥാനമെന്ന നിലയിൽ അത് പ്രവർത്തിച്ചു.[63] വ്യത്യസ്ത വീക്ഷണക്കാരായ സാഹിത്യകാരൻമാരും ബുദ്ധിജീവികളും സാംസ്കാ രിക പ്രവർത്തകരും സ്റ്റഡി സർക്കിൾ വേദിയിൽ ഒത്തുചേർന്ന് ഗൗരവപൂർണ്ണമായ സംവാദങ്ങൾ നടത്തി. ദേശാഭിമാനി സ്റ്റഡി സർക്കിൾ വേദികളിൽ വൈലോപ്പിള്ളി യുടെ നേതൃത്വപരമായ സാന്നിധ്യം ആവേശദായകമായിരുന്നു. 1980-ൽ വൈലോപ്പിള്ളി ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ പ്രസിഡന്റായി. തന്റെ സൗന്ദര്യാത്മകമായ വീക്ഷ ണത്തിന് പോറൽ ഏൽപിക്കാതെ, ആ സാംസാകാരിക പ്രസ്ഥാനത്തിനു കാലചലന ങ്ങൾ കണ്ടറിഞ്ഞ് നേതൃത്വം നൽകാൻ അദ്ദേഹത്തിനു സാധിച്ചു. 1981 മാർച്ച് 12,13,14,15 തീയതികളിൽ ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ നാലാം സംസ്ഥാനസ മ്മേളനം കോഴിക്കോട് നടന്നു. അതിവിപുലമായ ഒരഖിലേന്ത്യാസാഹിത്യ കലാകൂട്ടാ യ്മയായിരുന്നു അത്. സ്റ്റഡി സർക്കിൾ പ്രസിഡന്റ്, കേരളത്തിന്റ മഹാനായ കവി എന്നീ നിലകളിൽ വൈലോപ്പിള്ളിയുടെ സാന്നിധ്യവും അധ്യക്ഷപ്രഭാഷണവും സംവാ ദങ്ങളിൽ ഇടയ്ക്കിടയുള്ള ഇടപെടലുകളും ശ്രദ്ധേയമായിരുന്നു.

ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ നേതൃത്വത്തിൽ, അതിവിപുലമായ ഒരു സ്വാഗ തസംഘത്തിന്റെ ചുമതലയിൽ 1981 ആഗസ്റ്റ് 15,16 തീയതികളിൽ എറണാകുളത്ത് വച്ച വൈലോപ്പിള്ളിയുടെ സപ്തതി ആഘോഷിച്ചു. സർഗ്ഗപ്രതിഭകളുടെയും ബുദ്ധി ജീവികളുടെയും സജീവസാന്നിധ്യംകൊണ്ടും ലക്ഷ്യബോധത്തോടുകൂടിയ കലാസാം സ്കാരിക സംവാദങ്ങൾകൊണ്ടും സമ്പന്നമായിരുന്നു സപ്തതി ആഘോഷം. ഈ ആഘോഷവേളയിലാണ്, ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ തുടർച്ചയായ 'പുരോഗ മന കലാസാഹിത്യ സംഘടന' രൂപവൽക്കരിച്ചത്.[64] ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ ചരിത്രവും അതുവരെയുള്ള അതിന്റെ പ്രവർത്തനങ്ങളും വിലയിരുത്തി ദൗർബല്യ ങ്ങൾ ആവുന്നത്ര പരിഹരിച്ച് ജനകീയാടിസ്ഥാനത്തിലുള്ള സാംസ്കാരിക മുന്നേറ്റ ത്തിന് ക്രിയാത്മക നേതൃത്വം നൽകത്തക്കവിധമാണ് പുരോഗമന കലാസാഹിത്യ സംഘത്തിന് രൂപം നൽകിയത്. ഇക്കാര്യത്തിൽ വൈലോപ്പിള്ളിയുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഏറെ ഉപകരിച്ചു. വൈലോപ്പിള്ളിതന്നെയായിരുന്നു. സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ്. അങ്ങനെ കേരളത്തിലെ ഏറ്റവും വലിയ സാഹിത്യസാംസ്കാ രിക പ്രസ്ഥാനത്തിന് ഔദ്യോഗിക നേതൃത്വവും വഹിക്കുകയുണ്ടായി വൈലോപ്പിള്ളി. സർഗാത്മകതയിൽ എന്നതുപോലെ സംഘടാതലത്തിലും അദ്ദേഹത്തിന്റെ നേതൃത്വം അവിസ്മരണീയവും മാർഗദർശകവുമായിരുന്നു.

എഴുത്തുകാരുടെ സാമൂഹ്യ പ്രതിബദ്ധതയിലൂന്നിക്കൊണ്ടായിരുന്നു ഈ രണ്ട് സംഘടനയുടെയും പ്രവർത്തന ശൈലി. കേരളത്തിലങ്ങോളമിങ്ങോളം പല രൂപത്തിൽ നടന്ന സാമുദായിക പരിഷ്കരണ സംരഭങ്ങളെ കൂടി ഇവയോടു ചേർത്തു വെച്ച് വായി ക്കുമ്പോൾ, വൈലോപ്പിള്ളിയുടെ ആദ്യകാല കവിതകൾ പുറത്തിറങ്ങുന്ന ഈ കാല ഘട്ടത്തിന്റെ പ്രാധാന്യം വ്യക്തമാകും. ഈഴവർ, പുലയർ തുടങ്ങിയ കീഴാളരുടെ പ്രശ്ന ങ്ങളും നായർ, നമ്പൂതിരി സമുദായങ്ങളിലെ അനാചാരങ്ങളും പുരോഗമന സാഹി ത്യപ്രസ്ഥാനത്തിന്റെ പരിധിയിൽ വന്നു. ദേശീയവും സാർവ്വദേശീയവുമായ ഈ വർത്ത മാനകാല പ്രശ്നങ്ങളുടെ പ്രതിഫലനം വൈലോപ്പിള്ളിക്കവിതകളിൽ പ്രകടമാക്കു ന്നതെങ്ങനെയെന്നാണ് തുടർന്ന് പരിശോധിക്കുന്നത്.

## കുറിപ്പുകൾ


1. Michael J Lovaglia, Chana Barron and jeffrey. *A Houser Social development and Human Evolution: Managing the ingroup Boundary*, University of Lowa and Bowling green University (2003) p. 75.
2. Ibid.
3. Ibid.
4. മാർക്സ് & എംഗൽസ്. *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2006. പു. 33.
5. ടി. 60.
6. ശങ്കരൻ നമ്പൂതിരിപ്പാട് ഇ.എം. *കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1992. പു. 50.
7. ചാൾസ് ഡാർവിൻ. *ജീവിവർഗ്ഗങ്ങളുടെ ഉത്ഭവം*, വിവ: ഫിലിപ്പോസ് ജോൺ, കോട്ടയം: ഡി.സി ബുക്സ്, 2002. പു. 25.
8. എംഗൽസ്. *വാനരനിൽനിന്നും നരനിലേക്കുള്ള പരിവർത്തനത്തിൽ അധ്വാനം വഹിച്ച പങ്ക്*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2006. പു. 20.
9. ആർ. സുരേഷ്കുമാർ. *മനുഷ്യന്റെ പരിണാമ ചരിത്രം*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2006. പു. 45.
10. Karl Marx and Frederick Engels. *The German ideology,* Moscow: Progress Publishers, 1964. p. 46
11. ഗോർഡൻ ചൈൽഡ്. *മനുഷ്യൻ സ്വയം നിർമിക്കുന്നു*, വിവ. സി. അച്യുതമേനോൻ, തിരുവനന്തപുരം: കേ.ഭാ.ഇ., 1941. പു.80.
12. ആർ. സുരേഷ്കുമാർ. *മനുഷ്യന്റെ പരിണാമചരിത്രം*, പു. 75.
13. എംഗൽസ്. *കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം*, വിവ. പി.എൻ. ദാമോദരൻപിള്ള, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2007. പു. 40.
14. ടി.പു. 70.
14. ഗോർഡൻ ചൈൽഡ്. *മനുഷ്യൻ സ്വയം നിർമിക്കുന്നു*, പു. 60.
16. ടി.പു. 90.
17. Neeladri Bhatacharya. *Themes in world History,* New Delhi: NCERT, 2006. p. 60.
18. ബർണൽ, ജെ.ഡി. *ശാസ്ത്രം ചരിത്രത്തിൽ*, വിവ. എം.സി. നമ്പൂതിരിപ്പാട്, തിരുവനന്തപുരം: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2000. പു. 80.
19. Antonio Gramsci. *Selections from the prison note books,* ed. and trans. Quintin H Oare and Geoffrey Nowell smith, Hyderabad: Orient Longman, 1996. p. 280.
20. Ibid.
21. ബി. രാജീവൻ. *അന്യവൽക്കരണവും യോഗവും*, കോഴിക്കോട്: മൾബെറി പബ്ലിക്കേഷൻസ്, 1990. പു. 22
22. Luis Althusser. *Lenin and Philosophy*, London: New left Books, 1971. p. 64.
23. രാഘവവാരിയർ & രാജൻഗുരുക്കൾ. *കേരളചരിത്രം*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2004. പു.107.

24. ശങ്കരൻ നമ്പൂതിരിപ്പാട്, ഇ.എം. *കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ*, തിരുവനന്ത പുരം: ചിന്ത പബ്ലിഷേഴ്സ്,1992. പു.13.
25. പണിക്കർ, കെ.എൻ. *സംസ്കാരവും ദേശീയതയും*, തൃശൂർ: കറന്റ് ബുക്സ്, 2002. പു.170
26. ഫ്രാൻസിസ്, ബുക്കാനൻ. *ഫ്രാൻസിസ് ബുക്കാനന്റെ കേരളം*, വിവ: ഡോ. സി.കെ. കരം, തിരുവനന്തപുരം: കേ.ഭാ.ഇ., 1981. പു.67.
27. കുഞ്ഞൻ പിള്ള, ഇളംകുളം. *Studies in Kerala history*, കോട്ടയം: നാഷണൽ ബുക്സ്, 1970. പു.332.
28. രാഘവവാരിയർ, രാജൻ ഗുരുക്കൾ. *കേരള ചരിത്രം*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2004. പു.124.
29. ടി.പു.127
30. ശ്രീധരമേനോൻ, എ. *കേരളചരിത്ര ശില്പികൾ*, കോട്ടയം: നാ.ബു.1988. പു.22.
31. ശങ്കരൻ നമ്പൂതിരിപ്പാട്, ഇ.എം. *കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ*. തിരുവനന്ത പുരം: ചിന്ത പബ്ലിഷേഴ്സ്, 1992. പു. 36.
32. ഗണേശ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ*, തിരുവനന്തപുരം: സാംസ്കാരികപ്രസി ദ്ധീകരണവകുപ്പ്, 1990. പു.196.
33. ബാലകൃഷ്ണൻ, പി.കെ, *ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും*, കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 1997. പു.396.
34. Adrian.C Mayer, *Land and Society in Malabar*, Bombay: 1952. p.26
35. ബാലകൃഷ്ണൻ പി.കെ, *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും*, കോഴിക്കോട്: പുർണ പബ്ലിക്കേഷൻസ്, -1997, പു.396
36. ഇബ്രാഹിം കുഞ്ഞ്, എ.പി, *മാർത്താണ്ഡവർമ്മ-ആധുനിക തിരുവിതാംകൂറിന്റെ ഉദയം*, തൃശൂർ: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 1990. പു.78.
37. ഏ. ശ്രീധരമേനോൻ. *കേരളചരിത്രം*, കോട്ടയം: നാ.ബു., 1967. പു. 92.
38. ടി.പു. 110
39. M.G.S. Narayanan. *Cultural Symbiosis in Kerala*, Thiruvananthapuram: Kerala Historical Society, 1972. p. 56
40. സുബ്രഹ്മണ്യൻ, എൻ. *സംഘകാലഭരണസംവിധാനം: സംഘം തമിഴരുടെ ഭരണവും സാമൂഹിക ജീവിതവും*, കോട്ടയം: ഡിസി ബുക്സ്, 2003. പു.265.
41. ടി.പു.270.
42. കുഞ്ഞൻപിള്ള, ഇളംകുളം. *കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ*, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1970. പു.143.
43. ഗണേശ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ*, പു.227.
44. Robin Jeffrey. *The Decline of Nair Dominence*, New Delhi: 1976. P. 186, 313.
45. രാഘവവാരിയർ, എം.ആർ. *അമ്മവഴി കേരളം*, തൃശൂർ: കേരളസാഹിത്യഅക്കാദമി, 2006 പു.18.
46. ഗണേശ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ*, പു.241.
47. *To make action urgent and its Nature clean.*

    Auden, W.H. *Look Stranger,* London Faber: 1936. P.66.

48. Ooman, T.K. *Issues In the study of Agrarian Movements in India*, Bombay: Popular Prakashan, 1985. P.6-7.
49. Bipin Chandra and others. *India's strugle for Indipendence 1857- 1947*, Newdelhi: Penguin books (India), 1988. P. 198.
50. Ibid. P,199-204.
51. ശങ്കരൻ നമ്പൂതിരിപ്പാട്, ഇ.എം. *ഇന്ത്യൻ സ്വാതന്ത്ര സമര ചരിത്രം-4 ഭാഗങ്ങൾ*, തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1976. P.346.
52. ഗൗരിദാസൻ നായർ, പി. *ഗാന്ധിജിയും ഗാന്ധിസവും*, തിരുവനന്തപുരം: പ്രഭാതം ബുക്സ്, 1962. P.60.
53. പൊതുവാൾ, എ.കെ. *കേരളത്തിലെ കർഷക പ്രസ്ഥാനം*. തിരുവനന്തപുരം: പ്രഭാതം ബുക്സ്, 1976. പു.43.
54. ശങ്കരൻ നമ്പൂതിരിപ്പാട്, ഇ.എം. *ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം*, തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1977. പു. 739.
55. Ooman, T.K. *Issues In the study of Agrarian Movements in India, p. 67*.
56. Ibid. P. 68-69.
57. Panikar, K.N. *Against loard and State-Religion and Peasant uprising in Malabar 1836-1921*, Bombay: Oxford University Press, 1989. p. 80.
58. സൗമ്യേന്ദ്ര നാഥ ടാഗോർ. *മലബാറിലെ കാർഷിക കലാപം*, വിവ: ഡോ.കെ.കെ.എൻ കുറുപ്പ് കാലിക്കറ്റ് യൂനിവേഴ്സിറ്റി: സന്ധ്യ പബ്ലിക്കേഷൻസ്, 1982. പു 75.
59. ശങ്കരൻ നമ്പൂതിരിപ്പാട്, ഇ.എം. *കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ*, തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1984. പു.67.
60. ടി.പു.27.
61. ഗോപാലകൃഷ്ണൻ, പി.കെ. *പുരോഗമന സാഹിത്യ പ്രസ്ഥാനം- നിഴലും വെളിച്ചവും*, തൃശൂർ: കേരള സാഹിത്യ അക്കാദമി, 1987. പു. 197.
62. കെ.കെ.എൻ.കുറുപ്പ്. *കേരളത്തിലെ കർഷകസമരങ്ങൾ*, തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2000. പു.44.
63. എരുമേലി പരമേശ്വരൻപിള്ള. (എഡി.) *വൈലോപ്പിള്ളി*, മാവേലിക്കര: പുരോഗമനകലാ സാഹിത്യ സംഘം, 1987. പു.80.
64. ടി.പു. 40.

### അധ്യായം മൂന്ന്

# വർഗ്ഗാവബോധത്തിന്റെ പരിണാമം വൈലോപ്പിള്ളിക്കവിതകളിൽ

## 3.1 വർഗ്ഗങ്ങൾ

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാഹിത്യത്തിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങളിൽ വെച്ചേറ്റവും പ്രാധാന്യം വർഗ്ഗങ്ങളെന്ന സംജ്ഞക്കുണ്ട്. മനുഷ്യസമൂഹത്തിന്റെ പൂർവ്വകാല ചരിത്രത്തെയും ഭാവിയെയുമെല്ലാം നിയന്ത്രിക്കുന്ന ഏറ്റവും മുഖ്യമായ ശക്തി വർഗ്ഗസമരമാണ്. കമ്യൂണിസ്റ്റ് സമൂഹം നിലവിൽവരുന്നതുവരെ അത് തുടരുമെന്നുള്ള കാഴ്ചപ്പാടാണ് മാർക്സിസം-ലെനിനിസത്തെ മറ്റു തത്വശാസ്ത്രപരമായ സമീപനങ്ങളിൽനിന്ന് വേർതിരിച്ചുനിർത്തുന്നത്.

വർഗ്ഗമെന്ന മലയാളപദത്തിന് ഒരു ജനവിഭാഗമെന്ന പൊതുഅർത്ഥമാണുള്ളത്. ജാതിമതസമുദായങ്ങളെ ഇവയിലോരോന്നിലുമുള്ള സ്ത്രീകളെയും പുരുഷന്മാരെയും തൊഴിൽവിഭാഗങ്ങളെപ്പോലും വ്യത്യസ്ത വർഗ്ഗങ്ങളായി കണക്കാക്കാറുണ്ട്.

ഈ അർത്ഥത്തിലല്ല വർഗ്ഗങ്ങളെന്ന സംജ്ഞ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാഹിത്യത്തിൽ പ്രയോഗിക്കുന്നത്. മുകളിൽ കൊടുത്ത ജനവിഭാഗങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ സാമ്പത്തികജീവിതത്തിന്റെ സംഘടനയിൽനിന്ന് ഉയർന്നുവരുന്ന ചില ജനവിഭാഗങ്ങളെയാണ് വർഗ്ഗങ്ങളെന്ന പദംകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. ലെനിൻ പറയുന്നു:

ചരിത്രപരമായി നിർണയിക്കപ്പെട്ട ഒരു സാമൂഹ്യോൽപ്പാദനവ്യവസ്ഥയിൽ അവർ വഹിക്കുന്ന സ്ഥാനം കൊണ്ടും ഉൽപ്പാദനോപകരണങ്ങളുമായി അവർക്കുള്ള ബന്ധം കൊണ്ടും അധ്വാനത്തിന്റെ സാമൂഹ്യഘടനയിൽ അവർക്കുള്ള പങ്കുകൊണ്ടും ഇതിന്റെയെല്ലാം ഫലമായി അവരുൽപ്പാദിപ്പിക്കുന്ന സാമൂഹ്യബന്ധത്തിൽ നിന്നു കിട്ടുന്ന

ഓഹരിയുടെ അളവുകൊണ്ടും പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്ന ആളുകളുടെ വലിയ ഗ്രൂപ്പുകളാണ് വർഗങ്ങൾ.'

സാമ്പത്തികജീവിതത്തിന്റെ സവിശേഷമായ ഒരു സംഘടനാരൂപത്തിൽ നിന്നാണ് തൊഴിലാളി എന്ന വർഗ്ഗം ഉയർന്നു വന്നത്. തൊഴിലാളികളുടെ വർഗ്ഗതാത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി വിവിധ ജാതിമതവിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾ ഒന്നിച്ചണിനിരക്കുന്നു.

### 3.1.1. തൊഴിലാളികൾ: അധ്വാനിക്കുന്ന ശരീരം

വൈലോപ്പിള്ളിക്കവിതകളിലെ പ്രധാന വർഗ്ഗമാണ് തൊഴിലാളികൾ. കർഷകത്തൊഴിലാളികളും, നിർമ്മാണത്തൊഴിലാളികളും കൈവേലക്കാരും കവിതകളിലെ പ്രധാന കഥാപാത്രങ്ങളാണ്. *തൊഴിലാളി* എന്ന ശീർഷകത്തിൽത്തന്നെ അദ്ദേഹം കവിത രചിച്ചിട്ടുണ്ട്. *മലതുരക്കൽ, വിത്തും കൈക്കോട്ടും, ഗന്ധങ്ങൾ, എന്റെ ഗ്രാമം, വൈദ്രോയിയും കുരങ്ങുസൂപ്പും, ഓണപ്പാട്ടുകാർ, കവിയും കുഷ്ഠരോഗിയും, ഓണക്കളിക്കാർ, കയ്പവല്ലരി, തൊഴിലാളി, കുടിയൊഴിക്കൽ, വേനൽക്കൊരു മഴ, മകരക്കൊയ്ത്ത്, കൊയ്ത്ത് കഴിഞ്ഞ്* എന്നീ കവിതകളിലെല്ലാം തൊഴിലാളികളുടെ അധ്വാനമാഹാത്മ്യം സൂചിപ്പിക്കുന്നു. *കുടിയൊഴിക്കലിലെ* ഏഴാംഖണ്ഡമായ ചീവീടുകളുടെ പാട്ടിലൂടെ തൊഴിലാളിവർഗ്ഗത്തിന്റെ വിജയം കവി പ്രഖ്യാപിക്കുന്നു. അധ്വാനിക്കുന്ന ശരീരത്തിന്റെ വിവിധ രൂപകങ്ങളായാണ് വൈലോപ്പിള്ളി തൊഴിലാളിയെ ചിത്രീകരിക്കുന്നത്.

പ്രകൃതിയും മനുഷ്യാധ്വാനവും കൂടിച്ചേർന്ന് ഒരു സംസ്കാരം രൂപംകൊള്ളുന്നു *മലതുരക്കലിലെ* കൽത്തൊഴിലാളി അത്തരമൊരു ഭാവപ്രപഞ്ചമാണ് സൃഷ്ടിക്കുന്നത്.

"പന്തിരണ്ടുപോയാണ്ടുകൾ, ഉച്ച-
യ്ക്കന്തിയിങ്കലോ നിശ്ചയമില്ല,-
അദ്രിഗഹ്വരസീമയിൽക്കേട്ടാ-
നത്തരുണനാം കൽത്തൊഴിലാളി"[2]

മനുഷ്യാധ്വാനംകൊണ്ട് മലതുരന്ന് റയിൽഗതാഗതമാർഗ്ഗം ഉണ്ടാക്കാൻ തൊഴിലാളികൾക്ക് കഴിയുന്നു. ഏത് മഹാമേരുവിനെയും അധ്വാനംകൊണ്ട് കീഴടക്കാൻ കഴിയും എന്ന് കവി സമർത്ഥിക്കുന്നു. മനുഷ്യശരീരത്തിന്റെ സൗന്ദര്യം അധ്വാനത്തിലൂടെയാണ് പൂർണ്ണമാവുന്നതെന്ന് കവി തിരിച്ചറിയുന്നു.

"വേർപ്പുമുത്തേലും തൊഴി-
ലാളർതൻമെയ്യും, വ്രീളാ-
വായ്പിനാലർദ്ധസ്പൃഷ്ട-
മനുരാഗത്തിൻ ചുണ്ടും"[3]

അധ്വാനിക്കുമ്പോൾ തൊഴിലാളിയുടെ ശരീരത്തിലുണ്ടാവുന്ന വിയർപ്പിനെ മുത്തായി കവി ചിത്രീകരിക്കുന്നു. വിയർപ്പ് അഥവാ അധ്വാനം ഇവിടെ ശരീരത്തിന്റെ അലങ്കാരമായി മാറുന്നു. മുതലാളിത്തത്തിന്റെ വിരുദ്ധമായ ഒരു സൗന്ദര്യബോധമാണ് ഇവിടെ കവി ആവിഷ്കരിക്കുന്നത്. മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിലൂടെ അധ്വാനത്തെ ചിത്രീകരിക്കുന്ന കവിയെ *കവിയും കുഷ്ഠരോഗിയും* എന്ന കവിതയിലും കാണാം.

"വേലതൻ വിയർപ്പിൻമുത്തും,
മൺചെരാതിലും കത്തി-
യാളിടും മർത്ത്യസ്നേഹ-
നർമ്മപൗരുഷ്യങ്ങളും"[4]

ഇവിടെയും വിയർപ്പിനെ മുത്തായി കവി കാണുന്നു. മുത്തുമാല ഉണ്ടാക്കുന്നതും ധരിക്കുന്നതും സൗന്ദര്യബോധത്തിന്റെ ഭാഗമാണ്. അധ്വാനം സൗന്ദര്യബോധത്തിന്റെ ഭാഗമാകുന്നത് അത് ആഹ്ലാദകരമാവുന്നതുകൊണ്ടാണ്.

"വെന്നു നീ തൊഴിലാളി പുലർന്നു
നിന്നുദാരമാം ശ്രാവണമാസം
പേച്ചെഴുതിയതൊക്കെയും മണ്ണിൽ
മായ്ച്ചെഴുതീ നവയുഗഹസ്തം
ക്രൂരദാരുണഭാഷയിൽ, കർമ്മ-
ധീരകേവല മർത്ത്യചരിത്രം."[5]

മനുഷ്യന്റെ കൈകൾ മനുഷ്യചരിത്രത്തെത്തന്നെ മാറ്റിമറിച്ചതായി കവി രേഖപ്പെടുത്തുന്നു. കർമ്മംകൊണ്ടാണ്, പ്രവൃത്തികൊണ്ടാണ് മനുഷ്യപുരോഗതി സാധ്യമാവുന്നത്. അധ്വാനിക്കുന്ന ശരീരത്തിന്റെ ധർമ്മം ഉൽപ്പാദനപ്രക്രിയ മാത്രമല്ല പ്രത്യുൽപ്പാദനം കൂടിയാണ്. മുതലാളിത്ത സമൂഹത്തിൽ ജനസംഖ്യ പ്രശ്നവൽക്കരിക്കപ്പെടു

കയും ഭരണകൂടവും ആശുപത്രിയും മനുഷ്യസ്വകാര്യതകളിലേക്ക് കടന്നുകയറ്റം നടത്തുകയും ചെയ്യുന്നു. ഇതിന് വിരുദ്ധമായ ഒരു കാഴ്ചപ്പാടാണ് വൈലോപ്പിള്ളിക്കുള്ളത്.

"നീടെഴും കുമ്പളവള്ളി പടർന്നോരു
മാടവും, മുറ്റത്തു കൊച്ചുകിടാങ്ങളും
ഭംഗിയിൽ കായനിറഞ്ഞതാണീയിളം-
തെങ്ങു പോലിത്തൊഴിലാളിതൻ ഗേഹവും."[6]

നിറഞ്ഞ തെങ്ങിനോടാണ് തന്റെ കുടുബത്തെ തൊഴിലാളി ബന്ധപ്പെടുത്തുന്നത്. ബഹുകാലികമായ ഒരു സാമൂഹ്യബന്ധമാണ് തലമുറയും പാരമ്പര്യവും. ഇതിന് നിമിത്തമായിരിക്കുന്നതും ശരീരമാണ്. തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചേടത്തോളം അധ്വാനശേഷിയുടെ പുനരുൽപ്പാദനമാണ് തലമുറകളിലൂടെ സംഭവിക്കുന്നത്. അതുകൊണ്ടാണ് ഉൽപ്പന്നത്തിന്റെയും (ഇവിടെ നാളികേരം) പ്രത്യുൽപ്പാദനത്തിന്റെയും (കുട്ടികൾ) ഗണപരമായ ആധിക്യം അയാളെ സന്തുഷ്ടനാക്കുന്നത്. ഈ സൗന്ദര്യവീക്ഷണം മനുഷ്യരുടെ എണ്ണത്തെ സാമൂഹ്യപുരോഗതിയിലെ ഒരു തടസ്സമായി ഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ മുതലാളിത്തസൗന്ദര്യവികസന-സങ്കൽപ്പങ്ങളിൽനിന്ന് വിഭിന്നമായ ഒരു സങ്കൽപ്പമാണ് വൈലോപ്പിള്ളിയുടെ വർഗ്ഗബോധം മുന്നോട്ട് വെക്കുന്നത്. ഭരണകൂടസ്പർശമേൽക്കാത്ത, നൈസർഗ്ഗികമായ ഈ പ്രത്യുൽപ്പാദനസങ്കല്പം വൈലോപ്പിള്ളിക്കവിതകളിൽ സജീവമാണ്. വരുംതലമുറയോടുള്ള ഈ ബഹുകാലികബന്ധം പോലെ പ്രധാനമാണ് പോയ തലമുറയോടുള്ള വൈകാരികബന്ധവും. എന്നാൽ ഇത് അധ്വാനത്തിലൂടെ-ശരീരത്തിലൂടെ സാക്ഷാൽക്കരിക്കപ്പെടേണ്ടതാണ്.

"കൃഷി ചെയ്ക നാം, വിത്താ-
ലംബുവാൽ, മൺപൂകിയ
തൃഷിതന്മാരാം പൂർവ്വർ-
ക്കേകുക തിലോദകം!"[7]

പഴയ തലമുറയ്ക്കുള്ള തിലോദകവും അധ്വാനത്തിലൂടെ അർപ്പിക്കാനുള്ളതാണെന്ന് പറയുന്നതോടെ കവിയുടെ സൗന്ദര്യവീക്ഷണത്തിൽ നിന്ന് അതിഭൗതികമായ ഘടകങ്ങൾ പുറത്താക്കപ്പെടുന്നു. തലമുറയിലൂടെ സൃഷ്ടിക്കപ്പെടുന്ന ലംബതലബന്ധത്തെയാണ് ഇവിടെ ബഹുകാലികമായി ഗണിച്ചത്. അതേവിധം പ്രധാനമാണ്

അധ്വാനപ്രക്രിയയിലൂടെ ഏകകാലികമായി സൃഷ്ടിക്കപ്പെടുന്ന മനുഷ്യരുടെ കൂട്ടായ്മ. ബഹുകാലിക ബന്ധങ്ങളെപ്പോലെ ഏകകാലികബന്ധവും കവി ആവിഷ്കരിക്കുന്നുണ്ട്.

"ഓടച്ചാൽക,ളുടഞ്ഞുപാഞ്ഞു നുരയും
നീരാലൊലിക്കൊൾകയാം,
പാടത്തിൽ കിനിയുന്ന മാറുകിളിഞ്ഞാ-
റാടും കിനാവിങ്കലാം?
ഓടക്കുട്ടകൾ ചൂടിനിന്നു തൊഴിലാ-
ളി സ്ത്രീകളോരത്ത്, മേ-
ലാടച്ചട്ടകളൊട്ടി, യിക്കിളിപെറും-
മട്ടിൽച്ചിരിപ്പൂരസാൽ"[8]

തൊഴിലാളി സ്ത്രീകളുടെ സാമൂഹ്യബന്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. മേലാടച്ചട്ടകളൊട്ടി, യിക്കിളിപെറും മട്ടിൽച്ചിരിപ്പൂരസാൽ എന്ന ബിംബത്തിലൂടെ അധ്വാനത്തിലൂടെയും അതിനായി ചേർന്നു നിൽക്കുന്ന ശരീരത്തിലൂടെയും അനുഭവിക്കുന്ന ആഹ്ലാദമാണ് വെളിപ്പെടുന്നത്. ഈ ഏകകാലികബന്ധം *വിത്തും കൈക്കോട്ടും* എന്ന കവിതയിലും കാണാം.

"നാടാം നാടെല്ലാം
നന്മകൾ വിളയിക്കും
വിത്തും, വിഘ്നത്തിൽ
കൊത്തും കൈക്കോട്ടും
യത്നം ചെയ്യട്ടേ
വിത്തും കൈക്കോട്ടും!"[9]

കർഷകത്തൊഴിലാളികളുടെ അധ്വാനത്താലാണ് വിത്ത് വിതച്ച് നാടായ നാടെല്ലാം നന്മ വിളയിക്കാൻ കഴിയുന്നത്. കർഷകത്തൊഴിലാളികളുടെ സംഘടിതപ്രയത്നം ഇവിടെ വ്യക്തമാണ്. പുരോഗതിക്കുള്ള തടസ്സത്തെ നീക്കുകയാണ് കൈക്കോട്ട് ചെയ്യുന്നത്. കാർഷികഉപകരണങ്ങൾ വൈലോപ്പിള്ളിക്കവിതകളിൽ ശക്തമായ ബിംബമാണ്. യത്നത്താൽ, അധ്വാനത്താൽ നാട്ടിൽ നന്മ വിളയും. ഒന്നിച്ചുനിന്ന് അധ്വാനിക്കുന്ന തൊഴിലാളികളുടെ ചിത്രം '*കൊയ്ത്ത് കഴിഞ്ഞ്*' എന്ന കവിതയിലും കാണാം.

"ഉദ്യമിക്കുന്നു ശര-

മ്മേഘങ്ങൾ മുകളിലും,

കൊയ്ത്തുകാരുടെ ശുഭ്ര-

രൂപങ്ങൾ ചുവട്ടിലും."[10]

ഈ കൊയ്ത്തുകാരികളുടെ വ്യക്തമായ ചിത്രം ആദ്യകൃതിയിലെ ആദ്യകവിതയായ *കന്നിക്കൊയ്ത്തിൽ*ത്തന്നെ ദൃശ്യമാണ്.

"ഒന്നിച്ചാനമ്രമെയ്യോടെ നില്പൂ

കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ"[11]

തൊഴിലാളികളുടെ ശരീരചലനങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന കവി അന്യവൽക്കരണം സംഭവിക്കാത്ത അധ്വാനമെന്ന മാർക്സിയൻ ദർശനത്തെ സമഗ്രമായി ആവിഷ്കരിക്കുന്നുണ്ട്.

**3.1.1.1 അന്യവത്ക്കരണം**

മനുഷ്യജീവിതത്തെ മനുഷ്യജീവിതമാക്കി നിലനിർത്തുന്ന മാനുഷികമായ ജീവിതവ്യാപാരം തന്നെ അടിച്ചേൽപ്പിക്കപ്പെടുന്ന ഒരന്യശക്തിയായി മാറുന്ന സാമൂഹ്യമായ ഒരവസ്ഥാവിശേഷമായിട്ടാണ് മാർക്സ് അന്യവൽക്കരണത്തെ വ്യാഖ്യാനിച്ചത്. മാനുഷികമായ നിലനില്പ്പിന്റെ സഹജവ്യാപാരമായ അധ്വാനം മനുഷ്യനിൽനിന്ന് അന്യപ്പെട്ട് മറ്റൊരു ഭാരമായി അവന്റെ മേൽവന്നു പതിക്കുക:-ഈ അവസ്ഥയെ പരസ്പര ചൂഷണത്തിലൂടെ മാത്രം നിലനിൽക്കാൻ കഴിയുന്ന ചരിത്രകാലഘട്ടങ്ങളുടെ അനിവാര്യമായ അപര്യാപ്തതയായി മാർക്സ് കണ്ടു. അങ്ങനെ മാർക്സ് അന്യവൽക്കരണം എന്ന പരികല്പനയെ ചരിത്രത്തിലാദ്യമായി സ്വകാര്യസ്വത്തിന്റെ നിലനില്പുമായി ബന്ധപ്പെടുത്തി. സ്വകാര്യസ്വത്തിന്റെ നിലനില്പ് ഒഴിവാക്കാനാവാത്തിടത്തോളം കാലം മനുഷ്യന് അവന്റെ സഹജവ്യാപാരമായ അധ്വാനത്തെ അടിച്ചേല്പ്പിക്കപ്പെട്ട ബാഹ്യശക്തിയായിത്തന്നെ കരുതേണ്ടിവരും. ഉത്പ്പാദനശക്തികൾ വികസിക്കുകയും അതനുസരിച്ച് സാമൂഹ്യബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്യുമ്പോൾ സ്വകാര്യസ്വത്ത് ഒരു പഴയചരിത്രസ്മരണയായി മാറാതിരിക്കാൻ സാധ്യമല്ല. കാരണം മനുഷ്യവംശത്തിന്റെ ചരിത്രപരമായ വളർച്ചയിലെ ശൈശവഘട്ടങ്ങളുടെ ഒരനിവാര്യപരിമിതിയാണ് മനുഷ്യൻ മനുഷ്യനെ കൊള്ളയടിക്കുക എന്നത്. ഭൗതികോത്പാദനത്തിന്റെ വളർച്ച, അതായത്, മനുഷ്യൻ പ്രകൃതിയിലേക്കും പ്രകൃതി

മനുഷ്യനിലേക്കും പകരുന്ന പ്രക്രിയയുടെ വികാസം ചൂഷണമില്ലാതെ നിലനിൽക്കാൻ കഴിയുന്ന ഭൗതികസാഹചര്യങ്ങൾക്ക് രൂപം കൊടുക്കുമ്പോൾ സ്വകാര്യസ്വത്ത് ഇല്ലാതായിത്തീരുമെന്ന് മാർക്സ് കണ്ടെത്തി. അങ്ങനെ സ്വകാര്യസ്വത്ത് ഇല്ലാതായിത്തീരുന്ന ഒരു സമൂഹത്തിൽ അധ്വാനം മനുഷ്യന്റെ ഒരു സഹജവ്യാപാരമായിത്തീരുമെന്നും അതോടെ മനുഷ്യത്വത്തിൽനിന്നും ബലമായി പിടിച്ചകറ്റപ്പെട്ട മനുഷ്യൻ അവന്റെ മാനുഷികാസ്തിത്വത്തിലേക്ക് മടങ്ങിവരുമെന്നും മാർക്സ് സിദ്ധാന്തിച്ചു.[12]

### 3.1.1.2. അന്യവത്ക്കരണവും തൊഴിലാളിവർഗ്ഗവും

കമ്യൂണിസ്റ്റ് സമൂഹത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ മാർക്സിനു മുമ്പുതന്നെ നിലനിന്നുപോന്നതാണ്. എന്നാൽ സ്വകാര്യസ്വത്തിനെയും അന്യവത്ക്കരണത്തെയും തമ്മിൽ ബന്ധപ്പെടുത്തുന്നതിലൂടെ മാർക്സ് കമ്യൂണിസത്തെക്കുറിച്ചുള്ള സങ്കല്പങ്ങളെതന്നെ ബാധിച്ചിരുന്ന മതാത്മകമായ അന്യവത്ക്കരണത്തെ സൈദ്ധാന്തികമായി മറികടക്കുകയാണ് ചെയ്തത്. കമ്യൂണിസ്റ്റുസമൂഹത്തെക്കുറിച്ചുള്ള സങ്കല്പത്തെ മാർക്സ് ഭൂമിയിൽ വരാനിരിക്കുന്ന സ്വർഗരാജ്യത്തെക്കുറിച്ചുള്ള സങ്കല്പമെന്നതിലുപരി ചരിത്രയാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു മൂർത്തധാരണയാക്കി മാറ്റി. അങ്ങനെ അന്യവത്ക്കരണത്തെക്കുറിച്ചു നിലനിന്ന പഴയ സങ്കല്പങ്ങളെ അന്യവത്കൃതമായ അധ്വാന(estranged labour) ത്തോട് ബന്ധപ്പെടുത്തുന്നതിലൂടെ അന്യവത്ക്കരണത്തെ ഭൗതികജീവിതത്തിൽ യാഥാർത്ഥ്യത്തിൽ നിലനില്ക്കുന്ന ഒന്നായി അവതരിപ്പിക്കാൻ മാർക്സിനു കഴിഞ്ഞു. മാത്രമല്ല, ഒരു പടികൂടി കടന്ന് തൊഴിലാളിവർഗ്ഗത്തിൽ അന്യവൽക്കരിക്കപ്പെട്ട മനുഷ്യാവസ്ഥയുടെ മൂർത്തമാതൃകയെ മാർക്സ് കണ്ടെത്തുകയും ചെയ്യുന്നു.

ഇവിടെ തൊഴിലാളിവർഗ്ഗം ഒരു ആനുഭവികമാതൃക (empirical model) മാത്രമല്ല, ഒരു സൈദ്ധാന്തിക മാതൃകകൂടിയാണ്. അതായത് തൊഴിലാളിയുടെ ജീവിതത്തിൽ അധ്വാനം അന്യവത്ക്കരിക്കപ്പെടുക എന്നത് ഒരു വസ്തുതയായിരിക്കുമ്പോൾ തന്നെ അത് അന്യവത്കൃതമായ മനുഷ്യാവസ്ഥയെ സമഗ്രമായി പ്രതിനിധീകരിക്കുകയും ചെയ്യുന്നു. അതിനാൽ സ്വകാര്യസ്വത്തിന്റെ ആധിപത്യത്തിനെതിരെ സമരം ചെയ്യുന്ന തൊഴിലാളിവർഗ്ഗം അന്യവൽക്കരിക്കപ്പെട്ട മാനവരാശിയുടെ സമ്പൂർണമോചനത്തിനുവേണ്ടി സമരം ചെയ്യുന്ന വർഗ്ഗമാണ്. മറ്റെല്ലാ വർഗങ്ങളും സ്വന്തം വർഗമേധാവിത്വത്തിനുവേണ്ടി സമരം ചെയ്യുമ്പോൾ തൊഴിലാളിവർഗം സമൂഹത്തിന്റെ വർഗവിഭജിതമായ അവസ്ഥയ്ക്കുതന്നെ എതിരായി സമരം ചെയ്യുന്ന വർഗമാണ്. [13]

### 3.1.1.3. അന്യവൽക്കരണം സംഭവിക്കാത്ത അധ്വാനം

മുതലാളിത്ത സമൂഹത്തിൽ അന്യവൽക്കരണം സംഭവിക്കപ്പെട്ട അധ്വാനമാണുള്ളത്. അവിടെ പ്രാഥമിക ഉൽപ്പാദകന് ഉൽപ്പന്നവുമായി വൈകാരികബന്ധമില്ല. അതിനാൽ തന്നെ അത് അവന് അത്ര ആഹ്ലാദകരവുമല്ല. എന്നാൽ വൈലോപ്പിള്ളിക്കവിതകളിലെ പ്രാഥമിക ഉൽപ്പാദകർ ഇതിൽനിന്ന് വ്യത്യസ്തമായ വീക്ഷണം വച്ചുപുലർത്തുന്നതായി കാണാം. കന്നിക്കൊയ്ത്തുമുതൽ മകരക്കൊയ്ത്തുവരെയുള്ള കവിതകളിലെല്ലാം കർഷകത്തൊഴിലാളികൾ പ്രധാന കഥാപാത്രങ്ങളാണ്. കന്നിക്കൊയ്ത്ത്, കാക്ക, പടയാളികൾ, ഹരിജനങ്ങളുടെ പാട്ട്, തൊഴിലാളി, കൊയ്തുകഴിഞ്ഞ്, വിത്തും കൈക്കോട്ടും, ഓണക്കളിക്കാർ, ഓണപ്പാട്ടുകാർ, ഓണമുറ്റത്ത്, വിട, എന്റെ ഗ്രാമം, ആസ്സാം പണിക്കാർ, ജലസേചനം, സർപ്പക്കാട്, പട്ടിണിപ്പാട്ടുകാർ, ചലനവും ശബ്ദവും, വേനൽപ്പച്ചകൾ തുടങ്ങിയ കവിതകളിലെല്ലാം മണ്ണിൽ പണിയെടുക്കുന്നവരെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നു. ശരീരവും ഉൽപ്പന്നവും തമ്മിൽ ബന്ധപ്പെടുന്നത് അധ്വാനത്തിലൂടെയാണ്. മുതലാളിത്തസാമൂഹ്യവ്യവസ്ഥയിൽ അധ്വാനം പീഡനമായിട്ടാണ് അനുഭവപ്പെടുന്നതെങ്കിൽ വൈലോപ്പിള്ളിയുടെ തൊഴിലാളികൾക്ക് അധ്വാനം ആഹ്ലാദകരമാണ്. അതുകൊണ്ടാണ് രാപ്പകലില്ലാതെ അധ്വാനിച്ച് ഭൂമിയെ സ്വർഗ്ഗസമാനമാക്കാൻ അവർക്ക് കഴിയുന്നത്.

“പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടു പേർ
ഒന്നൊരു വേട്ടുവൻ, മറ്റേതവൻവേട്ട
പെണ്ണിവർ പാരിന്റെ പാദം പണിയുവോർ”[14]

പാടത്തെ പുഞ്ചയ്ക്ക് തേവുന്നത് ഒരു ജോലിയായിട്ടല്ല മറിച്ച് നൈസർഗികമായ ഒരു പ്രവൃത്തിയായിട്ടാണ് അവർ കാണുന്നത്. വെല്ലുവിളികളെ അധ്വാനംകൊണ്ട് ആഹ്ലാദകരമാക്കി മാറ്റാൻ അവർക്ക് കഴിയുന്നു.

“ഇപ്പെരും ക്രൂരതയോടു പോരാടുവോ-
രിപ്പോഴും പുഞ്ചയ്ക്കു തേവുമീ വേട്ടുവർ,

പഞ്ചഭൂതങ്ങളോടങ്കമാടീടുമീ-
പ്പഞ്ചമരത്രേ പെരും പടയാളികൾ.”[15]

പഞ്ചഭൂതങ്ങളോട് യുദ്ധം ചെയ്യുക എന്ന വെല്ലുവിളി അവർ ഏറ്റെടുക്കുന്നത് അന്യവൽക്കരണം സംഭവിക്കാത്ത അധ്വാനബോധമുള്ളതുകൊണ്ടാണ്. പ്രകൃതിയെ കീഴടക്കുന്ന മനുഷ്യാധ്വാനം തന്നെയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

വേല തന്നെയാണ് സൗന്ദര്യം എന്ന ആശയത്തിലേക്ക് കർഷകത്തൊഴിലാളികൾ എത്തിച്ചേരുന്നത് ഈ ദർശനത്തിന്റെ പിൻബലത്താലാണ്. ഉപഭോക്തൃസമൂഹത്തിൽ ചേല് പ്രധാനമാവുകയും വേല അപ്രധാനമാവുകയും ചെയ്യുന്നു. ഇതിന് നേർവിപരീതമായ കാഴ്ചയാണ് നാം 'കാക്ക'യിൽ കാണുന്നത്.

"ചേലുകൾ നോക്കുവോളല്ല നാനാ-

വേലകൾ ചെയ്യുവോളിക്കിടാത്തി."[16]

ചേല് x വേല എന്ന ദ്വന്ദ്വം രണ്ട് സൗന്ദര്യസങ്കല്പങ്ങളെ ആവാഹിക്കാൻ കവിയുന്നതാണ്. അധ്വാനമാണ് ശരീരത്തിന്റെ സൗന്ദര്യം എന്ന് കരുതുന്ന തൊഴിലാളിവർഗ്ഗസൗന്ദര്യബോധമാണ് ഒന്ന്. ശരീരം-അധ്വാനം- ഉൽപ്പന്നം-ആഹ്ലാദം എന്ന തുടർച്ചയാണ് ഈ സൗന്ദര്യസങ്കൽപ്പത്തിന്റെ സവിശേഷത. എന്നാൽ അധ്വാനവും ഉൽപ്പന്നവും തമ്മിൽ അതുവഴി അധ്വാനവും ശരീരവും തമ്മിൽ അന്യവൽക്കരണം നടക്കുകവഴി രൂപപ്പെടുന്ന സൗന്ദര്യബോധമാണ് രണ്ടാമത്തേത്. അവിടെ ശരീരം അലങ്കരിക്കാനും വസ്തുവൽക്കരിക്കാനും പ്രദർശിപ്പിക്കാനുമുള്ളതാണ്. മുതലാളിത്ത ഉൽപ്പാദനപ്രക്രിയ സൃഷ്ടിച്ച സൗന്ദര്യസങ്കൽപ്പമാണിത്. കവിതയിലെ 'ചേല്' മുതലാളിത്ത സൗന്ദര്യസങ്കൽപ്പത്തെയും 'വേല' തൊഴിലാളിവർഗ്ഗസൗന്ദര്യസങ്കൽപ്പത്തെയും ധ്വനിപ്പിക്കുന്നതാണ്. അധ്വാനമാഹാത്മ്യത്തിൽ മറ്റെല്ലാം മറക്കുന്ന തൊഴിലാളികളെ നമുക്ക് 'കൊയ്തുകഴിഞ്ഞ്' എന്ന കവിതയിലും ദർശിക്കാം.

"ആശകൾ പോലെ നീണ്ടു

പിണയും വരമ്പത്തൂ-

ടാവതും ചുരുട്ടേറ്റി-

പ്പോകയാം പണിയാളർ."[17]

ചിന്തയിൽനിന്ന് വേർപെട്ട കേവലമായ അധ്വാനമാണ് കൂലിവേല. കേവലമായ അധ്വാനം കേവലമായ ചിന്തപോലെ ഒരന്യശക്തിയായി മനുഷ്യനെ വിട്ടുപോകുന്നു. ചിന്ത അമൂർത്തമായ ഒരു അന്യമിഥ്യയായി മാറുമ്പോൾ അതോടൊപ്പം അധ്വാനം മൂർത്തമായ ഒരന്യയാഥാർത്ഥ്യമായി മാറുന്നു. സ്രഷ്ടാവ് കൂലിത്തൊഴിലാളിയാകു

മ്പോൾ സൃഷ്ടി സ്രഷ്ടാവിന്റെ നിഷേധമായിത്തീരുന്നു. അന്യശക്തിയായി മൂർത്തരൂപമെടുക്കുന്ന മനുഷ്യന്റെ ജീവിതവ്യാപാരം മനുഷ്യനെ അടിമയാക്കുന്നു. ഉൽപ്പന്നങ്ങൾ ഉൽപ്പാദകനെ ഭരിക്കുന്നു. സ്രഷ്ടാവായ മനുഷ്യൻ ഇച്ഛയറ്റ വസ്തുവായി, ചരക്കായി തരംതാഴുന്നു. ചിന്തയിൽനിന്ന് തെറ്റിപ്പിരിഞ്ഞ കേവലമായ അധ്വാനത്തിന്റെ മൂർത്തി (മൂലധനം) മനുഷ്യനെ അടക്കിവാഴുന്ന ഒരു കാലഘട്ടത്തിന്റെ പ്രത്യയശാസ്ത്രപരമായ പ്രതിരൂപമാണ് മനുഷ്യനെ നിഷ്ക്രിയനായി കാണുന്ന ഭൗതികവാദം. ചരിത്രത്തിൽ മനുഷ്യനെ നിഷ്ക്രിയഘടകമായി കാണുന്ന ഈ ഭൗതികവാദമാണ് മുതലാളിത്തയുഗത്തിന്റെ സവിശേഷ ദർശനം. ഇവിടെ തൊഴിലാളി ഇച്ഛയറ്റവനല്ല. ആഗ്രഹമുള്ളവനും പ്രതീക്ഷയുള്ളവനും തന്റെ ജോലിയിൽ ആഹ്ലാദം കണ്ടെത്തുന്നവനുമാണ്. അധ്വാനം കേവലം ആഹ്ലാദം മാത്രമല്ല വെളിച്ചമായിത്തീർക്കുന്ന അമ്മൂമ്മയുടെ വാങ്മയചിത്രം കവി ആവിഷ്കരിക്കുന്നുണ്ട്.

"ഉണ്ടു വേറൊരു വെട്ടം;
        കമ്പനിപ്പണി തീർന്നു
കണ്ണുനട്ടില്ലംപൂകും
        തൊഴിലാളർക്കും മറ്റും
മൂന്നു കാശിനു ചൂട്ടു
        വിൽക്കുവാൻ വഴിവക്കിൽ
കൂന്നുകാത്തിരിക്കുന്നോ-
        രമ്മൂമ്മയുടെ ദീപം."[18]

വേലകൊണ്ട് തന്റെ പട്ടിണിമാറ്റുക മാത്രമല്ല സമൂഹത്തിനാകെ പ്രകാശപൂർണ്ണമാക്കാൻ അമ്മൂമ്മയ്ക്ക് കഴിയുന്നു. മുതലാളിത്തത്തിന്റെ നവയുവസൗന്ദര്യസങ്കല്പങ്ങളെ തകർക്കാൻ ഈ ബിംബത്തിന് കഴിയുന്നു. അമ്മൂമ്മയുടെ ദീപം എന്ന ബിംബത്തിലൂടെ അന്യവൽക്കരിക്കപ്പെടാത്ത അധ്വാനത്തെ ധ്വനിപ്പിക്കാൻ കവിക്ക് കഴിയുന്നു. ഇവിടെ വേല കൂലിവേലയായി തരംതാഴാതെ സാമൂഹ്യസേവനമായി മാറുന്നു. സൃഷ്ടി സ്രഷ്ടാവിന്റെ നിഷേധകമല്ല, പൂരകമാണ്. ഈ അധ്വാനസങ്കല്പമാണ് *കേരളകവി* എന്ന കവിതയിലും കവി ചിത്രീകരിക്കുന്നത്.

"മൈതളർന്നെങ്ങും കൃഷി
ചെയ്യവേ, ഞങ്ങൾക്കുണ്ടായ്

ഐതിഹാസിക വീര-

സാഹസികതാവേശം."[19]

കൃഷി ചെയ്യുന്നതിൽനിന്ന് തൊഴിലാളികൾക്ക് ഐതിഹാസികമായ വീരസാഹസികതാവേശമാണുണ്ടാവുന്നത്. ശരീരംകൊണ്ടദ്ധ്വാനിക്കുമ്പോൾ അവർക്ക് ഇത്തരത്തിലുള്ള ഒരനുഭൂതി ലഭിക്കുന്നത് ഈ അധ്വാനം അന്യവൽക്കൃതമല്ലാത്തതുകൊണ്ടാണ്.

ശരീരം- അധ്വാനം-ഉൽപ്പന്നം-ആഹ്ലാദം എന്ന തൊഴിലാളിവർഗ്ഗസൗന്ദര്യബോധമാണ് ഈ വരിയിലും സ്പഷ്ടമാകുന്നത്. വേല ചെയ്യുന്നതിൽ കവിയ്ക്കെന്നും ആനന്ദം തന്നെയായിരുന്നു.

"പഴയൊരു പുള്ളുവനാണല്ലോ ഞാൻ

പായും കുടയും നെയ്യും, പിന്നെ-

പ്പല കൈവേലകൾ ചെയ്യും."[20]

കൈവേലകൾ ചെയ്യുന്നത് കേവലം ഉപജീവനമാർഗ്ഗത്തിന് വേണ്ടിയല്ല. അതിലൂടെ തൊഴിലാളിക്ക് ആഹ്ലാദം അനുഭവിക്കാൻ കൂടി കഴിയുന്നതായി കവി കൽപ്പിക്കുന്നു. കൂലിവേലക്കാരനായതുകൊണ്ടല്ല പഴയൊരു പുള്ളുവനായതുകൊണ്ടാണ് തൊഴിലാളി പായും കുടയും നെയ്യുന്നത്. അധ്വാനം ഇവിടെ സർഗാത്മകമാകുന്നു, അന്യവൽക്കരിക്കപ്പെടാത്തതാകുന്നു. ശരീരം-അധ്വാനം-ഉൽപ്പന്നം- ആഹ്ലാദം എന്ന മാർക്സിസ്റ്റ് സൗന്ദര്യസങ്കല്പം ഇവിടെയും വ്യക്തമാവുന്നു.

"വെട്ടിയെരിച്ചേൻ ഞാനാക്കാ,ടൊരു

മഞ്ഞച്ചേരയിഴഞ്ഞു മറഞ്ഞു

നട്ടു നനച്ചേനവിടെക്കേര-

ത്തയ്യുകൾ, വാഴ,യടയ്ക്കാമരവും."[21]

കേരത്തയ്യുകളും വാഴയും അടയ്ക്കാമരവും നട്ടുനനയ്ക്കുന്നതിൽ ആഹ്ലാദം കണ്ടെത്തുന്ന കവിയെയാണ് നമുക്കിവിടെയും കാണാൻ കഴിയുന്നത്. *വർഷാഗമ*ത്തെ അധ്വാനവുമായി ബന്ധപ്പെടുത്തിയാണ് കവി അവതരിപ്പിക്കുന്നത്.

"മുറ്റത്തു വൈക്കോൽത്തുറു സജ്ജമാക്കി-

യറയ്ക്കകം നെല്ലുനിറച്ചൊരുക്കി,

മേഘപ്പുലക്കള്ളികൾ വിത്തു വീശും
മേളത്തെ നോക്കുന്നു കൃഷീവലന്മാർ."[22]

തങ്ങൾ ചെയ്യേണ്ടതെല്ലാം ചെയ്ത് വർഷാഗമത്തെ പ്രതീക്ഷിക്കുന്ന കൃഷീവലന്മാരുടെ അധ്വാനം അന്യവല്ക്കരണം സംഭവിക്കാത്തതാണ്. അവർ ആഹ്ലാദഭരിതരാണ്. വർഷാഗമംപോലും വിത്തു വിതയ്ക്കലാണ് വൈലോപ്പിള്ളിക്ക്. അധ്വാനത്തിൽ ആഹ്ലാദം കൊള്ളുന്ന കർഷകത്തൊഴിലാളികളുടെ മറ്റൊരു ചിത്രം താഴെ കൊടുക്കുന്നു.

"കണ്ടീല ഞാനവരണ്ട ചെമ്മണ്ണിന്റെ
തണ്ണീർ നറുംപാൽ കറന്നേകിയീവിധം
ഊട്ടിയീ നൽച്ചമയങ്ങളെ, മക്കളെ-
പ്പോറ്റുമാക്കർഷകദമ്പതിമാർകളെ"[23]

ഇവിടെ തൊഴിലാളികളുടെ ആത്മാർപ്പണബോധം തെളിഞ്ഞുകാണാം. ശരീരാധ്വാനത്താൽ ലഭിക്കുന്ന ഉൽപ്പന്നം അവർക്ക് മക്കളെപ്പോലെയാണ്. മുതലാളിത്ത സമൂഹത്തിലേത്പോലെ ഇവിടെ സൃഷ്ടി സ്രഷ്ടാവിന്റെ നിഷേധമായിത്തീരുന്നില്ല. അന്യശക്തിയായി മൂർത്തരൂപമെടുക്കുന്ന മനുഷ്യന്റെ ജീവിതവ്യാപാരം മനുഷ്യനെ അടിമയാക്കുന്നില്ല. ഉൽപ്പന്നങ്ങൾ ഉൽപ്പാദകനെ ഭരിക്കുന്നില്ലെന്ന് മാത്രമല്ല അവ തമ്മിൽ വൈകാരികബന്ധത്തിലാണ്. ഇങ്ങനെ മാർക്സിസ്റ്റ് മാതൃകയിലുള്ള അന്യവൽക്കരണം സംഭവിക്കാത്ത അധ്വാനം വൈലോപ്പിള്ളിക്കവിതകളിലെ പ്രാഥമിക ഉൽപ്പാദകരിൽ കാണാം. എന്നാൽ മധ്യവർഗ്ഗത്തിൽ ഇതിന് വിപരീതമായ കാഴ്ചയാണ് കാണാൻ കഴിയുക.

### 3.1.2. മധ്യവർഗം

തൊഴിലാളികളുടെയും അധികാരിവർഗത്തിന്റെയും ഇടയിലുള്ളവരാണ് മധ്യവർഗം. കർഷകരും മറ്റ് ഇടനിലക്കാരും ഇതിൽ ഉൾപ്പെടുന്നു. കീഴാളർക്കും മേലാളർക്കും ഇടയിലാണ് ഇവരുടെ സ്ഥാനം. മധ്യവർഗത്തിന്റെ സംഘർഷം വൈലോപ്പിള്ളിക്കവിതകളിൽ നിറഞ്ഞ് കാണാം. *കുടിയൊഴിക്കൽ, കണ്ണീർപ്പാടം, യുഗപരിവർത്തനം, കേരളകവി, വിരുന്നുകാരൻ, ജലസേചനം, ഓണപ്പാട്ടുകാർ* എന്നീ കവിതകളിൽ ഈ സംഘർഷം കാണാം. വേലോപ്പിള്ളിയുടെ ഏകഖണ്ഡകാവ്യമായ *കുടിയൊഴിക്കൽ* മധ്യവർഗത്തിന്റെ സജീവസാന്നിധ്യമുള്ള കൃതിയാണ്. മുതലാളിത്തം വികസിച്ചതി

നുശേഷമുള്ള പെറ്റിബൂർഷ്വാസിയെ ഇതിൽ നമുക്ക് കാണാൻ കഴിയില്ല. ജന്മിത്ത ത്തിനും മുതലാളിത്തത്തിനും ഇടയിലുള്ള അന്തരാളഘട്ടത്തിലൂടെ കടന്നുപോകുന്ന യാളാണ് ഇതിലെ നായകൻ.

മധ്യവർത്തിയുടെ യഥാർത്ഥത്തിലുള്ള സന്ദേഹാവസ്ഥ മറ്റൊരു കൃതിയിലും ഇത്ര തനിമയോടെ കാണുകയില്ല. മുതലാളിത്തത്തിന്റെതായ സാമൂഹ്യാവസ്ഥയിൽ മനു ഷ്യന് അവനെക്കുറിച്ചുള്ള സങ്കല്പം യഥാർത്ഥമല്ല. കവിയിലെ മാനസികമായ സംഘർഷത്തിലൂടെയാണ് കവിത ഉയിർക്കൊള്ളുന്നത്. കവിയും നായകനും ഒരാളാ ണെന്ന് സൂചന നൽകുന്നതോടൊപ്പം നായകന്റെ മരണശേഷം കഥ പറയുകയാണ് എന്ന രീതിയിലാണ് ആഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്.

ഉണ്ട് നാലും കൂട്ടി മുറുക്കി സുഖസമൃദ്ധിയിൽക്കഴിയുന്ന നായകൻ സാമുദായിക വ്യവസ്ഥയുടെ മണിമേടയിലാണ്. പട്ടിണി പാരിനെയാകെ കാർന്ന് തിന്നുമ്പോഴും പട്ടു മെത്ത കൈവിടാതിരിക്കാനുള്ള മാനസികഭാവം അയാൾക്ക് സമ്മാനിച്ചത് പൂർവ്വസം സ്കാരമാണ്. താഴത്തെ ലോകവുമായി യാതൊരു ബന്ധവുമില്ലാതെ താഴെയുള്ളവർ പണിതുയർത്തിയ നാലുകെട്ടിൽ കഴിയാൻ മോഹിക്കുന്നവനാണ് അയാൾ. അധഃസ്ഥിത വർഗത്തെ സ്വന്തം ജീവിതസാഹചര്യങ്ങളെ പുഷ്ടിപ്പെടുത്താനുള്ള വാസന തന്റെ വർഗം സമ്മാനിച്ചതാണ്. ദേവകിന്നരവിശ്വാസങ്ങൾ പണിതുയർത്തിയ കാവുകൾ അയാ ളുടെ നിലനിൽപ്പിനെ സുരക്ഷിതമാക്കുകയും ചെയ്തിരുന്നു. ഊന്നുവടിയുണ്ടായിരു ന്നത്, വ്യവസ്ഥിതി നൽകിയ ആഭിജാത്യത്തിന്റെ വെള്ളികെട്ടിയ ചൂരലാണ്. എന്നാൽ പൂർവ്വവ്യവസ്ഥിതിയുടെ തകർച്ച അവശേഷിപ്പിച്ചതാണ് നായകനുൾക്കൊള്ളുന്ന ഇട ത്തരക്കാരന്റെ വർഗം. ആ തകർച്ചയാണ് നായകനെ അധഃസ്ഥിതവർഗത്തെക്കുറിച്ചറി യാനും പുരോഗമനപരമായി ചിന്തിക്കാനും സ്നേഹിക്കാനും പ്രേരിപ്പിക്കുന്നത്. അയാൾ മേലെയും താഴെയുമുള്ള രണ്ടു തട്ടിലും ചേരാൻ കഴിയാതെ ചാഞ്ചാട്ട സമന്വിതമായ നില വിധിക്കപ്പെട്ടവനാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മനോഭാവം ചാഞ്ചാ ട്ടമുൾക്കൊള്ളുന്നു. സ്വന്തം വർഗത്തിന്റെ സംസ്കാരം തൊഴിലാളിവർഗത്തെ അടിമ കളായി കാണാൻ പ്രേരിപ്പിച്ചു. ജീവിതപ്രാരാബ്ധങ്ങളുടെ രൂക്ഷതയിൽ മദ്യപാനി യായി തീർന്ന തൊഴിലാളി കോലാഹലമുണ്ടാക്കുമ്പോൾ അയാളെ കുടിയൊഴിപ്പിച്ച് ശല്യം തീർക്കാനുള്ള മാർഗം ആരായുകയാണ് നായകൻ ചെയ്യുന്നത്. തൊഴിലാളിയെ ഏത് പീഡനമേൽപ്പിക്കാനും മടിയില്ല. സ്വന്തം നിലനിൽപ്പാണ് പ്രശ്നം.

"പാതയിങ്കൽ വന്നാജ്ഞയാൽ നിന്നെ
ക്കാതിനു പടിച്ചെൻ മുന്നിൽ നിർത്തി."[24]

എന്നിടത്ത് മേലാളന്റെ മനോഭാവം പ്രകടമാവുന്നു. ശരീരം വൈലോപ്പിള്ളിക്കവിതയിൽ പ്രധാനരൂപകമാണ്. കാതിനു പിടിക്കുക എന്ന പ്രയോഗത്തിലൂടെ അധികാരശാസന വ്യക്തമാവുന്നു. അധ്വാനിക്കുന്ന തൊഴിലാളിയുടെ ശരീരത്തെ നിയന്ത്രിക്കാനുള്ള ശ്രമമാണ് നായകൻ നടത്തുന്നത്. തന്നെ പിടികൊടുക്കാതെ തൊഴിലാളിയെ ചൂഷണം ചെയ്യാനുള്ള കപടമാനസികാവസ്ഥയുൾക്കൊള്ളുന്നവനാണ് അയാൾ. തൊഴിലാളിയുടെ പ്രതിഷേധ വചസ്സുകൾക്ക് അതിനെതിരെ പ്രത്യക്ഷത്തിൽ തിരിച്ചടിച്ചു കൊണ്ടുള്ള സത്യസന്ധമായ പ്രതികരണമല്ല അയാളിൽനിന്നുണ്ടാവുന്നത്.

സ്നേഹിതൻ പോലെ നിൻകരമാർന്നു
ഗേഹമുറ്റത്തു കൊണ്ടുഞാൻ നിർത്തി[25]

തൊഴിലാളികൾക്കിടയിലുണ്ടായിരുന്ന ശരീരബന്ധം സ്നേഹപൂർണ്ണവും സഹവർത്തിത്വത്തിന്റേതുമായിരുന്നു. ഇവിടെ അത് വഞ്ചനയുടെതാണ്. മുഖംമൂടിയണിഞ്ഞ് സ്നേഹിതനെപ്പോലെ കൈപിടിച്ചനുനയിച്ചിട്ട് കരണത്താഞ്ഞു പ്രയോഗിക്കുകയാണയാൾ. ഈ അടി തൊഴിലാളി പ്രാകൃതനാണെന്ന ബോധത്തിന്റെ ഫലമാണ്. തൊഴിലാളിപെൺകുട്ടിയുമായുള്ള സ്നേഹബന്ധത്തിൽ അവളെ വഞ്ചിച്ചതിന് ശേഷം,

"എന്നെയിഷ്ടപ്പെടുന്നതാത്തയ്യി-
ന്നന്തരംഗമ,ല്ലർദ്ധദാരിദ്ര്യം"[26]

എന്ന ഒഴികഴിവാലോചിക്കുന്നിടത്തും ഉപരിവർഗ്ഗമാനസികാവസ്ഥയാണ് അയാളെ ഭരിക്കുന്നത്. അത്തരം ഒരു സാമൂഹ്യാന്തരീക്ഷത്തിൽ സ്വാഭാവികമായി കാണാറുള്ള മാനസികാവസ്ഥയാണ് ഇത്. തൊഴിലാളിയുടെ കൊച്ചുമാടം കത്തിനശിക്കുമ്പോൾ 'പൊൻമലരണിക്കൊന്നപോൽ' നോക്കിക്കാണുന്നവരാണ് ഇദ്ദേഹത്തിന്റെ പൂർവ്വികർ. ക്രൂരമായ ആ പാരമ്പര്യത്തിൽനിന്ന് നായകൻ മോചനം നേടുന്നില്ല. അതിന്ശേഷം പത്തു വെള്ളി കൊടുത്ത് തൊഴിലാളിയെ ഒറ്റിയെടുക്കാനാണ് അയാൾ ശ്രമിക്കുന്നത്. ഈ ഉപരിവർഗ്ഗസംസ്കാരം ആന്തരികമായും അടിസ്ഥാനമായും ഉൾക്കൊള്ളുമ്പോൾതന്നെ സ്വന്തം വർഗത്തിന്റെ തകർച്ച കഥാനായകനെ യഥാർത്ഥജീവിതത്തിലേക്ക് എത്തിക്കുകയും പുരോഗതിയുൾക്കൊള്ളാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഈ ഒരു ഘട്ടം-ഇടത്തരക്കാരന്റെ ജീവിതഘട്ടം-ചരിത്രത്തിന്റെ അനിവാര്യതയാണ്. അവിടെ "കുടിയൊഴിക്കൽ കവിതയാണ്; നല്ല കവിതയാണ്: നമ്മുടെ കാലഘട്ടത്തിന്റെയും വർഗത്തിന്റെയും കവിതയാണ്"[27] എന്ന വാര്യരുടെ അഭിപ്രായം സാർത്ഥകമാവുന്നു ഇത്. ഇടത്തരക്കാരന്റെ സംസ്കാരത്തിന്റെ ട്രാജഡിയാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. നായകന് എന്നും പുതിയ ലോകം ഒരു സ്വപ്നമായിരുന്നു. പൂർവസംസ്കാരം അടിച്ചേൽപ്പിച്ച ജീവിതസാഹചര്യങ്ങളും മാനസികഅടിമത്തവും മൂലം ആ സ്വപ്നം മനസ്സിൽ ചീഞ്ഞളിയാൻ വിധിക്കപ്പെട്ടു. പാരമ്പര്യമായി കിട്ടിയ നിഷ്ക്രിയത്വം കർമ്മോന്മുഖരെ തടവിലിട്ടുകളഞ്ഞു. അതിൽനിന്ന് മോചനം നേടാൻ കഴിയാതെ പുരോഗതിയിലേക്ക് ഉറ്റുനോക്കിക്കൊണ്ടു നില്ക്കുകയാണ് അയാൾ. ഒരു ചങ്ങലയായി പൂർവസംസ്കാരം പിടിമുറുക്കുമ്പോൾ കാലുകൾ പുരോഗതിയുടെ പാതയിലേക്ക് നീങ്ങുന്നു. എന്നാൽ ഊന്നിച്ചവിട്ടാൻ കഴിയുന്നുമില്ല. സംശയഗ്രസ്തമായ ഈ ഒരവസ്ഥ ഈ കഥാപാത്രത്തിന്റെ ക്രിയാപ്രവണതകള കൊന്നുകളഞ്ഞു. അയാൾ കാപട്യത്തിന്റെ കുലീനമായ പുഞ്ചിരിയോടൊപ്പം സത്യാഭിമുഖമായൊരു മനസ്സ് ഉൾക്കൊള്ളുന്നു. അതുകൊണ്ട് മണിമേടയിൽ കഴിയുമ്പോഴും തൊഴിലാളികളുടെ ശബ്ദം കേൾക്കാൻ അയാൾക്ക് കഴിയുന്നു. മൂഢഹാസത്തിൽ പൊതിഞ്ഞു വെക്കുന്ന തന്റെ ഹൃദയം രോഗഗ്രസ്തമാണെന്നറിയാം. സത്യം ജയിക്കുമെന്നറിയാം. യാഥാർത്ഥ്യത്തിന്റെ പരുപരുപ്പിൽ ജീവിതകാഠിന്യത്തിന്റെ തീക്ഷ്ണതയിൽ കഴിയുന്ന തൊഴിലാളി പെൺകുട്ടിയെ സ്വന്തമാക്കാനുള്ള അഭിലാഷമുളവാക്കുന്നതും ഈ പുരോഗതി ചിന്ത മൂലമാണ്.

"മാറുമാദർശ ശുദ്ധിതൻ മുന്നിൽ
മാനവക്കെടുനീതികളെല്ലാം"[28]

എന്നു ചിന്തിക്കുന്നതും ആത്മാർത്ഥമായ മാനസികനില ഉൾക്കൊള്ളുന്നതുകൊണ്ടാണ്. എന്നാൽ ഉന്നതവർഗ്ഗത്തിന്റെ സാമൂഹ്യനീതി അപ്പോഴും അയാളെ കീഴടക്കുന്നുണ്ട്.

"നാളെയെങ്ങന മർത്ത്യകങ്കാള-
പാളിമകൂടും പാതയിലൂടെ
ഓമനക്കൈപിടിച്ചു ഞാനെത്തും
പ്രേമധീരനായെന്റെ നാകത്തിൽ?"[29]

എന്ന് ചിന്തിക്കുന്നു. ഓമനക്കൈപിടിച്ചു എന്ന പ്രയോഗത്തിൽ ശരീരബന്ധം വീണ്ടും ആവിഷ്കരിക്കപ്പെടുന്നുണ്ട്. എന്നാൽ തൊഴിലാളികളുടെ ബന്ധത്തിൽനിന്ന് വ്യത്യസ്തമായി ഇവിടെ സ്നേഹം കപടമാണ്. പ്രകടനപരമാണ്.

*കണ്ണീർപ്പാട*ത്തിൽ ഈ സ്നേഹവൈകൃതം കവി സ്പഷ്ടമാക്കുന്നുണ്ട്.

"ഇറുക്കിലവ നമ്മെ,
സ്നേഹവൈകൃതാൽ തമ്മിൽ
പരിക്കേറ്റിന ദയ-
നീയരെന്നോർത്തിട്ടാവാം."[30]

മധ്യവർഗത്തിന്റെ ദാമ്പത്യമാണ് കവി ചർച്ചാവിധേയമാക്കുന്നത്. ഞണ്ട് ഇവരെ ഇറുക്കാത്തതിന് കവി കണ്ടെത്തുന്ന ന്യായീകരണം സ്നേഹവൈകൃതത്താൽ തമ്മിൽ പരിക്കേറ്റ ദയനീയരാണ് എന്നതാണ്. അധ്വാനത്താൽ ആഹ്ലാദം കണ്ടെത്തിയ തൊഴിലാളികളുട ശരീരസങ്കല്പത്തിൽനിന്ന് വ്യത്യസ്തമാണ് ഇവരുടെ ശരീരസങ്കല്പം.

"സാരി നീ ചേരിച്ചേറ്റി-
പ്പോകെ, നിൻ മൃദുരോമ-
ചാരുവാം കണങ്കാൽ ക-
ണ്ടെനിക്കു പാവം തോന്നി"[31]

എന്നാണ് *കണ്ണീർപ്പാടത്തിലെ* നായകൻ പറയുന്നത്. മണിപ്രവാളത്തിലെ നായികമാരുടെ ശരീരവർണനയിലെ ഭാവപ്രപഞ്ചമാണ് കവി ഇവിടെ ഉപയോഗിക്കുന്നത്. ദയനീയത, പാവം എന്നീ പദങ്ങൾ ഇടത്തരക്കാരുടെ ജീവിതപ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഉചിതമാവുന്നു. മുതലാളിത്തസൗന്ദര്യബോധം ഇവിടെ കടന്നുവരുന്നു. മൃദുരോമചാരുവാം കണങ്കാൽ അധ്വാനിക്കാത്ത ശരീരത്തിന്റെ സൂചകമാണ്. കുടിയൊഴിക്കലിലെ നായകനിലെ ദ്വിമുഖവ്യക്തിത്വം തൊഴിലാളിസമൂഹം ആർത്തട്ടഹസിച്ച് വന്നെത്തുമ്പോൾ പ്രകടമാവുന്നത് കാണാം.

"എങ്ങു നിങ്ങളഭയദമാരേ
എൻ ഗൃഹഭരദേവതമാരേ?"[32]

എന്ന ചോദ്യവും ഓടിക്കളയാനുള്ള ശ്രമവും മാറാൻ കൂട്ടാക്കാതെ വിശ്വാസങ്ങളിൽ അടിഞ്ഞുകൂടാൻ ശ്രമിക്കുന്ന പിന്തിരിപ്പൻമാനസികാവസ്ഥയുടെ പ്രതിഫലന

മാണ്. ക്ഷേത്രദർശനത്തിൽ ജീവിതവിഷമപദപ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്ന കണ്ണീർപ്പാടത്തിലെ നായിക-നായകന്മാരുടെ ഭാവപ്രപഞ്ചവുമായി ഇത് ഒത്തുപോകുന്നു. ക്ഷേത്രദർശനത്തിൽ അഭയം തേടുന്ന ഇടത്തരക്കാരുടെ ചിത്രം യുഗ പരിവർത്തനത്തിലുമുണ്ട്.

"ആതിര പോയി, പിന്നെ-
        പ്പിന്നെ നിൻ പിറന്നാളു-
മാഗതമായീ ഭദ്രേ,
        മാനസം മധുരിപ്പൂ
പുലരും മുമ്പേ പോന്നൂ
        കുളിച്ചു തൊഴുതു നാം
പുകമഞ്ഞെങ്ങും മൂടി-
        ക്കിടക്കുമിപ്പാടങ്ങൾ"[33]

എന്നാൽ നാടിന്റെ മാറ്റം ഉൾക്കൊള്ളാനും അതിൽ പങ്കുചേരാനും യുഗപരിവർത്ത നത്തിലെ നായകൻ തയ്യാറാകുന്നുണ്ട്.

സ്വന്തം നാശം കൈയേറ്റുവാങ്ങി പുതിയ ലോകത്തിൽ സമ്മാനിക്കാനുള്ള ശ്രമം കുടിയൊഴിക്കലിലെ നായകന് പുരോഗമനസ്വഭാവം നൽകുന്നുണ്ട്. ഇടത്തരക്കാരന്റെ മാനസികമായ സത്യസന്ധത എന്നും ഒരു സ്വപ്നമായിരുന്നതിനാൽ തൊഴിലാളി കൾക്കത് അപരിചതമായിരുന്നു. കാരണം അയാളുടെ പ്രവൃത്തി എന്നും കാപട്യത്തിന്റെ കറപുരണ്ടതായിരുന്നു. ആ ഒരു പരിചയമാണ് തൊഴിലാളിക്ക് ഉണ്ടായിരുന്നത് എന്ന തുകൊണ്ട് തന്നെ നെഞ്ചുകീറി കാണിക്കേണ്ടിവന്നു. സാമൂഹ്യമായ ആ മുന്നേറ്റം, ചരിത്രത്തിന്റെ ആ പരിണാമം പ്രവൃത്തിയെ വിലമതിക്കുന്നതായിരുന്നു. അങ്ങനെ ഹൃദയത്തിന്റെ ആത്മാർത്ഥത ഒരലങ്കാരമായി ഉൾക്കൊള്ളാമെന്ന് മാത്രം. പക്ഷെ കർമ വിമുഖമായ ആ തലമുറ നശിക്കുക തന്നെ വേണം. കാലഘട്ടത്തിന്റെ പ്രതികാരം വ്യക്തിഗതമായ അനുഭവപാരുഷ്യത്തിൽവെച്ച് മുൻകൂട്ടി തൊഴിലാളിപെൺകുട്ടി കർമ ശൂന്യമായ ഹൃദയത്തിലേക്ക് കാർക്കിച്ചു തുപ്പി. തൊഴിലാളി അനന്തരതലമുറ ഹൃദയ ത്തിന്റെ ആത്മാർത്ഥത ഉൾക്കൊള്ളാൻവേണ്ടി ഹൃദയം പിഴുതെടുത്ത് കള്ളിൽ പിഴിഞ്ഞ് കുടിക്കുകയും ചെയ്തു. ശേഷിച്ച ശരീരം ഭൂമിയിലലിഞ്ഞ് ഊറനീരായി തലമുറയ്ക്ക് വളമായിത്തീരുകയും ചെയ്തു.

കുടിയൊഴിക്കലിലേത് പോലെ തന്നെ മാറ്റത്തിന് വഴിമാറുന്നവരാണ് *കണ്ണീർപ്പാടത്തിലെയും യുഗപരിവർത്തന*ത്തിലെയും നായകന്മാർ. പ്രശ്നങ്ങളും വിഘ്നങ്ങളും കൊണ്ട് സങ്കീർണവും സഹയാത്രികരുമായുള്ള പൊരുത്തക്കേടുകളാൽ സംഘർഷാത്മകവുമായ ജീവിതയാത്രയുടെ വിചിത്രാവസ്ഥയാണ് കണ്ണീപ്പാടത്തിന്റെ കേന്ദ്രബിന്ദു.

"ചെറുമീനിനിണയ്ക്കായി സാഗരം തീർക്കുകയും ഇരു പൂവിനുവേണ്ടി വസന്തം ചമയ്ക്കുകയും" ചെയ്യുന്ന പ്രകൃതി ഒരമ്മയെപ്പോലെ മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നു. '*അമ്മയുടെ പുഞ്ചിരി*' എന്ന കവിതയുടെ അടിക്കുറിപ്പായി വൈലോപ്പിള്ളി ഇങ്ങനെ എഴുതി: 'ആവുന്നത്ര ഉല്പാദിപ്പിക്കാനുള്ള ഉത്സാഹവും പരക്കെ പങ്കുവെക്കാനുള്ള ഔദാര്യവും നമ്മൾക്കുണ്ടെങ്കിൽ നമ്മുടെ മാതൃഭൂമി സമൃദ്ധിയുടെ വിളവുകൾകൊണ്ട് തുടുക്കും. സമാധാനത്തിന്റെ വെള്ളപ്രാവുകളെക്കൊണ്ട് പുഞ്ചിരിതൂകും. അത്തരമൊരു വ്യവസ്ഥിതിയെ എന്തൊരിസത്തിന്റെ പേര് പറഞ്ഞ് വിളിച്ചാലും വിരോധമില്ല![34] സമുദായ പുരോഗതിയിൽ ഉല്പാദനപ്രക്രിയയ്ക്കും ഉല്പാദനോപകരണങ്ങളുടെ മേലുള്ള ഉടമാവകാശത്തിനും സന്തുലിതമായ വിതരണത്തിനുമുള്ള പ്രാധാന്യം കണ്ടറിയുന്ന കവി ഓണം പോലെയുള്ള ആണ്ടറുതികളോട്, ഗ്രീഷ്മത്തിന്റെ കൊടുംവെയിലിൽ പൂക്കുന്ന കണിക്കൊന്നകളോട് മമത പൂണ്ടതിൽ അത്ഭുതത്തിനവകാശമില്ല. ഇതത്രവേഗം കൈവരിക്കാവുന്ന ഒന്നല്ല. അത്തരമൊരു വ്യവസ്ഥിതി നേടിയെടുക്കാനുള്ള പോരാട്ടത്തിൽ തലമുറകൾ തമ്മിലുള്ള വിടവ് ഒരു പ്രശ്നമല്ല. വഴിമാറികൊടുക്കാൻ കവിതയിലെ മധ്യവർഗം തയ്യാറാണ്. "താനറിയാത്ത, തന്നെയറിയാത്ത ഒരു തലമുറ തനിക്കുമീതെ ചവിട്ടിക്കടന്നു പോകുമ്പോഴും 'തിരുത്തപ്പെടാം തീക്ഷ്ണവാദങ്ങൾ?, ഇവരോട് പൊരുത്തപ്പെടാം നമുക്കെന്ന്" (കുടിയൊഴിക്കൽ) വൈലോപ്പിള്ളി ആശിക്കുന്നു.

"ഇരുമ്പുമിരമ്പുന്നൊ-
　　　　രൂർജ്ജവും, യുവാക്കൾതൻ
ഞരമ്പിലൂടെ പാളും
　　　　നൂതനചൈതന്യവും പാറവെട്ടാനും, പുഴ-
യ്ക്കണകെട്ടാനും വിദ്യു-
　　　　ദ്ധാരയാൽ പൊതുകർമ്മ-
ശാലകളൂട്ടീടാനും
　　　　കൂട്ടായ കൃഷിഭൂവിൽ

യന്ത്രത്തിൻ കലപ്പയാൽ

പൂട്ടാനും, കതിർകൊയ്തു കൂട്ടാനും"[34]

ത്വരിക്കുന്ന ഒരു തലമുറയെ കവി സ്വപ്നം കാണുന്നു- (യുഗപരിവർത്തനം) ഈ തല മുറയ്ക്ക് തന്റെ (മധ്യവർഗത്തിന്റെ) മുഖച്ഛായയില്ലെങ്കിലെന്താണ്?

'ഓർക്കുകിലെല്ലാമൃതു ഭേദങ്ങൾ, വിടരുന്ന

പൂക്കുല പരാഗണം ചെയ്തു കായ്പതേകാമ്യം'[36]

എന്നദ്ദേഹം ആശ്വസിക്കുന്നു. ഈ പുതിയ വ്യവസ്ഥിതി നേടിയെടുക്കാനുള്ള സമര ത്തിൽ ചോര ചൊരിയേണ്ടിവരും.

കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത മുതലാളിത്തത്തിന് 'സ്വയം വാലിനാൽ കുത്തിച്ചാകുന്ന കരിന്തേളിനെ'പ്പോലെ ആഭ്യന്തരവൈരുദ്ധ്യങ്ങ ളെക്കൊണ്ട് നശിക്കാൻ തന്നെ വിധി. കാലം അവരോടേറ്റെടുക്കാൻ പറഞ്ഞ വെല്ലു വിളികൾ, ലോകസാമൂഹ്യദുർനിയമങ്ങളെ സ്നേഹസുന്ദരപാതയിലൂടെ മാറ്റിയെടു ക്കുക എന്നതാണ്. കൈകാൽ നീട്ടാൻ മന്നിലിടമില്ലാത്തവർ, ചത്തു തെരുവീഥിക ളിൽ വീഴുമ്പോൾ നായ്നരികൾക്ക് തിന്നാൻപോലും ഇറച്ചിയില്ലാത്തവർ, കൊറ്റിന് ദേഹം വിറ്റു രോഗവും അപമാനവും ഏറ്റുവാങ്ങുന്ന അമ്മമാർ, ഭക്ഷണവും വിദ്യാഭ്യാ സവും കിട്ടാതെ മൊട്ടിലെ മുരടിച്ചുപോകുന്ന കുട്ടികൾ, മദ്യത്തിന്റെ വിസ്മൃതിയിൽ ദുഃഖത്തെ മുക്കിക്കൊല്ലുന്ന ദുഃഖിതർ- ഇവിടെ സ്നേഹസുന്ദരപാതകൾ പരാജയ പ്പെടുന്നു. മർത്യമോചനത്തിന്റെ ഗീതികൾ ക്രൂരഗീതികളാണെന്ന് *നക്സൽബാരി* എന്ന പ്രഖ്യാതമായ കവിതയിൽ എൻ.വി. കൃഷ്ണവാരിയർ കണ്ടെത്തുന്ന സത്യം തന്നെ വൈലോപ്പിള്ളിയും കാണുന്നു. *ബുദ്ധനും ഞാനും നരിയും* എഴുതിയ ഇടശ്ശേരിയോ ടൊപ്പം തന്നെ വൈലോപ്പിള്ളിയും നിൽക്കുന്നു. അനിവാര്യമായ സാമൂഹ്യമാറ്റത്തിന് വഴിമാറിക്കൊടുക്കുന്ന കീഴ്പ്പെടുന്ന മധ്യവർഗത്തെയാണ് വൈലോപ്പിള്ളിക്കവിതയിൽ കാണാൻ കഴിയുന്നത്.

### 3.1.3. മേലാളൻമാർ / അധികാരിവർഗ്ഗം

വർഗവ്യവസ്ഥിതിയിൽ അധികാരം കൊയ്യുന്ന, അനുഭവിക്കുന്ന, ചൂഷണം ചെയ്യുന്ന വർഗമാണ് മേലാളന്മാർ. ജൻമിമാർ, ഭൂപ്രഭുക്കൾ, രാജാക്കന്മാർ, മുതലാളിമാർ എല്ലാം ഈ വിഭാഗത്തിൽപ്പെടും. അടിസ്ഥാനജനവിഭാഗത്തെ ചൂഷണം ചെയ്ത് ഇവർ ജീവി ക്കുന്നു. അധ്വാനപ്രക്രിയയിൽ പങ്കെടുക്കാതെ, മെയ്യനങ്ങാതെ ജീവിക്കുന്നു എന്നർത്ഥം.

ഈ മേലാളവർഗത്തിന്റെ സാന്നിധ്യം കുടിയൊഴിക്കൽ, കേരള കവി, സ്വാതന്ത്ര്യദിന ത്തിൽ, അരിയില്ലാഞ്ഞിട്ട്, പശ്ചിമസമുദ്രം, യുഗപരിവർത്തനം എന്നീ കവിതകളിൽ തെളിഞ്ഞ് കാണാം.

"കൊയ്തു കൂട്ടിനാർ ഞങ്ങൾ,
എന്നാലെന്തവകാശ-
കൈതവം പറഞ്ഞെല്ലാം
കവർന്നൂ മേലാളന്മാർ." [37]

അടിസ്ഥാനവർഗം എല്ലാം കൊയ്തു കൂട്ടുകയും മേലാളവർഗ്ഗം അവകാശകള്ളം പറഞ്ഞ് എല്ലാം കവർന്നെടുക്കുകയും ചെയ്യുന്ന ചിത്രമാണ് കവി ഇവിടെ ആവിഷ്ക രിച്ചിരിക്കുന്നത്. മേലാളവർഗ്ഗത്തിന്റെ ചൂഷണം അവതരിപ്പിക്കാനും ശരീരമെന്ന രൂപ കമാണ് കവി ഉപയോഗിക്കുന്നത്. കൈതവം പറയുക എന്നതിലൂടെ 'വായ' എന്ന ശരീരഭാഗം ദ്യോതിപ്പിക്കപ്പെടുന്നു. കൊയ്തു കൂട്ടുക എന്ന പ്രയോഗത്തിൽ ശരീര ധ്വാനം (തൊഴിലാളിയുടെ) സൂചിപ്പിക്കപ്പെടുന്നു. വിരുദ്ധദ്വന്ദങ്ങളിലുള്ള രണ്ട് വർഗം വരിയിലൂടെ ധ്വനിപ്പിക്കപ്പെടുന്നു.

"വേല ചെയ്‌വതേക്കാളും
വേല ചെയ്യിക്കുന്നതേ
ശീലമാം തറവാട്ടിൻ
സുകൃതക്കൊടിയാം നീ"[38]

അധ്വാനിക്കാതെ അധ്വാനഫലമനുഭവിക്കുന്ന മേലാളരുടെ ചിത്രം വരച്ചുകാട്ടുന്ന ഈ വരിയിലും അധ്വാനിക്കുന്ന ഒരു വർഗത്തെ സൂചിപ്പിക്കുന്നുണ്ട്. വേല ചെയ്യിക്കുന്ന വർഗത്തെ സുകൃതക്കൊടി എന്ന ബിംബത്തിലൂടെയാണ് സൂചിപ്പിക്കുന്നത്. മെയ്ക്ക രുത്തില്ലാത്ത, അധ്വാനമില്ലാത്തതിനാൽ ശരീരഭംഗി നഷ്ടപ്പെട്ടു എന്ന ധ്വനി പ്രസ്തുത ബിംബത്തിലൂടെ ലഭിക്കുന്നു. വേല നഷ്ടമാവുന്നതോടെ കരുത്ത് നഷ്ടമാവുന്നതായി സൂചിപ്പിക്കുന്നതിലൂടെ കരുത്തില്ലാത്ത വർഗത്തിന്റെ പതനം ആസന്നമാണെന്നും വ്യക്തമാവുന്നു. വേല ചെയ്യാത്ത ഈ അധികാരവർഗം സുഖലോലുപതയിൽ കഴി യുന്നു. ഭോഗം, ദുഷ്ടത, സുഖലോലുപത എന്നിവ അധികാരവർഗത്തിന്റെ അടിസ്ഥാ നലക്ഷണമായി കവി ചൂണ്ടിക്കാട്ടുന്നുണ്ട്.

"മടങ്ങിയൊഴിയട്ടേ

ദുഷ്പ്രഭുത്വഭോഗങ്ങൾ

മനസ്സിൽ പാതാളത്തി-

ലിഴയും കാകോളങ്ങൾ!"[39]

ദുഷ്പ്രഭുത്വഭോഗങ്ങളെ മനസ്സിന്റെ പാതാളത്തിലിഴയുന്ന കാകോളങ്ങളായാണ് കവി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. മേടയിൽ വാഴുന്നവരുടെ സുഖലോലുപതയുടെ ചിത്രം കുടിയൊഴിക്കലിലുണ്ട്.

"അന്തിയുണ്ടു, പഴങ്ങൾതൻ മാംസം

മന്ദം മന്ദം നുണഞ്ഞതിൻശേഷം,

നാലുംകൂട്ടി മുറുക്കി, യിമ്പത്തിൽ

മേളം കൂട്ടി ഞാൻ മേടയിൽ വാഴ്കെ"[40]

മുതലാളിത്ത സമൂഹത്തിലെ നിഷ്ക്രിയ 'മനുഷ്യ'സങ്കല്പം ഈ വരിയിൽ തെളിയുന്നു. മന്ദം മന്ദം നുണയുക എന്ന പ്രയോഗത്തിലൂടെ യാന്ത്രികത ധ്വനിക്കുന്നു. നിശ്ചലാവസ്ഥ സൂചിപ്പിക്കുന്നതിലൂടെ അധ്വാനിക്കാത്ത ശരീരത്തിന്റെ ചിത്രമാണ് ആവിഷ്കരിക്കുന്നത്. പഴങ്ങൾതൻ മാംസം മന്ദം മന്ദം നുണയുക, നാലും കൂട്ടി മുറുക്കുക, ഇമ്പത്തിൽ മേളം കൂട്ടുക എന്നിവയുടെ മേളനം അലസതയുടെയും സുഖലോലുപതയുടെയും ഭോഗപരതയുടെയും സമഗ്രദൃശ്യം പകർന്നു നൽകുന്നുണ്ട്.

മനുഷ്യനിരപേക്ഷമായ സങ്കൽപ്പത്തിൽനിന്നുകൊണ്ട് മനുഷ്യനെ പുറംതള്ളുന്ന ഭൗതികവാദി ഉൽപ്പന്നത്തിൽനിന്നും ഉൽപ്പാദകനെ പുറംതള്ളുന്ന മുതലാളിയുടെ ഭാഷയാണ് സംസാരിക്കുന്നത്. വിനിമയ മൂല്യപരമായ വസ്തുനിഷ്ഠതയെയാണ് പ്രപഞ്ചത്തിന്റെ വസ്തുനിഷ്ഠയെക്കുറിച്ച് പറയുമ്പോൾ മുതലാളിത്തഭൗതികവാദി ഉദ്ദേശിക്കുന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യത്തിനുപകരം ഭൗതികവസ്തുവിന്റെ സ്വാതന്ത്ര്യമാണ് മനുഷ്യന്റെ സ്വാതന്ത്ര്യമെന്ന് അവൻ വാദിക്കുന്നു. കൈവശംവന്ന സമ്പത്തിന്റെ അളവുകൊണ്ട് മനുഷ്യസ്വാതന്ത്ര്യത്തെ അളക്കുന്ന മുതലാളിത്തത്തിന്റെ സ്വാതന്ത്ര്യബോധത്തെ മനുഷ്യവിമോചനത്തിന്റെ മാനദണ്ഡമായി അവർ കാണുന്നു. അതുകൊണ്ടാണ് തന്നെ ചൂഷണം ചെയ്ത പ്രഭുവർഗത്തെ തൊഴിലാളി ശാപവചസ്സുകൊണ്ട് അഭിസംബോധന ചെയ്യുന്നത്.

"ദുഷ്പ്രഭുപ്പുലയാടികൾ പാർക്കു-
മിപ്പുരയ്ക്കിടിവെട്ടു കൊള്ളട്ടെ."[41]

മേലാളവർഗ്ഗത്തിന്റെ പ്രവൃത്തി പുലയാടിത്തമാണെന്ന് കുടിയാൻ തിരിച്ചറിയുന്നുണ്ട്. ഇവിടെ ഭാഷയും ശരീരവും അന്യവൽക്കരിക്കപ്പെടാത്ത തൊഴിലാളിയുടെ ചിത്രം കാണാം. വാമൊഴിവഴക്കത്തിന്റെ സൗന്ദര്യം കുടിയൊഴിക്കലിലെ തൊഴിലാളിയുടെ തെറിക്കുണ്ട്. മേലനങ്ങാതെ മറ്റുള്ളവരുടെ അധ്വാനത്തെ ചൂഷണം ചെയ്ത് ജീവിക്കുന്ന അധികാരിവർഗ്ഗത്തിന്റെ ക്രൂരമുഖം തൊഴിലാളിയുടെ തെറിയിലൂടെ വീണ്ടും വെളിപ്പെടുന്നുണ്ട്.

"വിശ്രുതമയൽപ്രഭു-
ഗേഹത്തിൻ കാരുണ്യത്താൽ
കച്ച വാങ്ങുവാനുള്ള
കാശുമങ്ങെത്തിച്ചേർന്നു"[42]

ആചാരാനുഷ്ഠാനത്തിൽ മാത്രം വിശ്വസിക്കുന്ന, മറ്റുള്ളവരെ ചൂഷണം ചെയ്ത് ജീവിക്കുന്ന പ്രഭുവർഗ്ഗത്തോടുള്ള പുച്ഛം ഈ വരിയിലുണ്ട്. ക്രിയാത്മകമായ മനുഷ്യബന്ധമാണ് മനുഷ്യന്റെ സാമൂഹ്യബന്ധം. അത് നഷ്ടമാവുന്ന ചിത്രമാണ് കവിതയിലുള്ളത്. സമ്പന്നവർഗത്തിന്റെ കാരുണ്യമുണ്ടായിരുന്നെങ്കിൽ അയാൾ മരിക്കുകയില്ലായിരുന്നു. കാരണം അരിയില്ലാഞ്ഞിട്ടാണ്, പട്ടിണിയായതുകൊണ്ടാണ് അയാൾ മരിച്ചത്. മരിച്ചുപോയ ആളുടെ ശേഷകർമ്മങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന സമൂഹസ്വഭാവത്തെ കവി വിമർശിക്കുന്നു.

"വേല ചെയ്യിച്ചുതത്രഞാൻ ചിന്താ-
ലോലധൂമിക നിർമ്മിച്ചുനിൽക്കേ,
നീ തൊഴിലാളി,യാലയിലെങ്ങോ
നീചജീവിതം നീറ്റിയിരിക്കെ."[43]

വേല ചെയ്യാതെ ചെയ്യിച്ചുമാത്രം ശീലമുള്ള ഉപരിവർഗ്ഗത്തിന്റെ ചിത്രം വരികളിൽ തെളിയുന്നു. നീറ്റിയിരിക്കെ എന്ന പദപ്രയോഗത്തിലൂടെ തൊഴിലാളിജീവിതത്തിന്റെ തീക്ഷ്ണതയും പ്രതിസന്ധിയും വ്യക്തമാക്കുന്നു. അവന്റേത് നീചമായ ജീവിതമാണ്. ആലയിലാണ് വാസം. അവനെ മനുഷ്യനായിപ്പോലും പരിഗണിക്കാത്ത സാമൂഹികാ

വസ്ഥ ഇവിടെ ധ്വനിക്കുന്നു. മുതലാളി x തൊഴിലാളി എന്ന രണ്ട് വർഗത്തിന്റെ വ്യത്യസ്തതലം ഈ വാങ്മയചിത്രത്തിലുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സംഘർഷത്തിന്റെ ചരിത്രം വരികൾക്കിടയിലുണ്ട്. ഉൽപ്പന്നങ്ങളിൽ നിന്ന് ബഹിഷ്കൃതനാകുന്ന ഉൽപ്പാദകന്റെ ചിത്രത്തോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ ജീവിതവും വരികളിലുണ്ട്.

സാർവദേശീയമായ വർഗാവബോധത്തിന്റെ അടിത്തറ സാമ്പത്തിക വൈരുദ്ധ്യമാണ്. എന്നാൽ അതിന്റെ സാംസ്കാരികമണ്ഡലത്തിനകത്താണ് കവി സ്വയം ഇറങ്ങി നിൽക്കുന്നത്. സാംസ്കാരികമണ്ഡലം എന്നത് സാംസ്കാരിക വിഭിന്നതയിലൂന്നുന്നതാണ്.

## 3.2 സാർവ്വദേശീയത / പ്രാദേശികത

പ്രാദേശിക ചിന്താഗതികളെ നിയന്ത്രിച്ച് നിർത്തുകയും ദേശീയതക്ക് മുൻതുക്കം നൽകുകയുമാണ് മാക്കിയവല്ലിയുടെ രാജകുമാരൻ ചെയ്തത്. ഗ്രാംഷിയുടെ അഭിനവരാജകുമാരനാകട്ടെ പ്രാദേശികത, ദേശീയത, സാർവ്വദേശീയത എന്നിവയെ സമന്വയിപ്പിച്ച് കൊണ്ട് തൊഴിലാളിവർഗത്തിന്റേതായ ദേശീയതയും സാർവ്വദേശീയതയും ഉയർത്തിപ്പിടിക്കുകയാണ് ചെയ്യുന്നതെന്ന് പി. ഗോവിന്ദപിള്ള രേഖപ്പെടുത്തുന്നു.[44] മാർക്സും എംഗൽസും ആദ്യം രൂപപ്പെടുത്തി പിന്നീട് ലെനിൻ വികസിപ്പിച്ചെടുത്ത ആഗോള തൊഴിലാളിവർഗത്തിന്റെയും മർദിത ജനകോടികളുടെയും ഐക്യമെന്ന ആശയം അധികമധികം ശക്തിപ്പെട്ടുവരികയാണ്. അതാണ് ഗ്രാംഷി വിഭാവനം ചെയ്ത അഭിനവരാജകുമാരൻ. അതിന്റെ പുരോഗതിയിൽ തടസ്സങ്ങളുണ്ടാവാം. എന്നാൽ അവയെ മുറിച്ച് കടന്ന് തൊഴിലാളിവർഗത്തിന്റെ സാർവദേശീയത, അതിന്റെ ഭാഗമായി തന്നെ ദേശീയസ്വാതന്ത്ര്യവും ഐക്യവും ദേശീയഐക്യത്തിനകത്ത് പ്രാദേശികതകയുടെ വ്യക്തിത്വം എന്നിവയെല്ലാമുള്ള ഒരു ഭൂഗോളമാനവികത രൂപംകൊള്ളുമെന്ന ശുഭപ്രതീക്ഷയോടെ അഭിനവ രാജകുമാരൻ (തൊഴിലാളി വർഗത്തിന്റെ വിപ്ലവരാഷ്ട്രീയനേതൃത്വം)മുന്നേറുകയാണ്.[45]

ഈ ആശയധാര വൈലോപ്പിള്ളിക്കവിതകളിൽ സ്പഷ്ടമാണ്. പ്രാദേശികമായ ചിന്താമണ്ഡലത്തിലൂടെ ദേശീയ സാർവ്വദേശീയ കാഴ്ചപ്പാട് അദ്ദേഹത്തിന്റ കവിതകളിൽ നിറയുന്നു. *ഇരുളിൽ, മഴത്തുള്ളികൾ, ത്യാഗോപഹാരം, ശിബിയില്ല, ആസ്സാം പണിക്കാർ, കേരളത്തിലെ യഹൂദർ ഇസ്രായേലിലേക്ക്, ഹസ്തദാനം, ഓണപ്പാട്ടുകാർ,*

*കൊറിയയിൽ സിയൂളിൽ, അത്ഭുതമണി, ഓണമുറ്റത്ത്* , *ലെനിൻ* എന്നീ കവിതകളിൽ ഈ ചിന്താധാര പ്രകടമാണ്.

കേരളത്തിലോ ഇന്ത്യയിലോ മാത്രമല്ല ഇന്ത്യയ്ക്കുവെളിയിലും നടക്കുന്ന സംഭവങ്ങൾ കവിയിൽ പ്രതികരണമുണ്ടാക്കുന്നുണ്ടെന്നതിന് നല്ല ഉദാഹരണമാണ് '*ത്യാഗോപഹാരം*' എന്ന തലക്കെട്ടിൽ എഴുതിയ കവിത. ചൈനാ-ജപ്പാൻ യുദ്ധകാലത്ത് ഷാങ്ഹായ് നഗരത്തിൽനിന്ന് പാലായനം ചെയ്യുന്ന ഒരു കൂട്ടം ചീനരുടെ ചിത്രം പത്രത്തിൽ കണ്ടിട്ട് കരുപ്പിടിപ്പിച്ച കവിതയാണ് ഇത്. *ശിബിയില്ല*' എന്ന കവിത രണ്ടാം ലോകമഹായുദ്ധത്തിന്റെ പൂർവ്വാംഗമായി മുസ്സോളിനി അബിസീനിയയെ ആക്രമിച്ച് മുന്നേറുമ്പോൾ എഴുതിയതാണ്. ഗാന്ധിജി മരിച്ചതിനുശേഷമുണ്ടായ ആദ്യത്തെ ജന്മദിനത്തെ അധികരിച്ച് എഴുതിയത് എന്ന അടിക്കുറിപ്പോടെയാണ് '*ഹരിജനങ്ങളുടെ പാട്ട്*' എന്ന കവിത പ്രസിദ്ധീകരിച്ചിട്ടുള്ളത്.

'*മഴത്തുള്ളികൾ*' എല്ലാ രാജ്യങ്ങളിലെയും സ്വാതന്ത്ര്യയോദ്ധാക്കളായ യുവാക്കളെ അനുസ്മരിച്ച് എഴുതിയതാണ്. '*ഓണപ്പാട്ടുകാർ*' ഈജിപ്ത്, ഗ്രീസ്, ബാഗ്ദാദ്, തെക്കെ അമേരിക്ക എന്നിവിടങ്ങളിലെല്ലാമുള്ള ജനജീവിതത്തോടു കേരളീയ ജീവിതത്തിനുള്ള താദാത്മ്യം സംബന്ധിച്ചുള്ളതാണ്. '*ഇരുളിൽ*' ലുമംബയുടെ വധത്തെ ആസ്പദമാക്കി എഴുതിയതാണ്. വൈലോപ്പിള്ളിയിൽ പ്രതികരണമുളവാക്കിയ സാർവ്വദേശീയ സംഭവങ്ങൾ ഇന്ത്യയിലെ പൊതുജനാഭിപ്രായത്തെ ആകെ ഒരളവുവരെ ഇളക്കിമറിച്ചിരുന്നു. സാർവ്വദേശീയതയും പ്രാദേശികതയും തെളിയുന്ന ചില വരികൾ ഉദാഹരണമായി താഴെകൊടുക്കുന്നു.

"കൊറിയയിൽ, സിയൂളി, ലൈക്യരാഷ്ട്രങ്ങൾതൻ
കൊടിവീണ്ടും പകപൂണ്ടുപാറിനില്ക്കെ,
അനവധി ചുകപ്പരെബന്ധിച്ചുനിഹനിച്ചി-
തവർ അവിടെ ഞാനുമുണ്ടായിരുന്നു."[46]

മുമ്പ് ഫാസിസ്റ്റ് ഇറ്റലി അബിസീനിയയെ ആക്രമിച്ചപ്പോഴും ജപ്പാൻ ചൈനയുടെ പ്രധാനപ്പെട്ട ഭാഗങ്ങൾ കൈവശപ്പെട്ടുത്തിയപ്പോഴും പ്രതികരിച്ച കവി കൊറിയൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ എഴുതിയ വരികളാണ് ഇവ. ഐക്യരാഷ്ട്രസേനകൾ ദക്ഷിണ കൊറിയയിലെ സിയൂൾ നഗരം രണ്ടാമതും പിടിച്ചപ്പോളുണ്ടായ ദാരുണ സംഭവങ്ങൾക്ക്

കവി സാക്ഷിയാവുകയാണ്. സാർവ്വദേശീയ സംഭവങ്ങൾ - സാമ്രാജ്യത്വ അധിനിവേശം- കവിയിലുണ്ടാക്കിയ പ്രതികരണമാണിത്.

"ഇതു ഞാൻ കേട്ടിട്ടുണ്ടു
മാവേലി നാട്ടിൻ പാട്ടിൽ
ഇതു ഞാൻ ദർശിച്ചിട്ടു-
ണ്ടങ്ങു വാണതാം നാട്ടിൽ.[47]

പ്രാദേശികതയും സാർവ്വദേശീയതയും ഇവിടെ മനോഹരമായി സമ്മേളിക്കുന്നു. റഷ്യയിലെ ലെനിൻ പ്രതിമ കാണുമ്പോൾ അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് ഭരണത്തെ മാവേലിയുടെ ഭരണവുമായാണ് കവി ചേർത്തുവെച്ചിരുന്നത്. ദേശീയ സാർവ്വദേശീയ പ്രശ്നങ്ങൾ ആവിഷ്കരിക്കുമ്പോഴും പ്രാദേശികതയിലൂന്നികൊണ്ടാണ് കാവ്യമണ്ഡലം വികസിക്കുന്നത്.

"ജനിച്ച നാടുവി,ട്ടകലെയാസ്സാമിൽ
പണിക്കുപോകുന്ന പരിഷകൾ ഞങ്ങൾ[48]

ജോലിക്കായി ആസ്സാമിലേക്കു പോകുമ്പോഴും കേരളീയ പരിസ്സരത്ത് ജീവിക്കാനാണ് കവിക്കിഷ്ടം. പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടെങ്കിലും ഇവിടത്തെ ദുഃഖം പോലും സുഖമായി കവി കരുതുന്നു.

"ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ,-
നിവിടെ ദുഃഖിപ്പാൻ കഴിവതേസുഖം"[49]

ആസ്സാമിലാകുമ്പോഴും റഷ്യയിലാകുമ്പോഴും കൊറിയയിലാകുമ്പോഴും ലണ്ടനിലാകുമ്പോഴും കവി മനസ്സു കേരളക്കരയിലെത്തുന്നു. സാർവ്വദേശീയതയാണ് *ഓണപ്പാട്ടുകാർ* ഉയർത്തിപ്പിടിക്കുന്നത്.

"പല ദേശത്തിൽ, പലവേഷത്തിൽ
പ്പലപലഭാഷയിൽ, ഞങ്ങൾ കഥിപ്പൂ
പാരിതിലാദിയിലുദയം കൊണ്ടു പൊ-
ലിഞ്ഞൊരു പൊന്നോണത്തിൻ ചരിതം[50]

വിവിധ ദേശങ്ങൾതാണ്ടി വരുന്ന *ഓണപ്പാട്ടു*കാരുടെ പാട്ടിൽ തേനും പാലും തെങ്ങിളനീരും നറുമുന്തിരിയുമാണുള്ളതെന്ന് കവി വ്യക്തമാക്കുന്നു. അവിടെയെല്ലാം അവർ മുഴുക്കുന്നത് പൊന്നോണത്തിൻ ചരിതമാണ്.

ലണ്ടനിൽ പഠിക്കാൻ പോകുമ്പോഴും തന്നെ വന്നുകാണാൻ മറക്കാത്ത ശിഷ്യന്റെ ചിത്രം വരച്ച് വെയ്ക്കുമ്പോഴും *ഹെഡ്മാസ്റ്ററും ശിഷ്യനും* എന്ന കവിതയിൽ ഈ ആശയധാരയാണ് പ്രകടമാവുന്നത്.

പ്രാദേശികതയിലൂന്നിയുള്ള ഈ ദേശീയ സാർവ്വദേശീയബോധത്തിൽ അധ്വാനിക്കുന്നവനെ ചൂഷണം ചെയ്യുകയോ, ചൂഷണം നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ സൗഭാഗ്യങ്ങൾ അനുവദിക്കുകയോ ചെയ്യാത്ത സ്വാതന്ത്ര്യബോധം കാണാം. കേവല സ്വാതന്ത്ര്യം എന്ന മുതലാളിത്ത സങ്കല്പത്തിന് വിരുദ്ധമാണ് ഇത്. അതുകൊണ്ടാണ് മഹാബലിയും ലെനിനും ഓണപ്പാട്ടുകാരും ആസ്സാം പണിക്കാരുമൊക്കെ കവിക്ക് പ്രിയങ്കരരാവുന്നത്. മാർക്സിസത്തിന്റെ സ്വാതന്ത്ര്യ സങ്കല്പം വ്യക്തികളുടെ തലയിലുദിക്കുന്ന മിഥ്യാ വ്യാമോഹങ്ങളെ അംഗീകരിക്കുന്ന ഒന്നല്ല. ജീവിതത്തിലുള്ള ശുഭാപ്തി വിശ്വാസം ഈ സ്വാതന്ത്ര്യസങ്കല്പവുമായി ബന്ധപ്പെട്ടുപോകുന്നു. ചൂഷകന്റെ സ്വാതന്ത്ര്യം ചൂഷിതന്റെ പാരതന്ത്ര്യമാണ്. ചൂഷണമില്ലാത്ത സ്വാതന്ത്ര്യബോധത്തിൽ നിന്നാണ് സ്ഥിതി സമത്വമെന്ന ആശയം രൂപം കൊള്ളുന്നത്. മനുഷ്യശക്തിയിലുള്ള പ്രതീക്ഷയാണ് മാർക്സിസം അടിസ്ഥാനപരമായി മുന്നോട്ടുവെക്കുന്നത്. ചൂഷണവിമുക്തമായ ലോകത്തിന്റെ ഭാവി മനുഷ്യശക്തിയിലാണ്. അങ്ങനെ ഇവ വർഗാവബോധത്തിന്റെ വിചാരമാതൃകയായി തീരുന്നു.

## 3.3 വർഗാവബോധം എന്ന വിചാരമാതൃക

ആവർത്തിച്ചുവരുന്ന നാല് പ്രമേയങ്ങൾ വൈലോപ്പിള്ളിക്കവിതയിൽ കാണാം. അടിസ്ഥാന വാർഗാവബോധത്തിന്റെ അനിവാര്യമായ ലക്ഷണങ്ങളായി ജീവിതത്തിലുള്ള ശുഭാപ്തി വിശ്വാസം, വ്യക്തിസ്വാതന്ത്ര്യം, മനുഷ്യശക്തിയിലുള്ള പ്രതീക്ഷ, സ്ഥിതി സമത്വം എന്നിവയെ കവി കാണുന്നു. വർഗാവബോധം എന്ന വിചാരമാതൃകയുടെ അടിസ്ഥാനശിലകളാണ് ഇവ നാലും.

### 3.3.1 ജീവിതത്തിലുള്ള ശുഭാപ്തി വിശ്വാസം

*ആയിരത്തൊന്ന് രാവുകൾ, വസന്തം, സർപ്പക്കാട്, യുഗപരിവർത്തനം പൂവും കായും , പുക, കിളിയും മനുഷ്യനും, കന്നിക്കൊയ്ത്ത്* തുടങ്ങിയ കവിതകളിൽ സാധാരണക്കാരുടെ ജീവിതമാണ് മുഖ്യപ്രമേയം. കൊയ്തുപാടമാണ് ജീവിതത്തെ ചിത്രീകരിക്കാൻ കവിയുപയോഗിക്കുന്ന ഒരു പ്രധാനബിംബം. *കന്നിക്കൊയ്ത്ത്, കൊയ്ത്ത് കഴിഞ്ഞ്* തുടങ്ങിയ കവിതകളിൽ പ്രകടമായിത്തന്നെ ഈ ബിംബം കടന്നുവരുന്നു.

വിതയ്ക്കലും കൊയ്യലും കാർഷികവൃത്തിയുടെ പ്രധാന ഭാഗമാണ്. കവിഹൃദയത്തിൽ വിതയ്ക്കലും കൊയ്യലും ജീവിതം തന്നെയാണ്. അധ്വാനത്തിന്റെ ഫലമാണ് നാമോരോരുത്തരും കൊയ്തെടുക്കുന്നത്. ഈ വിതയും കൊയ്ത്തും ജീവിതത്തിലെ അധ്വാനവും അതിന്റെ ഫലാപ്തിയുമാകുന്നു. കൊയ്തെടുക്കേണ്ടത് ജീവിതനേട്ടങ്ങളാണ്. അതു അടുത്ത വിതയ്ക്കായി (തലമുറയ്ക്കായി)സൂക്ഷിച്ചു വയ്ക്കുന്നു. മരണം കൊയ്യുന്നത് വീണ്ടും വിതയ്ക്കാനാണ് എന്നറിയുമ്പോൾ, പുരോഗതിയിലേക്കുള്ള അനുസ്യൂതമായ തലമുറകളുടെ ഒഴുക്കിൽ നമ്മുടെ ശ്രദ്ധപതിയുന്നു. അങ്ങനെ സമൂഹത്തിന്റെ നിലനിൽപിൽ സന്തോഷിക്കേണ്ടതിനെ സൂചിപ്പിച്ച് മരണത്തിന്റെ ഭീകരത കവി ഉടച്ച് കളയുന്നു.

ജീവിച്ചിരിക്കുന്ന കാലത്തോളം ആസ്വദിക്കാനും നേട്ടങ്ങൾ കൊയ്തെടുക്കാനുമുള്ളതാണ് ജീവിതം എന്ന വീക്ഷണം *ഊഞ്ഞാലിൽ, കേരളത്തിന്റെ ചിരി, കവിയും കുഷ്ഠരോഗിയും, ആയിരത്തൊന്നു രാവുകൾ, വിരഹത്തിൽ, കരിയിലാം പീച്ചികൾ* തുടങ്ങിയ കവിതകളിൽ നിഴലിക്കുന്നു. ജീവിതത്തെ ഒരു പുഷ്പമായി കല്പിച്ച് ദുഃഖത്തെ അതിന്റെ സുഗന്ധമായി കവി അവതരിപ്പിക്കുന്നു. ' ജീവിത പുഷ്പം' എന്ന ഈ കാവ്യബിംബം അതിന്റെ ഭംഗിയും ആകർഷണീയതയും കൊണ്ട് ജീവിതത്തിന്റെ ആസ്വാദ്യത സൂചിപ്പിക്കുന്നു.

ഇതുപോലെ, *ആശുപത്രിയിൽ, പടക്കളത്തിലെ പൂമ്പാറ്റ, അരിയില്ലാഞ്ഞിട്ട്, മരണം കനിഞ്ഞോതി, അവസാനത്തെ അശ്രുബിന്ദു, ചേറ്റുപുഴ, സാവിത്രി* എന്നീ കവിതകളിൽ മരണത്തിന്റെ ഭീകരമായ മുഖം ചിത്രീകരിക്കുന്നു. മരണം ജീവിതത്തിന്റെ അന്ത്യമാണെന്ന് വിശ്വസിക്കുമ്പോൾ പോലും, മനുഷ്യവർഗ പുരോഗതിയുടെ പ്രവാഹത്തിൽ ഒരു കണ്ണിയായി ജീവിച്ചു തീർക്കുന്നതിലാണ് അദ്ദേഹം താല്പര്യം കാട്ടുന്നത്. ഇങ്ങനെ ജീവിച്ചു തീർക്കുന്നതിനിടയിൽ കൊയ്തു കൂട്ടുന്ന നേട്ടങ്ങൾ വരും തലമുറക്കു പകരുന്ന കാര്യം *പന്തങ്ങളിലും, ഉണ്ണികളിലും* എടുത്തു പറയുന്നു.

ജീവിതത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളതുപോലെ തന്നെ മരണത്തെക്കുറിച്ചും കവി പറഞ്ഞിട്ടുണ്ട്. എന്നാൽ മരണത്തെ തീവ്രമായി ചിത്രീകരിക്കാൻ ശ്രമിക്കുമ്പോൾ പോലും അതിനെ അതിജീവിക്കേണ്ടതിനെക്കുറിച്ച് കവി സൂചിപ്പിക്കുന്നു. ജീവിതനേട്ടങ്ങൾ മികച്ചതാക്കി തീർക്കുകയും വരും തലമുറയ്ക്കായി പകർന്നുകൊടുത്തു കൊണ്ട് മനുഷ്യജീവിത പ്രവാഹത്തിൽ തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ആണ്

ഓരോ മനുഷ്യരും ചെയ്യേണ്ടതെന്ന് കവി സൂചിപ്പിക്കുന്നു. ഇത് സൂചിപ്പിച്ച്കൊണ്ട് മരണത്തെ ജയിച്ച് ജീവിതത്തെ സ്നേഹിക്കാൻ കവി ആഹ്വാനം ചെയ്യുന്നു. തലമുറ കളിലൂടെ മുന്നേറുന്ന മഹാജീവിത പ്രവാഹത്തിന്റെ അനശ്വരത കവി വ്യക്തമാക്കുന്നു. തന്റെ ജീവിതവീക്ഷണമാണ് *കന്നിക്കൊയ്ത്തി*ലൂടെ കവി പ്രകടമാക്കുന്നത്.

തന്റെ കാവ്യമണ്ഡലത്തിൽ കാർഷികവൃത്തിക്കും ഒരു പ്രധാനസ്ഥാനമുണ്ടെന്ന് കവി തിരിച്ചറിയുന്നു. " ഗ്രാമ ജീവിതത്തിന്റെ ആണിക്കല്ലായ കൃഷിക്കാരനാണ് ഇവിടെ ആവർത്തിച്ചുവരുന്ന മുഖം. വിശാലമായ നെൽപ്പാടങ്ങളാണ് പലരംഗങ്ങളുടെയും വേദി. നാടിന്റെ ദാരിദ്ര്യത്തെപ്പറ്റി പരാതിപ്പെടുമ്പോഴും ഉമിത്തീപ്പോലെ നീറിപ്പടരുന്ന പരി വർത്തന ശക്തിയുടെ ഗാഥാവായി മാറുമ്പോഴും ദുഃഖാർദ്രമായ മനസ്സിൽ ഇടയ്ക്കൊന്നു മിന്നിമായുന്ന നർമ്മബോധം ആവിഷ്കരിക്കുമ്പോഴും ഇച്ഛാശക്തിയാലും കർമ്മവീ ര്യത്താലും മനുഷ്യൻ പ്രകൃതിയെ കീഴടക്കുന്നതിന്റെ വീരഗാഥ പാടുമ്പോഴും, അവ യുടെ ഒക്കെ പരഭാഗശോഭ കർഷക ജീവിതമാണ്."[51] എന്ന എസ്. കെ വസന്തന്റെ വിലയിരുത്തൽ അർത്ഥവത്താണ്. വൈലോപ്പിള്ളിക്കവിതകളെല്ലാം തന്നെ രചിക്കപ്പെ ട്ടത് കർഷകജീവിത പശ്ചാത്തലത്തിലാണ്. പാടത്തെ കാർഷിക ജീവിതം നോക്കി കാണുകയും അവരോടോത്ത് പാടുകയും ചെയ്യുന്ന കവിയെ നമുക്ക് കന്നിക്കൊ യ്ത്തിൽ കാണാം.

'ആകെ നേർവഴി പാലിപ്പി,നാരും
ആനപോലെ കടന്നു കൊയ്യല്ലെ!
താഴ്ത്തിക്കൊയ്യുവിൻ, തണ്ടുകൾ ചേറ്റിൽ
പൂഴ്ത്തിത്തള്ളൊല്ലെ, നെല്ലുപൊന്നാണേ! [52]

വിളഞ്ഞ് കിടക്കുന്ന നെൽപ്പാടത്തിൽഎത്ര ശ്രദ്ധയോട് കൂടിവേണം പൊന്നായ നെന്മണികൾ കൊയ്തെടുക്കേണ്ടതെന്ന് കവി സൂചിപ്പിക്കുന്നു. അലസമായി കൊയ്തു മാറ്റുന്ന സമ്പ്രദായത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. അധ്വാനഫലം വിളഞ്ഞ് കിട ക്കുമ്പോൾ അതിനെ കൊയ്തെടുക്കുക വളരെ ശ്രദ്ധയോടും ശുഷ്കാന്തിയോടും ആദരവോടും കൂടിയാവണം. അധ്വാനത്തിന്റെ പരിണാമമാണല്ലോ ഫലപ്രാപ്തി. അധ്വാ നത്തെയും അധ്വാനഫലത്തെയും ഉദാത്തീകരിക്കാനും കവി ശ്രമിക്കുന്നുണ്ട്.

വടക്കൻ പാട്ടുകളിലെ വീരനായികമാരായി കൊയ്ത്തുകാരികളെ കവി കാണുന്നു.

"വായ്ച്ചെഴും കന്നിപ്പാടത്തൊരുണ്ണി-

യാർച്ച പോൽ പണ്ടുമിന്നിയ തമ്പി"[53]

കുടുംബജീവിതം ഭ്രാന്ത് പിടിപ്പിച്ചിട്ടും അവൾ വീണ്ടും കൊയ്ത്തുപാടത്തേക്ക് കൊയ്യാനായി വരുന്നു. വിവാഹിതകളായി മറ്റു ദേശങ്ങളിലേക്ക് പോയവർപോലും കൊയ്ത്തുകാലങ്ങളിൽ കൊയ്ത്തിൽ വ്യാപൃതരാവുക പതിവാണ്. അവർക്ക് കൊയ്ത്ത് ഉത്സവവും ജീവിതവുമാണ്. കൊയ്ത്തുപാടത്തുനിന്ന് മാറ്റപ്പെടുക എന്നാൽ ജീവിതത്തിൽ നിന്ന് മാറ്റപ്പെടുക എന്നർത്ഥം. ജീവിതത്തിലുള്ള ശുഭാപ്തിവിശ്വാസം തന്നെയാണ് കൊയ്ത്തുകാരികളെ നയിക്കുന്നത്. കൊയ്ത്തുകാരികൾ കർഷകത്തൊഴിലാളികളാണ്.

"ഹാ! വിജിഗീഷുമൃത്യുവിന്നാമോ

ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ?"[54]

എന്ന തന്റെ കാഴ്ചപ്പാട് വ്യക്തമാക്കാൻ കന്നിപ്പാടമാണ് കേന്ദ്രമായി കവി സ്വീകരിച്ചിരിക്കുന്നത്. കന്നിനെല്ലിനെയോമനിച്ചുകൊണ്ടാണ് സദാഗതിവായു കവിയോട് ഇക്കാര്യം പറയുന്നത്. വിജയം ആഗ്രഹിക്കുന്ന മരണത്തിന് ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്താൻ കഴിയില്ലെന്ന് കവി ഉറച്ച് വിശ്വസിക്കുന്നു. അത്തരമൊരു വിശ്വാസം കവിക്ക് നൽകുന്നത് കന്നിപ്പാടമാണ്. കേരളകർഷകജീവിതനിരീക്ഷണത്തിൽ നിന്നാണ് കവിയുടെ കാവ്യഭാവന ഉയിർക്കൊള്ളുന്നത്. അതുകൊണ്ടാണ് കന്നിപ്പാടത്തേയ്ക്ക് അഭിമാനപൂർവ്വം നോക്കി കവി തന്റെ ജീവിതദർശനം വിശദീകരിക്കാൻ ശ്രമിക്കുന്നത്.

"നിർദ്ദയം മെതിച്ചീ വിളവുണ്മാൻ

മൃത്യുവിന്നേകും ജീവിതം പോലും

വിത്തൊരിത്തിരി വെയ്ക്കുന്നു, വീണ്ടും

പത്തിരട്ടിയായ് പൊൻ വിളയിപ്പാൻ,

കന്നിനാളിലെ കൊയ്ത്തിനുവേണ്ടി

മന്നിലാദിയിൽ നട്ട വിത്തെല്ലാം

പൊന്നലയലച്ചെത്തുന്നു, നോക്കൂ,

പിന്നെയെത്രയോ കൊയ്ത്തുപാടത്തിൽ"[55]

കന്നിപ്പാടം ഒരിക്കലും ശൂന്യമാകുന്നില്ല. കൊയ്ത്തു കഴിഞ്ഞ് പാടം ചുട്ടെരിച്ചാലും വീണ്ടും ഞാറുകൾ പാടത്തു തേയ്ത്ത് വരുന്നതു കാണാം. നമ്മുടെ ജീവിതത്തിൽ

കൃഷിക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ കവിയാണ് വൈലോപ്പിള്ളി. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ തകർക്കപ്പെടുന്ന കാർഷിക മേഖലക്കൊപ്പം തകരുന്നത് നമ്മുടെ ജീവിതമാണ്. സമകാലിക ചുറ്റുപാടിൽ ഈ കവിത വളരെ പ്രസക്തമാവുന്നു. വൈലോപ്പിള്ളിക്കവിതയുടെ പുനർവായനയിലൂടെ വീണ്ടെടുക്കുന്നത് നമ്മുടെ കാർഷികജീവിതമാണ് അഥവാ സംസ്കാരമാണ്, ജീവിതാടിത്തറയാണ്.

കർഷകന്റെ ജീവിതം ചിത്രീകരിക്കുന്ന കവിയെ നമുക്ക് *കന്നിക്കൊയ്ത്തിൽ* കാണാം.

"തമ്പിമാരൊത്തു കൊയ്യുവാൻ വന്ന
കന്നിമാസത്തിൻ കൗതുകം പോലെ,
കണ്ണിനാനന്ദം നല്കിടും ഗ്രാമ-
കന്യയാളൊന്നീപ്പാടത്തു കൊയ്യും!" [56]

കന്നിപ്പാടവും കൊയ്ത്തുകാരിയും എന്നുമുണ്ടാവും. അത് കണ്ണിനാനന്ദവുമാണ്. കന്നിപ്പാടം ജീവിതത്തിന്റെ ഭാഗമാണ്, അഭേദ്യമാണ്. കൊയ്ത്തുകാരികളും ഇല്ലാതാവുന്നില്ല. കൊയ്ത്തുകാരികളിലൂടെ കർഷകരുടെ അധ്വാനത്തെപ്പറ്റിയാണ് കവി സൂചിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ മൃത്യുവിന്ന് കന്നിപ്പാടത്തെയും (കർഷകജീവിതത്തെയും) കൊയ്ത്തുകാരികളെയും (കർഷകരെയും) ഇല്ലായ്മചെയ്യാൻ കഴിയില്ല. ഈ 'ഏക ജീവിതാനശ്വരഗാനം' [57] പാടാനാണ് കവി തൂലിക ചലിപ്പിക്കുന്നത് എന്ന് ആധികാരികമായി തന്റെ കന്നികൃതിയിലെ കന്നി കവിതയിൽ തന്നെ പ്രഖ്യാപിക്കുന്നു. ഇതിന്റെ തുടർച്ച തന്നെയാണ് മറ്റ് കവിതകളും.

വർഗ്ഗാവബോധത്തിന്റെ അടിസ്ഥാനലക്ഷണമായ ജീവിതത്തിലുള്ള ഈ ശുഭാപ്തിവിശ്വാസം *ആയിരത്തൊന്നു രാവുകൾ, വസന്തം, സനാഥൻ, ശിവനാഥൻ, സർപ്പക്കാട്, കിളിയും മനുഷ്യനും* തുടങ്ങിയ കവിതകളിലെല്ലാം കാണാം.

കവി അവതരിപ്പിക്കുന്ന പക്ഷികളും മരങ്ങളും ചെടികളും എല്ലാം കാർഷിക ജീവിതവുമായി ബന്ധപ്പെട്ടതാണ്. കമ്മലിട്ട മുക്കുറ്റി, പാവാടയുടുത്ത ചിറ്റാട, കാലടിപോലെയുള്ള തുമ്പപ്പൂ തുടങ്ങിയ ചെടികളും മാടത്ത, കുളക്കോഴി എന്നീ പക്ഷികളും മാവ്, പ്ലാവ്, പുളി, മുരിങ്ങ എന്നീ വൃക്ഷങ്ങളും കാർഷിക ജീവിതത്തിന്റെ വേരോട്ടമുള്ളവയാണ്.

അദൃശ്യമായ രക്തധമനിപോലെ സംസ്കാര ശരീരത്തിന്റെ ജീവചൈതന്യമായി വ്യാപിച്ചു നില്ക്കുന്ന ഒന്നാണ് നാടിന്റെ മഹത്വം.

കൊയ്ത്ത് എന്ന കാർഷികവൃത്തിയോട് കവിയ്ക്കെന്നുമുണ്ടായിട്ടുള്ള ആഭിമുഖ്യം അദ്ദേഹത്തിന്റെ കവിതകളുടെ പേരുകളിൽത്തന്നെ നിറഞ്ഞു നിൽക്കുന്നു. കേരളീയ ഗ്രാമീണ ജീവിതത്തിന്റെ ആണിക്കല്ലായ കർഷകനും, കാർഷിക ചുറ്റുപാടുകളും കവി മനസ്സിൽ പൂർവകാലത്തിന്റെ മഹത്വവും പേറി എന്നും നിന്നിരുന്നു.

"കെട്ടിയമുടി കച്ചയാൽ മൂടി,
ചുറ്റിയ തുണി ചായ്ച്ചൊന്നു കുത്തി,
വെറ്റില ചവ,ച്ചുന്മദമോളം-
വെട്ടിടുമരിവാളുകളേന്തി
ഒന്നിച്ചാനമ്രമെയ്യോടേ നില്പൂ
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ
നൽപ്പുലർകാലപാടലവാനിൽ
ശുഭ്രമേഘപരമ്പരപോലെ"[58]

അരിവാളുകളേന്തി ഒന്നിച്ചുനിൽക്കുന്ന കർഷകസ്ത്രീകളുടെ മനോഹരചിത്രം വരച്ച് കൊണ്ടാണ് *കന്നിക്കൊയ്ത്തി*ന് കവി തുനിയുന്നത്. കൊയ്ത്തും അരിവാളും കർഷക ജീവിതത്തിന്റെ വാങ്മയബിംബങ്ങളാണ്. വർഗ്ഗചിന്തയുടെയും കർഷക ജീവിതത്തിന്റെയും സമഗ്രമായ ചിത്രമാണ് അനുവാചകന് കന്നിക്കൊയ്ത്തിൽ കാണാൻ കഴിയുന്നത്. ഒപ്പം അതിനടിസ്ഥാനമായ ജീവിതത്തിലുള്ള ശുഭാപ്തി വിശ്വാസവും

### 3.3.2 വ്യക്തിസ്വാതന്ത്ര്യം

സമത്വസുന്ദരമായ ഒരു കാലം കണ്ടുകഴിഞ്ഞ് കവിയുടെ കണ്ണ് വിശ്രമിക്കുന്നില്ല. അത് അതിനപ്പുറംസ്വാതന്ത്രത്തിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. വ്യക്തിയുടെ സ്വാതന്ത്ര്യാഭിലാഷം സമുദായത്തിന്റെ താല്പര്യങ്ങളുമായി ഏറ്റുമുട്ടാനിടയുള്ള കാര്യം അദ്ദേഹം കണ്ടറിയുന്നു. താല്പര്യസംരക്ഷണത്തിനായി ഒരു സമൂഹത്തെ മുഴുവൻ വെല്ലുവിളിക്കുന്നവൻ നേരിടുന്ന അനിവാര്യമായ ദുരന്തം *സഹ്യന്റെ മകനി*ലൂടെ ആവിഷ്കരിച്ചപ്പോൾ അദ്ദേഹം അതാണ് വ്യക്തമാക്കിയത്. ഇത്തരം സംഘർഷങ്ങൾക്ക് ഒരുക്കമല്ലാത്ത എന്തിനും വഴങ്ങിക്കൊടുക്കുന്നവരെ *സ്വർണ്ണമത്സ്യങ്ങളി*ലും സൂചിപ്പിക്കുന്നു. അലയാതെ കിട്ടുന്ന ഭക്ഷണത്തിന്റെ സുഖമാണ് ഇത്തരക്കാരുടെ ലക്ഷ്യമെന്ന് കവി പരിഹസിക്കുന്നു.

സമൂഹമായി ഇടഞ്ഞും ഇണങ്ങിയും ജീവിക്കുന്ന രണ്ട് വംശങ്ങളുടെയും സമന്വയം *ശ്രീവത്സ*ത്തിൽ സൂചിപ്പിക്കുന്നു. അത്തരമൊരവസ്ഥയിലെ സമൂഹത്തിനും വ്യക്തിക്കും സുഖമാവൂ. അല്ലാത്തിടത്തോളം സമൂഹത്തിന്റെ പീഡനങ്ങളേറ്റ് വ്യക്തികളുടെ ശക്തിയും സൗന്ദര്യവും ക്ഷയിക്കുക തന്നെ ചെയ്യും. വ്യക്തിത്വത്തിനേല്ക്കുന്ന ഈ ചവർപ്പുകൾ *കനി*യിൽ സൂചിപ്പിക്കുന്നു. *തീപ്പെട്ടി, പിച്ചകപ്പൂവ്, കടൽകാക്കകൾ* തുടങ്ങിയ കവിതകളും സാമൂഹ്യ നിർബന്ധങ്ങളാലുണ്ടാകുന്ന വ്യക്തി ദുഃഖങ്ങളെ പരാമർശിക്കുന്നു. *തവള*യിൽ ശരിയായി മനസ്സിലാക്കാതെ പോവുന്ന തന്റെ വ്യക്തിത്വത്തെ തന്നെ കവി പരാമർശിക്കുന്നു.

ഈ സംഘർഷത്തെ പൊരുത്തപ്പെടുന്നതിലൂടെ മാത്രമേ വ്യക്തിക്കും സമൂഹത്തിനും നന്മയുണ്ടാവൂ എന്ന ആശയമാണ് ഇവയിലൂടെ ഉരുത്തിരിഞ്ഞു വരുന്നത്. "സർഗ്ഗാത്മക പരിണാമത്തിന്റെ പക്ഷം പിടിക്കുന്ന കവി എല്ലാ കലകളുടെയും ശാസ്ത്രങ്ങളുടെയും ചരിത്രകഥകളുടെയും ലക്ഷ്യം മനുഷ്യപരമ്പരയിലൂടെയുള്ള സാംസ്കാരിക പരിണാമം ത്വരിതപ്പെടുത്തുകയാണ്" എന്ന് രേഖപ്പെടുത്തുന്നുണ്ട്.[59] മഹത്തായ സ്നേഹവും സഹാനുഭൂതിയും കൊണ്ടേ വ്യക്തിയുടെയും സമൂഹത്തിന്റെയും താല്പര്യങ്ങൾ പൊരുത്തപ്പെടുത്താനാവൂ. നന്മയുടെ രൂപമായിത്തീരുന്ന മനുഷ്യൻ തന്നെയാണ് ദേവൻ എന്നിടത്തോളം കവിയുടെ ഈ വീക്ഷണം ചെന്നെത്തുന്നു.

വ്യക്തിസ്വാതന്ത്ര്യബോധം തെളിഞ്ഞ് നിൽക്കുന്ന കവിതയാണ് കാക്ക. അധ്വാനശീലമാണ് *കാക്ക*യെ ശ്രദ്ധേയമാക്കുന്നത്.

"കേൾക്കാം പുളിമരക്കൊമ്പിൽ നിന്നും
കാക്ക കരിഞ്ഞിടും താരനാദം."[60]

എന്ന വരികളിലൂടെ ഈ *കാക്ക*യോട് കവിക്കുള്ള താത്പര്യം വ്യക്തമാകുന്നുണ്ട്. വിഷുക്കണിയിൽ 'ഞാൻ പുളിങ്ങയാണ്'[61] എന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. താരനാദമുതിർക്കുന്ന കാക്കയുടെ ആധാരമായ പുളിമരം കേരള കർഷകജീവിതത്തിന്റെ സൂചകമാണ്.

ഈ കാക്ക മാത്രമല്ല അവളുടെ വംശത്തിലുള്ളവരും തനിക്ക് പ്രിയങ്കരമാണ് എന്ന് "ഉറ്റതോഴരാണെനിക്കീക്കറമ്പന്മാർ"[62] എന്ന വരിയിൽ പറയുന്നു. അധ്വാനിക്കുന്ന കർഷകരോടുള്ള കവിയുടെ താത്പര്യമാണ് ഈ വരികളിൽ വ്യക്തമാവുന്നത്. കർഷക സമൂഹം നാടിന്റെ ഐശ്വര്യത്തിലും പുരോഗതിയിലും വഹിക്കുന്ന പങ്കിനെപ്പറ്റി കവിക്ക്

വ്യക്തമായ ധാരണയുണ്ട്. ഈ വർഗ്ഗത്തോട് കവിക്കുള്ള പ്രത്യേക ഇഷ്ടത്തിന് കാരണം.

"ലോലമായി മുവ്വിതളുള്ള നീല-
ക്കാലിടയെങ്ങു പതിഞ്ഞിടുന്നോ,
ആ നിലമൊക്കെയും ശുദ്ധിയേല്പു
ചാണകവെള്ളം തളിച്ചപോലെ"[63]

എന്ന വരികളിൽ സൂചിപ്പിക്കുന്ന ഐശ്വര്യം തന്നെ. കുടുംബ ജീവിതത്തിൽ ഐശ്വ ര്യങ്ങൾ ഉണ്ടാക്കാനും സമൂഹത്തിൽ വ്യക്തി സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാനും കാക്ക ശ്രദ്ധ ചെലുത്തുന്നു.

"കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും,
കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ"[64]

സമൂഹത്തെ സേവിക്കുന്ന കർഷകത്തൊഴിലാളികൾ അധ്വാനശീലരാണ്.

"ചേലുകൾ നോക്കുവോളല്ല നാനാ-
വേലകൾ ചെയ്യുവോളിക്കിടാത്തി"[65]

*കാക്ക* എന്ന ബിംബത്തിലൂടെ കർഷകത്തൊഴിലാളികളുടെ പ്രയത്നത്തെയാണ് കവി പ്രകീർത്തിക്കുന്നത്. വ്യക്തി സ്വാതന്ത്ര്യബോധത്തിന്റെ സമഗ്രാവിഷ്കാരം സഹ്യന്റെ മകനിൽ കാണാം.

സഹ്യന്റെ മകൻ തലയെടുപ്പുള്ള എന്നാൽ ആത്മവീര്യം പണയപ്പെടുത്തേണ്ടി വന്ന കർഷകത്തൊഴിലാളി തന്നെ. കറുപ്പ് അടിസ്ഥാന വർഗ്ഗത്തിന്റെ നിറമാണ്. 'കാക്ക' എന്ന ബിംബവുമായി ചേർന്നു പോകുന്നതാണ് ഈ സവിശേഷത. പാടത്തെ വെയി ലേറ്റ് കറുത്തു പോയവർ. കവിത തുടങ്ങുന്നത്.

"ഉത്സവം നടക്കയാ-
　　　　ണമ്പലമുറ്റത്തുയ-
ർന്നുജ്ജ്വലൽ ദീവെട്ടിക-
　　　　ളിളക്കും വെളിച്ചത്തിൽ.
പതയും നെറ്റിപ്പട്ട-
　　　　പ്പൊന്നരുവികളോലും

പതിനഞ്ചാനക്കരി-

മ്പാറകളുടെ മുന്നിൽ"[66]

അണിനിരന്ന ആനകൾ കരിമ്പാറകളാണ് എന്ന സൂചന കർഷകതൊഴിലാളി സമൂഹത്തിന്റെ കരുത്ത് സൂചിപ്പിക്കുന്നു. സംഘശക്തിയുടെ കെട്ടുറപ്പ് വരികളിലൂടെ വ്യക്തമാവുന്നു.

"കൂച്ചുചങ്ങലതന്നെ

കാൽത്തൂണിൽ തളയ്ക്കട്ടെ,

കൂർത്തതോട്ടി ചാരട്ടേ

കൃശഗാത്രനിപ്പാപ്പാൻ"[67]

തികച്ചും ന്യൂനപക്ഷമായ വർഗ്ഗം കരുത്തരായ ബഹുഭൂരിപക്ഷം ഉള്ള സംഘശക്തിയെ ചൂഷണം ചെയ്യുന്നത്, ചെയ്തു കൊണ്ടിരിക്കുന്നത് ഈ വരികളിലൂടെ കവി വരച്ച് കാട്ടുന്നു. കർഷക മുന്നേറ്റ ചരിത്രം അവർ തരിച്ചറിയുന്നു. 1935 ൽ കേരള കർഷക പ്രസ്ഥാനം ഉടലെടുത്തതോടുകൂടി ജന്മിത്തത്തിനെതിരായ കർഷക കലാപങ്ങൾക്ക് സുസംഘിടതരൂപം കൈവന്നു. ഇങ്ങനെ സംഘടിക്കുന്ന കർഷകരുടെ പശ്ചാത്തലത്തിലാണ് ഈ കവിത രചിക്കപ്പെടുന്നത്.

തങ്ങളുടെ പൂർവ്വകാല ചരിത്രം മനസ്സിലാക്കുന്ന, തങ്ങൾ ചൂഷണം ചെയ്യപ്പെടുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്ന കർഷകത്തൊഴിലാളിയുടെ തിരിച്ചറിവാണ് മദജലത്തിലൂടെ, മദമിളകലിലൂടെ കവി ചിത്രീകരിക്കുന്നത്.

മദമിളകി, സ്വാതന്ത്ര്യബോധം പ്രഖ്യാപിക്കുന്ന കർഷകത്തൊഴിലാളിയെ, കർഷകക്കൂട്ടായ്മയെ ഭരണാധികാരം ഉപയോഗിച്ച് ജന്മി തളയ്ക്കുന്നു. പട്ടാളക്കാരൻ ഭരണവർഗ്ഗത്തിന്റെ പ്രിതിനിധിയാണല്ലോ- ഭരണവർഗ്ഗത്തിന്റെ, പട്ടാളക്കാരന്റെ തോക്കിൻ അലർച്ചയിൽ സ്വാതന്ത്ര്യം ഉറക്കെ പ്രഖ്യാപിക്കുകയാണ് കർഷകത്തൊഴിലാളി ചെയ്യുന്നത്. അവരുടെ ധീരപോരാട്ടം ഏത് ദൈവമാണ് കേൾക്കുന്നത്? ആരും കേട്ടില്ല. കേട്ടത് പുത്രസങ്കടം സഹിക്കാത്ത സഹ്യഹൃദയം മാത്രമാണ്. ആ സഹ്യഹൃദയം മറ്റൊന്നുമല്ല, കവിഹൃദയം തന്നെയാണ്.

കർഷകന്റെ ദീനവിലാപങ്ങൾ എന്നും കേട്ടത് ഈ കവി തന്നെയാണല്ലോ. പടയാളികളിൽ വൈലോപ്പിള്ളി ഇത് പ്രത്യക്ഷമായിത്തന്നെ ചിത്രീകരിക്കുന്നുണ്ട്.

വേട്ടുവദമ്പതികളുടെ സഹനസമരത്തെ പാടിപ്പുകഴ്ത്തുവാൻ ആരുണ്ട് എന്ന ചോദ്യത്തോടെയാണ് *പടയാളികൾ* എന്ന കവിത അവസാനിക്കുന്നത്.

"ആരാണു വീറോടു പോരാടുമീരണ്ടു

പോരാളിമാർകളെപ്പാടിപ്പുകഴ്ത്തുവാൻ.[68]

സഹ്യന്റെ മകനിൽ തങ്ങളുടെ കരുത്ത് അറിയാത്ത കർഷകരെയാണ് ആദ്യം ചിത്രീകരിക്കുന്നത്. ആനയ്ക്ക് സ്വന്തം കരുത്ത് അറിയില്ലല്ലോ. കരുത്തനായ ആനയുടെ മുകളിൽ കൃശഗാത്രനായ പാപ്പാൻ ഇരിക്കുന്നു. അധികാര ദണ്ഡ് ഉപയോഗിച്ച് ജന്മി കർഷകനെ അടിമയാക്കുന്നു. ആ അടിമബോധം തിരിച്ചറിയാൻ ഒരു 'മദമിളകൽ' അനിവാര്യമാകുന്നു. തന്റെ വലിയ ചെവി പിൻകാഴ്ചയാണ് ആനയ്ക്ക് നഷ്ടപ്പെടുത്തുന്നത്. കർഷകർക്ക് സംഘബോധം നൽകുന്നത് കേരളത്തിലെ കർഷകപ്രസ്ഥാനങ്ങളുടെ ആവിർഭാവമാണല്ലോ.

കർഷകനെ ചൂഷണം ചെയ്ത് വമ്പ് പറഞ്ഞ ജന്മിത്തം 'മദമിളകലി' ലൂടെ വിവരമറിയുന്നു. 'മദമിളകൽ' വ്യക്തി സ്വാതന്ത്ര്യബോധത്തിന്റെയും ഒപ്പം വിപ്ലവത്തിന്റെയും ചിഹ്നമാണ്. സംഘശക്തിയും പോരാട്ടവീര്യവും തിരിച്ചറിവോടെ ഒന്നിക്കുമ്പോൾ ജന്മിത്തം കടപുഴകുന്നു. ഈ സൂചനയാണ് കവിതയിൽ അവസാനം ചിത്രീകരിക്കുന്നത്. എന്നാൽ അത് പൂർത്തിയാവണമെങ്കിൽ, പൂർണ്ണമാവണമെങ്കിൽ കർഷകത്തൊഴിലാളികൾ അധികാരം തിരിച്ച് പിടിച്ചേ പറ്റൂ. സംഘശക്തി അധികാരശക്തിയുടെ മുമ്പിൽ മുട്ടുമടക്കേണ്ടി വരും.

"അമ്പലമതിൽ കേറി-

യിരുന്നാൻ, ദുർമൃത്യുവിൻ

മുമ്പിലെസ്സേവക്കാര,-

നൊരു പട്ടാളക്കാരൻ"[69]

മണിമേടയിലെ അധികാരികൾക്ക് താഴെയുള്ളവന്റെ പ്രശ്നങ്ങൾ അറിയാത്തത് സ്വാഭാവികം. അതുകൊണ്ടുതന്നെ മുകളിലിരിക്കുന്നവന് വേണ്ടി തന്നെ അവൻ അധികാരം വിനിയോഗിക്കും.

ഇത്തരത്തിൽ ദുർവിനിയോഗം ചെയ്യുന്ന അധികാരശക്തിയെയാണ് കവി സഹ്യന്റെ മകനിൽ രേഖപ്പെടുത്തുന്നത്. കവി ഹൃദയത്തിൽ അത് മാറ്റൊലിക്കൊള്ളുന്നു.

ഇങ്ങനെ തളയ്ക്കപ്പെട്ട കർഷകത്തൊഴിലാളിയുടെ, കർഷകവിഭാഗത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനവും പോരാട്ടവുമാണ് ഈ കവിതയിലൂടെ വൈലോപ്പിള്ളി ധ്വനിപരമായി ചിത്രീകരിക്കുന്നത്. അടിസ്ഥാന ജനവിഭാഗത്തിന്റെ വക്താവായി കവിതയുടെ ഒടുവിൽ കവി പ്രത്യക്ഷപ്പെടുന്നു.

### 3.3.3 മനുഷ്യശക്തിയിലുള്ള പ്രതീക്ഷ

മനുഷ്യന്റെ ശക്തി അധ്വാനത്തിലൂടെ, സൃഷ്ടിയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു എന്നാണ് വൈലോപ്പിള്ളിയുടെ വിശ്വാസം. *പടയാളികളിൽ* തൊഴിലാളി ദമ്പതികളെ അവതരിപ്പിക്കുമ്പോൾ ഈ ദർശനമാണ് കവി ആവിഷ്കരിക്കുന്നത്. മൂകപ്രകൃതിയുടെ അന്ധമായ ക്രൂരതയെ  ജയിക്കാനുള്ള മനുഷ്യന്റെ ശ്രമം ഈ കവിതയിൽ കാണാം.

"ഇപ്പെരും ക്രൂരതയോട് പോരാടുവോ-
രിപ്പഴും പുഞ്ചയ്ക്ക് തേവുമീവേട്ടുവർ
പഞ്ചഭൂതങ്ങളോടങ്കമാടീടുമീ
പഞ്ചമരത്രെ പെരുംപടയാളികൾ"[70]

കൂട്ടുകാരി പാട്ടുപാടുന്നത് (കവി കാവ്യം രചിക്കുന്നതും) ആ തൊഴിലാളിയുടെ തണുപ്പും തളർച്ചയും മാറ്റാനാണ്. കാലത്തിന്റെ, കാലന്റെ പര്യായമായ മൃത്യു വിജിഗീഷുവാണെങ്കിലും ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്താൻ സാധ്യമല്ല എന്ന് *കന്നിക്കൊയ്ത്തിൽ* തന്നെ അദ്ദേഹം കണ്ടെത്തുന്നു. *ജലസേചന*ത്തിന്റെ ഇതിഹാസകഥയിലും കവി മനുഷ്യകർമ്മ വിജയത്തിന്റെ അർത്ഥം പ്രക്ഷേപിക്കുന്നു.

മനുഷ്യശക്തിയിൽ കവിക്കുള്ള പ്രതീക്ഷ ശക്തമായി ചിത്രീകരിക്കുന്ന കവിതയാണ് *പടയാളികൾ.* വേട്ടുവനും വേട്ടുവത്തിയും പാടത്തു പുഞ്ചയ്ക്കു വെള്ളം തേവുന്നത് ചിത്രീകരിച്ചുകൊണ്ടാണ് കവിത തുടങ്ങുന്നത്. വേട്ടുവർ എന്ന അധഃകൃത വർഗ്ഗത്തിന്റെ സ്ഥിരോത്സാഹം വളരെ ശക്തമായി കവി സൂചിപ്പിക്കുന്നു. പടയാളികൾ എന്നാണ് കവി ഇവരെ വിളിക്കുന്നത്. പ്രകൃതിയുടെ ക്രൂരതയോട് മല്ലിടുന്ന ഇവർ ശരിക്കും പടയാളികൾ തന്നെ. പ്രകൃതിയുടെ ക്രൂരത കാരണം

"വർദ്ധിച്ച താപേനവൻമരുഭൂവിലെ
യധ്വഗർപോലെത്തുമോരോദിനങ്ങളും
പാടത്തെ വെള്ളം കുടിച്ചു വറ്റിക്കയാൽ
വാടിത്തുടങ്ങീതു വാരിളം നെല്ലുകൾ

തൈത്തലയെല്ലാം വിളർത്തു മുളകിന്റെ

കൈത്തിരി തീരെ കൊളുത്താതെ വീണുപോയ്"?[71]

ഇങ്ങനെ മഴകാത്തു നിൽക്കുന്ന ഭൂമിയെ പാഴ്മഞ്ഞുതിർത്തു ആകാശം പരിഹ സിക്കുന്നതായി കവി പറയുന്നു. ഈ മൂകപ്രകൃതിയുടെ അന്ധമായ ക്രൂരത എങ്ങനെ യാണ് മനുഷ്യൻ സഹിക്കുക എന്ന് കവി ചോദിക്കുന്നു. ഈ ക്രൂരതയോടാണ് ഈ കർഷകത്തൊഴിലാളികൾ പൊരുതുന്നത്.

എല്ലാവരും സുഖമായി ഉറങ്ങുമ്പോൾ തങ്ങളുടെ ജീവരക്തമാണ് ഇവർ പാടത്ത് ഒഴുക്കുന്നത്. അർജ്ജുനന്റെ തേർതെളിച്ച സുഭദ്രയോടാണ് വേട്ടുവത്തിയെ കവി ഉപ മിച്ചിരിക്കുന്നത്. പാട്ടുകൾ പാടി അവൾ കൂട്ടുകാരന്റെ തണുപ്പും തളർച്ചയും കെടു ത്തുന്നു. വിപ്ലവവീര്യമാണ് അവൾ പാടുന്നത്.

"പാടുകയാണിവൾ പാലാട്ടുകോമന്റെ

നീടുറ്റ വാളിൻ നിണപ്പുഴകേളികൾ"[72]

വിപ്ലവവീര്യം പാടിയുണർത്താൻ വെമ്പുന്ന കവിയാണ് വൈലോപ്പിള്ളി. ഇങ്ങനെ ഭൂമിയെ നാകമാക്കാൻ പാടുപെടുന്ന ഈ കർഷകത്തൊഴിലാളികളെക്കുറിച്ച് പാടാൻ ആരുണ്ട് എന്ന് കവി ചോദിക്കുന്നു. അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ മഹത്വം പാടാൻ, മനുഷ്യശക്തിയിലുള്ള പ്രതീക്ഷ വ്യക്തമായി വിശദമാക്കാൻ താൻതന്നെ എന്ന് കവി പരോക്ഷമായി സ്ഥാപിക്കുന്നു. ഈ ചോദ്യമുന്നയിച്ചാണ് കവിത അവസാനിക്കുന്നത്, കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും വളരെ പ്രത്യക്ഷമായി ത്തന്നെ കവി ഈ കവിതയിലൂടെ ആവിഷ്കരിക്കുന്നു. വിശ്രമമില്ലാതെ പൊരുതുന്ന ഇവർ (കർഷകത്തൊഴിലാളികൾ) തന്നെയാണ് യഥാർത്ഥ പടയാളികൾ എന്ന് ഉദ്ഘോ ഷിച്ചുകൊണ്ടാണ് കവി പിന്മാറുന്നത്. കേരളത്തിന്റെ ഭക്ഷ്യവിളയും (നെല്ല്) നാണ്യ വിളയും (കുരുമുളക്) ഒരുപോലെ സംരക്ഷിക്കേണ്ട അനിവാര്യതയിലേയ്ക്ക് ഈ കവിത വിരൽച്ചൂണ്ടുന്നു. കാർഷികമേഖലയുടെ നിലനില്പാണ് കേരളത്തിന്റെ അടിത്തറയെന്ന് തിരിച്ചറിഞ്ഞ കവിയാണ് വൈലോപ്പിള്ളി.

വെള്ളം തേവി കേരളത്തെ സമൃദ്ധമാക്കാൻ പരിശ്രമിക്കുന്ന കർഷകത്തൊഴിലാ ളികൾക്ക് വെള്ളം പോലും അന്യമാവുന്ന സമകാലിക ചുറ്റുപാടിൽ വൈലോപ്പിള്ളി ക്കവിതകളുടെ പുനർവായനയും അന്വേഷണവും പ്രസക്തമാവുന്നു.

*പശ്ചിമ സമുദ്ര*ത്തിൽ സ്വാതന്ത്ര്യസമരകാലത്തെ ഭാരതീയന്റെ ദുസ്ഥിതി വെളിവാക്കുന്ന കവിതയാണ്. വിശന്നും തടവറയിൽ കിടന്നും മരിക്കുന്ന മനുഷ്യൻ കരയും സമുദ്രവും സ്വന്തമായില്ലാതെ അടിമകളാവാൻ വിധിക്കപ്പെട്ടവരായി കവി കാണുന്നു. അപ്പോഴും സ്വാതന്ത്ര്യജയസ്തംഭം ഉയർത്തിപ്പിടിക്കണമെന്ന് കവി കരുതുന്നത് മനുഷ്യശക്തിയിലുള്ള വിശ്വാസം മൂലമാണ്. *കടലിലെ കവിതകളി*ൽ ജീവിതപാരാവാരത്തിലേക്ക് പ്രതീക്ഷകളുമായി ഇറങ്ങിത്തിരിക്കുന്ന മനുഷ്യനെയാണ് കവി ചിത്രീകരിക്കുന്നത്. എങ്കിലും എത്ര ക്ഷുബ്ധമായ കടൽത്തിരകളിലും അവൻ ആനന്ദവുമായി തിരിച്ചുവരുമെന്ന് കവി വിശ്വസിക്കുന്നുണ്ട്. *ത്യാഗോപഹാരം* മനുഷ്യജീവിതത്തിന്റെ പ്രാധാന്യം കൊണ്ടാടുന്നു. തന്റെ ചാരിത്ര്യം വിറ്റും നാടിനെ രക്ഷിക്കാൻ കോപ്പുക്കൂട്ടി ഇറങ്ങിയ ത്യാഗദേവതയുടെ കഥയാണ് ഈ കവിതയിലൂടെ കവി ആവിഷ്കരിക്കുന്നത്. ഈ സുന്ദരി ഒരു തരത്തിൽ വൈലോപ്പിള്ളിയുടെ കവിത തന്നെയാണ്. ധനപ്രൗഢിയും സംരക്ഷണവും വാഗ്ദാനം ചെയ്യുന്ന മുതലാളിത്തം, അതിന്റെ കീഴിൽ പരസ്പരം മത്സരിച്ചു വീഴുന്ന രാജ്യങ്ങൾ, നഷ്ടമാവുന്ന മനുഷ്യജീവിതം ഇവയെല്ലാം ഈ കവിതയിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്. ഉൽകണ്ഠാഭാരവുമേന്തി മോക്ഷത്തിന്റെ സാക്ഷ നീക്കാൻ കാത്തുനിൽക്കുന്ന മനുഷ്യജീവിതത്തെ *ത്യാഗോപഹാര*ത്തിൽ കാണാം.

*ജലസേചനം* പ്രകൃതിയുടെ മേൽ മനുഷ്യന്റെ ഇച്ഛാശക്തി നടത്തുന്നവിജയത്തിന്റെ കഥയാണ്. പ്രകൃതിക്കു മുമ്പിൽ കൈക്കൂപ്പി നിന്ന മനുഷ്യൻ തന്നെ ഗൗനിക്കാതിരുന്ന പ്രകൃതിയോട് മല്ലിട്ട് വിജയമാഘോഷിക്കുന്നത് ഈ കവിതയിൽ കാണാം. “പ്രകൃതി മനസ്സും കവി മനസ്സും ഇത്രയേറെയലിഞ്ഞു ചേർന്ന, വ്യക്തിസത്തയും പ്രകൃതിസത്തയും ഇത്രത്തോളം സമന്വയം നേടിയ കവിത മറ്റാരുടേതെങ്കിലും ഉണ്ടോ എന്നെനിക്ക് സംശയമാണ്”[73] എന്ന് രാജശേഖരൻ രേഖപ്പെടുത്തുന്നുണ്ട്.

ആത്യന്തികമായി ഈ കവിത മനുഷ്യശക്തിയെ ലക്ഷ്യമാക്കുന്നു. സാഹചര്യത്തിന്റെ രൂക്ഷതയിൽ ക്രിയാത്മക ചൈതന്യം ആവാഹിക്കേണ്ട മനുഷ്യനെയാണ് ബലരാമനിലൂടെ കവി പ്രതീകവൽക്കരിക്കുന്നത്. സാമൂഹ്യരക്ഷക്കു വേണ്ടി നിർഭയനാകുന്ന മനുഷ്യന്റെ മഹത്വം വൈലോപ്പിള്ളിയുടെ കാവ്യചേതന എല്ലായ്പ്പോഴും കൊണ്ടാടുന്നുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഈ പരസ്പര ബന്ധവും വൈരുദ്ധ്യവും കവിയുടെ വ്യക്തിസത്തയുടെ ഭാഗമാണ്. “സുബ്രമഹ്ണ്യം പാട്ടും കാവ

ടിയാട്ടവും അല്ലാതെ ഉത്സവങ്ങളും മേളങ്ങളുമില്ലാത്ത ഞങ്ങളുടെ നാട്ടിൽ എന്റെ മനസ്സിൽ കവിത നിറക്കാൻ വന്നത് പ്രകൃതിയുടെ ഋതുപരിവർത്തനങ്ങളും അവയുടേതായ ഘോഷങ്ങളും നാദങ്ങളും പൂക്കളും പഴങ്ങളും പാടങ്ങളും പൊയ്കകളുമാണ്."[74]

*ഒരു കൊടി*യിൽ

"നരർ തൻ നെഞ്ചിൽ കൂടി

ത്തേർവിടുമധർമ്മത്തിൻ

നാസയിലിടിക്കുവാൻ

മടിക്കില്ലെൻ കയ്യുകൾ" [75]

എന്നു പറയുന്ന കവി മനുഷ്യനോടുള്ള തന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. *മലതുരക്കൽ* എന്ന കവിത മനുഷ്യന്റെ അജയ്യതയെയും പ്രകൃതിയുടെ മേലുള്ള അവന്റെ വിജയത്തെയും ഉൽഘോഷിക്കുന്നു. ഇതിലെ നായകൻ മനുഷ്യചരിത്രത്തിന്റെ വികാസവും നേട്ടവും തന്റെ കൂടി പ്രയത്നഫലമാണെന്ന് ആത്മബോധമുള്ളവനാണ്.

"മേടുതോറുമൃതുക്കൾതൻ പിമ്പേ

മേഞ്ഞുമേഞ്ഞുപോയെത്രയോ നാൾകൾ

വിശ്വരംഗത്തിലേറ്റിപോൽ മാറ്റം

വത്സരങ്ങൾതൻ കാൽപ്പെരുമാറ്റം"[76]

എന്നിടത്ത്, അയാൾ പുതിയ കാലത്തിന്റെ പുരുഷശക്തിയായ്ത്തീരുന്നു. അച്ഛന് - മുൻതലമുറക്ക് - വിജയം സാധ്യമാണോ എന്ന് സംശയമാണ്. എന്നാൽ മകൻ പ്രതിബന്ധങ്ങളുടെ ഏത് മലകളും തുരന്ന് ലക്ഷ്യസാക്ഷാത്കാരം നേടുന്ന, കവി പ്രതീക്ഷിക്കുന്ന പുതിയ മനുഷ്യന്റെ പ്രതീകമാണ്. അദ്ദേഹം മഹിതാകൃതിയായ ഒരു മാനവശില്പം പ്രതീക്ഷിക്കുന്നു. *മരണം കനിഞ്ഞോതി*യിൽ കവി മരണത്തിനു മേൽ ജീവിതത്തെ പ്രതിഷ്ഠിക്കുന്നു. *തൊഴിലാളി* അധ്വാനത്തിന്റെ മഹത്വം ഒരുൾകാഴ്ചയായി മാറിയതിന്റെ ഫലാണ്. തൊഴിലാളിയുടെ നേരെയുള്ള സഹതാപമോ, അനുതാപമോ അല്ല കവിയെ നയിക്കുന്നത്. മനുഷ്യന്റെ സർഗ്ഗാത്മക ചോദനയാണ്. സ്നേഹവും വിശ്വാസവുമാണ് ഏറ്റവും ഉന്നതമായ അറിവെന്ന് വിശ്വസിക്കുന്ന തൊഴിലാളി മാനുഷികതയുടെ വിശാലതലങ്ങളിൽ വിശ്വസൗധങ്ങൾ ഉയർത്തുന്നുണ്ട്. "വൈലോപ്പിള്ളിക്ക് ജനകീയബോധം ഉപരിതലസ്പർശിയായ ഒന്നല്ല, മറിച്ച് വ്യക്തിസത്തയെ പിടിച്ചുലക്കാൻ പോന്ന ശക്തിയാണ്"[77] ഏത് വിലക്കിന്റെയും മുകളിലും വിജയക്കൊടിപാറി

ക്കാനുള്ള മനുഷ്യന്റെ ഇച്ഛാശക്തിയും സൃഷ്ടിചോദനയും വാഴ്ത്തുകയാണ് കവി. *പൂവും കായും* എന്ന കവിതയിൽ ജീവിതത്തിന്റെ സഹൃദയ സന്ദർഭങ്ങളിൽ മാത്രം ഹൃദയത്തിൽ വിടരുന്ന ആമ്പലുകൾ, നഷ്ടപ്പെടുത്താത്തതിലുള്ള ചാരിതാർത്ഥ്യം ജീവിതത്തിനു തന്നെ അർത്ഥമുണ്ടാക്കുന്നതായി കാണുന്ന കവി മനുഷ്യനെ അടുത്തറിയുന്നവനാണ്. പ്രാരാബ്ധങ്ങളിലാണ്ടുമുങ്ങി കരകയറാൻ വെമ്പുന്ന ജീവിതങ്ങളെ രക്ഷിച്ചെടുക്കുന്നതിന് പ്രതിഫലമായി കിട്ടുന്ന കയ്പ്- ക്രൂരാനുഭവങ്ങൾ- ജീവിതകാലം മുഴുവൻ മധുരിപ്പിക്കുമെന്ന് കവി വിശ്വസിക്കുന്നു. *ഇരുളിൽ* എന്ന കവിതയിൽ

"കർമ്മപൗരുഷം വേൾക്കാതുള്ളൊരു നീതിച്ചൊല്ലേ
നിൻമട്ടിൽ ദയാർഹയായ് വേറെയെന്തുള്ളൂപാരിൽ"[78]

എന്ന് കവി മനുഷ്യന്റെ കർമ്മസിദ്ധിയെ പ്രകീർത്തിക്കുന്നു. മാനുഷികതയെ കളഞ്ഞു കുളിച്ചു കാപട്യമെടുത്തണിയുന്ന മുതലാളിത്തത്തിനെതിരെ കവി രോഷം കൊള്ളുന്നു.

"കാറിലും വിമാനത്തിനുള്ളിലും കേറും പരി-
ഷ്കാരിയാം കാടത്തമെ, കാടിനും കായ്ക്കും നിന്നെ"[79]

വാക്കും പ്രവൃത്തിയും കപടമായി തീർന്നപ്പോൾ ക്രിസ്തുവിനെ കുഴിച്ചു മൂടി എന്ന് തെറ്റിവിശ്വസിച്ച് അവരാശ്വസിക്കും. എന്നാൽ ഒരു യേശുക്രിസ്തുവിനെയും ലോകം മറക്കില്ല. ലുമംബാ വധത്തെ ആസ്പദമാക്കിയെഴുതിയ ഈ കവിതയിൽ മനുഷ്യന്റെ കർമപ്രവണത കവി പാടി പുകഴ്ത്തുന്നുണ്ട്.

"കുരിശിൻമേലും ക്രൂരനീതിയോടിളവെന്നെ
പൊരുതുന്നതിലത്രെ പരമോൽകൃഷ്ടൻ മർത്യൻ"[80]

*കിളിയും മനുഷ്യനും* എന്ന കവിതയിൽ മാറാൻ കൂട്ടാക്കാത്ത മനുഷ്യസങ്കല്പങ്ങളിൽ അധ്വാനിക്കുന്ന മനുഷ്യന്റെ ശക്തി പ്രതിഷ്ഠ കാണാം. ഇതിലെ നായകനിലൂടെ മനുഷ്യന്റെ ശക്തി ഇങ്ങനെ വിവരിക്കുന്നു.

"മരിക്കില്ല ഞാൻ, മരവിക്കയുമില്ലെന്നിലെ
മനുഷ്യൻ മേൽമേൽ ഭാവനിർഭരം വളർന്നാവൂ"[81]

എന്ന് കവി മനുഷ്യനെക്കുറിച്ചുള്ള തന്റെ വിശ്വാസം ആവിഷ്കരിക്കുന്നു. *വിദ്യാരംഭ*ത്തിലെ സരസ്വതി മനുഷ്യന്റെ ജീവിത സമസ്യകൾക്കുത്തരമേകാൻ വേണ്ടി ജനി

ക്കുന്നവളാണ്. ഉയർച്ചതാഴ്ചകൾക്കതീതമായി ആഗ്രഹിക്കുന്നവൾക്ക് തന്റെ സാന്നിധ്യം നൽകുന്നവളാണ്. *താജ്മഹൽ* പൂർവാദർശങ്ങളെ സ്മാരകങ്ങളിലൂടെ പണിതീർക്കുകയും അവയെ സ്മാരകളുടെ പരിധിയിൽ ചുരുക്കി അധഃപതിപ്പിച്ച് കൊല്ലുകയും ചെയ്യുന്ന വർത്തമാനകാലത്തിന്റെ രീതിമാറ്റി ഈ ആദർശം ജീവിതത്തിൽ സാക്ഷാൽക്കരിക്കാനുള്ള ഒന്നാക്കി പുനഃസൃഷ്ടിക്കാനുള്ള ശ്രമമാണ്. പൂർവ്വകവികൾ താജ്മഹലിന്റെ ഭംഗിയിൽ കണ്ണുനട്ടിരുന്നപ്പോൾ കവി, ആ സ്മാരകത്തിന് ജീവിതത്തിനുവേണ്ടി എന്തു നൽകാനുണ്ട് എന്നന്വേഷിക്കുന്നു. *തെങ്ങിൻതോപ്പിൽ* എന്ന കവിതയിലെ പാതാളത്തിലേക്ക് പതിക്കുമ്പോഴും കർമ മഹത്വത്തെ കുറിച്ചോർത്ത് ചുണ്ടിൽ പുഞ്ചിരിയെടുത്തണിഞ്ഞ മഹാബലി വൈലോപ്പിള്ളിയുടെ ആരാധനാ മൂർത്തിയാണ്. മഹാബലിയെ കാപട്യതന്ത്രങ്ങളുപയോഗിച്ച് ചവിട്ടി താഴ്ത്തിയ അവതാര പുരുഷനെ കവി വിമർശിക്കുന്നു. അവതാര പുരുഷനായാലും മനുഷ്യനെ രക്ഷിക്കാത്ത ദൈവത്തെ വൈലോപ്പിള്ളി സ്നേഹിക്കില്ല. 'വാമനന്മാർ' അദ്ദേഹത്തിന് 'മായംകാട്ടുന്ന കുരുട്ടു മനസുകൾ' തന്നെയാണ്.

മനുഷ്യശക്തിയിലുള്ള പ്രതീക്ഷ അഥവാ അധ്വാനത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന കവിതയാണ് 'കാക്ക'.

"കൂരിരുട്ടിന്റെ കിടാത്തി, യെന്നാൽ
സൂര്യപ്രകാശത്തിനുറ്റതോഴി."[82]

'കറുപ്പ്' എന്ന കാവ്യബിംബം സൂര്യ പ്രകാശമേറ്റാൽ തൊലികറുത്തു പോകും എന്ന ശാസ്ത്രസത്യവുമായി ബന്ധപ്പെട്ടു പോകുന്നു. വയലേലകളിൽ അധ്വാനിക്കുന്ന കർഷകന് സൂര്യപ്രകാശമേൽക്കാതെ വയ്യല്ലോ. സൂര്യപ്രകാശത്തിന്റെ ഏറ്റവും അടുത്ത തോഴിയാണ് കാക്ക.

ചുറ്റുപാടുമുള്ള ചീത്തകളെല്ലാം കൊത്തി വലിക്കുമ്പോഴും അവൾ വൃത്തിയും വെടുപ്പും ഉള്ളവളാണ്. ചളിയിൽ പണിയെടുത്ത് സമൂഹത്തെ പോറ്റുന്നവരാണല്ലോ കർഷകത്തൊഴിലാളികൾ. അവന്റെ ശുചിത്വബോധം ശക്തമാണ്. എല്ലാവരെയും സ്നേഹിക്കുന്നവനാണ് കർഷകത്തൊഴിലാളി. അതുകൊണ്ടാണല്ലോ അവർ സമൂഹത്തിന്റെ വിശപ്പ് മാറ്റാൻ പോരാടുന്നത്.

കിഴക്ക് തീപൂട്ടുക എന്ന പ്രയോഗത്തിലൂടെ പ്രപഞ്ചത്തിലെ അനിവാര്യമായ മാറ്റം ദ്യോതിപ്പിക്കുന്നു.

"പാടികളിക്കട്ടെ നാലുകെട്ടിൽ
മാടത്ത, തത്ത, കുയിൽ, പിറാക്കൾ
ഉൾപ്രിയ,മെങ്കിലും ഗേഹലക്ഷ്മി-
ക്കെപ്പോഴും കാക്കയോടെന്നു ഞായം".[83]

മണിമേടയിൽ ഉപരിവർഗ്ഗം സുഖഭോഗങ്ങളനുഭവിക്കുമ്പോൾ, വിനോദിക്കുമ്പോൾ കർഷകത്തൊഴിലാളികൾ മണ്ണിൽ പണിയെടുക്കുന്നു. വീട് ഐശ്വര്യപൂർണ്ണമാക്കുന്നത് കർഷകത്തൊഴിലാളികളാണ്. അതുകൊണ്ട് തന്നെ വീട്ടിലെ ലക്ഷ്മിക്ക് എന്നും പ്രിയം അവരോടാണ്.

"നീട്ടി വിളംബരംചെയ്വൂ കാക്ക
നാട്ടിൻപുറത്തെക്കുടുംബസൗഖ്യം
ചേലുകൾ നോക്കുവോളല്ല നാനാ-
വേലകൾ ചെയ്യുവോളിക്കിടാത്തി
ലോലമായി മുവ്വിതളുള്ള നീല-
ക്കാലടിയെങ്ങു പതിഞ്ഞിടുന്നോ,
ആ നിലമൊക്കെയും ശുദ്ധിയേലപൂ
ചാണകവെള്ളം തളിച്ചപോലെ"[84]

നാട്ടിൻപുറത്തെ ഐശ്വര്യപൂർണ്ണമാക്കുന്നത് കർഷകത്തൊഴിലാളികളാണ്. അവർ തങ്ങളുടെ അധ്വാനത്തിലൂടെ കുടുംബത്തെ പട്ടിണിയിൽ നിന്ന് രക്ഷിക്കുന്നു. മണ്ണിൽ പണിയെടുത്ത് പൊന്ന് വിളയിക്കുന്ന ഇവർ തങ്ങളുടെ പ്രവൃത്തിയിലൂടെ കുടുംബ സൗഖ്യം ഊട്ടിയുറപ്പിക്കുന്നു. ഇവർക്ക് തങ്ങളുടെ ബാഹ്യസൗന്ദര്യം നോക്കാൻ സമ യമില്ല. നേരം പുലരുമ്പോൾ മുതൽ അന്തിയാവുന്നത് വരെ ജോലിത്തിരക്കാണ്. കർഷ കത്തൊഴിലാളിയുടെ സാന്നിദ്ധ്യമുള്ള സ്ഥലം പരിശുദ്ധമാണ്. തരിശുഭൂമിപോലും ഇവർ ഫലപൂയിഷ്ഠമാക്കുന്നു. അവിടെപ്പോലും ഇവർ കഠിനാധ്വാനം ചെയ്ത് ഭൂമി സ്വർഗ്ഗ സമാനമാക്കുന്നു.

"ലോകാഭിരാമമമാണിത്തിരക്കിൽ
സ്നേഹാധികാരശകാരഘോഷം"[85]

സ്നേഹം ത്യാഗമാണെന്നും കർമ്മമാണെന്നും അവർ നമ്മെ ബോധ്യപ്പെടുത്തുന്നു. മണ്ണിൽ പണിയെടുത്ത് ഉറ്റവരുടെ വിശപ്പ് മാറ്റാൻ ശ്രമിക്കുന്നവർക്ക് സ്നേഹമല്ലാതെ

മറ്റെന്താണുള്ളത്. കാക്കയുടേതു പോലെ തൊഴിലാളിയുടെ സ്വരം പരുപരുക്കനാ യേക്കാം. നിറം കറുപ്പുമായേക്കാം. അവന്റെ മനസ്സ് താമരപ്പൂപോലെ മനോഹരമാണെന്ന് കവി കണ്ടെത്തുന്നു. സ്വരത്തിൽ സ്നേഹത്തിന്റെ മാധുര്യം തിരിച്ചറിയാനും കവിക്ക് കഴിയുന്നു. ശകാരഘോഷം അവകാശബോധവും സമരപ്രഖ്യാപനവുമാണ്. മാറാത്ത വ്യവസ്ഥിതിയോട്, ഉപരിവർഗ്ഗത്തോട് അവൾ സദാ കലഹിച്ചുകൊണ്ടിരിക്കുന്നു.

വർഗബോധം വളരെ ശക്തമായി ഈ ചെറു കവിതയിൽ കാണാം. മാടത്ത, തത്ത, കുയിൽ എന്നിവ ഉപരിവർഗത്തിന്റെ പ്രതീകമാണ്. എല്ലാവരും അവരെ ശുശ്രൂഷി ക്കുന്നു, പരിലാളിക്കുന്നു. കാക്കയെയാവട്ടെ എല്ലാവരും അകറ്റി നിർത്തുന്നു. വർണ്ണ വ്യവസ്ഥയുടെ ഭാഗമായി അധഃസ്ഥിതർ എന്നും മാറ്റിനിർത്തപ്പെട്ടവരാണല്ലോ. *പടയാ ളികൾ* എന്ന കവിതയിൽ വേട്ടുവരുടെ അധ്വാനം കവി വിവരിക്കുന്നുണ്ട്. കീഴാളരെ അടിച്ചമർത്തുന്ന ഈ മേലാള വ്യവസ്ഥിതിക്കെതിരെയാണ് കാക്കയുടെ, കർഷകത്തൊ ഴിലാളിയുടെ പോരാട്ടം. തന്റെ വർഗ്ഗത്തെ ഊട്ടിയുറപ്പിക്കുക എന്ന ന്യായത്തിൻമേലാ വണം കാമകേളിയിലും മിടുക്കിയായ് കവി ഇവളെ അവതരിപ്പിക്കുന്നത്.

### 3.3.4 സ്ഥിതി സമത്വം

തന്റെ നിശിതമായ ചരിത്രബോധം കൊണ്ട് മനുഷ്യപുരോഗതിയിൽ വിശ്വാസ മർപ്പിക്കുന്ന കവി ഏറ്റവുമധികം കവിതകൾ രചിച്ചിട്ടുള്ളത് സ്ഥിതി സമത്വവുമായി ബന്ധപ്പെട്ട പ്രമേയങ്ങളെ അധികരിച്ചാണ്. പന്ത്രണ്ട് ഓണക്കവിതകളും, *പടയാളികൾ, തുയിലുണർത്തൽ, മലതുരക്കൽ, പ്രഭാതഗാനം, ലെനിൻ, സ്വാതന്ത്ര്യദിനത്തിൽ, പുണ്യ ദർശനം, ജലസേചനം, അഭിവാദനം, പുതിയ കാഴ്ചപ്പാട്, സ്വർണ്ണക്കൊടിമരം, നവ ലോകം, വാഴാനിയിൽ, പാവക്കിനാവ്* തുടങ്ങിയ കവിതകളും സ്ഥിതിസമത്വത്തെക്കു റിച്ചുള്ള മോഹനപ്രതീക്ഷകൾ സൂചിപ്പിക്കുന്നതാണ്. വൈലോപ്പിള്ളിയുടെ ഇത്തരം സങ്കല്പങ്ങളിലെല്ലാം ഓണം ഒരു അതീത ഭൂതകാല സ്വപ്നം മാത്രമല്ല. സമത്വസുന്ദ രഭാവിയിലാണ് കവി ഓണം ദർശിക്കുന്നത്. മഹാബലി ഇതിന്റെ കേന്ദ്രബിംബമായി വരുന്നു. സൗഭാഗ്യങ്ങളുടെ ഈ ദാതാവിനെ, വൈലോപ്പിള്ളിക്കവിതകളിൽ കാണുന്ന പിതൃബിംബമായി എൻ.എൻ.കക്കാട് രേഖപ്പെടുത്തുന്നുണ്ട്.[86] ഓണത്തെക്കുറിച്ചുള്ള ഈ സങ്കല്പം വിടർന്നു വരുന്നത് സ്ഥിതിസമത്വം എന്ന ആശയത്തിലേക്കാണെങ്കിലും ഇത്തരം കവിതകളിൽ കവി ഉപയോഗിക്കുന്ന ബിംബങ്ങൾ പൂക്കളും പക്ഷികളും തിരു വാതിരക്കളിയും വില്ലടിച്ചാൻ പാട്ടും മറ്റുമാണ്. ഇതെല്ലാം കേരളീയ പാരമ്പര്യവും

ഗ്രാമീണതയുമായി ബന്ധപ്പെട്ടു നില്ക്കുന്നു. കവി ഉപയോഗിക്കുന്ന പൂക്കളും പക്ഷി കളും കർഷകജീവിതവുമായി ബന്ധം പുലർത്തുന്നവയാണ്.

സ്ഥിതി സമത്വത്തെപ്പറ്റി പറയുമ്പോൾ നിലവിലുള്ള ഉച്ചനീചത്വങ്ങളെക്കുറിച്ചും കവി പറയുന്നുണ്ട്. *ഹരിജനങ്ങളുടെ പാട്ട്, ശിബിയില്ല, മാനഭംഗം, ഭേരി, പട്ടിണിപ്പാട്ടു കാർ, വൈസ്രോയിയും കുരങ്ങുസൂപ്പും, പത്രം വേണോ പത്രം, ഇരുളിൽ, ചലനവും ശബ്ദവും സർക്കസ്സ്, ഗർഫ് രാജ്യങ്ങളോട്, അടിയന്തിരക്കവിതകൾ, ഇത്തിരി മാത്രം രക്തം, കുടിയൊഴിക്കൽ* തുടങ്ങിയവയിൽ അധഃസ്ഥിതരുടെ ദുരിതങ്ങളെപ്പറ്റി കവി പാടുന്നു. സമാധാനപ്പിറാവിന് മുറിവേല്ക്കുന്നതും, തൊഴിലാളികളുടെ സൂപ്പുണ്ടാക്കി ഭരണവർഗ്ഗം കഴിച്ചുരസിക്കുന്നതും, പട്ടിണിപ്പാട്ടുകാരുടെ നേർത്ത ശബ്ദം ഉയർത്തുന്ന വിഷാദവും, തൊഴിലില്ലാത്ത ചെറുപ്പക്കാരന്റെ കഴുത്തിൽ നിന്നും ഇത്തിരി രക്തം മാത്രം ഊറി വരുന്നതും കവി വിശദമാക്കുന്നു. ഇത്തരം ദുരിതങ്ങൾ പരിഹരിക്കാത്ത ഭരണകൂടത്തിന്റെ ചെയ്തികളെ സർക്കസ്സായി കവി കാണിച്ചു തരുന്നു.

ദുരിതമാണ് ജീവിതമെങ്കിലും ഒരു കാലത്ത് ഇതെല്ലാം നേരെയാവുമെന്ന വിശ്വാസം കവി മനസ്സിൽ പ്രത്യാശയുടെ നാളം നീളുന്നു. *ത്യാഗോപഹാരം, ജലസേചനം, വിത്തും കൈക്കോട്ടും, ഭേരി, മഴത്തുള്ളികൾ, യുഗപരിവർത്തനം, മുത്തച്ഛന്റെ വെൺമഴു, വെള്ളി ലവള്ളി* തുടങ്ങിയ കവിതകൾ കാലം മാറിവരുമെന്ന വിശ്വാസവും ആ കാലവുമായി ഒത്തുപോകാൻ കഴിയുമെന്ന ആഗ്രഹവും പ്രകടിപ്പിക്കുന്നു. ഇവയിലും കൃഷിയുമായി പ്രത്യക്ഷവും പരോക്ഷവുമായി ബന്ധപ്പെട്ട ബിംബങ്ങളാണ് കവി ഉപയോഗിക്കുന്നത്. *ജലസേചന*ത്തിലെയും *വിത്തും കൈക്കോട്ടി*ലെയും ബിംബങ്ങൾ വിഘ്നങ്ങൾ തരണം ചെയ്യുന്ന കാർഷികോപകരണങ്ങളാണ്. പുതിയ സമത്വ സുന്ദരലോകസൃഷ്ടിയും സമൃ ദ്ധിയും കവി വിഭാവനം ചെയ്യുന്നു. സമൃദ്ധിയുടെ ചിഹ്നമായി ഓണവും കൊന്നപ്പൂ ക്കളും കടന്നുവരുന്നു.

ഇത്തരം പ്രമേയങ്ങളിലും സ്ഥിതി സമത്വം, ഉച്ചനീചത്വങ്ങൾ എന്നീ വൈരുദ്ധ്യത്തെ രഞ്ജിപ്പിക്കാനും ഭാവിയിലേക്ക് നോക്കി ഒരു ശുഭപ്രതീക്ഷവച്ചു പുലർത്താനുമാണ് കവി ശ്രമിക്കുന്നത്. വൈരുദ്ധ്യങ്ങളെ രഞ്ജിപ്പിക്കാമെന്ന വിശ്വാസത്താൽ സമത്വവും സമാധാനവും പുലരുന്ന ഒരു നല്ല നാളെയിൽ വിശ്വസിക്കാമെന്നു കവി ഊന്നിപ്പറ യുന്നു.

### 3.4. പരിണാമം

കർഷകസമരങ്ങളുടെ പശ്ചാത്തലത്തിൽ വളർന്ന വൈലോപ്പിള്ളിയുടെ ആദ്യകാല കവിതകളിൽ അന്യവൽക്കരണം സംഭവിക്കാത്ത അധ്വാനം കൈമുതലായ തൊഴിലാളികളെ കാണാം. കവിതയിലെ പ്രാഥമിക ഉൽപ്പാദകരുടെ സംഘശക്തിയുടെ ബലം *കുടിയൊഴിക്കലി*ലെ ചീവീടുകളുടെ പാട്ടിൽ വ്യക്തമാകുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ പടഘോഷത്തിന് മധ്യവർഗ്ഗം കീഴ്പ്പെടുന്നത് കുടിയൊഴിക്കലിലും യുഗപരിവർത്തനത്തിലും പ്രകടമാണ്. *പന്തങ്ങൾ* പഴയ പ്രൊമെത്യൂസിയൻ സങ്കല്പം മുതൽ പ്രകൃതിയുമായേറ്റുമുട്ടി വളർന്ന മനുഷ്യന്റെ അധ്വാനശീലത്തിന്റെ മഹിമ പ്രകീർത്തിക്കുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ഉദ്ഘോഷമാണ്. ജലസേചനം, മലതുരക്കൽ, യുഗപരിവർത്തനം തുടങ്ങിയ കവിതകളിൽ ഭാവിലോകത്തിന്റെ പാത ശാസ്ത്രസാങ്കേതിക വിദ്യകളുടേതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. കണ്ണീർപ്പാടം, സാവിത്രി തുടങ്ങിയ കവിതകളിൽ ദുസ്സഹമായ വർത്തമാനജീവിതത്തെ കാവ്യജീവിതസ്വപ്നങ്ങൾ കൊണ്ടെങ്ങനെ സഹനീയമാക്കാമെന്ന് കവി വിഭാവനം ചെയ്യുന്നു. അധ്വാനത്തിന്റെ മഹത്വം പ്രകടിപ്പിക്കുന്നവയാണ് വൈലോപ്പിള്ളിക്കവിതകൾ. കവിതയിലെ അടിയുറച്ച ശാസ്ത്രബോധം, മാറിവരുന്നതലമുറകളോട് പൊരുത്തപ്പെടാമെന്ന ശുഭാപ്തിവിശ്വാസം, സ്വന്തം മണ്ണിന്റെ പഴമകളോടും പാരമ്പര്യങ്ങളോടുമുള്ള ഹൃദയസമ്പർക്കം, നിലവിലുള്ള സമൂഹത്തെ മാറ്റിമറിക്കുന്നതിൽ തൊഴിലാളി വർഗ്ഗത്തിനുള്ള പങ്കിനെക്കുറിച്ചുള്ള അഭിമാനം, ജീവിതത്തിന്റെ ദ്വന്ദ്വഭാവങ്ങളെ സമർത്ഥമായി സമന്വയിക്കുന്നതിൽ കാണിക്കുന്ന വൈദഗ്ദ്ധ്യം, പോയ തലമുറ അത്യന്തം കാല്പനികമായിക്കണ്ടു പോന്ന ചില ചമൽക്കാരങ്ങളെ "ആന്റി റൊമാന്റിസൈസ്" ചെയ്യാനുള്ള വെമ്പൽ എന്നിങ്ങനെ വൈലോപ്പിള്ളിക്കവിതയുടെ ഗുണവിശേഷങ്ങളായി കരുതുന്ന എല്ലാകാര്യങ്ങളും വിപ്ലവോന്മുഖ താൽപര്യങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ചുരുക്കത്തിൽ ഒരു വിപ്ലവകാരിക്കുവേണ്ട പലഗുണങ്ങളും വൈലോപ്പിള്ളിക്കവിതയുടെ മുഖമുദ്രകളായി നിൽക്കുന്നു.

## കുറിപ്പുകൾ

1. ഇ.എം.എസ്. നമ്പൂതിരിപ്പാട്. *മാർക്സിസം, ലെനിനിസം ഒരു പാഠപുസ്തകം*, തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 1995. പു. 40.
2. വൈലോപ്പിള്ളി ശ്രീധരമേനോൻ. *മലതുരക്കൽ*, വൈലോപ്പിള്ളിക്കവിതകൾ, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1984. പു. 133.
3. *ഗന്ധങ്ങൾ*, വൈ.ക.പു. 151
4. *കവിയും കുഷ്ഠരോഗിയും*, വൈ.ക.പു.215
5. *കുടിയൊഴിക്കൽ*, വൈ.ക.പു.697
6. *തൊഴിലാളി*, വൈ.ക.പു,83.
7. *കേരളകവി*, വൈ.ക.പു.195
8. *വേനൽക്കൊരുമഴ*, വൈ.ക.പു. 521.
9. *വിത്തും കൈക്കോട്ടും*, വൈ.ക.പു.204.
10. *കൊയ്ത്തുകഴിഞ്ഞ്*, വൈ.ക.പു. 208
11. *കന്നിക്കൊയ്ത്ത്*, വൈ.ക.പു. 43.
12. രാജീവൻ ബി. *അന്യവൽക്കരണവും യോഗവും*. കോഴിക്കോട്: മൾബെറി പബ്ലിക്കേഷൻസ്, 1990. പു. 18.
13. ടി.പു.20.
14. വൈ.ശ്രീ. *പടയാളികൾ*, വൈ.ക.പു.57.
15. ടി.പു.58.
16. *കാക്ക*, വൈ.ക.പു. 71.
17. *കൊയ്ത്തുകഴിഞ്ഞ്*, വൈ.ക.പു.208
18. *എന്റെ ഗ്രാമം*, വൈ.ക.പു. 166
19. *കേരളകവി*, വൈ.ക.പു. 196.
20. *ഓണമുറ്റത്ത്*, വൈ.ക.പു. 488.
21. *സർപ്പക്കാട്*, വൈ.ക.പു.161.
22. *വർഷാഗമം*, വൈ.ക.പു. 140.
23. *തൊഴിലാളി*, വൈ.ക.പു. 283.
24. *കുടിയൊഴിക്കൽ*, വൈ.ക.പു. 690.
25. ടി.പു.691.

26. ടി. പു. 696.
27. എൻ.വി. കൃഷ്ണവാരിയർ, അവതാരിക, *കുടിയൊഴിക്കൽ* വൈ.ക.പു. 795.
28. വൈ.ശ്രീ. *കുടിയൊഴിക്കൽ*, വൈ.ക.പു. 695.
29. ടി.
30. *കണ്ണീർപ്പാടം*, വൈ.ക.പു. 387.
31. ടി.
32. *കുടിയൊഴിക്കൽ*, വൈ.ക.പു. 702.
33. *യുഗപരിവർത്തനം*, വൈ.ക.പു. 361.
34. *അമ്മയുടെ പുഞ്ചിരി* (അടിക്കുറിപ്പ്) വൈ.ക.പു. 635.
35. *യുഗപരിവർത്തനം*, വൈ.ക.പു. 365
36. *തെങ്ങിൻതോപ്പിൽ*, വൈ.ക.പു. 480.
37. *കേരളകവി*, വൈ.ക.പു.196.
38. *യുഗപരിവർത്തനം*, വൈ.ക.പു. 362.
39. *സ്വാതന്ത്ര്യദിനത്തിൽ*, വൈ.ക.പു. 254.
40. *കുടിയൊഴിക്കൽ*, വൈ.ക.പു. 689.
41. ടി.പു. 691.
42. *അരിയില്ലാഞ്ഞിട്ട്*, വൈ.ക.പു. 51.
43. *കുടിയൊഴിക്കൽ*, വൈ.ക.പു. 697.
44. ഇ.എം. എസ്. & പി. ഗോവിന്ദപ്പിള്ള. *ഗ്രാംഷിയൻ വിചാരവിപ്ലവം*, തിരുവനന്ത പുരം: ചിന്ത പബ്ലിഷേഴ്സ്, 2008. പു.92.
45. ടി.പു. 93.
46. *കൊറിയയിൽ, സിയൂളിൽ*, വൈ.ക.പു. 255.
47. *ലെനിൻ*, വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം 1, തൃശൂർ: കറന്റ് ബുക്സ്, 2001. പു. 728.
48. *ആസ്സാംപണിക്കാർ*, വൈ.ക.പു. 86.
49. ടി.പു. 89.
50. *ഓണപ്പാട്ടുകാർ*, വൈ.ക.പു. 228.
51. വസന്തൻ എസ്.കെ. *അവതാരിക* വൈ.ക.പു. 15
52. വൈ.ശ്രീ. *കന്നിക്കൊയ്ത്ത്*, വൈ.ക.പു. 43

53. ടി. പു. 45
54. ടി. പു. 47
55. ടി. പു. 46
56. ടി. പു. 47
57. ടി.
58. ടി. പു. 43
59. വൈ.ശ്രീ, *എന്റെ കവിത,* വിത്തുംകൈക്കോട്ടും. പു. 27.
60. *കാക്ക,* വൈ.ക.പു. 70
61. *വിഷുക്കണി,* വൈ.ക.പു. 292.
62. *കാക്കകൾ,* വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, വാല്യം 1, പു. 482.
63. *കാക്ക,* വൈ.ക.പു. 71
64. ടി.പു. 70
65. ടി.പു. 71
66. *സഹ്യന്റെ മകൻ,* വൈ.ക.പു. 72
67. ടി.പു. 73
68. *പടയാളികൾ* വൈ.ക.പു. 58
69. *സഹ്യന്റെ മകൻ,* വൈ.ക.പു. 80
70. *പടയാളികൾ,* വൈ.ക.പു. 58
71. ടി.പു. 57
72. ടി.പു. 58
73. രാജശേഖരൻ, എസ്. *വൈലോപ്പിള്ളിക്കവിത വേരുകൾ,* കന്നിക്കൊയ്ത്തു മുതൽ മകരക്കൊയ്ത്തുവരെ (ദേശാഭിമാനി സ്റ്റഡിസർക്കിൾ 1981), പു. 35
74. എം.എൻ.കുറുപ്പ്, *വൈലോപ്പിള്ളി- ജീവിതത്തിലേക്കൊരെത്തിനോട്ടം,* കന്നിക്കൊയ്ത്തു മുതൽ മകരക്കൊയ്ത്തുവരെ. പുറം 121
75. വൈ.ശ്രീ, *ഒരു കൊടി,* ശ്രീരേഖ, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1982. പു. 66.
76. *മലതുരക്കൽ.* വൈ.ക.പു. 132
77. രാജശേഖരൻ, *വൈലോപ്പിള്ളി കവിയും വ്യക്തിയും,* ദേശാഭിമാനി ഓണം വിശേഷാൽ പതിപ്പ്. 1981, പു. 69.

78. *ഇരുളിൽ*, വൈ.ക.പു. 298
79. ടി.
80. ടി.പു. 296
81. *കിളിയും മനുഷ്യനും*, വൈ.ക.പു. 337
82. *കാക്ക*, വൈ.ക.പു. 70
83. ടി.
84. ടി.പു. 70-71
85. ടി.പു. 71
86. എൻ.എൻ കക്കാട്, *വൈലോപ്പിള്ളിയുടെ അടിസ്ഥാന സങ്കല്പക്കൂടം*, കവിതയും പാരമ്പര്യവും, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1984. പു. 94.

### അധ്യായം നാല്

# കവിതയിലെ കാർഷിക സംസ്കൃതി വർഗാവബോധത്തിന്റെ ആവിഷ്കാരം എന്ന നിലയിൽ

## 4.1 കാവ്യബിംബങ്ങൾ

കാവ്യത്തിന്റെ പ്രതിപാദ്യം അഥവാ പ്രതീതിസാരം, പ്രതിപാദനം എന്നിവ വ്യാവർത്തിപ്പിക്കുക കാവ്യപഠനത്തിൽ പതിവാണ്. കവിമനസ്സിൽ ഇവ ഒരുമിച്ചാണ് രൂപം കൊള്ളുന്നത് എന്ന അഭിപ്രായം ഇരിക്കെത്തന്നെ അപഗ്രഥനാത്മകമായ സമീപനങ്ങളിൽ അവയെ വേറെക്കണ്ട് പഠിക്കേണ്ടിവരുന്നു. ഇവിടെ ശൈലീവിജ്ഞാനീയം പ്രസക്തമായിത്തീരുന്നു. ശൈലീവിജ്ഞാനീയത്തിന്റെ നാല് അടിസ്ഥാന സമീപന രീതികളിൽ സ്വനപദവാക്യഘടനാസമീപനരീതികൾക്കു കുറെക്കൂടി വസ്തു നിഷ്ഠത അവകാശപ്പെടാം. എന്നാൽ കാവ്യാവിഷ്കാരത്തിന്റെ മുഖ്യതലമായ ബിംബങ്ങളെ വിശകലനം ചെയ്യുമ്പോൾ ആത്മനിഷ്ഠത കൂടുതൽ പ്രത്യക്ഷപ്പെടാൻ ഇടയുണ്ട്.

കാവ്യത്തിന്റെ സൂക്ഷ്മഭാഷയ്ക്ക് ഒഴിച്ചുകൂടാനാകാത്തവയാണ് ബിംബങ്ങൾ എന്ന് മിൽട്ടൺ മുറേ വ്യക്തമാക്കുന്നുണ്ട്[1] "സാന്ദ്രാനുഭവങ്ങളുടെ പരലുകളാണ്"[2] കാവ്യബിംബങ്ങൾ എങ്കിൽ ഒരു കാവ്യബിംബത്തിൽ കവി സങ്കേതനം (code) ചെയ്യുന്ന അനുഭവങ്ങളെ അനുവാചകൻ വിസങ്കേതനം (decode) ചെയ്തെടുക്കുമ്പോൾ കുറെയേറെ വിട്ടുപോകലുകളോ കൂട്ടിച്ചേർക്കലുകളോ നടന്നേക്കും. (Transmission loss or Transmission gain) ഇവിടെ ആത്മനിഷ്ഠഘടകങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്നു. വസ്തുനിഷ്ഠമായ ശൈലീവിജ്ഞാനീയ നിരൂപണം ആത്മ നിഷ്ഠതയിലേക്കു ചായുന്ന മേഖലയാണ് ബിംബ പഠനങ്ങൾ എന്നതുപോലെ തന്നെ സൗന്ദര്യാത്മക മേഖലയിലേക്ക് ചായുന്ന ഒരു സന്ദർഭവുമാണ് അത്. എങ്കിലും ജീവിതത്തിലുടനീളം താൻ ആർജ്ജി

ക്കുന്ന അനുഭവങ്ങളിൽ നിന്ന് കവി സ്വരൂപിച്ചെടുക്കുന്ന ഒരു ദർശനവും ആ ദർശനത്തെ ആധാരമാക്കി കവി പ്രഖ്യാപിക്കുന്ന ചില വിശ്വാസ പ്രമാണങ്ങളുമുണ്ട്. ബോധപൂർവ്വം കവി നടത്തുന്ന, തന്റെ വിശ്വാസപ്രമാണങ്ങളോടു ബന്ധപ്പെട്ട, സത്യവാങ്മൂലങ്ങൾക്കു വിപരീതമായി, കവി അറിയാതെ അയാളുടെ കവിതകളിൽ മുദ്രിതമാകുന്ന ഒരു അപരവ്യക്തിത്വമുണ്ടെന്നു കാണാം. വ്യക്തിത്വത്തിന്റെ മുദ്രയാണ് ശൈലി എന്നതുകൊണ്ടും കവി വ്യക്തിത്വത്തിന്റെ പ്രകടന രൂപങ്ങളിൽ മുഖ്യമായ ഒന്ന് കാവ്യബിംബങ്ങളാണ് എന്നതുകൊണ്ടും കവിതകളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന ബിംബങ്ങളിലൂടെ കവി വ്യക്തിത്വത്തിലേക്കുള്ള ഒരു അന്വേഷണം പ്രസക്തമായിത്തീരുന്നു. കവിതയുടെ ഉദാത്ത മേഖലകളിൽ കവി മനസ്സിന് അനുഭൂതമാകുന്ന യാഥാർത്ഥ്യങ്ങൾ അയാളുടെ അപരവ്യക്തിത്വത്തിലേക്ക് വെളിച്ചം വീശാൻ മതി. കവിമനസ്സിന്റെ സ്വകാര്യതകളിലേക്കുള്ള അന്വേഷണം പലപ്പോഴും സാധ്യമാകുന്നത് തന്റെ സ്വകാര്യാനുഭൂതികളെ സാന്ദ്രമായ പരലുകളാക്കി കവി അവതരിപ്പിക്കുന്ന ബിംബങ്ങളിലൂടെയാണ്. ഒരു വ്യക്തി അനുഭവിച്ചറിഞ്ഞ വസ്തുക്കളുടെ ആഴം ബിംബപഠനങ്ങളിലൂടെ അറിയാൻ കഴിയും.[3] കവിതയിൽ കവി വിന്യസിക്കുന്ന ബിംബങ്ങളുടെ ഔചിത്യവും സൗന്ദര്യവും, പുതുമയും തീവ്രതയും മുൻനിർത്തിക്കൊണ്ടുള്ള സൗന്ദര്യാത്മക പഠനം ബിംബാപഗ്രഥനത്തിന്റെ ഒരു സാദ്ധ്യതയാണ്. ബിംബങ്ങളിലൂടെ കവിമനസ്സിന്റെ അജ്ഞാതതലങ്ങളിലേയ്ക്കും അബോധതലങ്ങളിലേക്കും ഉള്ള അന്വേഷണം ബിംബപഠനത്തിന്റെ മറ്റൊരു മേഖലയത്രെ. വൈലോപ്പിള്ളി കവിതകളിലെ ബിംബങ്ങളെ ബൃഹദ്സന്ദർഭത്തിൽ പ്രമേയപരമായി (Thematic) വർഗീകരിച്ചെടുത്ത് ഓരോതരം പ്രമേയങ്ങൾക്കും സൂക്ഷ്മ സന്ദർഭങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി കവി വ്യക്തിത്വത്തിലേക്കു വെളിച്ചം വീശത്തക്കരീതിയിൽ പഠിച്ച് ചില നിഗമനങ്ങളിലെത്താനാണ് ഈ അദ്ധ്യായത്തിൽ ശ്രമം നടത്തുന്നത്.

### 4.1.1 കാവ്യബിംബങ്ങളുടെ ധർമ്മം

എന്തിനാണ് കവി കാവ്യബിംബങ്ങൾ ഉപയോഗിക്കുന്നത് എന്നതു സംബന്ധിച്ചു നിരവധി അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. തന്റെ പ്രതിപാദ്യത്തെ അനുവാചകഹൃദയങ്ങളിൽ ആഞ്ഞുപതിപ്പിക്കുമാറ് മൂർത്തമായ ഒരു വാങ്മയ ചിത്രം അവതരിപ്പിക്കാനാണ് കവി കാവ്യബിംബങ്ങൾ ഉപയോഗിക്കുന്നത് എന്നു പൊതുവെ പറയാം. വസ്തുവിന്റെ ഒരു സമഗ്ര ചിത്രം മാത്രമല്ല വസ്തു ഉയർത്തുന്ന നാദസ്പർശഗന്ധരുചിഭേദങ്ങളെല്ലാം [4] ബിംബയോജനയിലൂടെ അനുഭവിപ്പിക്കാൻ കവിക്കു കഴിഞ്ഞു

എന്നു വരും. ആഴത്തിൽ അനുഭവിപ്പിക്കുക എന്നതാണ് ബിംബങ്ങളുടെ പ്രധാന ഉദ്ദേശം. ഒരു വസ്തു എന്ന നിലയിലല്ല ഒരു ആശയം അഥവാ അനുഭൂതി എന്ന നില യിൽ കവിഹൃദയത്തിൽ നിന്ന് അനുവാചകഹൃദയത്തിലേക്ക് പ്രക്ഷേപിക്കപ്പെടുന്ന താണ് കാവ്യബിംബങ്ങൾ. വാഗഗോചരമായ അനുഭൂതികൾ പകരാൻ കാവ്യബിംബ ങ്ങളല്ലാതെ മറ്റൊന്നില്ല. അർത്ഥത്തിന്റെ വ്യത്യസ്തങ്ങളായ ആന്തരികതലങ്ങളോ സൂക്ഷ്മവർണവ്യത്യാസങ്ങളോ അവതരിപ്പിക്കാൻ തന്റെ ഭാഷ അപര്യാപ്തം എന്നു തോന്നുമ്പോഴാണ് കാവ്യബിംബങ്ങൾ കവിയുടെ സഹായത്തിനെത്തുന്നത്.[5] തന്റെ ആന്തരിക ദർശനം കവി അനുഭൂതമാക്കുന്നത് ബിംബാവലികളിലൂടെയാണ്.[6] ഉചിത മായ ഒരു കാവ്യബിംബത്തിനു പിറവി നൽകുമ്പോൾ ഒരു കവിമനസ്സ് അനുഭവിക്കുന്ന ധന്യതയാണ് "ഗ്രന്ഥങ്ങൾക്ക് പുറമെ ഗ്രന്ഥങ്ങൾ എഴുതിക്കൂട്ടുന്നതിനേക്കാൾ പ്രധാ നമാണ് ജീവിതത്തിലൊരിക്കലെങ്കിലും ശ്രദ്ധേയമായ ഒരു ബിംബം ആവിഷ്കരിക്കുക എന്നത്"[7] എന്ന എസ്രാപൗണ്ടിന്റെ പ്രസ്താവനയിലുള്ളത്. ബിംബം എന്നതുകൊണ്ട് പൗണ്ട് ഉദ്ദേശിക്കുന്നതാകട്ടെ "ധൈഷണികവും വൈകാരികവുമായ ഒരു ഭാവഗ്രന്ഥിയെ ഞൊടിയിൽ നിവേദിപ്പിക്കുന്ന ഒന്ന്"[8] എന്നാണ്. അനുവാചകഹൃദയത്തിൽ ഒരു മിന്നൽപ്പിണർപോലെ ഭാവദീപ്തിയുണ്ടാക്കുന്ന കാവ്യബിംബങ്ങൾക്ക് പ്രസക്തമായ ഒരു നിർവചനം തന്നെയാണിത്. ഭാവഗ്രന്ഥി എന്ന വാക്ക് അതിന്റെ മനഃശാസ്ത്രപര മായ എല്ലാ അർത്ഥവ്യാപ്തിയോടും കൂടിയാണ് താൻ ഉപയോഗിക്കുന്നത് എന്നും പൗണ്ട് വിശദീകരിക്കുന്നുമുണ്ട്.[9]

| **സൂചിതം** | **സൂചകം1** | **സൂചകം 2** |
|---|---|---|
| (അനുഭൂതി) | പ്രാഗ്‌വാഗ്വീകൃ- | ഭാഷയിലെ |
| ധൈഷണികവും | താവസ്ഥയിലെ | ചിഹ്ന വ്യവസ്ഥയിലൂടെ |
| വൈകാരികവുമായ | ബിംബം. | ആവിഷ്കൃതമാകുന്ന |
| ഭാവഗ്രന്ഥി | | ബിംബം. |

എന്ന് ബിംബരൂപീകരണത്തിനു പിറകിൽ വ്യവച്ഛേദിച്ചു പറയാൻ പ്രയാസമുള്ള രണ്ടു ഘട്ടങ്ങളുണ്ടെന്നു കാണാം.

ധൈഷണികവും വൈകാരികവുമായ അനുഭൂതികളാണ് സൂചിതങ്ങൾ എന്നിരിക്കെ ബിംബങ്ങൾ അവയുടെ ഒന്നാം സൂചകങ്ങളും ഭാഷ എന്ന ചിഹ്ന വ്യവസ്ഥ അതിന്റെ രണ്ടാം സൂചകങ്ങളും ആണ്. ഈ രണ്ടു സൂചകങ്ങളുടെ സമ്യക്കായ കൂടിച്ചേരലിൽ

നിന്നാണു മുമ്പു പറഞ്ഞ ഭാവദീപ്തി പിറക്കുന്നത്.[10] ബിംബാവലികളിലൂടെ കവി തന്റെ അനുഭൂതി മണ്ഡലത്തെ സുദൃഢവും സാന്ദ്രവും സംക്ഷിപ്തവുമാക്കി അവതരിപ്പിക്കുന്നു. "ഹിമകണത്തിൽ ബിംബിക്കുന്ന കാനനം" പോലെ ബിംബം ഒരു അനുഭൂതിനൈരന്തര്യത്തെ നിവേദിപ്പിക്കുന്നു."[11]

### 4.1.2 ബിംബങ്ങളും അലങ്കാരങ്ങളും

പരമ്പരാഗത അലങ്കാരങ്ങളെക്കാൾ ധ്വനനശേഷിയുണ്ടായിരിക്കും കാവ്യബിംബങ്ങൾക്ക്. അനുവാചകന്റെ അനുമാനങ്ങൾക്ക് വളരെയൊന്നും ബാക്കിവെയ്ക്കാതെ കാവ്യചിത്രങ്ങളെ പൂർണവൈദഗ്ദ്ധ്യത്തോടെ വരയ്ക്കുന്ന സമ്പ്രദായമാണ് പരമ്പരാഗത അലങ്കാരങ്ങളിൽ ഏറെയും കാണുന്നത്. ഉദാരതകൾ വളരെയൊന്നും അനുവദിക്കാത്ത, നിയതലക്ഷണങ്ങളിൽ തളച്ചിടപ്പെട്ട, സങ്കേതബന്ധത വന്നുചേർന്ന പരമ്പരാഗത അലങ്കാരങ്ങളിൽ പലതിനും മുൻ നിശ്ചയങ്ങളുടെയും ധാരണകളുടെയും നിയാമകത്വമുണ്ട്. എന്നാൽ കാവ്യബിംബങ്ങൾക്ക് പുതുമയും (Freshness) അർത്ഥതലങ്ങളിൽ നിന്ന് അർത്ഥതലങ്ങളിലേക്ക് നീങ്ങുന്ന സുതാര്യതയും ഉണ്ടാകും. കാവ്യബിംബങ്ങളിൽ പരമ്പരാഗത അലങ്കാരങ്ങളിൽ ചിലതിന്റെ, പ്രധാനമായും ഉപമ/രൂപകം എന്നിവയുടെ, ഛായ ഉണ്ടാകാം. എങ്കിലും ഉപമാനോപമേയബന്ധമോ വർണ്യാവർണ്യബന്ധമോ അല്ല ബിംബകല്പനകളിൽ നിയാമകം. അതുകൊണ്ടാണ് ഉപമാനോപമേയങ്ങൾ, വർണ്യാവർണ്യങ്ങൾ എന്നീ ബന്ധങ്ങൾക്കു പകരം ഭാവനൈരന്തര്യം അഥവാ അവസ്ഥാനൈരന്തര്യം (Tenor), മാദ്ധ്യമം (Vehicle) എന്ന ഒരു പുതിയ ബന്ധം ചിത്രീകരിക്കപ്പെടുന്നത്.

ഒരുദാഹരണത്തിലൂടെ ഇക്കാര്യം കൂടുതൽ വ്യക്തമാക്കാൻ കഴിയും.

"ധീരം വായ്ക്കുന്നു കണ്ണുനീർക്കുത്തിൽ [12]

നേരമ്പോക്കിന്റെ വെള്ളിമീൻചാട്ടം!" എന്ന വൈലോപ്പിള്ളിയുടെ ബിംബം പ്രസിദ്ധമാണ്. ദുഃഖസങ്കുലമായ ജീവിതത്തെ ഇടയ്ക്കൊന്ന് പ്രകാശമാനമാക്കിക്കൊണ്ട് കൊയ്ത്തുപാടത്തുയരുന്ന നേരമ്പോക്കുകളെ കാർഷികതലത്തോടു ബന്ധപ്പെട്ട ഒരു ബിംബത്തിലൂടെ അവതരിപ്പിച്ചിരിക്കുകയാണിവിടെ.

നീർക്കുത്ത്- കണ്ണുനീർക്കുത്ത്.

വെള്ളിമീൻച്ചാട്ടം - നേരം പോക്കിന്റെ വെള്ളിമീൻ ചാട്ടം.

എന്നൊരഭേദ കല്പന ഇവിടെയുണ്ടെങ്കിലും ഉയർന്ന കണ്ടത്തിൽ നിന്ന് താഴ്ന്ന കണ്ടത്തിലേക്ക് കുത്തിവീഴുന്ന വെള്ളത്തിന്റെ അർദ്ധതാര്യതയിൽ മിന്നിമറയുന്ന വെളുത്ത മീൻപള്ളയുടെ ചിത്രം ഒരു കേവലരൂപകാലങ്കാരത്തിന്റെ നിലയിൽ നിന്ന് ഈ വരികളെ വളരെ ഉയർത്തി നിർത്തുന്നു.

വികാരസാന്ദ്രമായ ജീവിതസന്ദർഭങ്ങളാവിഷ്കരിക്കാൻ ഭാരതീയ അലങ്കാരികൻമാർ സ്വീകരിച്ചുപോന്ന ഉക്തി വൈചിത്ര്യങ്ങളിലെ അഭിധ, ലക്ഷണ വ്യഞ്ജനാ വ്യാപാര ങ്ങളെല്ലാം തന്നെ കാവ്യബിംബങ്ങളെ സംബന്ധിച്ചും പ്രസക്തമാണ്.[13] എന്നാൽ അല ങ്കാരങ്ങളിൽ പലപ്പോഴും വ്യംഗ്യമായ അർത്ഥാംശം വാച്യത്തിനു കീഴ്പ്പെട്ടും വാച്യ ശോഭാധായകമായും ആണ് കാണപ്പെടുന്നത്. ബിംബങ്ങളിൽ അവയ്ക്ക് ഒരു അവി ഭാജ്യത വന്നുചേരുന്നുണ്ട്. അതേസമയം വാച്യത്തെ പാടെ മാറ്റിനിർത്തി വ്യംഗ്യമായി ഒരാശയം നിവേദിക്കപ്പെടുന്ന ഒരു ധ്വനികാവ്യത്തിന്റെ രീതിയുമല്ല ഇവിടെയുള്ളത്. വസ്തു, അലങ്കാരത്തിന്റേതായ അംശങ്ങൾ, രസാനുഭൂതി എന്നിവയുടെ സല്ലയനം കാവ്യബിംബങ്ങളിലും സംഭവിക്കുന്നുണ്ട്.

### 4.1.3 ബിംബങ്ങളിലെ ആന്തരിക വൈരുദ്ധ്യങ്ങൾ

ബിംബങ്ങൾക്ക് ചലനാത്മകത്വവും ഊർജ്ജവും പകരുന്നത്, അഭേദാരോപമോ സാദൃശ്യമോ എല്ലാം ഇരിക്കെത്തന്നെ അവയിൽ കുടികൊള്ളുന്ന ചില ആന്തരിക വൈരുദ്ധ്യങ്ങളാണ്. പരിചിതമായ ഒരാദ്യരൂപത്തിൽ അപരിചിതമായ ഒന്നിനെ അവ തരിപ്പിക്കുന്നിടത്താണ് ഈ വൈരുദ്ധ്യം ജനിക്കുന്നത്.

കെടുപായലുകൾക്കുമീതെ നെല്ലിപ്പൂക്കൾ വിരിഞ്ഞു ചിരിക്കുന്നത് പരിചിതമായ ഒരു കാഴ്ചയാണ്.- ഈ പരിചിത ചിത്രത്തെ സമർത്ഥമായ ഒരു വാഹകമായി ഉപ യോഗിച്ചുകൊണ്ട് അത്തലിൻ കെടുപായലുകൾക്ക് മീതെ ചിരിച്ചു വിടരുന്ന ഉൾത്തെ ളിവിന്റെ നെല്ലിപ്പൂക്കളെ കവിവിവക്ഷിതവും അപരിചിതവും ആയ ഒരാശയത്തെ - അവതരിപ്പിക്കുമ്പോൾ [14] പരിചിതാപരിചിതങ്ങൾ തമ്മിൽ ഒരു വൈരുദ്ധ്യം ജനിക്കു കയും വികാരയുക്തി (Emotional logic) എന്നോ കാവ്യയുക്തി (Poetic logic) എന്നോ പറയാവുന്ന തന്റെ പ്രത്യേക കഴിവുകൊണ്ട് നല്ല ഒരു വായനക്കാരൻ ഈ വൈരു ദ്ധ്യത്തെ മറികടക്കുകയും ചെയ്യുന്നു.

ഒരു ബിംബം പിറന്നുവീഴുമ്പോൾ തന്നെ കവിചിന്തയിൽ ഒരു സാദൃശ്യവും (Similarity) വൈജാത്യവും (Contrast) വന്നുപെടുന്നുണ്ട്.[15] അതുകൊണ്ടാണ് കാവ്യബിംബ

ങ്ങൾക്ക് ഒരു ദ്വന്ദാത്മകതയും (Dichotomy) വൈരുദ്ധ്യവും ഉണ്ടാകുന്നത്. ഈ ദ്വന്ദാത്മകതയിൽ നിന്നും വൈരുദ്ധ്യത്തിൽ നിന്നുമാണ് ഒരു കാവ്യബിംബത്തിനു ജ്വലനശേഷിയും ചലനശേഷിയും കൈവരുന്നത്.[16]

### 4.1.4 കാവ്യബിംബങ്ങളുടെ പ്രവർത്തനരീതി

കാവ്യബിംബങ്ങളുടെ പ്രാധാന്യം, അവയുടെ സ്വഭാവം എന്നിവ പരിശോധിച്ചു കഴിയുമ്പോൾ സ്വാഭാവികമായും ഉയരുന്ന ചോദ്യം കാവ്യബിംബങ്ങൾ അനുഭൂതിയുടെ സംവാഹകരായി സ്വധർമ്മം നിറവേറ്റുന്നതെങ്ങിനെ എന്നതാണ്. കാവ്യബിംബങ്ങളുടെ നിർമ്മിതിയിലും പ്രവർത്തനത്തിലും ഒരു സങ്കേതന-വിസങ്കേതന പ്രക്രിയയുണ്ടെന്നത് ഇതുവരെ പറഞ്ഞതിൽ നിന്ന് വ്യക്തമാണ്. ഈ പ്രക്രിയയെ താഴെ കാണുന്ന രീതിയിൽ സൂചിപ്പിക്കുന്നു.

രചയിതാവ്          വായനക്കാരൻ

| സങ്കേതനം      വിസങ്കേതനം |

ചോദനകൾ ——————————ബിംബം——————————പ്രതികരണം

ഈ സങ്കേതന വിസങ്കേതന പ്രക്രിയയിൽ പ്രകടമായ വൈരുദ്ധ്യങ്ങളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന സാധർമ്മ്യങ്ങൾ കാവ്യയുക്തികൊണ്ട് സമന്വയിക്കപ്പെടുന്നതിനെക്കുറിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അനുഭൂതികളെ ബിംബങ്ങളിലൂടെ അർത്ഥത്തിന്റെ അടരുകളാക്കി അവതരിപ്പിക്കുകയാണു കവി ചെയ്യുന്നതെങ്കിൽ അനുവാചകൻ അതിനെ തിരിച്ചെടുക്കുന്നതെങ്ങിനെ എന്നതു സംബന്ധിച്ച് ഏറ്റവും നല്ല വ്യാഖ്യാനം നൽകിയിട്ടുള്ളത് ഐ.എ.റിച്ചാഡ്സാണ്. ബിംബങ്ങളിൽ സഞ്ചിതമായ സാന്ദ്രാനുഭൂതികളെ അഴിച്ചെടുക്കുമ്പോൾ ആത്മനിഷ്ഠഘടകങ്ങൾക്കു വലിയ പ്രാധാന്യമുണ്ടെന്ന് [17] റിച്ചാർഡ്സ് ആദ്യമേ സമ്മതിക്കുന്നു. ഏറ്റവും ശ്രേഷ്ഠരായ സഹൃദയർപോലും ഒരേ കവിത വായിക്കുന്നത് പല അർത്ഥതലങ്ങളിലൂടെയായിരിക്കും. പുതിയ നിരൂപണപദ്ധതികളിലെ ആസ്വാദകപ്രതികരണ സിദ്ധാന്തത്തിനും (Reader response theory) കൃതികളിൽ നിന്ന് പുതിയ പാഠങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നതു സംബന്ധിച്ച നിഗമനങ്ങൾക്കും എല്ലാം ഈ ആത്മനിഷ്ഠ പാരായണം ആണ് അടിസ്ഥാനം. അച്ചടിച്ച പാഠങ്ങളിലൂടെ ബിംബങ്ങൾ ലിപിരൂപത്തിൽ കണ്ണിൽ പതിയുന്നേടത്ത് നിന്നു റിച്ചാർഡ്സ് അപഗ്രഥനം ആരംഭിക്കുന്നു. ആദ്യം ബദ്ധബിംബങ്ങൾ (Tied images) ആയിട്ടാണ് അവ മനസ്സിലേക്കു കടക്കുന്നത്. ഈ ബദ്ധബിംബങ്ങൾ ഏറെയും ആന്തരിക കർണ്ണങ്ങളിൽ പതിയുന്ന ശ്രാവ്യബിംബങ്ങളായിട്ടാണ് അനുവാചക മനസ്സിൽ

വീഴുന്നത്. ശബ്ദങ്ങളുടെ ലീനധ്വനികളെല്ലാം തന്നെ ഈ പ്രക്രിയയിൽ പ്രയോജനപ്പെടുത്തപ്പെടുന്നു. ഉറക്കെ ഉച്ചരിക്കപ്പെടുന്ന പദങ്ങൾ ചുണ്ടുകൾ മുതൽ ആരംഭിക്കുന്ന ശബ്ദേന്ദ്രിയങ്ങളിൽ ഉണ്ടാക്കുന്ന അനുഭൂതികൾ ഈ ഘട്ടത്തിൽ പ്രസക്തമാണ്. ബദ്ധബിംബങ്ങൾ വായനക്കാരിൽ ഒരേ പ്രതികരണമാണുണ്ടാക്കുന്നതെന്ന പ്രസ്താവം ശരിയല്ല.[18] വായനക്കാരന്റെ നാദബോധവും, താളസാധനയും നിരീക്ഷണ കൗതുകങ്ങളും എല്ലാം ഈ ഘട്ടത്തിൽ ഒരു വലിയ പങ്കുവഹിക്കുന്നുണ്ട്. വിന്യസിത ശബ്ദങ്ങളിൽ കേട്ടുമറന്ന, ഒരു കിളിയുടെ നീട്ടിയുള്ള കൂകൽ പോലും അയാൾക്ക് അനുഭവിക്കാൻ കഴിഞ്ഞെന്നുവരാം. ഇന്ദ്രിയഗ്രാഹ്യങ്ങളായ ബിംബങ്ങളുടെ സജീവത, അഥവാ പ്രസാദാത്മകത, വ്യക്തത, വിശദാംശങ്ങളിലെ പൂർണത (Fullness) എന്നിവയെക്കുറിച്ചെല്ലാം വളരെയേറെ പറയാറുണ്ടെങ്കിലും, അത്തരം കാര്യങ്ങൾക്ക് ബിംബങ്ങൾ ഉണർത്തുന്ന അനുഭൂതികളുമായി നിയതബന്ധം കല്പിക്കാനാകില്ലെന്നും,[19] ബിംബങ്ങൾ ഉണർത്തുന്ന അനുഭൂതിയാണ് എപ്പോഴും മുഖ്യം എന്നും റിച്ചാർഡ്സ് വ്യക്തമാക്കുന്നുണ്ട്. തുടർന്നു രൂപം കൊള്ളുന്ന സ്വതന്ത്രബിംബങ്ങളിലാകട്ടെ (Free images) ആത്മനിഷ്ഠത വളരെ കൂടുതലായിരിക്കും എന്നും റിച്ചാർഡ്സ് അഭിപ്രായപ്പെടുന്നു. ആദ്യഘട്ടത്തിൽ മനസ്സിലുണരുന്ന ഭാവങ്ങളോടു ബന്ധപ്പെടുത്തി, അനുവാചകന്റെ സഞ്ചിത സംസ്കാരസീമയിൽ തെളിയുന്ന അനുബന്ധ ബിംബങ്ങളാണ് ഈ സ്വതന്ത്ര ബിംബങ്ങൾ.

"ഒരു പൂമതിയുർവിക്ക്
ചൈത്രമാസം കുറിക്കുവാൻ
ഒരു സങ്കല്പമേ വേണ്ടൂ
ജീവിതങ്ങൾക്കു പൂവിടാൻ"[20]

എന്ന വരികൾ വായിക്കുമ്പോൾ

"ഉജ്ജ്വലനിമേഷത്തിലെ ഹൃത്തിൻ
ദർശനങ്ങളെക്കൈ പകർത്തീടിൽ
ശുദ്ധമാക്കിടാമൂഴിയെയൊറ്റ-
ശ്ശുഭ്ര പുഷ്പത്തിൻ നീഹാരനീരാൽ;
പാരിൽ വെട്ടം വിതച്ചിടാ, മേക-
താരകത്തിൽനിന്നേന്തിയ തീയാൽ"[21]

എന്ന വരികൾ ഓർത്തുപോകുന്നത് സ്വതന്ത്രബിംബങ്ങൾ ഉണർത്തുന്ന പ്രതികരണം മൂലമാണ്. അതുപോലെ

ഇത്തിരിമുൻപായുണർന്നുവോ ഞാൻ
ബദ്ധപ്പെടുകയും ചെയ്തുവെന്നോ
തെറ്റതിന്നുള്ളൊരു ശിക്ഷ ഞാനേല്ക്കണം
കുറ്റപ്പെടുത്തുവാനില്ലൊരാളെ[22]

എന്ന വരികൾ വായിക്കുമ്പോൾ കണിയുരുളിക്കു മുന്നിലെത്തും മുമ്പ് കൺ തുറന്നു പോയതിനാൽ കാണരുതാത്ത കാഴ്ചകളെല്ലാം കണ്ട് അമ്പരക്കുന്ന വൈലോപ്പിള്ളിയെ ഓർത്തു പോകുന്നതും ഈ രീതിയിൽ സ്വതന്ത്രബിംബങ്ങൾ തെളിയുന്നതു മൂലമാണ്. ഇത് വലിയൊരളവോളം അനുവാചകന്റെ കാവ്യസംസ്കാരവും പ്രപഞ്ചനിരീക്ഷണ വുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വതന്ത്രബിംബങ്ങളിലൂടെ ഇത്തരത്തിൽ മറ്റു പരാമർശ ങ്ങൾ മനസ്സിൽ തെളിയുന്നു. ഇവയിലൂടെയെല്ലാം മനസ്സിൽ തെളിയുന്ന വികാരങ്ങ ളെയും മനോഭാവങ്ങളെയുമാണ് തുടർന്ന് റിച്ചാർഡ്സ് വിശദീകരിക്കുന്നത്. കാവ്യ ത്തിന്റെ ശബ്ദതലം, അർത്ഥതലം, ഭാവതലം, രേചനതലം എന്നൊക്കെ തിരിക്കാറു ള്ളതും പാരായണത്തിന്റെ ഇത്തരം വ്യത്യസ്ത ഘട്ടങ്ങളെത്തന്നെയാണു സൂചിപ്പി ക്കുന്നത്.

### 4.1.5 ബിംബങ്ങളും പ്രതീകങ്ങളും

ബിംബപഠനങ്ങളിൽ കാവ്യബിംബങ്ങളെയും പ്രതീകങ്ങളെയും വേർതിരിച്ചു കാണാനുള്ള ശ്രമം പലരും നടത്തിയിട്ടുണ്ട്. ഒരു സാന്ദ്രബിംബം പ്രതീകത്തിന്റെ അപ രധ്രുവത്തിൽ നിൽക്കുന്ന ഒന്നാണെന്നും പ്രതീകം അഭിധേയാർത്ഥകം (Denotative) മാത്രമാണെന്നും, ഒന്നിനുമാത്രം പകരം നില്ക്കുന്നതാണെന്നും, ഡേ ലെവിസ് വ്യക്ത മാക്കുന്നു. ബിംബങ്ങളാകട്ടെ പ്രതീകാത്മകങ്ങൾ മാത്രമല്ലെന്നും അവയ്ക്ക് ലക്ഷ്യാർത്ഥ ങ്ങൾ (Cannotations) കൂടിയുണ്ടാകാമെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.[23] വിമർശന പ്രാധാന്യം മുൻനിർത്തി വേർതിരിച്ചെടുക്കാവുന്ന സാഹിത്യരചനയിലെ ഒരു ഏകക ത്തെയാണു പ്രതീകം എന്ന് നേർത്രോപ് ഫ്രൈ വ്യാഖ്യാനിക്കുന്നത്. സവിശേഷ പരാ മർശത്തോടുകൂടിയ ഒരു വാക്ക്, ഒരു ശൈലി അഥവാ ഒരു ബിംബം പ്രതീകമാണെന്ന് ഫ്രൈ വ്യക്തമാക്കുന്നുണ്ട്. [24] ഈ അർത്ഥത്തിൽ ഒരാശയം അവതരിപ്പിക്കാൻ എഴു ത്തുകാരൻ ഉപയോഗിക്കുന്ന ലിപിവിന്യാസങ്ങളെക്കൂടി അദ്ദേഹം പ്രതീകങ്ങളുടെ പരി

ധിയിലാണ് പെടുത്തുന്നത്. ഇങ്ങനെ പറയുമ്പോൾ തന്നെ പ്രമേയപരമായി പ്രസക്ത ങ്ങളായിതീരുന്ന ബിംബങ്ങളാണ് പ്രതീകങ്ങൾ എന്നും ഫ്രൈ പറയുന്നുണ്ട്.

നിരവധി പരസ്പര ബന്ധിതങ്ങളായ ബിംബങ്ങളിലൂടെ ഒരു കവിത മൊത്തത്തിൽ ഒരു ബിംബമായി മാറുന്നതിനെക്കുറിച്ച് തന്റെ കൃതിയിൽ ഡേ ലെവിസ് ചൂണ്ടിക്കാട്ടു ന്നുണ്ട്. ഇങ്ങനെ കാവ്യത്തിലുടനീളം വ്യാപിച്ചു നിൽക്കുന്ന അഥവാ കവിതയിലുട നീളം സ്വാധികാരം നിലനിർത്തുന്ന ഒരു ബിംബത്തെ ഒരു പ്രതീകം എന്ന് വ്യാഖ്യാനി ക്കുന്നതാവും കൂടുതൽ ശരി[25]. ബിംബങ്ങളിൽ പ്രത്യേക പ്രാധാന്യമുള്ള ഒരു ഇനം പ്രതീകങ്ങൾ ആയി വികസിക്കുന്നവയാണ്. പ്രതീകം എന്ന സംജ്ഞ സന്ദിഗ്ധാർത്ഥ കമായ ഒന്നാണെന്ന് കുപ്രസിദ്ധമാകുന്നു. ഇവിടെ പ്രതീകം എന്നതുകൊണ്ടുദ്ദേശി ക്കുന്നത് “ഒരു സാഹിത്യകൃതിയുടെ മുഖ്യ പ്രമേയങ്ങളിൽ ഒന്നിനെ സ്മരണീയമായ രൂപത്തിൽ ആവിഷ്കരിക്കുന്ന ഒരു ബിംബം” എന്നത്രെ. ഇത്തരം ബിംബങ്ങൾ സാധാ രണയായി ഒരു കൃതിയിൽ പലകുറി ആവർത്തിച്ചുവരുന്നതു കാണാം. വാഹകം (വിഷയി, ഉപമാനം, ആരോപ്യമാണം) മൂർത്തവും ഇന്ദ്രിയ ഗ്രാഹ്യവുമാവുകയും ആവർത്തിച്ചു വരികയും കേന്ദ്രപ്രസ്ഥാനത്തു നിലകൊള്ളുകയും ചെയ്യുമ്പോൾ ബിംബം പ്രതീകമാകുന്നു.”[26]

### 4.1.6 ബിംബവർഗീകരണ രീതികൾ

ബിംബങ്ങളുടെ വർഗീകരണം പലരീതിയിൽ ആകാം. ഇന്ദ്രിയ ഗ്രാഹ്യങ്ങളാണ് കാവ്യബിംബങ്ങൾ ഏറെയും. പഞ്ചേന്ദ്രിയങ്ങളോടു ബന്ധപ്പെടുത്തിക്കൊണ്ടാണ് ബിംബങ്ങൾ രൂപം കൊള്ളുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ദൃശ്യബിംബങ്ങൾ, ശ്രവ്യ ബിംബങ്ങൾ, ഘ്രാണബിംബങ്ങൾ, സ്പർശ ബിംബങ്ങൾ, രസനബിംബങ്ങൾ എന്നി ങ്ങനെ ബിംബങ്ങളെ തരംതിരിക്കാവുന്നതാണ്.

#### 4.1.6.1 ദൃശ്യബിംബങ്ങൾ

ആകർഷകമായ ദൃശ്യങ്ങളോട് ആസക്തിയുള്ള കവിയുടെ രചനകളിലാണ് ദൃശ്യ ബിംബത്തിന് പ്രാധാന്യമേറുന്നത്. ഇവ അനുഭവത്തെ ഉൾക്കണ്ണിനു പ്രത്യക്ഷവത്ക രിച്ചു തരുന്നു.[27] ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

“പക്കിലോമനപ്പാണ്ടെഴും രാവിൻ
നൽക്കരിം കുതിരപ്പുറത്തേറി.

പൂനിലാപ്പുഴ നീന്തി, യാകാശ-
സാനുവിൽ കുതിത്തീപ്പൊരി ചിന്തി,
ഊരിവീണോരു ലാടനത്തിനൊപ്പം
ദൂരെയമ്പിളിത്തെല്ലിനെ തള്ളി,
ദേവകിന്നരയക്ഷ സംഗീത-
ക്കാവുപോലും കടന്നവസാനം
വിദ്യുദൈന്ദ്രധനുസ്സുകൾ ചൂഴും
സത്യസൗന്ദര്യ ഗോപുരം പൂകെ"[28]

ഹൃദയത്തിൽ ഉറങ്ങിക്കിടന്ന കാവ്യസങ്കല്പം മൂരിനീർന്നെണീറ്റാവേശമോടെ സങ്കൽപ്പലോകത്തിലേക്കു നടത്തുന്ന ദീർഘയാത്ര *കുടിയൊഴിക്കലി*ലെ ഏറ്റവും മുന്തിയ ദൃശ്യബിംബമാണ്. ബാഹ്യഭംഗിമാത്രമല്ല ഈ ബിംബത്തെ അസാധാരണമാക്കുന്നത്. സവിശേഷമായ ആന്തരിക സംസ്കാരത്തിന്റെ തുടിപ്പാണ് അതിന്റെ പ്രത്യേകത. പഴയ ജന്മിസംസ്കാരവും അതിനുയോജിച്ച വീരനായകസങ്കല്പവും ഈ വരികളിലൂടെ വ്യഞ്ജിക്കുന്നു.

തുണ്ടുചങ്ങലതൂങ്ങിടും കൈകൾ
കണ്ഠപാശം കൊരുത്ത ഗർഭങ്ങൾ
ഒട്ടിയറ്റ വയറുകൾ, തല്ലാൽ
പൊട്ടി രക്തമൊലിക്കും തലകൾ
ഭൂതവർത്തമാനങ്ങൾ തൻ ഗൂഢ-
പ്രേതശാലതന്നസ്ഥികൂടങ്ങൾ,
ഒന്നടക്കമായ്ച്ചേരുന്നു ചെന്നാ
വന്നടുക്കുമലാതസംഘത്തിൽ[29]

പന്തവുമായി തന്റെ നേർക്ക് ഗർജ്ജിച്ചടുക്കുന്ന പ്രചണ്ഡ ഭസ്മാസുരസംഘത്തിന്റെ ബാഹ്യമായ ഒരു ചിത്രമാണ് ഈ ദൃശ്യബിംബത്തിലൂടെ തെളിയുന്നത്. ഈ ജനതതിയുടെ മുഖമില്ലായ്മ പ്രത്യേകം ശ്രദ്ധേയമാവുന്നു. അവരിൽ കവിക്ക് പരിചയമുള്ളവരായി തന്റെ ഓമലാളും (ഇപ്പോൾ നിണയക്ഷി) തൊഴിലാളിയും മാത്രമേയുള്ളു. വിപ്ലവത്തെക്കുറിച്ചുള്ള ആശയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് അഗ്നിയും അതിന്റെ രൂപഭേദമായ പന്തവും വൈലോപ്പിള്ളിക്കവിതയിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നുണ്ട്.

ഇവിടെ വിപ്ലവത്തിന്റെ വിധ്വംസകവും വേദനാജനകവുമായ അംശത്തെയാണ് കവി കാണിച്ചുതരുന്നത്.

#### 4.1.6.2 ശാബ്ദബിംബങ്ങൾ

ശബ്ദത്തെ സാദൃശ്യാത്മകമായോ വാസ്തവാത്മകമായോ സ്വീകരിച്ച് സ്വാനുഭവങ്ങളെ ആവിഷ്കരിക്കുന്നതിനുപയോഗിക്കുന്ന രീതി ആധുനിക കവികളിൽ കാണുന്നുണ്ട്. ഈ രചനാതന്ത്രത്തിൽ നിന്നാണ് ശാബ്ദബിംബങ്ങളുടെ പിറവി.

കാറുമൂടിയ കണ്ണീർ-
            പ്പാടത്തു മുന്നോട്ടേക്കു
കാലിടറവേ, നീങ്ങും
            മുഗ്ധമാം രണ്ടാത്മക്കൾ
മുട്ടി മാഴ്കിടും നാദ-
            മകലത്തെങ്ങോ കഴ
പൊട്ടിയ വെള്ളക്കുത്തിൻ
            മുഴക്കം പോലെ കേൾപ്പൂ![30]

സ്വരച്ചേർച്ച നഷ്ടപ്പെട്ട ദമ്പതിമാർക്ക് ദാമ്പത്യം കണ്ണീർപ്പാടമായിത്തീർന്നിരിക്കുകയാണ്. പ്രകൃതിയാകെ പ്രക്ഷുബ്ധാവസ്ഥയിലെത്തിയിരിക്കുന്നു. കഴപൊട്ടി കുത്തിയൊലിച്ചു വരുന്ന വെള്ളത്തിന്റെ മുഴക്കം അകലെനിന്നല്ല, തങ്ങളുടെ ഉള്ളിൽ നിന്നു തന്നെയാണെന്ന് അവർ തിരിച്ചറിയുകയാണ്. കാലിടറി മുന്നോട്ടേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന അവരെ വെള്ളത്തിലാഴ്ത്തത്തക്കവിധം കഴ പൊട്ടാറായി നിൽക്കുന്ന വിഷമപദപ്രശ്നമായി മാറിയിരിക്കുന്നു ഇവിടെ ദാമ്പത്യം. സാമ്യകല്പനയാണ് ഈ ശാബ്ദബിംബത്തിന് അധിഷ്ഠാനമായിരിക്കുന്നത്. ദാമ്പത്യത്തെ ചിത്രീകരിക്കാൻ പോലും കാർഷികബിംബങ്ങളാണ് കവി ഉപയോഗിക്കുന്നത്.

വാസ്തവാത്മകങ്ങളായ ശാബ്ദബിംബങ്ങളുമുണ്ട്. *ജലസേചനം* എന്ന കവിതയിൽ വെള്ളം കിട്ടാതെ വറ്റിവരണ്ട ഭൂമിയിലേക്ക് ബലരാമൻ കാളിന്ദിയെ ബലം പ്രയോഗിച്ചൊഴുക്കിയപ്പോൾ വൃന്ദാവനത്തിലെ ജീവജാലങ്ങൾക്കുണ്ടായ സന്തോഷം വർണ്ണിക്കുന്നിടത്ത്,

ആർത്തുനെല്പാടത്തിലാറ്റകൾ, തീരത്തു
കൂത്തുപറന്നു പശുക്കിടാങ്ങൾ[31]

എന്ന് വാസ്തവോക്തിയുടെ പ്രാഭവമുള്ള ശാബ്ദബിംബം കവി ഉപയോഗിച്ചിരിക്കുന്നു. ഈ ശാബ്ദബിംബത്തിലൂടെ ആറ്റകളുടെ സന്തോഷത്തെ മാത്രമല്ല, ജീവിജാലങ്ങൾക്കൊന്നാകെയുണ്ടായ ആഹ്ലാദം വ്യഞ്ജിപ്പിക്കുന്നു.

#### 4.1.6.3 ഗന്ധബിംബങ്ങൾ

അനുഭൂതികളെ ഗന്ധത്തിലൂടെ അറിഞ്ഞ് ആവിഷ്കരിക്കുന്നതാണ് ഗന്ധബിംബങ്ങൾ. ഇവ വാസ്തവാത്മകമോ പ്രതീകാത്മകമോ ആകാം. ഗന്ധബിംബകല്പനകളുടെ വിശാലമായ ഒരു സാമ്രാജ്യമാണ് വൈലോപ്പിള്ളിയുടെ കാവ്യ മണ്ഡലം. *ഗന്ധങ്ങൾ* എന്നു ശീർഷകമുള്ള ഒരു കവിതയും അദ്ദേഹത്തിന്റെതായുണ്ട്.

കൊയ്തുതണ്ടുണങ്ങാത്ത
    കറ്റയും, കൗമാരത്തിൻ
കൗതുകം പുലർമഞ്ഞിൽ
    കത്തിക്കുമിലകളും,
പുതുപുസ്തകങ്ങളു-
    മാദ്യവർഷത്താലുദ്യൽ-
പുളകം മണ്ണും കട-
    ലുപ്പിലാടിയ കാറ്റും
വേർപ്പുമുത്തേലും തൊഴി-
    ലാളർതൻ മെയ്യും; വ്രീളാ-
വായ്പിനാലർദ്ധസ്പൃഷ്ട-
    മനുരാഗത്തിൻ ചുണ്ടും
അമൃതിൻ മണമെന്റെ
    ജീവനിൽ തളിച്ചിട്ടു-
ണ്ടതിലല്പമെൻ പാട്ടിൽ
    വാറ്റുവാൻ കഴിഞ്ഞെങ്കിൽ![32]

കവിയുടെ അബോധമനസ്സിൽ ഗന്ധങ്ങൾ ചെലുത്തിയിരിക്കുന്ന സ്വാധീനം എത്രയെന്നു വ്യക്തമാകാൻ ഈ വരികൾ തന്നെ ധാരാളം മതി. 'കൊയ്തു തണ്ടുണങ്ങാത്ത കറ്റയും' 'കൗമാരത്തിൻ കൗതുകം പുലർമഞ്ഞിൻ കത്തിക്കുമിലകളും' ആദ്യമഴയിൽ മണ്ണിനുണ്ടാകുന്ന സൗഭാഗ്യവും കടലുപ്പിലാടിയ കാറ്റും അതുപോലെ പ്രപഞ്ചത്തിന്റെ

എല്ലാ തനതുഗന്ധങ്ങളും ചേർന്ന 'അമൃതിന്റെ മണം' കവിയുടെ ജീവനിൽ തന്നെ ലയിച്ചു ചേർന്നിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ ഓരോ കാഴ്ചയും ഗന്ധങ്ങളുമായി ബന്ധപ്പെട്ടതാകുന്നത്.

### 4.1.6.4 സ്പർശബിംബങ്ങൾ

അനുഭവങ്ങളിൽ പ്രപഞ്ചത്തിന്റെ തല്ലും തലോടലും കണ്ടെത്താനുള്ള ആഗ്രഹത്തിൽ നിന്നാണ് സ്പർശബിംബങ്ങൾ പിറക്കുന്നത്. 'ഞാനിക്കിളികളെയാട്ടിയോടിക്കും' എന്നു പറഞ്ഞ വൈലോപ്പിള്ളിയിൽ സ്പർശം ഗണ്യമായ ഒരു ഇന്ദ്രിയസംവേദനമല്ല.[33]

"നിൻ കുടിയൊഴിഞ്ഞീടണം, ഈ ഞാൻ
നിൻകുടിയൊഴിപ്പിക്കുമല്ലെങ്കിൽ!"
ഏതും മിണ്ടീല നീ തലതാഴ്ത്തി
പ്രേതംപോലെ നിൻ കൂരയിലെത്തി
ആട്ടൊരുഗ്രമാം ചുംബനമോ നീ
കൂട്ടുകാരിയെപുല്കിയുറങ്ങി

* * * * * *

നീ തൊഴിലാളിയെൻ കൂടിക്കാരൻ
നീതിയെന്നിയേ നീട്ടിടും ക്രോധം
ദുഷ്പ്രഭുപ്പുലയാടികൾ പാർക്കു-
മിപ്പുരയ്ക്കിടിവെട്ടു കൊള്ളട്ടെ[34]

മദ്യത്തിന്നടിമപ്പെട്ട് തൊഴിലാളി വിളിച്ചു പറയുന്ന തെറിവാക്കുകൾ ജന്മിയുടെ നിരപരാധികളായ മാതൃസഹോദരിമാർക്ക് കടന്നൽക്കുത്തേറ്റതുപോലെയാണ് അനുഭവപ്പെട്ടത്. സംസ്കാരശൂന്യത വിളിച്ചോതുന്നതരത്തിലുള്ള തൊഴിലാളിയുടെ വാക്കുകൾ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന ജന്മിക്കും തറവാട്ടംഗങ്ങൾക്കും മനസ്സാക്ഷിക്കുത്തേല്പിക്കുന്നതുമത്രെ. തൊഴിലാളിയുടെ വീട്ടിലാകട്ടെ ഈ തെറിവാക്കുകൾ സ്നേഹപ്രകടനമാകുന്നു. അയാൾ അയാളുടെ കുടിയിൽ കൂട്ടുകാരിയെ പുല്കിയുറങ്ങുകയായി. ഈ വൈരുദ്ധ്യാത്മകതയിൽ കവി അദ്ഭുതം പ്രകടിപ്പിക്കുകയാണ്. ക്രൂരമായ വാക്പ്രയോഗം ഒരിടത്ത് ചുംബനവും ഒരിടത്ത് കടന്നൽക്കുത്തും ആയി ഭവിക്കുന്നു. വാക്കുകളുടെ അന്തർഭാവം അവയെ സ്പർശബിംബങ്ങളോട് ഏകീഭവിപ്പിക്കുന്നു.

#### 4.1.6.5 രാസനബിംബങ്ങൾ

രാസനബിംബങ്ങൾ സ്നേഹത്തിന്റെ മാധുര്യവും ദ്വേഷത്തിന്റെയും അകൽച്ചയുടെയും കയ്പും വ്യഞ്ജിപ്പിക്കുന്നു.

1. ഉണ്ണിവായിനാൽ മുലകുടിക്കെ,യുൾക്കൊണ്ടോരു
ചെന്നിനായകത്തിൻകയ്പെന്നുള്ളിൽ കിളമ്പുന്നു[35]

2. ഇന്നുനൽച്ചെറുനിന്ദനമെന്നിൽ
ചെന്നിനായകം ചേർത്തിരിക്കുമ്പോൾ
നാളെയെങ്ങനെ മർത്ത്യകങ്കാള-
പാളിമകൂവിടും പാതയിലൂടെ-
ഓമനക്കൈ പിടിച്ചു ഞാനെത്തും
പ്രേമധീരനായെന്റെ നാകത്തിൽ?[36]

ഈ ഉദാഹരണങ്ങളിൽ അകൽച്ചയുടെയും നിന്ദയുടെയും കയ്പാണ് അനുഭവപ്പെടുന്നത്. അമ്മയുടെ മാറിൽ നിന്ന് മധുരം നുണയുന്ന കുട്ടിക്ക് പിന്നീടതൊരു തിക്തമായ യാഥാർത്ഥ്യമാകുന്നു. ഈ അനുഭവം തന്റെ ഉറ്റബന്ധുക്കളോട് എക്കാലവും അകൽച്ചയും സംശയാത്മകതയും ജനിപ്പിക്കാൻ കാരണമാകുന്നു. ജന്മിയുടെ കാമുകിയായിത്തീർന്ന പെൺകിടാവിനെപ്പറ്റി അവളുടെയൊപ്പം ജോലി ചെയ്യുന്ന തൊഴിലാളി നിന്ദിച്ചുസംസാരിച്ചപ്പോൾ വിവേകിയായ കാമുകൻ ഭീരുവാകുകയാണ്. തൊഴിലാളിയുടെ നിന്ദാജനകമായ വാക്കുകൾ ചെന്നിനായകക്കയ്പ്പേകുകയാണദ്ദേഹത്തിന്. എങ്കിലും ആ വാക്കുകളിലെ വാസ്തവനാളത്തെക്കുറിച്ച് അദ്ദേഹത്തിന് ബോദ്ധ്യമുണ്ട്. ആ വാക്കുകൾ ജന്മിയായ കാമുകന്റെ മനസ്സിൽ അനുരാഗത്തിന്റെ മാധുര്യത്തിനുപകരം ആത്മനിന്ദയുടെ കയ്പുനിറക്കുകയാണ് ചെയ്യുന്നത്.

ഇങ്ങനെ ബിംബങ്ങളെ തരംതിരിക്കാവുന്നതാണ്. ബിംബങ്ങളെ അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മൂർത്തം, അമൂർത്തം മിശ്രം എന്ന മറ്റൊരു വിഭജനം സാധ്യമാണ്.

### 4.1.7 പ്രത്യാവൃത്തി ബിംബങ്ങളിലൂടെ കവി മനസ്സിലേക്ക്

എന്നാൽ തരംതിരിവുകൾക്കൊന്നും നിന്നുകൊടുക്കാത്തത്ര സങ്കീർണമാണ് പലപ്പോഴും പുതിയ കാവ്യബിംബങ്ങൾ. പ്രമേയപരമായി കാവ്യബിംബങ്ങളെ വർഗ്ഗീകരിക്കുമ്പോൾ ഒരു കവിയുടെ രചനകളിൽ ആവർത്തിക്കപ്പെടുന്ന ബിംബങ്ങൾ (Recur-

rent images) പ്രത്യാവൃത്തിബിംബങ്ങൾ ഏതെല്ലാം എന്നു കണ്ടെത്താൻ കഴിയും- ഇത്തരം പ്രത്യാവൃത്തിബിംബങ്ങൾ ഒരെഴുത്തുകാരന്റെ വ്യക്തിസത്തയിലേക്ക് വള രെയധികം വെളിച്ചം തൂകുന്നവയായിരിക്കും.

വൈലോപ്പിള്ളി കവിതകളിൽ ഗ്രാമകേന്ദ്രീകൃതമായ ഒരു ജീവിതവും ഒരു കാർഷിക സംസ്കാരവുമാണ് പ്രതിഫലിക്കുന്നതെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അതു കൊണ്ട് കാർഷികസംസ്കാരത്തോട് ബന്ധപ്പെട്ട ബിംബങ്ങൾ വൈലോപ്പിള്ളിക്കവി തകളിൽ അടിക്കടി പ്രത്യക്ഷപ്പെടുന്നത് പ്രത്യേകം നിരീക്ഷിക്കേണ്ടതായിട്ടുണ്ട്. കാർഷിക സമൂഹത്തോടു ബന്ധപ്പെട്ടുകൊണ്ടാണ് ഉർവരതാ ബിംബങ്ങളെ കാണേ ണ്ടത്. വൈലോപ്പിള്ളിക്കവിതകളിലെ ഉർവരതാകുംഭ ബിംബങ്ങൾ ആ അർത്ഥത്തിൽ പ്രസക്തമായിത്തീരുന്നു. ഗ്രാമകേന്ദ്രീകൃതമായ ജീവിതത്തിന്റെ അഭേദ്യഭാഗമാണ് പ്രകൃതി. അതുകൊണ്ട് പ്രകൃതി ബിംബങ്ങൾക്ക് പ്രത്യേക പ്രസക്തിയുണ്ട്. ഇത്തര മൊരു സംസ്കാരത്തോടു ബന്ധപ്പെടുത്തി കാണേണ്ടതത്രെ ആദിപ്രരൂപങ്ങളും (Ar-chetypes) മഹദ്സമൃതികളും (Great memeories). വൈലോപ്പിള്ളിക്കവിതകളിലെ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട ബിംബങ്ങളെ ഇനി വിശദീകരിക്കാം.

## 4.2. വൈലോപ്പിള്ളി കവിതകളിലെ കാർഷിക സംസ്കാരത്തോടു ബന്ധപ്പെട്ട ബിംബങ്ങൾ

വൈലോപ്പിള്ളി കവിതകളിൽ കാർഷിക സംസ്കാരത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന കാവ്യ ബിംബങ്ങളെ പ്രത്യക്ഷ ബന്ധമുള്ളവയെന്നും പരോക്ഷ ബന്ധമു ള്ളവയെന്നും രണ്ടായി തിരിക്കാം. ഉപമാരൂപകാദി സ്വഭാവത്തോടു കൂടിയ കേവല വാങ്മയ ചിത്രങ്ങളാണ് പ്രത്യക്ഷ ബിംബങ്ങൾ. ആദിപ്രരൂപങ്ങൾ, പ്രകൃതിബിംബ ങ്ങൾ എന്നിങ്ങനെ കാർഷിക സംസ്കാരത്തോടു പരോക്ഷമായി ബന്ധപ്പെടുത്താവു ന്നവയാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നവ. പാടത്ത് പുഞ്ചയ്ക്ക് തേവുന്ന വേട്ടു വന്മാരെയും, കന്നിക്കൊയ്ത്തിനും മകക്കൊയ്ത്തിനും ചേറിലിറങ്ങിയ കർഷകതൊ ഴിലാളികളെയും, മണ്ണിൽ പൊന്നു വിളയിക്കുന്ന കൃഷിക്കാരനെയും ചിത്രീകരിക്കു ന്നിടത്ത് വൈലോപ്പിള്ളിയുടെ കാർഷിക സംസ്കാരത്തോടുള്ള ഈ ആഭിമുഖ്യം പ്രത്യ ക്ഷത്തിൽ തന്നെ പ്രകടമാകുന്നുണ്ട്. രണ്ടു തരത്തിൽ കാർഷികസംസ്കാരത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന ബിംബങ്ങളിൽ പ്രത്യക്ഷ വാങ്മയ ചിത്രങ്ങളെക്കുറിച്ച് ആദ്യം വിശദീകരിക്കാം.

### 4.2.1. പ്രത്യക്ഷ വാങ്മയ ചിത്രങ്ങൾ

ഇത്തരം കാവ്യ ബിംബങ്ങളിൽ ഏറെയും ദൃശ്യബിംബങ്ങളാണ്.

1. ''*പൊന്നുഷസ്സിന്റെ കൊയ്ത്തിൽനിന്നൂരി-*
   *ച്ചിന്നിയ കതിർ* ചുറ്റും കിടക്കെ,
   മേവി കൊയ്ത്തുകാർ പുഞ്ചയിൽ, ഗ്രാമ-
   ജീവിതകഥാനാടകഭൂവിൽ"[37] (കന്നിക്കൊയ്ത്ത്)

   പൊന്നുഷസ്സിന്റെ കൊയ്ത്തിൽ നിന്നൂരിച്ചിന്നിയ കതിര് എന്ന ദൃശ്യബിംബത്തോടൊപ്പം പ്രകടമാകുന്ന കാർഷിക സംസ്കാരം ഇവിടെ സൂചിതമാവുന്നു.

2. വർഷം ചതിക്കുമോ എന്നാശങ്കിക്കുന്ന നെൽവയലിന്റെ ചിത്രം *പടയാളികളിൽ* ദൃശ്യമാണ്.

   "പാടത്തെ വെള്ളം കുടിച്ചു വറ്റിക്കയാൽ
   വാടിത്തുടങ്ങീതു *വാരിളം നെല്ലുകൾ.*"[38]

3. "തിരയടിക്കും താഴ്വരയും *പാടവും*
   *കുറിയമാവുകൾ* തൊടുത്ത പാതയും,
   തിരക്കിടും *തെങ്ങുകവുങ്ങുകൾ* പച്ച-
   ക്കറുപ്പു പൂശുന്ന പുരയിടങ്ങളും."[39]

   കാർഷിക ജീവിതത്തെ സൂചിപ്പിക്കുന്ന ദൃശ്യ ബിംബം ആസ്സാം *പണിക്കാരിലും* ആവർത്തിക്കുന്നു.

4. "*എല്ലാക്കൃഷിക്കാർക്കും നെല്ലായ്, പശുക്കൾക്കു*
   *പുല്ലായ്ക്കിളിർക്കട്ടേ* നിൻ കാരുണ്യം"[40]

5. "തോരാത്ത കർക്കിടകത്തിനാൽ പുഞ്ചയും
   തോടും ചിറയും നിറഞ്ഞുനിൽക്കെ,
   ആർദ്രമാം വായുവിലാലോലം ചിന്നുമീ
   നേർത്ത പരിമളമെങ്ങുനിന്നോ?
   *നൽകൃഷിദേവത*തന്മുടിക്കെട്ടിൽ നി-
   ന്നുൽഗളിക്കുന്ന സുഗന്ധംപോലെ?"[41]

കാർഷിക ജീവിതത്തെ സൂചിപ്പിക്കുന്ന ഗന്ധബിംബം *പൂക്കൈതയിൽ* പ്രകടമാണ്.

6. "*കൊയ്തു തണ്ടുണങ്ങാത്ത*

*കറ്റയും*, കൗമാരത്തിൻ

കൗതുകം പുലർമഞ്ഞിൽ

കത്തിക്കുമിലകളും"

"*വേർപ്പുമുത്തേലും തോഴി-*

*ലാളർ തൻ മെയ്യും* വ്രീളാ-

വായ്പിനാലർദ്ധ സ്പൃഷ്ട-

മനുരാഗത്തിൻ ചുണ്ടും"[42]

എന്ന് ദൃശ്യ ബിംബങ്ങളിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു ഗന്ധബിംബം *ഗന്ധങ്ങളിൽ* സൂചിതമാകുന്നു.

7. "വെട്ടിയെരിച്ചേൻ ഞാനാക്കാ, ടൊരു

മഞ്ഞച്ചേരയിഴഞ്ഞു മറഞ്ഞൂ

നട്ടു നനച്ചേനവിടെക്കേര-

*ത്തയ്യുകൾ, വാഴ, യടയ്ക്കാ മരവും.*"[43]

സർപ്പക്കാട് വെട്ടിത്തെളിയിച്ച് ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുന്ന കവിയുടെ ചിത്രം *സർപ്പക്കാടിൽ* ആവിഷ്കരിക്കപ്പെടുന്നു.

8. "*കൃഷിചെയ്കനാം, വിത്താ,-*

ലംബുവാൽ, മൺ പൂകിയ

തൃഷിതന്മാരാം പൂർവ്വ-

ർക്കേകുക തിലോദകം!"[44]

9. "പുത്തൻവരിഷത്തിൻ

പുലരിക്കണി കാണാൻ

എത്തും കിളി പാടീ:

"വിത്തും കൈക്കോട്ടും,

ഒത്തു നിരക്കട്ടേ

*വിത്തും കൈക്കോട്ടും!*"[45]

10. "കേവലനാരോ പാടി

പ്പോകയാം വിദൂരത്തിൽ

'നീ *വിതച്ചതു* നീതാൻ

*കൊയ്യു'*,മെന്നൊരു ഗാനം."[46]

കൊയ്ത്തും വിതയും കൃഷിയുമായി പ്രത്യക്ഷമായി ബന്ധപ്പെട്ടിരിക്കുന്നു.

11. "നമ്മുടെയാത്മാവിന്റെ

*വിയർപ്പുകണങ്ങളാം*

*നെന്മണികളിൽ* ചില-

തെങ്കിലും ജീവിക്കില്ലേ?"[47] (കൊയ്ത്തു കഴിഞ്ഞ്)

12. "പണ്ടീ മണ്ണിൽ പറ്റലർനിരയെ-

പ്പടയിൽ മുടിച്ചോരാണുങ്ങൾ,

പെയ്തുതെഴുത്തു പഴുത്തൊരു *പുഞ്ചകൾ*

*കൊയ്തുചുരുട്ടിയ* പെൺകൊടികൾ[48] (ഓണക്കളിക്കാർ)

13. "കണ്ടീല ഞാനാ വരണ്ട ചെമ്മണ്ണിന്റെ

തണ്ണീർനറുംപാൽ കറന്നേകിയീവിധം

ഊട്ടിയീ നെൽച്ചമയങ്ങളെ, മക്കളെ-

പ്പോറ്റുമാ*ക്കർഷകദമ്പതിമാർകളെ*."[49] (തൊഴിലാളി)

14. "കൂട്ടുകാരോടുംകൂടിപ്പാഞ്ഞെത്തിപ്പെറുക്കുന്ന

നാട്ടുമാമ്പഴങ്ങൾതൻ ഭിന്നഭിന്നമാംസ്വാദും,

*വയലിൻ കച്ചിപ്പുകമണവും* സ്വർഗ്ഗത്തിലേ-

ക്കുയരും വെൺമുത്തപ്പത്താടിതൻ ചാഞ്ചാട്ടവും,"[50]

15. "*മാവു പൂക്കുന്നു*, മൂകമെങ്കിലുമത്യുച്ചമായ്

ക്കൂവുകയത്രേ *പൂക്കൾ*, കാളുകയത്രേ പൂക്കൾ."[51]

16. "*പൂവുകളല്ലോ കായിൻ*വാഗ്ദാനം, മർത്ത്യാത്മാവിൻ

മാവു പൂത്തിടും കാലം വന്നാവൂ മമ നാട്ടിൽ!"[52]

പൂവും കായും കാർഷിക ബിംബമാണ്.

17. "വാരി*വിതയ്ക്കും* കൈയിനു നൂറുരു
കോരിവിളമ്പും പൊന്നോണം"[53]

18. "നീയും ശരൽകാല*പുഷ്പങ്ങളും* മുന്നിൽ,
നീളവേ പിന്നിൽ മികച്ച *ഫലങ്ങളും!*"[54]

19. "കാറ്റുകൾ വന്നു പരുക്കൻകാലാൽ
*കായ്കനിയിട്ടു മെതിക്കുമ്പോൾ*
വഴിയുന്നതു നറുമുന്തിരിയോ,
മഴയോ, നിർമ്മലമലകടലോ?"[55]

മെതി കാർഷിക ബിംബമാണ്. കാർഷിക ജീവിതത്തെ സൂചിപ്പിക്കുന്ന ദൃശ്യ ബിംബങ്ങൾ *കേരളകവി, വിത്തും കൈക്കോട്ടും, കൊയ്ത്ത് കഴിഞ്ഞ്, ഓണക്കളിക്കാർ, തൊഴിലാളി, വിഷുക്കണി, മാവു പൂക്കുന്നു, ചേറ്റുപുഴ, വിദ്യാരംഭം, കടലും കരയും* എന്നീ കവിതകളിലെല്ലാം സജീവമാണ്.

20. "ഇത്തിരിമണ്ണിൽ താനേ *കിളച്ചു* വിയർത്തൊരു
*വിത്തു*പാകുമ്പോൾ, പേർത്തുമത്തടം നനയ്ക്കുമ്പോൾ,
പച്ചയാം രക്തം മുറ്റിപ്പടരും ദലച്ചാർത്തിൽ
പറ്റിയ പുഴുക്കളെപ്പിടിച്ചു കളയുമ്പോൾ,
കടഞ്ഞിൽ*പൂവും കായും* കാണുമ്പൊ,ഴീ നമ്മൾക്കു
കരളിൽ തുടിക്കുന്നീലെന്തെന്തൊരഭിമാനം!"[56]

എന്ന് വ്യക്തമായി തെളിയുന്ന കാർഷിക ജീവിതത്തിന്റെ വാങ്മയ ചിത്രം ഇവിടെ ചിത്രീകരിച്ചിരിക്കുന്നു.

21. "ഉർവ്വിയേ *പുഷ്പിപ്പിക്കും* കലപോൽ നമുക്കത്ര
നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ?"

ഉർവ്വിയെ പുഷ്പിപ്പിക്കുന്ന കല കൃഷി തന്നെയാണെന്ന് കയ്പവല്ലരിയിൽ കവി പ്രഖ്യാപിക്കുന്നു. വൈലോപ്പിള്ളിയുടെ കാവ്യജീവിതമാനിഫെസ്റ്റോയായി ഇന്ന് നമുക്കിതിനെ വായിച്ചെടുക്കാൻ കഴിയും.

22. "കാലവർഷാസ്വാദഹർഷമിയ, ന്നിളം-
നീലമരതകവർണ്ണമാം ഞാറുകൾ

ഓളം തുളുമ്പുന്ന *പുഞ്ചയിലൂടെ* ഞാൻ
കാലത്തു തെല്ലു നടക്കാനിറങ്ങവേ”,[58]

‘തുളുമ്പുന്ന ഞാറുകൾ,’ എന്നീ ‘പുഞ്ച’ കാർഷിക ബിംബങ്ങൾ വൈലോപ്പിള്ളി ക്കവിതകളിൽ ആവർത്തിച്ചു വരുന്നുണ്ട്

23. “കുളിർവായുവിൽ, സൂര-
    സുപ്രകാശത്തിൽ, ച്ചോല-
    ത്തെളിവാരിയിൽ, ചൈത്ര-
    *പ്പൂക്കളിൽ, കനികളിൽ*[59]

എന്നിങ്ങനെ കർഷക സംസ്കാരത്തോടു ബന്ധപ്പെട്ടു നില്ക്കുന്ന വാങ്മയ ചിത്രങ്ങ ളെക്കൊണ്ടു നിറഞ്ഞതാണ് വൈലോപ്പിള്ളിയുടെ കാവ്യലോകം. ഇത്തരം ലളിത വാങ്മയ ചിത്രങ്ങൾക്കു പുറമേ ഉർവ്വരതയോടു ബന്ധപ്പെട്ട ബിംബങ്ങൾ വൈലോ പ്പിള്ളി ധാരാളം ഉപയോഗിച്ചിട്ടുണ്ട്.

1. കണ്ണാ, നിന്നെ മടിയിലിരുത്താൻ,
   കാലിൻ *പൂമ്പൊടി* ചൂടീടാൻ,[60]

2. നാലുമാസത്തിൻ മുമ്പി-
   ലേറെനാൾ കൊതിച്ചിട്ടീ-
   ബ്ബാലമാകന്ദം *പൂവി-*
   *ട്ടുണ്ണികൾ വിരിയവേ”,*[61]

3. കാറുകളെല്ലാം തൂത്തു പത്തുനാളോണം കൊൾവാൻ
   കേരളം സമാധാന*ത്തുമ്പപ്പൂ വിടർത്തുന്നു.*[62]

4. ഓണവിരുന്നുമൊരുക്കുന്നു, വണ്ടിനു
   *തേനും*, നറുമണം തെന്നലിനും.[63]

5. തുമ്പപ്പൂവിടൂ, നീയെൻ-
   കുഞ്ഞു ഭാവനേ, ചെന്നു
   *ചുംബിക്കവിശുദ്ധിയെ-*
   *ശ്ശുദ്ധിതന്നധരങ്ങൾ*[64]

6. "ഞാനൊരു പഴവനിരിക്കില്ലന്നേ-

യ്ക്കെങ്കിലുമെന്നെയടക്കിയ മണ്ണിൻ

മാറിലൊരോമൽപൊൻപൂവുണ്ടാം

*പൂന്തേനുണ്ണാനൊരു* മണിവണ്ടും.

ആ *മലർ നുള്ളിപ്പുതി*യൊരു തലമുറ-

യങ്ങേപ്പൂക്കളമണിയിച്ചേയ്ക്കാം.[65]

7. ''*കൈതപ്പൂമ്പൊടി*മണ്ണിലാടിടുമൃതു-

ക്കൾക്കുള്ള ഭാവോൽക്കരം

നെയ്തപ്പൊൾ നിറച്ചു നിർഭരരസം

തേൻ കൂടു നീ ഗൂഢമായ്;[66]

എന്നിങ്ങനെ കവിതകളിലുടനീളം പ്രത്യക്ഷപ്പെടുന്ന പരാഗബിംബങ്ങളും ഈ കാർഷിക സംസ്കാരത്തിൽ നിന്നു പിറവിയെടുക്കുന്നവ തന്നെയാണ്. ഇത്തരം ബിംബങ്ങൾക്കു പുറമേ സസ്യലോകത്തു നിന്നു കടന്നു വരുന്ന ബിംബങ്ങൾ- പ്രേമഭാവത്തോടു ബന്ധപ്പെട്ടു കടന്നു വരുന്ന പനിനീർ പൂ (പനിനീർ പൂവിനോട്, വൈ.ക.പു.692), വീരതയോടു ബന്ധപ്പെട്ട് മുരിക്ക് (കാക്ക വൈ.ക.സമ്പൂർണ്ണകൃതി, പു.67) ഹരിതപ്രകൃതിയോടു ബന്ധപ്പെടുത്തി മാവ് (മാവ് പൂക്കുന്നു) എന്നിങ്ങനെ കാർഷിക സംസ്കൃതിയോടും ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. ഇത്തരം ബിംബങ്ങളാവട്ടെ വൈലോപ്പിള്ളി കവിതകളിൽ കാലം ചെല്ലും തോറും വർദ്ധമാനമായിത്തീരുകയാണുണ്ടായത്.

### 4.2.2 ആദിപ്രരൂപബിംബങ്ങൾ

കൂട്ടായി ജീവിക്കുന്ന മനുഷ്യന് കൂട്ടായ്മയുടേതായ ഒരു മാനസികതലവുമുണ്ടെന്ന വിശ്വാസം ശാസ്ത്രീയാടിസ്ഥാനത്തിൽത്തന്നെ വിശദീകരിക്കപ്പെട്ടത് കാൾ ഗുസ്താവ് യുങ് എന്ന മനഃശാസ്ത്രജ്ഞന്റെ പഠനങ്ങളോടു കൂടിയാണ്. ജനിച്ചു വീഴുന്ന കുഞ്ഞിന്റെ മനസ്സ് ശൂന്യമാണെന്ന ധാരണ ശരിയല്ലെന്നും വർഗചേതനയുടെ മുദ്രകൾ അതിൽ പതിഞ്ഞു കിടക്കുന്നുണ്ടെന്നും യുങ് സ്ഥാപിച്ചു. ഓരോ ജീവിയുടെയും ഭ്രൂണ വളർച്ചയിൽ അതിന്റെ വംശപരിണാമചരിത്രത്തിലെ വിഭിന്ന ദിശകൾ ആവർത്തിക്കുമെന്ന് ഒരു ജൈവ ജനിതക നിയമം (Biogenetic Law) ഉണ്ട്. കശേരുകികളുടെ (vertebrates) ഭ്രൂണ വളർച്ചയിൽ പരിണാമശ്രേണിയിലെ അതേ വരെയുള്ള എല്ലാ ഘട്ടങ്ങളെയും സൂചിപ്പിക്കുന്ന ദശകൾ കാണാം. തവളകൾ അവയുടെ ദശാപ

രിണാമ ഘട്ടത്തിൽ വാൽമാക്രികളായി കുറച്ചു കാലം കഴിയുന്നതും മറ്റും ഇതിനു ഉദാഹരണമാണ്. ഒരു ജന്തുവിന്റെ വ്യക്തി ജീവിതവൃത്തത്തിൽ (Ontogeny) വംശചരിത്രത്തിന്റെ (phylogeny) നിരവധി അടയാളങ്ങൾ കാണാം എന്ന പുനരാവർത്തന സിദ്ധാന്തം (Recapituation theory) യുങിന്റെ നിഗമനങ്ങൾക്ക് അടിസ്ഥാനമായി നിൽക്കുന്നുണ്ട്. മനുഷ്യവർഗത്തിന്റെ അബോധ ചേതസ്സിനെയും ഉപവർഗ ബോധ മാനസിക തലങ്ങളെയും ചേർത്ത് യുങ് സാമൂഹികബോധചേതസ്സ് എന്നു വ്യവഹരിക്കുന്നു. (Transpersonal or collective unconscious) തൊട്ടു കാണിക്കാൻ കഴിയാത്ത മനസ്സ് എന്ന ഒന്നു തന്നെയുണ്ടോ എന്നു ശങ്കിക്കുന്നവരോട് മനസ്സ് എന്ന ഒന്നേയുള്ളൂ എന്ന് യുങ് പറയുന്നുണ്ട്.[67] വ്യക്തിബോധ മനസ്സിലെ സംഘാതങ്ങൾ (compesces) ആർജ്ജിതങ്ങളും (Acquired) സമൂഹബോധമനസ്സിലെ സംഘാതങ്ങൾ സഹജങ്ങളും (inborn) ആണെന്നും യുങ് സൂചിപ്പിക്കുന്നുണ്ട്.[68] പ്രാചീന കാലങ്ങളിൽ സമൂഹത്തിന്റെ കൂട്ടായ സൃഷ്ടികളായി മിത്തുകൾ രൂപം കൊള്ളുന്നു. മിത്തുകളുടെ രൂപീകരണത്തിനു പിറകിൽ ഒരു ഗോത്ര മനസ്സിന്റെ പ്രവർത്തനം ഉണ്ടായേ തീരൂ. ഒരു പൊതു ലക്ഷ്യത്തിലേക്ക് ഏകാഗ്രമായി മുന്നേറുന്ന സമൂഹത്തിന് ഒരു പൊതുമനസ്സും ഉണ്ടാകുന്നു. അത്തരം കാലഘട്ടം ഒരു നാടോടി കാലഘട്ടവും (Folk period) ആ മനസ്സ് ഒരു നാടോടി മനസ്സും (Folk conscious) ആണെന്നു പറയാം. ഈ നാടോടി മനസ്സുകൾ നമുക്ക് കൈമോശം വരുന്നത്, ചരിത്രം വർഗ്ഗങ്ങളും വ്യക്തികളുമായി വിഭജിക്കപ്പെടുമ്പോഴാണ്[69]. അതു കൊണ്ടു തന്നെ ഒരു നാടിന്റെ ഭാഗധേയം ഒരു ജനത കൂട്ടായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സമൂഹാഭിമുഖമായി തന്റെ വ്യക്തിത്വം വ്യാപരിക്കുന്ന ഒരു കവിയുടെ രചനകളിൽ ആദിപ്രരൂപങ്ങളുടെയും നാടോടി പാരമ്പര്യങ്ങളുടെയും സംസ്ക്കാരം വലിയ ഒരളവിൽ നിഴലിക്കുന്നതു കാണാം. വൈലോപ്പിള്ളിക്കവിതകളിലെ നാടോടി പാരമ്പര്യങ്ങളെയും വാമൊഴി വഴക്കങ്ങളെയും ആദിപ്രരൂപങ്ങളെയും കുറിച്ച് പഠിക്കുമ്പോൾ ഇക്കാര്യം ഓർമ്മിപ്പിക്കേണ്ടതുണ്ട്. വൈലോപ്പിള്ളിക്കവിതകളിലെ കാർഷിക സംസ്കൃതിയെക്കുറിച്ചു പഠിക്കുമ്പോൾ ഇവയുടെ പഠനം അനിവാര്യമാണ്.

ആദിപ്രരൂപപരമായ ബിംബങ്ങളും (Archetypal Images) ആദി പ്രരൂപങ്ങളും (Archetypes) തമ്മിലുള്ള വ്യത്യാസം യുങ് പ്രത്യേകം വ്യക്തമാക്കുന്നുണ്ട്. ബിംബങ്ങൾക്കു പിറകിലെ പ്രവർത്തന പദ്ധതിയാണ് ആദിപ്രരൂപങ്ങൾ എന്ന് യുങ് വിശേഷിപ്പിച്ചത്.

ആ പ്രവർത്തന പദ്ധതിയിലൂടെ ഉരുത്തിരിയുന്ന ബിംബങ്ങളെ ആദിപ്രരൂപ ബിംബ ങ്ങൾ എന്ന് അദ്ദേഹം വിളിച്ചു. ഇത്തരം ബിംബങ്ങൾ മിത്തുകളിലും സാഹിത്യത്തിലും ആണ് ഏറെയും കാണുക.[70] ഒരേ ആദിപ്രരൂപത്തിൽ നിന്നു തന്നെ പലതരം ആദി പ്രരൂപ ബിംബങ്ങൾ രൂപം കൊണ്ടെന്നു വരാം. ആദിരൂപം കവിതാ വിഷയം മാത്ര മാണ്. കവിഭാവന തൊട്ടുഴിയുമ്പോൾ മാത്രമേ അത് ആദിപ്രരൂപബിംബമായി മാറു ന്നുള്ളു.

ആർജ്ജിതാനുഭൂതി പരമ്പരകൾ സാകാരമുദ്രകളായും (Archetypal Images) നിരാ കാരമായ ആശയങ്ങളായും (Archetypal ideas) വ്യക്തി മനസ്സുകളിൽ നിർലീനമാകാം. ബലി എന്നത് നിരാലങ്കാരമായ ഒരു ആശയവും മഹാബലി അതിൽ നിന്ന് ഉരുത്തിരി യുന്ന ഒരു ബിംബവുമാണ്. ചിരഞ്ജീവിത്വം എന്നത് ഒരു ആശയവും ഹനുമാൻ ആ ആശയത്തിൽ നിന്നുളവാകുന്ന ഒരു ബിംബവുമാണ്. ഇത്തരം നിരാകാരമായ ആശയ ങ്ങൾ പറിച്ചു മാറ്റാനാകാത്തവയായി മനസ്സിലുറച്ചു നിന്നു കൊണ്ട് ഒന്നുകിൽ നമ്മുടെ ജീവിതത്തിൽ ഊർജ്ജം പകരുന്നു. അല്ലെങ്കിൽ മുന്നോട്ടു പോകുന്ന ജീവിതത്തെ പിറകോട്ടു വലിക്കുന്നു.

വ്യക്തി ചേതസ്സിനെന്ന പോലെതന്നെ സമൂഹ ചേതസ്സിനും രണ്ടു പ്രതലങ്ങൾ- ബോധാബോധ തലങ്ങൾ- ഉണ്ട്. സമൂഹം മൊത്തത്തിൽ അനുഷ്ഠിച്ചു പോരുന്ന അനു ഷ്ഠാന രൂപങ്ങളും മൂല്യ സങ്കല്പങ്ങളും, സാംസ്കാരിക സങ്കല്പങ്ങളും ബോധ മണ്ഡ ലത്തിലുൾപ്പെടുന്നു. സമൂഹത്തിലെ സമൂല പരിവർത്തനങ്ങളെ നിർണ്ണയിക്കുന്ന ആന്ത രിക ചലനങ്ങൾ അതിന്റെ അബോധ സത്താ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്.[71] ഈ രണ്ടു തലങ്ങളിൽ ഉയിർക്കൊള്ളുന്ന ബിംബങ്ങളെ വേറെതന്നെ കാണേണ്ടതാ യിട്ടുണ്ട്. അബോധ തലത്തിന്റെ പ്രവർത്തനങ്ങളെല്ലാം. നിശാലോകവുമായി (Night side life) ബന്ധപ്പെട്ടതാണെന്ന് മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. സർഗരചനയുടെ ലോകവും നിശാലോകത്തോടു സാമ്യമുള്ളതാണെന്നു വൈലോപ്പിള്ളി തന്നെ പറയു ന്നുണ്ട്.

“സ്വപ്നമോ രാക്കിനാവുകളല്ലീ
സുപ്രഭാതത്തിൻ പൂവുകളെല്ലാം”[72]

അതു കൊണ്ടാണ് വംശാനന്തര സ്മൃതികളെല്ലാം സർഗ സ്വപ്നങ്ങളിലൂടെ പുറത്തു വരുന്നത്.[73] സാകാരമുദ്രകൾക്ക് (primordial images) ബഹിർഗമനോപാധികൾ നഷ്ട

പ്പെടുമ്പോൾ അവ ഉപബോധത്തിലേയ്ക്കു തള്ളപ്പെടുന്നു. അതിലും ശക്തിയോടെ അവ സർഗ്ഗ വ്യാപാരങ്ങളിൽ (Creative phantasy) പ്രത്യക്ഷപ്പെടുന്നു.

വൈലോപ്പിള്ളിക്കവിതകളിൽ ആദിപ്രരൂപബിംബങ്ങൾ പലരീതിയിൽ പ്രകടമാകുന്നുണ്ട്. മാതൃബിംബങ്ങൾ, ഗോത്രരക്ഷക സത്താ (Totem) ബിംബങ്ങൾ, മഹാദ് സ്മൃതികൾ, പിതൃബിംബങ്ങൾ എന്നിവയാണ് അവയിൽ പ്രധാനം.

#### 4.2.2.1 മാതൃബിംബങ്ങൾ

ആദി പ്രരൂപങ്ങളിൽ മാതൃസത്തയുടെ രൂപം പല വിധത്തിൽ വളർന്നു വികസിക്കുന്നതു കാണാം. അംബയിൽ നിന്ന് പ്രകൃത്യാംബയിലേയ്ക്കും, അമ്മ ദൈവങ്ങളിലേയ്ക്കും അച്ഛനിൽ നിന്ന് "കളിയച്ഛനി"ലേയ്ക്കും രക്ഷകസത്തയിലേയ്ക്കും ഉള്ള വളർച്ച എന്ന് മാതൃ-പിതൃ പ്രരൂപങ്ങൾക്കുള്ള വളർച്ചയെക്കുറിച്ച് സാമാന്യേന പറയാം. ആദിപ്രരൂപങ്ങളിൽ മാതൃസത്ത ഏതേതെല്ലാം രൂപങ്ങളിൽ പ്രതിഫലിക്കുന്നു എന്ന് യുങ് വ്യക്തമാക്കുന്നത് ഇനി കാണിക്കുന്ന രീതിയാലാണ്.

1. അമ്മ. അമ്മമ്മ, ചിറ്റമ്മ (Step mother)[74] ശ്വശ്രു (Mother in Low) പരിചാരിക (nurse) പെങ്ങൾ എന്നീ കേവല രൂപങ്ങളിൽ

2. ആദിപ്രരൂപതലത്തിൽ അമ്മ ദൈവങ്ങൾ

എ. അനുകൂല ഭാവത്തിലുള്ള അമ്മ

ബി. നിഷേധ രൂപത്തിലുള്ള അമ്മ.

3. മാതൃത്വബോധം ജനിപ്പിക്കുന്ന പള്ളി, സർവ്വകലാശാല, ക്ഷേത്രം, നഗരം, രാജ്യം, സ്വർഗ്ഗം, പ്രകൃതി, കാനനം, തടാകങ്ങൾ, പാതാളം എന്നിവയുടെ രൂപത്തിൽ.

4. ഉർവരതാ സങ്കല്പത്തോടും ഫലദായകത്വത്തോടും ബന്ധപ്പെടുത്തി ഉഴുത പാടം, തോട്ടം, പാറകൾ, ഗുഹകൾ, മരങ്ങൾ, അരുവികൾ, കിണറുകൾ, കലശങ്ങൾ, പാത്രത്തിന്റെ ആകൃതിയിലുള്ള പൂക്കൾ, (റോസ്, താമര എന്നിങ്ങനെ) ഉർവരതാബിംബങ്ങൾ ഗർഭപാത്രം, പശു മുയൽ എന്നിങ്ങനെയുള്ള ഉപകാര ജീവികൾ മൊത്തത്തിൽ എന്നിങ്ങനെ.

സർഗരചനകളിലെ മാതൃസത്തയ്ക്ക് ഇങ്ങനെ വൈവിധ്യമാർന്ന പ്രകടന രൂപങ്ങൾ (Manifestations) ഉണ്ടായിക്കൊണ്ടിരിക്കെ വൈലോപ്പിള്ളിക്കവിതകളിലെ മാതൃസത്തയെ പരിമിതപ്പെടുത്തി കാണേണ്ടതില്ല. എന്നു മാത്രമല്ല മാതൃസത്താ പ്രകടന

രൂപങ്ങളിൽ മിക്കവാറും എല്ലാ വിഭാഗത്തിൽപ്പെട്ടവയ്ക്കും വൈലോപ്പിള്ളിക്കവിത കളിൽ നിന്ന് ഉദാഹരണങ്ങളും ധാരാളമായി കണ്ടെത്താൻ കഴിയും. ജനിച്ചു വീഴുന്ന ഒരു കുട്ടിക്ക് അമ്മയോടുള്ള കെട്ടുപാടുകൾ നിരവധിയാണ്. ഈ കെട്ടുപാടുകളിലൂടെ അമ്മയുമായി കുഞ്ഞ് സുദൃഢമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ആ ബന്ധത്തിൽ നിരവധി വിചിത്രാനുഭവങ്ങളും മായിക തത്വങ്ങളും നിലനിൽക്കുന്നുണ്ട്. ക്രമേണ പരി ചിതത്വത്തിന്റെ മേഖലകളിൽ ആ മായികത്വാനുഭൂതികൾ വിസ്മൃതങ്ങളാകുന്നെങ്കിലും അവ അബോധ മനസ്സിൽ ചില മുദ്രകൾ സൃഷ്ടിക്കുന്നു. ആ മുദ്രകളാണ് പിന്നീട് അമ്മമ്മയിലേയ്ക്കും അമ്മദൈവങ്ങളിലേയ്ക്കും (Great Mother) നയിക്കുന്നത്. ആദി പ്രരൂപങ്ങളായി പ്രത്യക്ഷപ്പെടുന്ന മാതൃസത്തയും, പിതൃസത്തയും മഹദ് സ്മൃതിക ളുമെല്ലാം തന്നെ ഉള്ളിലേയ്ക്കൊതുങ്ങിയ മാതൃ- പിതൃസത്തകൾ തന്നെയാണ് എന്ന് ഫ്രോയിഡിനെ ഉദ്ധരിച്ചു കൊണ്ട് മിഡ് ബോഡ്കിൻ അഭിപ്രായപ്പെടുന്നുണ്ട്.[75] ഈ ഉൾവലിഞ്ഞ പിതാക്കളുടെ സ്വരം കവിതകളിൽ പല രീതിയിൽ കേൾക്കുന്നത് തുടർന്ന് വ്യക്തമാക്കുന്നുണ്ട്.

അമ്മ സങ്കല്പങ്ങൾ പ്രത്യക്ഷമായിത്തന്നെ തെളിയുന്ന വൈലോപ്പിള്ളിക്കവിത കൾ നിരവധിയുള്ളതിൽ ഏതാനും ചിലത് ഉദാഹരിക്കാം.

1. അങ്കണത്തൈമാവിൽനി-
   നിന്നാദ്യത്തെപ്പഴം വീഴ്കെ-
   യമ്മതൻ നേത്രത്തിൽനി-
   ന്നുതിർന്നൂ ചുടുകണ്ണീർ.[76]

മകന്റെ വേർപാടിൽ വിലപിക്കുന്ന അമ്മ

2. വൻപനിവിത്തെൻ മെയ്യിൽ
   പാകിയതാകും പ്രകൃ-
   ത്യംബതാൻ വാത്സല്യത്താൽ
   മറ്റൊരു കരത്താലെ[77]

പ്രകൃതിയെ അമ്മയായി കാണുന്നു.

3. ഏറ്റുചൊല്ലീ വയസ്സനൊരാ, “ളെന്റെ
   കൂട്ടരേ ദയചെയ്തു ചിരിയ്ക്കൊലാ.

അമ്മയായ് ഭാഗ്യംകെട്ടൊരീ മാന്യയാം

പെൺപിറന്നവർക്കുറ്റ ഭർത്താവു ഞാൻ[78]

യുദ്ധത്തിൽ മൂന്നാണ്മക്കളെ നഷ്ടപ്പെട്ട ഹതഭാഗ്യയായ അമ്മ.

4. "അമ്മക്കിളിയുടെ കണ്ണും കരളുമാ-
ണിമ്മുട്ട, മുട്ടയുടച്ചീടൊല്ലേ!
നോൻപുകളെത്രെനാൾ നോൽക്കണ, മീവിത്തു
കൂമ്പെടുത്തീടാനീക്കൊച്ചുപക്ഷി![79]

സന്താന സൗഭാഗ്യമനുഭവിക്കുന്ന അമ്മ മഞ്ഞക്കിളി.

5. "നല്ലൊരു രസമാണമ്മേ, തോട്ടിൽ
ചില്ലൊളി നീറ്റിൽ നമുക്കിനി നീന്താം."
അമ്മയിറങ്ങിയണഞ്ഞൂ പിൻപേ
നന്മയിൽ വരിയായുണ്ണികളും,[80]

കുട്ടികളോടൊത്തു കുളിക്കുന്ന അമ്മത്താറാവിന്റെ ചിത്രം.

6. "എന്തിനും പോരും ഞങ്ങൾ"
എന്നു സുസ്വതന്ത്രരായ്
നിൻതിരുമുമ്പിൽ തായേ
നിന്നു നിൻപ്രിയമക്കൾ"

മക്കളോടൊത്തുനിൽക്കുന്ന അമ്മയുടെ ചിത്രം.

7. മുഗ്ദ്ധരായവിരക്ത-
രായിപോൽ, മറ്റെന്തോതാം,
നിസ്തുലം പ്രകൃത്യംബ-
തൻ കല ജയിക്കുന്നു![82]

പ്രകൃതിയെ അമ്മയായി കാണുന്നു.

8. തമ്മിലറിയായ്കിലെന്തു ദോഷം?
അമ്മയീ നമ്മെയറിയുമല്ലോ.
ചോറും കറിയും വിളമ്പിവെച്ചു
കൂറുള്ള തായ വിളിച്ചു നില്ക്കെ,

നല്ല പൊന്നോണവിരുന്നിലുണ്ണാം

നമ്മളെല്ലാവരുമൊന്നുപോലെ![83]

മക്കൾക്ക് എല്ലാം വിളമ്പി വെച്ച് കാത്തിരിക്കുന്ന അമ്മ.

9. “അപ്പു. നീ ദ്രോഹിക്കരു,”-തമ്മ ചൊല്ലിനാൾ “ചിറ്റൂ-

രപ്പനാടുവാനെണ്ണ കൊണ്ടുപോം പുഴുവല്ലോ.”[84]

എന്ന് കുട്ടിയെ ഉപദേശിക്കുന്ന അമ്മ.

10. കനിവോടോതീയെന്നെ

ത്തൊട്ടുണർത്തിക്കൊണ്ടമ്മ:

“കണി കാണുവാൻ വരൂ

കൺതുറക്കാതെ, കുട്ടാ.”[85]

വിഷുക്കണികാണാൻ കുട്ടിയെ ക്ഷണിക്കുന്ന അമ്മ.

#### 4.2.2.2 മഹാത്മാവിന്റെ ദ്വന്ദാത്മക പ്രകൃതി

ആദിപ്രരൂപങ്ങളായ മാതൃസത്തകളുടെ സൃഷ്ടി-സംഹാര രൂപങ്ങളെക്കുറിച്ച് യുങ് സൂചിപ്പിക്കുന്നുണ്ട്. മധ്യകാല ആലങ്കാരിക രൂപങ്ങളിൽ മേരി ക്രിസ്തുവിന്റെ അമ്മയായും കുരിശായും സൂചിപ്പിക്കപ്പെടാറുള്ളത് ഇക്കാരണത്താലാണ്. പ്രകൃതിയിൽ പുള്ളിമാനിനു പിറകെ പുലിയും വായുവിൽ വസൂരി രോഗാണുക്കളും ഉണ്ടെന്ന് തിരിച്ചറിയുന്ന വൈലോപ്പിള്ളിയും ഇതേ കാര്യം തന്നെയാണ് വ്യക്തമാക്കുന്നത്.[86]

ഉദയാസ്തമയങ്ങൾ, ഋതുഭേദങ്ങൾ എന്നിവയെ മനുഷ്യജീവിത പരിണാമവുമായി ബന്ധപ്പെടുത്തി ചില അർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നത് *ഗോൾഡൻ ബോ* എന്ന കൃതിയുടെ കർത്താവായ ജെയിംസ് ജോർജ്ജ് ഫ്രേയ്സറെയും യുങിനെയും നോർ ത്രോപ് ഫ്രൈ വിശിദീകരിക്കുന്നതിങ്ങനെയാണ്.[87]

| | |
|---|---|
| പ്രഭാതം, വസന്തം | ജനനം, സൃഷ്ടി, ഉയർത്തെഴുന്നേൽപ്പ് |
| ഉച്ച, വേനൽ | വിവാഹം, വിജയം, യൗവനം |
| അസ്തമയം, ശരത് | മൃത്യു, വാർദ്ധക്യം |
| ഇരുട്ട്, ശിശിരം | വിലയം |

വൈലോപ്പിള്ളിക്കവിതകളിൽ മാതൃബിംബങ്ങളുടെ അത്രതന്നെ പ്രാധാന്യം ആ കവിതകളിലെ പിതൃബിംബങ്ങൾക്കുണ്ട്. പിതൃബിംബങ്ങൾ എപ്പോഴും പിതാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു കൊള്ളണമെന്നില്ല. അത് മഹദ്സ്മൃതികളായും ഗോത്ര രക്ഷക സത്താ ബിംബങ്ങളായും (Toten Images) പ്രത്യക്ഷപ്പെട്ടേയ്ക്കാം. പിതാവും ഗോത്രരക്ഷക സത്തയും ചേർന്ന ഒരു വിജ്ഞനായ ആദിപിതാവിന്റെ രൂപത്തിൽ (Archa Wise man) പിതൃബിംബങ്ങൾ പ്രത്യക്ഷപ്പെടാം. ഇത്തരം പിതൃബിംബങ്ങൾ പ്രത്യക്ഷ പ്പെടുന്നത് പലപ്പോഴും ലക്കു തെറ്റുന്ന ചരിത്രസന്ധികളിലോ മനുഷ്യസമൂഹം ഗുരു തരമായ തെറ്റുകളിലേയ്ക്ക് നീങ്ങുന്നു എന്നു തോന്നുമ്പോഴോ ആണ്.[88] കവി മനസ്സ് അദ്ധ്യായനതാല്പരമാകുമ്പോൾ വിജ്ഞാനപിതാവിനെക്കുറിച്ചുള്ള സങ്കല്പങ്ങൾ അയാളിൽ നിറയുക സ്വാഭാവികമാണ്. സങ്കീർണ്ണമായ ചരിത്രസന്ധികളിൽ വൈലോ പ്പിള്ളിക്ക് ഇത്തരം ബിംബങ്ങളെ കൂടുതൽ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. മരുമക്കത്തായ ഘടനയിൽ തല്പരനായിട്ടും വൈലോപ്പിള്ളിയുടെ കവിതകളിൽ പിതൃബിംബങ്ങൾ പ്രത്യക്ഷപ്പെടുന്നത് ഇക്കാരണത്താലാണ്. പിതൃസത്തയെ ദമനം ചെയ്തോ നിധനം ചെയ്തോ നിഗ്രഹിച്ചോ ആണ് വീരനായക പുരാവൃത്തങ്ങൾ സൃഷ്ടിക്കപ്പെടുന്നതെ ങ്കിലും പുതിയ തലമുറയ്ക്ക് വഴിയൊഴിഞ്ഞ് കൊടുക്കാൻ പഴയ തലമുറ തയ്യാറാ കണം എന്ന് വൈലോപ്പിള്ളിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

തച്ചന്റെ മകനും, കണ്ണീർ പാടവും ഉദാഹരണങ്ങൾ. ഈ സമന്വയത്തിന്റെ പാത സ്വീകരിക്കുന്നതു കൊണ്ടു കൂടിയാണ് പിതൃബിംബങ്ങൾ വൈലോപ്പിള്ളി കവിതക ളിൽ ഉന്നതരും സ്വീകാര്യരും ആയിത്തീരുന്നത്.

മാതൃബിംബങ്ങളെപ്പോലെ ഈ പിതൃബിംബങ്ങൾ നേരിട്ട് കാർഷിക വൃത്തി യോടോ സംസ്കാരത്തോടോ ബന്ധപ്പെടുന്നതല്ലെങ്കിലും, അത്തരം ബിംബങ്ങളെക്കു റിച്ച് വിശദീകരിക്കുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്.

1. പൊതുവെ കർഷക സമൂഹങ്ങളിൽ പിതൃദായ ക്രമത്തിൽ പിതാവിന്റെ ശാസന കൾക്ക് വഴങ്ങി ജീവിക്കുന്ന കുടുംബങ്ങളെയാണ് കാണുക എന്നതിന്റെ അടി സ്ഥാനത്തിൽ.

2. കാർഷിക വൃത്തി പലപ്പോഴും നാടോടി പാരമ്പര്യങ്ങളോട് ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ്. ഇത്തരം ഗോത്ര രക്ഷക സത്താ ബിംബങ്ങളും മഹദ് സ്മൃതികളും, പിതൃബിംബങ്ങളും ആ നാടോടി കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന സമൂഹാബോധ ചേതസ്സിന്റെ ഭാഗമായതു കൊണ്ട്.

അച്ഛനും അമ്മയും മക്കളും ചേർന്ന സ്വച്ഛമായ കുടുംബാന്തരീക്ഷം വൈലോപ്പി ള്ളിയുടെ നിരവധി കവിതകളിലുണ്ട്.

അപകടത്തിലാവുന്ന ചരിത്രസന്ധികളിൽ രക്ഷകരൂപം കൊള്ളുന്നത് ഇത്തരം പിതൃസത്തകളാണ്. സമൂഹത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിലക്കുകളും എല്ലാം നിയന്ത്രിക്കുന്നത് ഇവരത്രെ. നിയമങ്ങൾ അനുസരിക്കുന്നവരെ രക്ഷിക്കുവാനും അല്ലാത്തവരെ ശിക്ഷിക്കാനും പോന്ന നിഗ്രഹാനുഗ്രഹശക്തികളോടു കൂടിയവരാണ് ഇവർ. മഹാമാതാവിലെന്നപോലെ രക്ഷക ഭാവവും സംഹാര ഭാവവും ഈ പിതൃ ബിംബങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. *ജലസേചന*ത്തിലെ ബാലരാമൻ ഉദാഹരണം.

"തൻകരഗ്രസ്തമാം വൻകരിതോളത്തു
കൺകളിൽ ക്രോധത്തിൻ ചെമ്പരുത്തി.
നിഷ്ഠനായാവിധം യാദവൻ, വാശിയാൽ
ച്ചുട്ടുപഴുത്തെഴും വീര്യമോടെ."[89]
"സീരത്താലാറ്റിന്റെ തീരത്തെ, നിന്ദാഹം
കാരത്തെ, ബ്ഭേദിച്ചൂ രാമഭദ്രൻ."[90]

ഗോപരെ രക്ഷിക്കുകയും കാളിന്ദിയെ മെരുക്കുകയും ചെയ്യുന്ന ബലരാമൻ ശക്ത മായ പിതൃബിംബമാണ്.

മഹദ് സ്മൃതികൾ എന്ന രീതിയിൽ ആവർത്തിച്ചു വരുന്ന സങ്കല്പങ്ങൾ തുഞ്ച ത്തെഴുത്തച്ഛൻ, ഹനുമാൻ, കൃഷ്ണൻ, മഹാബലി എന്നിവരുടേതാണ്. രക്ഷകനായ ആദിപിതാവിനെക്കുറിച്ചുള്ള സങ്കല്പങ്ങൾ *കൃഷ്ണാഷ്ടമി, തച്ചന്റെ മകൻ* എന്നീ കവിതകളിൽ പ്രകടമാകുന്നു.

*ഹനുമൽകൃതി* എന്ന ശ്ലോകത്തിൽ ഹനുമാനും ഗൃഹപുരാണം, എഴുത്തച്ഛൻ എന്നീ കവിതകളിൽ എഴുത്തച്ഛനും രക്ഷകബിംബമായി കടന്നു വരുന്നു. എന്നാൽ മഹാബലി എന്ന പിതൃബിംബമാണ് വൈലോപ്പിള്ളിക്കവിതയിൽ വ്യാപകം. അദ്ദേഹ മെഴുതിയ ഓണക്കവിതകളിലും മഹാബലി എന്ന ആദിപ്രരൂപ ബിംബം കടന്നു വരു ന്നുണ്ട്.

*ഓണപ്പാട്ടുകാർ, ഓണക്കളിക്കാർ, ഓണം, മഹാബലിയോട്, ഓണപ്പാട്ട്, ഓണക്കി നാവ്, ഓണമുറ്റത്ത്, ഓണത്തല്ല്, മാവേലി നാടു വാണീടും കാലം, പൂത്തുമ്പ, തുമ്പ*

പ്പൂ, *ലെനിൻ* എന്നീ കവിതകളിൽ മഹാബലി രക്ഷക സത്തയാണ്. ഓണക്കവിതകളിൽ വികസിച്ചു വരുന്ന കാർഷിക സംസ്കൃതിയും വർഗാവബോധവും തെളിഞ്ഞു കാണാം. ലെനിൻ എന്ന കവിതയിൽ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ഭരണത്തേയും കുറിച്ച് പറയുമ്പോൾ മാവേലി ഭരണത്തിന്റെ ഓർമ്മയാണ് കവി ആവിഷ്കരിക്കുന്നത്.

'ഇതു ഞാൻ കേട്ടിട്ടുണ്ടു
മാവേലിനാട്ടിൻപാട്ടിൽ,
ഇതു ഞാൻ ദർശിച്ചിട്ടു-
ണ്ടങ്ങു വാണതാം നാട്ടിൽ.[91]

*മാവേലി നാടു വാണീടും കാലം* എന്ന കവിതയിൽ നഷ്ടപ്പെട്ട ആ നല്ല കാലത്തെ സ്മരിക്കുകയാണ്. മഹാബലി പിതൃരക്ഷകബിംബമായി കവിതയിൽ ആവർത്തിച്ചു വരുന്നു. ഓണം പ്രമേയമായി വരുന്ന കവിതകളെല്ലാം മഹാബലി എന്ന ആദിപ്രരൂപം ആവർത്തിക്കുന്നു. *ഓണപ്പാട്ടുകാർ, ഓണക്കളിക്കാർ, ഓണക്കിനാവ്, ഓണമുറ്റത്ത്* എന്നീ കവിതകളിൽ നിന്ന് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. "പണ്ടു ചരിത്രമുദിക്കും മുമ്പുമ,
തങ്ങൾ കരഞ്ഞു പിറക്കും മു,മ്പൊരു
*മന്നവർ മന്നൻ* വാണിതു തൻ കുട-
വാനിനു കീഴിലൊതുങ്ങി വിശ്വം"[92]

2. "ആരോ പാടുവതല്ലിതു, കൈരളി-
യവരുടെ കൂടെപ്പാടുന്നു;
മാടമ്പിത്തിരിയല്ലിതു, സാക്ഷാൽ
*മാബലിതന്നുടെ* മൃദുഹസിതം"[93]

3. "ഉണ്ണികളേതോ വരമ്പത്തു പൂവറു-
ത്തുന്മിഷദാഹ്ലാദ മേറ്റു പാടി:
*മാവേലി നാടു* വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ."[94]

4. "സ്വപ്നം കണ്ടേൻ കവിദർശനമീ നാടിനെ വാഴുമൊരോണക്കാലം:
സ്വച്ഛം, സുന്ദര, മെല്ലാം- എന്നാൽ
സുന്ദരതമമായുള്ളതു ധർമ്മം

ധർമ്മത്തിൽ പെരുമാളെയിരുത്തി, *മ-*
*ഹാബലിയെശ്ശു*ഭമാനസവേദിയിൽ
നമ്മൾ തുരത്തീ വാമനമൂർത്തിയെ,
വഞ്ചന കാമനയെബ്ബഹുദൂരം."[95]

5. "എന്നുടെ മുന്നിൽ ഗോമേദകമിഴി
മിന്നും കാഞ്ചനസിംഹാസനമതിൽ
മുത്തുക്കുടയും ചൂടിയിരിപ്പൂ
മൂവുലകാണ്ട *മഹാബലിമന്നൻ*"[96]

സ്വർഗ്ഗം, യാത്ര, കാലം, സാക്ഷാത്കാരം തുടങ്ങിയ സങ്കല്പങ്ങൾക്ക് അബോധ സ്മൃതികളുമായി ഗാഢ ബന്ധമുണ്ട്. ഇവ അമൂർത്തമായ ആദിബിംബങ്ങളിൽപ്പെടുന്നു. അഭിലഷണീയമായതും ഈ ലോകത്ത് സാദ്ധ്യമല്ലാത്തതുമായതെല്ലാം സാക്ഷാൽക്കരിക്കപ്പെടുന്ന ഒരു സ്വർഗ്ഗം മനുഷ്യന്റെ സ്വപ്നമാണ്. ഒരിക്കൽ നഷ്ടമായിപ്പോയ സ്വർഗ്ഗം- സമത്വ സുന്ദരമായ സ്ഥിതി- (പ്രാകൃത കമ്മ്യൂണിസം) ഒരിക്കൽ കൂടി കൈവരാനുള്ള യാഥാർത്ഥ്യങ്ങളാണെന്നു (ശാസ്ത്രീയ കമ്മ്യൂണിസം) പാടുന്ന ഓണപ്പാട്ടുകാർ സ്വർഗ്ഗസങ്കല്പത്തെ സൂചിപ്പിക്കുന്നു.

മൂല്യങ്ങൾ അപചയപ്പെടുത്തുന്ന ഒരു ചരിത്രസന്ധിയിൽ തന്റെ ഭക്തി സാഹിത്യത്തിലൂടെ നവോത്ഥാനത്തിനു വേണ്ടി പ്രവർത്തിച്ച എഴുത്തച്ഛനും ഒരു മഹദ് സ്മൃതിയായി വൈലോപ്പിള്ളിക്കവിതയിൽ പ്രത്യക്ഷപ്പെടുന്നു. ഗൃഹപുരാണം, എഴുത്തച്ഛൻ, കവിയച്ഛൻ എന്നീ കവിതകളിൽ എഴുത്തച്ഛന്റെ സജീവമായ സാന്നിദ്ധ്യമാണ്. രാഷ്ട്രീയ അടിമത്തത്തിൽ നിന്നും സാംസ്കാരിക അടിമത്തത്തിൽ നിന്നും നാടിനെയും ഭാഷയെയും രക്ഷിച്ച ആദിരക്ഷക ബിംബമായി എഴുത്തച്ഛൻ കവിതയിൽ നിറയുന്നു.

1. "ഇണക്കി, വാത്സല്യത്തിൻ പാൽപഴമൂട്ടിക്കൊഞ്ചി-
ച്ചുണർത്തീതിന്നാടിനെയൊരു *നാട്ടെഴുത്തച്ഛൻ.*"[97]

2. "വേട്ടുവർതൊട്ടിന്നാട്ടിൽ വേദിയവർവരെയുമാ-
*നാട്ടെഴുത്തച്ഛന്നു*റ്റ ശിഷ്യരായെല്ലാവരും
ഭാരതത്തോളം വലുതായി കേരളം, പുതു
ഭാഷയിൽ വാർക്കപ്പെട്ടൂ ചിന്തയും സംസ്കാരവും"[98]

3. ആ മഹാപുരുഷനാമമ്മാവൻ, പൊന്മോതിര-
ത്തൂമയാലിളംനാവിലക്ഷരം കുറിക്കയാൽ
കവിയായ് ഭാവിക്കും ഞാൻ, മലയാളികൾക്കെല്ലാം
കനിവാലെഴുത്തച്ഛനായ്ത്തീർന്ന മഹാകവേ,
പാവമെൻ കവിതയാം പിഞ്ചുപക്ഷിയെ,യങ്ങേ-
പ്പാവനപാദാരുണപാംസുവിലർപ്പിക്കുന്നേൻ.[99]

കവി തന്റെ കവിതയെ സമർപ്പിക്കുന്നത് എഴുത്തച്ഛന്റെ പാദാരവിന്ദങ്ങളിലാണ്.

4. പ്രച്ഛന്നപ്രിയകൈരളിക്കു സദൃശം
രഞ്ജിച്ചു തുഞ്ചത്തെഴു-
ത്തച്ഛൻതൻ കരവല്ലിമേലരുളിയോ-
രാ പൈങ്കിളിക്കായ് തൊഴാം![100]

5. ഭാരതരാമായണഭാഗവതാഖ്യാനത്താൽ
ഭാരതസംസ്കാരത്തിൻ മാധ്വിയാർ ഞങ്ങൾക്കേകി,
അങ്ങതൻ കിളിമക, ളവൾ, പൂഞ്ചിറകാൽ തൊ-
ട്ടൻപിലെൻ പറവയെയൊന്നനുഗ്രഹിച്ചാവൂ.[101]

എഴുത്തച്ഛൻ മഹദ്സ്മൃതികളിലൊന്നായി മാറി തന്റെ കാവ്യത്തെ സംരക്ഷിച്ച് പോരണമെന്ന് കവി ആഗ്രഹിക്കുന്നു. കേരള സംസ്കാരത്തിന്റെയും (കാർഷിക സംസ്കാരം) ഭാഷയുടെയും രക്ഷിതാവായി കവി അദ്ദേഹത്തെ കാണുന്നു. കീഴാള വർഗ്ഗത്തിന്റെ പ്രതീകം കൂടിയാണ് എഴുത്തച്ഛൻ. വേട വർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്നു ഭാഷാപിതാവ്.

സ്വക്ഷേത്രത്തിൽ ബലവാനും, അർപ്പണബോധത്തിന്റെ പ്രതീകവുമായതു കൊണ്ടാകണം വൈലോപ്പിള്ളി ഹനുമാനെയും പിതാവ് വായുദേവനെയും ഇഷ്ടപ്പെടുന്നത്. ഈ ഹനുമാൻ വേദപൂർവ കാലഘട്ടത്തിൽ കർഷകരുടെ ആരാധനാമൂർത്തിയായിരുന്നു എന്ന് കൊസാംബി വ്യക്തമാക്കുന്നു[102]. വൈലോപ്പിള്ളിയുടെ കാര്യത്തിൽ ഇക്കാരണത്താൽ ഹനുമദ്-വായുഭക്തി കൂടുതൽ അർത്ഥപൂർണ്ണമായി തീരുന്നു. ശക്തി, വീരനായകഗുണങ്ങൾ, അർപ്പണബോധം എന്നിവയുടെ പ്രതിരൂപമാണ് പുരാണങ്ങളിൽ ഹനുമാൻ.

ഹനുമൽ സ്തുതി എന്ന രണ്ട് ശ്ലോകങ്ങളിലും ഹനുമാൻ രക്ഷകബിംബമായി പ്രത്യക്ഷപ്പെടുന്നു. *മാമ്പഴം, രണ്ടുകാറ്റുകൾ, കന്നിക്കൊയ്ത്ത്, ഗന്ധങ്ങൾ, കൊറിയയിൽ സിയൂളിൽ* എന്നീ കവിതകളിലെല്ലാം 'വായു' സജീവസാന്നിദ്ധ്യമാണ്.

ആദ്യകൃതിയായ കന്നിക്കൊയ്ത്തിൽ നിന്ന് മകരക്കൊയ്ത്തിലെത്തുമ്പോഴേക്കും പിതൃരക്ഷക ബിംബങ്ങൾ സജീവമാകുന്നത് കാണാം. സ്ഥിതി സമത്വത്തിന്റെയും കാർഷികോത്സവത്തിന്റെയും പ്രതീകമായ ഓണക്കവിതകളിൽ മഹാബലി എന്ന പിതൃരക്ഷക ബിംബം നിറയുന്നു. മഹാബലി എന്ന ആദിപ്രരൂപബിംബം വൈലോപ്പിള്ളിക്കവിതകളിൽ വ്യാപകമാവുന്നത് കാർഷിക സംസ്കാരത്തോടും നിസ്വവർഗ്ഗത്തോടും അദ്ദേഹത്തിനുള്ള ആഭിമുഖ്യമാണ് തെളിയിക്കുന്നത്.

### 4.2.3 ഉർവ്വരതാബിംബങ്ങൾ (Cornucopia Images)

ഉർവ്വരതാബിംബങ്ങൾ ഉർവ്വരതയോടും മാതൃത്വത്തോടും കാർഷിക സംസ്കാരത്തോടും ഒരേപോലെ ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. യവനേതിഹാസങ്ങളിൽ കോർണുകോപിയ ബിംബങ്ങൾ പ്രത്യക്ഷപ്പെട്ടതെങ്ങനെയെന്നു പരിശോധിച്ചാൽ അതിന് മാതൃത്വത്തോടുള്ള ബന്ധം വ്യക്തമാകും. ജൂപ്പിറ്റർ ദേവന് പാൽ കൊടുത്തു വളർത്തിയ കോലാടിന്റെ കൊമ്പാണ് അവരുടെ സമൃദ്ധിയുടെ കാഹളമായ കോർ അകോപ്പിയ. ഈ കോലാടിൻ കൊമ്പിന് നക്ഷത്ര പദവി നല്കി അതിനെ സമൃദ്ധിയുടെ പ്രതീകമായി യവനന്മാർ ആരാധിക്കുന്നു. ഒരു പൊള്ളയായ കൊമ്പിൽ പുറത്തേയ്ക്ക് കവിയുമാറ് നിറച്ചു വെയ്ക്കുന്ന പൂക്കളും പഴങ്ങളും കതിരുകളുമാണ് പാശ്ചാത്യർക്ക് കോർണു കോപിയാ ബിംബം. നമ്മുടെ നിറപറയും പൂക്കുലയും, മാരിയമ്മക്കുടങ്ങൾ, ക്ഷേത്രങ്ങളിലെ പൂർണ്ണകുംഭങ്ങൾ എല്ലാം ഉർവ്വരതാ സങ്കല്പങ്ങളോടും കാർഷിക വൃത്തിയോടും ബന്ധമുള്ളവയാണ്. ഉർവ്വരതാബിംബങ്ങൾ സമൃദ്ധിയുടെയും ശുഭാപ്തി ബോധത്തിന്റെയും ചിഹ്നങ്ങളാണ്. വൈലോപ്പിള്ളിക്കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്ന ഉർവ്വരതാബിംബങ്ങൾ അദ്ദേഹത്തിന്റെ കാർഷിക സംസ്കാരത്തോട് ചേർന്നു നിൽക്കുന്നു. കാർഷിക സംസ്കാരത്തോടെന്നതു പോലെ തന്നെ ഇത്തരം ബിംബങ്ങൾ അദ്ദേഹത്തിന്റെ ശുഭപ്രതീക്ഷകളോടും ചേർന്നു നിൽക്കുന്നു. പ്രത്യാശാഭരിതമായി എന്തിനേയോ സ്വീകരിക്കുവാനൊരുങ്ങുന്നതിന്റെ സൂചനകൾ കൂടി ഇത്തരം ബിംബങ്ങളിൽ പ്രകടമാണ്. ഇത്തരം ബിംബങ്ങൾ പ്രത്യാവൃത്തി ബിംബങ്ങളായി വൈലോപ്പിള്ളിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്നത് ഇനി കൊടുത്ത ഉദാഹരണ

ങ്ങളിലൂടെ വ്യക്തമാകും.

1. "തന്നുടെ നെറുകയി,ലൊക്കത്തും, വ്രജ-
സുന്ദരിപോലിത്തുമ്പപ്പൂച്ചെടി
പതയും *പാലിൻ നിറകുടമേന്തി-*
പ്പകലും നിന്നു കിനാവുകൾ കാൺകെ,"103

തുമ്പപ്പൂച്ചെടിപതയും പാലിൻ നിറകുടമേന്തി പകലുകൾ നിൽക്കുന്നത് ഉർവ്വര താബിംബമാണ്.

2. കേരളത്തിന്റെ വൃക്ഷം എന്നു പറയാവുന്ന തെങ്ങ് മനോഹരമായ ഒരു ഉർവരതാ ബിംബമാണ്.

"മംഗളമാതിൻ മുമ്പിൽ പൂർണ്ണകുംഭമർപ്പിച്ച
ഭംഗിയിൽ *പൊൻപൂക്കുല തെങ്ങുകൾ* വിടുർത്താലും,"[104]

3. "ഏതു മുറങ്ങാതെമ്പാടും വയ-
ലേലകൾ തോറും നടുവിൽ പൊൽക്കിഴി
യെരിയും *വെള്ളിത്താലമെടുത്തു* നി
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ[105]
വെള്ളിത്താലം ഉർവ്വരതാബിംബമാണ്.

4. "അകലെ, സ്സായം സന്ധ്യാ-
കാന്തിയാലാകാശത്തും
മകരപ്പാടങ്ങളാൽ
മന്നിലും *പൊന്നിൻ നിറം*

പൊന്നിൻ നിറം ഉർവ്വരതാബിംബവും ശുഭ ചിഹ്നവുമാണ്.

5. "കൈത്തിരി, കോൽത്തിരി, മഞ്ഞൾച്ചാറുക
രിക്കും മലരും കദളിപ്പഴവും
നേദിച്ചോരിള*നീരിന്നമൃതാൽ*
മേടച്ചൂടിനു പാരണ നല്കെ-
ചോദിച്ചേൻ ഞാൻ; ഒന്നു മുറുക്കി-
ക്കഥകളഴിച്ചാളെൻ മുത്തശ്ശി."[107]

6. "ഗ്രാമസീമയിൽ കണ്ടേ-

നൊരു പൊയ്കയിൽ, പച്ച-

ത്താമരയിലയ്ക്കിട-

യ്ക്കുലരും *തണ്ടാർകുടം*".[108]

7. "വേലയെയൂട്ടിയവർക്കു വിരുന്നാം

പോലെ വരട്ടേ *പൊന്നോണം*"

"എങ്ങനെ മാറീ മാറാലകളാ-

യെന്നുടെ *പൊൻ കസവിഴയെല്ലാം.*"[109]

വൈലോപ്പിള്ളിയുടെ ഓണക്കവിതകളിലെല്ലാം ഉർവ്വരതാബിംബങ്ങൾ ആവർത്തിച്ചു വരുന്നത് കാണാം.

8. "ഞങ്ങടെ പാട്ടിനു *കൂട്ടു കുടം തുടി*

കിണ്ണം തംബുരുവോടക്കുഴലും

ഞങ്ങടെ പാട്ടിൽത്തേനും പാലും

*തെങ്ങിളനീരും* നറുമുന്തിരിയും!"[110]

9. "പെരുകിടുമിരുളിലുമെന്നാൽ ഞങ്ങടെ

തലകളിൽ മങ്ങി മിനുങ്ങിയിരിപ്പൂ

നിരവധി പുരുഷായുസ്സിന്നപ്പുറ-

*മാളിയൊരോണപ്പൊൻകിരണങ്ങൾ*"[111]

ഓണപൊൻകിരണങ്ങൾ ഇവിടെ സമൃദ്ധിചിഹ്നമാണ്. ഈ ഉർവ്വരതാബിംബത്തെ ഒരു പ്രകാശ ബിംബമായും കവി ആവിഷ്കരിച്ചിരിക്കുന്നു.

10. "നമ്മളിതേവരെ നോറ്റു ഭജിച്ചൊരു

*മംഗളദേവത* നാം നിരൂപിക്കാ-

തിങ്ങെഴുന്നള്ളിയിരുന്നൂ, കാണുക

കിങ്ങിണിപോലെ *സുവർണ്ണ*സുമങ്ങളി-

ണങ്ങിയ *കൊന്നമരം* വഴിവക്കിൽ.

ഇങ്ങീത്തരുവിൽ ചാരീ ദേവി നു-

റുങ്ങിട, യല്ലാതെങ്ങനെ, യിലകളു-

ണങ്ങിയുതിർന്നൊരു പാവം മരമിതു

*പൊൻകണി*വെക്കാൻ സംഗതിയായി?[112]

ഇവിടെ ഉർവരതാബിംബങ്ങളുടെ ശൃംഖല തന്നെ കടന്നു വരുന്നു.

11. അമ്മതൻ മണിക്കുട്ടൻ

*പൂത്തിരി കത്തിച്ച* പോ-

*ലമ്മലർച്ചെണ്ടൊന്നൊടി-*

ച്ചാഹ്ലാദിച്ചടുത്തെത്തി."[113]

12. "അപ്പൊഴത്ഭുതമെന്തു ചൊല്ലാവൂ, മുറ്റത്തൊരു

കയ്പവല്ലിതൻ ചോട്ടിൽ *തുളുമ്പും കുടവുമായ്*

നില്പതായ് കാണപ്പെട്ടൂ താങ്ക, ളത്തെളിമുഖ-

ത്തല്പമാം ജാള്യം ചോരും സൗഹൃദച്ചിരിയോടേ"[114]

'തുളുമ്പുന്ന കുടം' ഉർവ്വരതാബിംബമാണ്. സമൃദ്ധിയുടെ ചിഹ്നമാണ്.

13. "തൂണിൽ *കാവ്യം തുളുമ്പും* *തുറമുഖമിതിൽ* നി-

ന്നൊരാൾ കൊച്ചു നാടൻ-

തോണിക്കുള്ളിൽ കടന്നാൻ ഭയജനകമഹാ-

ഭാരതത്തിൻ സമുദ്രം;"[115]

14. "കുമ്പിളിൽ പൂക്കൾ നിറയ്ക്കവേ കൈവിരൽ-

ത്തുമ്പിലെത്തേനൊലിവാസ്വദിച്ചും,[116]

എന്നിടത്ത് കുമ്പിളിൽ പൂക്കൾ നിറയ്ക്കുക ഉർവ്വരതാബിംബമാണ്.

വൈലോപ്പിള്ളിയുടെ ഓണക്കവിതകളിലെന്നപോലെ വിഷുക്കവിതകളിലും നിറയെ ഉർവ്വരതാബിംബങ്ങളാണ്. കന്നിക്കൊയ്ത്തിൽ പതുക്കെ പ്രത്യക്ഷപ്പെടുന്ന ഉർവ്വരതാബിംബങ്ങൾ പിന്നീട് വ്യാപകമാവുന്നതായി കാണാം.

### 4.2.4 പ്രകൃതിബിംബങ്ങൾ

കാർഷിക സംസ്കാരത്തിലൂന്നുന്ന ഒരു കവിയെ സംബന്ധിച്ചിടത്തോളം പ്രകൃതിയിൽ നിന്നുരുത്തിരിയുന്ന ബിംബങ്ങൾ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നത് സ്വാഭാവികം മാത്രം. മിത്തുകളിലും മറ്റും മാതൃപ്രതീകങ്ങളായി കടൽ, പുഴ, ജലാശയങ്ങൾ എന്നിവ പ്രത്യക്ഷപ്പെടുന്നത് അവയുടെ ആകൃതികൊണ്ടും ജലസാന്നിദ്ധ്യം കൊണ്ടുമാണ്. കാർഷിക സംസ്കാരത്തോടെന്ന പോലെത്തന്നെ മാതൃബോധത്തോടും ബന്ധപ്പെട്ടാണ് മേഘങ്ങളും നദികളും വൈലോപ്പിള്ളി കവിതകളിൽ

ഏറെയും പ്രത്യക്ഷപ്പെടുന്നത്. പ്രകൃതിയിലെ പലതരം പുനരുത്പാദന ശക്തികളിൽ ചിലതായതു കൊണ്ട് മേഘങ്ങളും നദികളും ഉർവ്വരതാബിംബങ്ങൾ കൂടിയാണ്.

ജലസേചനം, വർഷാഗമം, അമൃതബിന്ദു, ചേറ്റുപുഴ, കടലും കരയും, മഴത്തുള്ളികളും കടലും, വർഷവും വസന്തവും, കായലും കരകളും തുടങ്ങിയ കവിതകളിലെല്ലാം പ്രത്യക്ഷമായി തന്നെ കടൽ, പുഴ ജലാശയങ്ങൾ എന്നിവ പ്രകടമാവുന്നുണ്ട്. ജലസേചനത്തിൽ ജലം പ്രധാന ബിംബമാണ്. കാളിന്ദിയെ ഭേദിച്ച് ബലരാമൻ ഗോകുലത്തെ ഉർവരതീയമാക്കിത്തീർക്കുന്ന ചിത്രമാണ് കവിതയിൽ. അതു കൊണ്ടു തന്നെയാണ് ബലരാമനെ ആദ്യത്തെ കർഷക രാജാവായി കവി വാഴിക്കുന്നത്.

വർഷാഗമം എന്ന കവിതയിൽ മേഘം പ്രധാന ബിംബമാകുന്നു.

1. "കവിക്കു, കാമിക്കു, കൃഷീവലന്നു
   കരൾക്കൊരാഹ്ലാദരസം വളർത്തീ
   ആവിർഭവിപ്പൂ *നവനീലമേഘം;*
   അഹോ *കറുപ്പിൻ കമനീയഭാവം!*"[117]

2. "മുറ്റത്തു വൈക്കോൽത്തുറു സജ്ജമാക്കി,-
   യറയ്ക്കകം നെല്ലു നിറച്ചൊരുക്കി
   *മേഘപ്പുലക്കള്ളികൾ* വിത്തുവീശും
   മേളത്തെ നോക്കുന്നു കൃഷീവലന്മാർ."[118]

3. "പയോധരത്താൽ പരിപുഷ്ടമായ
   പാടം *തടാകം പുഴ*യെന്നിതെല്ലാം
   *നീർച്ചാൽകളാം* നീണ്ട കരങ്ങളാലേ
   പരസ്പരാലിംഗന ലീലചെയ്വൂ".[119]

4. "*പുഴ*നീർ തേകിത്തിരി-
   ച്ചെത്രവിട്ടാലും, പുത്തൻ
   *മഴ*നീർ നിരന്തരം
   വിരുന്നു കൊടുത്താലും"[120]

5. *കാർമുകിൽമാലകൾ* പെയ്തൂ, ചെല്ല-
   ക്കാറ്റലതല്ലീ വല്ലികളിൽ[121]

6. ജീർണ്ണത ചേറ്റിൽ താഴുന്നു, *പുഴ*
   പൂർണ്ണത നോക്കിപ്പായുന്നു.[122]

7. കാറ്റുകൾ വന്നു പരുക്കൻകാലാൽ
   കായ്കനിയിട്ടു മെതിക്കുമ്പോൾ
   വഴിയുന്നതു നറുമുന്തിരിയേറി
   *മഴയോ, നിർമ്മലമലകടലോ?*[123] (കടലും കരയും)

8. *കരിമുകിലിന്നങ്കം* വി-
   *ട്ടലകടലിൽ* മാറത്തേ-
   യ്ക്കണിമുറിയാതുതിരും തൂ-
   *മഴനീരിൻ*മുത്തുകളേ,
   നിങ്ങൾക്കുണ്ടൊരു ഗാനം:[124]

9. ഇരുളിൽ പേമാരിയാർത്തിരമ്പിപ്പെയ്തീടുന്നൂ,
   തരുപാളിയിൽ ശീതക്കാററു വന്നലയ്ക്കുന്നു.[125]

10. അണയുന്നൂ കുസൃതിയാം പുലരൊളി മൂരിനീർന്നു
    പണിയുവാൻ *കായലുകൾ* മുതിർന്നു നില്പൂ![125]

11. ഹാ *കൽമാഷമെഴാത്ത കണ്മണികളേ,*
    *തൂവർഷബിന്ദുക്കളേ,*
    നാകം നിങ്ങളടർത്തുകൊണ്ടു വരുവോർ
    അമ്മയ്ക്കു കാണിക്കയായ്![127]

12. മേൽക്കുമേൽ നിദ്രാവിലോലമായ് നീളുന്ന
    തേക്കുപാട്ടും കേട്ടുഷസ്സു വന്നെത്തവേ,
    ആരും നിനയ്ക്കാതൊരു *കുടം വെള്ളവു*
    മായൊരു *കാർകൊണ്ടൽ* നില്ക്കയാം പാതയിൽ[128]

കൃഷിയോടുള്ള കവിയുടെ ആഭിമുഖ്യമാണ് ജലബിംബങ്ങൾ തെളിയിക്കുന്നത്. നമ്മുടെ സംസ്കാരങ്ങളെല്ലാം ഉത്ഭവിക്കുന്നത് നദീ തടങ്ങളിൽ നിന്നാണ്. വസന്തം വൈലോപ്പിള്ളിക്കവിതകളിൽ ആവർത്തിച്ചു വരുന്നതും ഇക്കാരണത്താലാണ്. ഓണ ക്കവിതകൾ പോലെ, വൈലോപ്പിള്ളിക്കവിതകളിൽ മഴക്കവിതകളും നിറയുന്നത് ഈ

പശ്ചാത്തലത്തിലാണ്. വൈലോപ്പിള്ളിക്കവിതകൾ സജീവമാകുന്ന കേരളീയപ്രകൃതിയും കേരളത്തിന്റെ സവിശേഷമായ ഉത്സവങ്ങളും ആഘോഷങ്ങളും താഴെ വിശകലനം ചെയ്യുന്നു.

### 4.3 പ്രകൃതി സങ്കല്പം

കേരളീയ പ്രകൃതിയുടെ നാനാഗന്ധവർണ്ണ നാദങ്ങൾ അലിഞ്ഞു രൂപപ്പെട്ട കാവ്യസംസ്കാരമാണ് വൈലോപ്പിള്ളിയുടെ ബലം. ഭൂപ്രകൃതിയും മനുഷ്യപ്രകൃതിയും ഒന്നുചേർന്ന് ഉരുത്തിരിയുന്ന ഒരു ഭാവുകത്വമാണ് വൈലോപ്പിള്ളിയുടെ കേരളീയതയെന്ന് അയ്യപ്പപണിക്കർ രേഖപ്പെടുത്തുന്നു.[129] *കന്നിക്കൊയ്ത്ത്* എന്ന ആദ്യസമാഹാരത്തിലെ ആ പേരുള്ള ആദ്യകവിത തന്നെ കേരളീയതയുടെ കൊയ്ത്തുപാടമാണ്. തെങ്ങണിത്തണലാർന്ന ഗ്രാമത്തിലാണ് കന്നിമാസത്തിലെ കൊയ്ത്തുനടക്കുന്നത്. തെങ്ങ് ഉറുമിവാൾ ചലിപ്പിക്കുന്നത് കവി കാണുന്നു. പ്രസിദ്ധമായ *മാമ്പഴം* എന്ന കവിതയിലെ വീടും മുറ്റവും മുറ്റത്തെ മാവും ചുറ്റും നിൽക്കുന്ന തെങ്ങുകളും നമ്മുടെ ആവാസരീതിയെ കാണിക്കുന്നു. *പടയാളികളിൽ* തെളിയുന്നത്, പുഞ്ചപ്പാടവും പുഞ്ചപ്പാടത്തെ കൃഷിയും തേക്കുപാട്ടും ആണ്. നാലഞ്ചു തുള്ളികൾ വീഴ്ത്തി കടന്നുപോയ തുലാവർഷവും കൈത്തിരി തീരെ കൊളുത്താതെ വീണുപോയ കുരുമുളക് വള്ളികളും കവിതയിൽ വരുന്നുണ്ട്. കുട്ടികൾ ഓണത്തിന് പൂതേടി നടക്കുന്നത്, നെല്ലും പൂഞ്ചോലയും പാതയിൽ കൈനീട്ടുന്ന തൊട്ടാവാടിയും കായ്ച്ചു നിൽക്കുന്ന കൊങ്ങിണിയും കള്ള ചൊറിഞ്ഞണവും തുമ്പയും ഉള്ള പാടത്തും പൂഞ്ചയിലും പറമ്പിലുമാണ്. *പൂക്കാലം* എന്ന കവിതയിലെ പ്രകൃതിയാണിത്. കേരളത്തിന്റെ സംസ്കാരരൂപീകരണത്തിൽ പ്രധാന സ്ഥാനമുള്ള സഹ്യപർവ്വതത്തിന്റെ സാനുപ്രദേശങ്ങളിലാണ് *സഹ്യന്റെ മകന്റെ* സഞ്ചാരം. *കടലിലെ കവിതകളിൽ* കവി നടത്തുന്ന സമുദ്ര സഞ്ചാരം, കൊച്ചിനാടും കോഴിക്കോടും കണ്ണൂരും കവിഞ്ഞു നീങ്ങുന്നുണ്ട്. കൊച്ചിനാടിന്റെ കാഴ്ചയായി പറയുന്നത്.

"കുടങ്ങളിലിളങ്കള്ളും
കുടയണിപ്പച്ചത്തെങ്ങും
കുടമെതിർമുലതുള്ളും
പെൺകിടാങ്ങളും"[130] ആണ്

തിരയടിക്കും താഴ്വരയും പാടവും കുറിയ മാവുകൾ തൊടുത്ത പാതയും തെങ്ങു

കവുങ്ങുകൾ പച്ചക്കറുപ്പു പൂശുന്ന പുരയിടങ്ങളും മുടിവിടർത്തിയാടുന്ന കവുങ്ങു തെങ്ങുകൾക്കിടയ്ക്കു പുഞ്ചിരിപൊഴിക്കുന്ന വീടുകളും നാട്ടിൻപുറത്തെ സ്വപ്നം കണ്ടു കഴിയുന്ന നഗരികളും ചേർന്ന മലനാടിന്റെ ചിത്രമാണ് *ആസ്സാം പണിക്കാർ* എന്ന കവിതയിൽ പ്രകടമാവുന്നത്. പാടവും പാട്ടുപാട്ടുന്നതോടും കുന്നും പുഴയും കായലും നെല്ലിപ്പൂമണവും കലർന്ന പ്രകൃതിയോടുള്ള മമത *ഒരു കൊടി* എന്ന കവിതയിലും പ്രത്യക്ഷപ്പെടുന്നു. പൊള്ളിടും മേടനാളിൽ വെള്ളരിക്ക കണിവെയ്ക്കുന്ന ഗ്രാമവും, (ആ കണ്ണുകൾ) വെറ്റിലത്താലം മുമ്പിൽ വച്ച് വെൺമേഘംകൊണ്ട് ഉത്തരീയമിട്ട് അദ്ധ്യാത്മചിന്താമൂകനായി വാഴുന്ന സഹ്യനമ്മാവനും, സഹ്യന്റെ ഓമനമകളായി പിറന്ന്, മലയാള മണ്ണിനെ വേട്ട് വേണാടിനെയും കൊച്ചിയേയും അമൃതൂട്ടി, ഐക്യ സംഗീതം പൊഴിച്ച്, ഭാരത സമുദ്രത്തിൽ അണയുന്ന പെരിയാറും (*പെരിയാറിനോട്*) വൈലോപ്പിള്ളിയെ ആകർഷിക്കുന്നു. ആയിരം നെയ്യാമ്പൽ പൂവിരിയും പാടങ്ങളും ആതിരനിലാവിന്റെ ഗന്ധർവ്വ പ്രപഞ്ചവും, പട്ടയുലയും തെങ്ങിൻ തോപ്പും, കാളപൂട്ടുന്നവരുടെ മുഴങ്ങുന്ന വിളികളും, ഓരു വെള്ളത്തിൽ തോണികുത്തുമ്പോൾ ഇരുട്ടത്തു താരകപ്പൊടിപോലെ ചിതറുന്ന കണങ്ങളും തേൻമാമ്പഴം വായിൽ ചുരത്തുന്ന വന്യമാം മാധുര്യവും കൂരിയാറ്റ പക്ഷിയുടെ തപസ്യയും, ഇടവക്കാറിന്റെ ഇന്ദ്രനീലവും, ഇരുൾ കീറുന്ന ഇടിമിന്നലിൽ പെയ്ത്തിന്റെ വെള്ളി നൂലിഴകളും പ്രത്യക്ഷപ്പെടുന്ന *സാവിത്രി*യിലും പ്രകൃതിയുടെ അപൂർവ്വ ചാരുതയുണ്ട്.

കേരളത്തിലെ കാവുകളും അതിലെ ആവാസക്കാരായ നാനാതരം പക്ഷികളും വൃക്ഷലതകളും നിരക്കുന്ന കവിതയാണ് *സർപ്പക്കാട്*. വാളായർ ചുരം താണ്ടി വരുന്ന വൃശ്ചികകാറ്റിനെ സൂചിപ്പിക്കുന്ന *ഞങ്ങളുടെ കൊടി*യിൽ ഋതുഭംഗികളും ഋതുമാറ്റവും ഭംഗിയായി ആവിഷ്കരിച്ചിട്ടുണ്ട്. മാവും മുരിങ്ങയും പൂക്കുന്ന, ഇലഞ്ഞിപ്പൂമണം പരക്കുന്ന അന്തരീക്ഷമാണ് കവിതയിൽ നിറഞ്ഞു നിർക്കുന്നത്. *ഗൃഹപുരാണ*ത്തിലും ഇതേ അന്തരീക്ഷമുണ്ട്. കരിനീല നിറക്കാരായ കായലുകളും അവരുടെ കാമിനികളായ മലനാടിൻ കരകളും നിത്യവും പ്രേമസല്ലാപങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി സങ്കൽപ്പിക്കുന്ന *കായലും കരയും* പ്രകൃതിദൃശ്യത്തിന്റെ മറ്റൊരുമുഖം പകർത്തുന്നു. മകരക്കൊയ്ത്തു കഴിഞ്ഞ പാടത്തു നടത്തുന്ന വേനൽകൃഷിയായി സ്വന്തം കാവ്യസംരഭത്തെ വിശേഷിപ്പിക്കുന്ന *വേനൽപ്പച്ച*കളിലും പ്രകൃതിയുടെ സാന്നിദ്ധ്യമുണ്ട്. വയലിലെ കച്ചിപ്പുകയുടെ മണം, അപ്പൂപ്പൻ താടിയുടെ ചാഞ്ചാട്ടം, കശുവണ്ടിയുടെ

കൊച്ചു കോമാളിച്ചിരി, കടലിന്റെ മാറത്തു നിന്നുയരുന്ന കാറ്റ്, ചാഞ്ചാടുന്ന പച്ചോല കൾ, ചേറെടുത്തു വൃത്തിയാക്കിയ കുളങ്ങളുടെ പഞ്ചാര മണൽത്തട്ടിൽ നിഴലും വെളി ച്ചവും ചേർന്നു നടത്തുന്ന നൃത്തം, തേക്കുകാരുടെ പാട്ട്, നാടൻ ചക്കിന്റെ ഞരക്കം എന്നിങ്ങനെ *വിഷുക്കണി*യിൽ പ്രകൃതിയെ ആവാഹിക്കുന്ന സൂചകങ്ങൾ നിരവധി യാണ്. ഈ കവിതയിൽ വേനൽ ഭംഗിയാണു തെളിയുന്നതെങ്കിൽ *കൂടും കിളിയും* ആവിഷ്കരിക്കുന്നത് വർഷകാല കേരളത്തെയാണ്. പേമാരിയിൽ പാടങ്ങൾ മുങ്ങി, പുരകൾ വീണ്, പാവങ്ങൾ ചത്തൊടുങ്ങിയതും ക്രമേണ മഴനിലച്ച് മാനം തെളിഞ്ഞതും ഓണം പൂവിരിച്ചതും ആവിഷ്കരിക്കുന്നു. *കായ്കനികളിൽ* തേൻ വരിക്കയും കയ്പ്പ ക്കയും പറങ്കിമാങ്ങയും കോൽ പുളിങ്ങയുമാണ് പ്രത്യക്ഷപ്പെടുന്നതെങ്കിൽ *കുട്ടികളും പക്ഷികളും* എന്ന കവിതയിൽ ഓണക്കാലത്തെ പ്രകൃതിയും വണ്ണാത്തിക്കിളിയും തേൻകുരുവിയും മഞ്ഞക്കിളിയും ചേർന്ന പക്ഷിസഞ്ചയമാണ് കടന്നുവരുന്നത്. *പൂവിളി*യിൽ വൈലോപ്പിള്ളി തുമ്പ, മൂക്കുറ്റി, നെല്ലിപ്പൂ, ചിറ്റാട, ആമ്പൽ തുടങ്ങിയ പൂക്കളുടെ പ്രദർശനശാലയൊരുക്കുന്നു. കടലും കായലും, കാലമായാൽ പൊന്നുകാ യ്ക്കുന്ന കോൾകൃഷി നിലങ്ങളും തെങ്ങും കവുങ്ങും ഏത്തവാഴത്തോപ്പുകളും കലർന്ന പ്രകൃതിയുടെ മറ്റൊരുമുഖമാണ് *തെച്ചിപ്പൂ* പ്രകടിപ്പിക്കുന്നത്.

കവിയുടെ പ്രസിദ്ധ ഖണ്ഡകാവ്യമായ *കുടിയൊഴിക്കലി*ലും ഇതരഘടന കൾക്കൊപ്പം പ്രകൃതിക്കും പ്രാധാന്യമുണ്ട്. ആൺമെരുവിനാൽ വാസനിക്കുന്ന മുണ്ട കൻ പാടവും ഓവുമുണ്ടകൻ കുറ്റികൾ കൂട്ടി തീയിടുന്നതിന്റെ രൂക്ഷഗന്ധവും പൊൻക രിക്കണിഞ്ഞ തെങ്ങുകൾ ആ പുകച്ചാർത്തിൽ ഓലകൾ വിടർത്തി ഉല്ലസിക്കുന്നതും മുല്ലപ്പൂമണമുള്ള ഇരുൾ മുടിയോടു കൂടിയ മേടമാസം കൊന്നപ്പൂക്കണി വയ്ക്കുന്നതും സൂചിപ്പിക്കുമ്പോൾ തിടം വയ്ക്കുന്നത് നമ്മുടെ പ്രകൃതിതന്നെയാണ്. വരിഷപ്പാടവും അമ്പലവും അമ്പലത്തിലേയ്ക്കുള്ള വഴിയും ബസ്സുകാത്തുനിൽക്കുന്ന ആലിൻ ചുവടും മരപ്പലകകൊണ്ടുള്ള പാലവും കൈത്തോടും തെങ്ങിൻ നിരകൾക്കു വടക്കുള്ള ആന പോലുള്ള പാറപ്പുറവും ശുകരമ്യമാം പുഞ്ചപ്പാടവും വാഴത്തോപ്പും നീരാവിയിൽ പുക യുന്ന നീലക്കുന്നിൻ നിരയും കൃഷിപ്പണി നോക്കാൻ എഴുന്നള്ളി നിൽക്കുന്ന തിരുമേ നിയും ചേർന്ന *കണ്ണീർപ്പാടം* പ്രകൃതിയുടെയും ജീവിതത്തിന്റെയും മറ്റൊരു മുഖം അനാവരണം ചെയ്യുന്നു. വള്ളത്തോൾ സ്മരണ തെളിയുന്ന *നിളാതീരത്തിൽ* എന്ന കവിതയിലും മലനാടിന്റെ മുത്തുചൊരിയും കടൽവക്കും ധൂമിലശൈലങ്ങളും കാടു

കളും പുഴകളും ശ്യാമമാം വയലുകളും കാറ്റിലാടുന്ന കുളിർത്ത തൊടികളും മേടകളും പാടങ്ങളും ദേവാലയങ്ങളും പ്രൗഢകോമള കലാനർത്തനരംഗങ്ങളും ഒരിക്കൽകൂടി പ്രത്യക്ഷപ്പെടുന്നു. *തുമ്പപ്പൂ, വർക്കത്തുകെട്ട താറാവ്, അമൃതബിന്ദു, പിച്ചിപ്പൂ, എഴുത്തച്ഛൻ, മീനപ്പുലരിയിലെ മഴ, മഹാബലിയോട്, കൃഷിപ്പാട്ട്, ഗന്ധർവ്വബാലന്മാർ, പശു, മഞ്ഞുകാലത്തെ കരിയിലകൾ, വർഷവും വസന്തവും, പത്തിലൊന്ന്, തിരനോട്ടം* എന്നീകവിതകളും പ്രകൃതിയുടെ സവിശേഷമായ നാനാവിധമുദ്രകൾ പേറുന്നവയാണ്. നീലനീരാഴിത്തിരശ്ശീലമാറുമ്പോൾ ഭാർഗ്ഗവരാമൻ പാടുന്ന സാമഗാനത്തിനൊപ്പം തൂമണൽ കടൽത്തീരം കൊണ്ടു ചുട്ടിയും സഹ്യമാമലകൊണ്ടു മനോലയും ധരിച്ച് ശ്ലാഘ്യരൂപമായി പ്രത്യക്ഷപ്പെടുന്ന മലനാടിനെ *തിരനോട്ട*ത്തിൽ വൈലോപ്പിള്ളി അഭിവാദ്യം ചെയ്യുന്നു.

"പ്രിയകേരള നാടേ
ദേവകളനുഗ്രഹം
സ്വയമേകിയ നിന്നെ-
ക്കണ്ടു കണ്ണടഞ്ഞാലും[131] എന്നാണ് കവിയുടെ പ്രാർത്ഥന.

കേരളത്തിന്റെ സവിശേഷമായ പ്രകൃതി വർണ്ണന നടത്തുമ്പോഴും പാടവും കർഷകമിത്രങ്ങളായ പക്ഷികളും ആവർത്തിച്ചു വരുന്നത് ശ്രദ്ധേയമാണ്. ഏത് ദേശീയ സാർവ്വദേശീയ കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും കേരളീയ ചുറ്റുപാടിലേക്ക് എത്തിച്ചേരുന്നത് കേരളീയ പ്രകൃതിസങ്കല്പം കവിയിൽ നിറഞ്ഞത് കൊണ്ടാണ് കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഉത്സവങ്ങളും ആഘോഷങ്ങളും കവിതയിൽ ആവർത്തിക്കപ്പെടുന്നത് കാണാം.

## 4.4. ഉത്സവങ്ങൾ, ആഘോഷങ്ങൾ

വൈലോപ്പിള്ളിയെ ഏറ്റവുമധികം സ്വാധീനിച്ചത് കേരളത്തിന്റെ കാർഷിക സംസ്കാരമാണ്. നിരവധി ഘടകങ്ങൾ ചേർന്നു രൂപം കൊണ്ടിട്ടുള്ള ഈ സംസ്കാരത്തിൽ ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും പ്രത്യേക സ്ഥാനമുണ്ട്. ഏതു മലയാളികളും എന്നപോലെ വൈലോപ്പിള്ളിക്കും ഓണത്തോടാണ് ഏറ്റവും പ്രിയം. ഓണം വൈലോപ്പിള്ളിക്ക് നഷ്ട സ്വർഗ്ഗവും സ്വപ്ന സ്വർഗ്ഗവും വികാരവുമാകുന്നു. ഓണം പ്രമേയമായോ സൂചനയായോ വരുന്ന മുപ്പതോളം കവിതകൾ വൈലോപ്പിള്ളി എഴുതിയിട്ടുണ്ട്. പൂക്കാലം വൈലോപ്പിള്ളിക്ക് ഓണക്കാലമാണ്. *പൂക്കാലം* എന്ന കവിതയിൽ

പോയകാലത്തിന്റെ സുഖസ്മരണകളായി ഓണം മാറുന്നു. ആ കാലത്തിന്റെ മധുരാനുഭവങ്ങൾ ആത്മസത്തയിൽ വിലയിച്ച് സ്വന്തം മക്കളിലൂടെ വീണ്ടും ജന്മം നേടിയിരിക്കുന്നതായി വൈലോപ്പിള്ളി വിശ്വസിക്കുന്നു. അത്രയ്ക്കു തീവ്രവും അഗാധവുമാണ് കവിക്ക് ഈ വികാരം. തിരുവോണം പോയാലും പൊന്നോണം പുലരുമെന്ന പ്രതീക്ഷയാണ് *തുയിലുണർത്തലിൽ* പ്രകടിപ്പിക്കുന്നത്. ഓണസങ്കല്പത്തിന് വിശ്വവ്യാപ്തി കൈവരുന്ന കവിതയാണ് *ഓണപ്പാട്ടുകാർ.* കാലദേശവേഷഭാഷാ വ്യതിയാനങ്ങൾ മാഞ്ഞ് അർദ്ധനഗ്നരും അർദ്ധപ്പട്ടിണിക്കാരുമായ കേവലരുടെ മുഴുവൻ പാട്ടായി ഓണപ്പാട്ടു മാറുന്നു. മനുഷ്യസങ്കല്പങ്ങളിലെ ഏറ്റവും വിശിഷ്ടമായതിന്റെയെല്ലാം കലവറയായി ഓണത്തെ കവിസങ്കല്പിക്കുന്നു. ചരിത്രം ഉദിക്കുന്നതിനു മുമ്പ് മാനവ സമുദായം ഏകലോകമായി അനുഭവിച്ച സമസ്ത സുഖങ്ങൾക്കും ഐശ്വര്യങ്ങൾക്കും ഉള്ള ഒറ്റപ്പദമാണ് ഓണം. പിന്നീട് യുഗങ്ങൾകഴിഞ്ഞ് ചരിത്രം കൺതുറന്നപ്പോൾ ധരയുടെ ശിരസ്സിൽ നരപോലെ ദേവപുരോഹിത ദുഷ്പ്രഭുവർഗം സ്ഥാനം പിടിച്ചിരുന്നു. ഇന്ന് ഇത്തിരി വട്ടം മാത്രം കാണുന്ന, ഇത്തിരിവട്ടം മാത്രം ചിന്തിക്കുന്ന അധോമുഖ വാമനരുടെ കാലമാണ്. അൽപ സുഖത്തിനുവേണ്ടി ശ്രേഷ്ഠമായതെല്ലാം തല്ലിയുടച്ച് കരഞ്ഞു മയങ്ങുന്നവരാണ് എവിടെയും. അവർ സൽഗുണ മഹിമകളൊക്കെ ചവിട്ടിയരച്ച് വസുന്ധരയെ അസുന്ദരമാക്കി വാഴുന്നു. എങ്ങും ഇരുൾ പെരുകുന്നു. പക്ഷേ, അപ്പോഴും ഈ കേവലരുടെ തലയിൽ നിരവധി പുരുഷായുസ്സിന് അപ്പുറം ജ്വലിച്ച പൊൻകിരണങ്ങൾ മങ്ങിക്കത്തുന്നുണ്ട്. ഇവിടെ ഓണം മഹിതമായ സുവർണ്ണ സ്മരണയാകുന്നു.

"അവകൾ കിനാവുകളെന്നാം ശാസ്ത്രം,
കളവുകളെന്നാം ലോകചരിത്രം,
ഇവയിലുമേറെ യഥാർത്ഥം ഞങ്ങടെ
ഹൃദയനിമന്ത്രിതസുന്ദരതത്വം'[132]

എന്നതാണവരുടെ നിലപാട്. ഭാവി ഉരുത്തിരിയുന്ന വിദൂരതയിൽ പുലരുന്ന ഒരു പുതിയ ഓണക്കാലത്തെ ആ പഴയ സുവർണ്ണകാലം പുൽകിയ നേത്രങ്ങളാൽ ഈ കേവലർ ദർശിക്കുന്നു. ഇവിടെ ഓണം, മാനവസമൂഹം എന്നോ സാക്ഷാത്ക്കരിക്കാനിരിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രതീക്ഷയായി മാറുന്നു. ഓണത്തിന്റെ ഈ രണ്ടു സങ്കല്പങ്ങൾ കലാധനുസ്സിന്റെ രണ്ടു തങ്കക്കോണുകളാണ്. ആ കോണുകളെ ചേർത്ത്മുറുക്കിക്കെട്ടിയ ഞാണുകളാണ് ഓണപ്പാട്ടുകാർ. അതിൽ പതുക്കെ അടിച്ച്

നിസ്വവർഗ്ഗം പാടിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെ മാത്രമല്ല, പക്ഷികളുടെയും സുഖപൂർണമായ ജീവിതത്തിന് കവി ഓണമെന്നാണ് പേരിടുന്നത്. *കൂടും കിളിയും* എന്ന കവിതയിൽ ഓണപ്പുടവയുടുത്ത്, വാലിട്ട് ഓമനക്കണ്ണെഴുതി, ചൂളം വിളിച്ച്, കൊങ്ങിണിപ്പൂന്തേൻ പ്രഥമനുണ്ട് സുഖിച്ചു വാഴുന്ന പക്ഷിക്കുഞ്ഞുങ്ങളെ കാണാം. പ്രകൃത്യംബയുടെ ഓണമുണ്ണുന്ന പക്ഷികളും മനുഷ്യരുമെല്ലാം ഒന്നാണെന്നു വൈലോപ്പിള്ളി നിരീക്ഷിക്കുന്നു. ഓണത്തിന്റെ സന്ദേശം വാച്യമായിത്തന്നെ രേഖപ്പെടുത്തിയ കവിതയാണ് *ചേറ്റപുഴ.* "സന്തോഷവും അറിവും ആരോഗ്യവും സമ്പത്തും ഓരോരുത്തനും കഴിവിന്റെ പരമാവധി ശേഖരിച്ച് ദാനംചെയ്യുക (വിതയ്ക്കുന്നതുപോലെ). പ്രയത്നത്തെ ആരും ചൂഷണംചെയ്യുകയില്ല. കൊടുക്കുന്ന കൈകൾക്കുതന്നെ നൂറിരട്ടി കൊയ്തെടുക്കാം. മനസ്സിനും വയറിനും മധുരക്കറി കോരി വിളമ്പപ്പെടും."[133] *ഓണക്കിനാവ്* എന്ന കവിതയിൽ നാടിനെ വാഴുന്ന ഓണക്കാലത്തെക്കുറിച്ചുള്ള കവിയുടെ സ്വപ്നമാണുള്ളത്. സ്വച്ഛവും വിശുദ്ധവുമായ ആ ഓണക്കാഴ്ചകളിൽ ഏറ്റവും സുന്ദരം ധർമ്മം തന്നെ. ധർമ്മത്തിന്റെ പെരുമാളായിട്ടാണ് മഹാബലിയെ കാണുന്നത്.

"ഓണക്കാലത്തുണരും ഞാൻ, തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ"[134]

എന്ന് വൈലോപ്പിള്ളി രേഖപ്പെടുത്തുന്നു. ഓണപ്പാട്ടു പാടുന്ന പുള്ളുവനായി സ്വയം വിശേഷിപ്പിക്കാനാണ് കവിക്കിഷ്ടം. മധുരോദാരവികാരമായും മഞ്ഞാൽ ഈറനുടുത്ത പാവന ഭാവമായും മലനാടിന്റെ അന്തരീക്ഷമാകെ ഓണം വ്യാപിച്ചുനിൽക്കുന്നു. ഉണ്ണികളോടും അലകടലിനോടും അരുവികളോടും കന്യകമാരോടും മാബലിയെ ആർപ്പുവിളിച്ച്, കുരവയിട്ടു സ്വീകരിക്കാൻ ഇതേ കവിതയിൽ കവി ആവശ്യപ്പെടുന്നു. ഓണാഘോഷത്തിന്റെ ഭാഗമായി നടന്നിരുന്ന ഓണത്തല്ലിന്റെ വിവരണവും കേരളത്തിൽ ഇന്നു നടക്കുന്ന തല്ലുകളുടെ അപഹാസ്യതയും വെളിപ്പെടുത്തുന്ന കവിതയാണ് 'ഓണത്തല്ല്', കാശിനുവേണ്ടി തല്ലുകാരുടെ വേഷം ധരിച്ചവരാണിന്നുള്ളവർ. സാധുക്കൾ എല്ലാ അർത്ഥത്തിലും പരസ്പരം തല്ലുകയും നേതാക്കൾ നേടുകയും ചെയ്യുന്നു "ഓണമെന്ന ക്ഷേമരാഷ്ട്രസങ്കൽപ്പത്തെ മുൻനിർത്തിയാണ് വൈലോപ്പിള്ളി സമകാലീന സമുദായത്തിന്റെ അപൂർണ്ണതകളെയും അധമവാസനകളെയും അതിനിശിതമായി വിമർശിക്കുന്നത്."[135]

പണ്ട് ഒരു മഹാക്ഷേത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന പൂതത്താൻമാർ പ്രഭാത മായതറിഞ്ഞ് പണിതുകൊണ്ടിരിക്കുന്ന *സ്വർണ്ണക്കൊടിമരം* ക്ഷേത്രക്കുളത്തിൽ ഉപേ ക്ഷിച്ചുപോയി. ഇന്നും അദ്ഭുത സ്വപ്നം പോലെ ആ സുവർണ്ണ ധ്വജസ്തംഭം കുള ത്തിൽ തിളങ്ങി മറയാറുണ്ട്. വൈലോപ്പിള്ളിക്ക് ഓണം ഈ സ്വർണ്ണക്കൊടിമരം പോലെ യാണ്.

മർത്ത്യനു സമക്ഷേമ-
സുന്ദരവാഗ്ദാനമാ-
മത്തങ്കക്കൊടിമര,-
മെന്നുവീണ്ടെടുക്കും നാം?[136]

എന്നാണ് കവി പ്രത്യാശയോടെ ചോദിക്കുന്നത്. അതു വീണ്ടെടുത്തിട്ടുവേണം പുതിയ ധർമ്മ ക്ഷേത്രത്തിന്റെ പൊൻനടയിൽ സൗഹൃദത്തിന്റെയും ആഹ്ലാദത്തിന്റെയും കൊടി കയറ്റുന്നത്. *പൈതൃക സംഭാവനകൾ* എന്ന കവിത നാടിന്റെ ഏറ്റവും മഹത്തായ പൈതൃകമായി ഓണത്തെ സങ്കല്പിക്കുന്നു. സമസ്ത ഭൂതങ്ങളും ഒരുമിച്ചു പങ്കിട്ടനു ഭവിക്കേണ്ടതാണ് സമൃദ്ധിയും ആരോഗ്യവും ശാന്തിയും സന്തോഷവും. ഓണമുൾപ്പെ ടെയുള്ള നമ്മുടെ പൈതൃകങ്ങളുടെ സന്ദേശം ഇതാണെന്ന് വൈലോപ്പിള്ളി നിരീ ക്ഷിക്കുന്നു. ഓണച്ചടങ്ങുകളും ഓണവിഭവങ്ങളും ഓണക്കാലത്തെ പൂക്കളും നിരക്കുന്ന കവിതകളാണ് *തീൻകൊതി വാവാവാ— പോ പോ പോ, തുമ്പപ്പൂ, കുഞ്ഞിനുവീട്ടിൽ പൊന്നോണം* എന്നിവ. അടയ്ക്കാകിളികളും കരിയിലാംപീച്ചികളും കൂവിയും പാറിയും കഴിയുന്ന കാലമാണ് ഓണമെന്ന് *കുട്ടികളും പക്ഷികളും* എന്ന കവിതയിൽ വൈലോ പ്പിള്ളി പറയുന്നു.

"ഞാനൊരു കിനാവാണ്
ഗാനമാണെന്നാലെന്തു?
മാനവമനസ്സിലെ
സുന്ദരയാഥാർത്ഥ്യം ഞാൻ"[137]

എന്ന് *കുട്ടിയുടെ കഥ*യിൽ ഓണത്തെ രേഖപ്പെടുത്തുമ്പോൾ വൈലോപ്പിള്ളി മന സ്സിലെ യാഥാർത്ഥ്യത്തിലാണ് ഊന്നുന്നത്. തലേദിവസം ബോണസ്സിനും മറ്റും വേണ്ടി മുദ്രാവാക്യം വിളിച്ച്, പുലികളെപ്പോലെ രൗദ്രഭാവം പ്രകടിപ്പിച്ച് പ്രകടനം നടത്തിയ കൂലിപ്പണിക്കാർ തന്നെ പുലികളായി വേഷംധരിച്ച്, ഓണാഘോഷത്തിന്റെ ഭാഗമായ

പുലികളിക്ക് എത്തിയിരിക്കുന്ന കാഴ്ചയാണ് *പുലികൾ* എന്ന കവിതയിൽ അവതരിപ്പിക്കുന്നത്. മരണത്തിൽ പോലും അവലംബം ഓണം പോലുള്ള സങ്കൽപ്പമാണെന്നാണ് വൈലോപ്പിള്ളിയുടെ പക്ഷം. ഓണപ്പാട്ടും ഓണക്കളിയും ചിങ്ങമാസ ഭംഗികളും ഒത്തിണങ്ങിയ കവിതയാണ് *ഓണപ്പാട്ട്. കറുത്ത അത്ത*ത്തിൽ,

'അത്തപ്പൂവിടലത്രെ
നമുക്കിപ്പോഴും ജോലി
നൽത്തിരുവോണം നമു-
ക്കിനിയെന്നുദിക്കുമോ'[138]
എന്ന ചോദ്യവും, *ആശംസ* എന്ന കവിതയിൽ,
"പോവുക പേമാരിയുമിടിയും കൂസീടാതെ
കാവുകൾ പൂചൂടുന്നു കാത്തു നിൽക്കയാമോണം"[139]

എന്ന വിശ്വാസവും പ്രകടിപ്പിക്കുന്നു. "ഓണത്തെ സംബന്ധിച്ച് വൈലോപ്പിള്ളിക്കവിതയിൽ രണ്ടു സങ്കൽപ്പങ്ങളുണ്ട്, വർഷം തോറും വന്നു ചേരുന്ന ഓണവും എല്ലാ സമത്വങ്ങളും അനീതികളും ഒഴിവായ ഒരു വ്യവസ്ഥിതിയും"[140]

വിഷു, തിരുവാതിര, ഇല്ലംനിറ, വിദ്യാരംഭം, പുടമുറിക്കല്യാണം, സർപ്പപ്പാട്ട്, പിറന്നാൾ തുടങ്ങിയ ഉത്സവങ്ങളും ആഘോഷങ്ങളും ആചാരങ്ങളും വൈലോപ്പിള്ളിക്കവിതയിൽ ആവിഷ്കാരം നേടുന്നുണ്ട്. പോയകാലത്തിന്റെ നിറവുകളായും വരും കാലത്തിന്റെ പ്രതീക്ഷകളായും അവ പല രീതിയിൽ പ്രത്യക്ഷപ്പെടുന്നു.

"ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻവെളിച്ചവും
മണവും മമതയും- ഇത്തിരി കൊന്നപ്പൂവും"[141]

എന്നാശംസിക്കുന്ന, *വിഷുക്കണി*യിൽ പ്രകൃതിയും വേനൽക്കാല ഭംഗികളും നിറഞ്ഞു നിൽക്കുന്നു. വിഷുവിന്റെ ചടങ്ങുകളും ആഘോഷങ്ങളും അപൂർവ്വചാരുതയോടെ ഈ കവിതയിൽ മേളിക്കുന്നു. വിഷുക്കണിയായി ഒരു ദിവസം പെട്ടെന്നു മുന്നിലെത്തി, വിഷുക്കൈനീട്ടമായി തന്റെ ജീവിതത്തലേക്കു കടന്നു വന്ന ഭദ്രയോട്, അവളുടെ മടിത്തട്ടിൽ കണിവെള്ളരിക്കപോലെ തങ്ങുന്ന ഒരു മണിക്കുട്ടൻ വേണമെന്ന മോഹം അറിയിക്കുന്നു. *വിഷുക്കണി* എന്ന പേരിൽ വേറെ രണ്ടു കവിതകൾ കൂടി വൈലോ

പ്പിള്ളി രചിച്ചിട്ടുണ്ട്. അമ്മയുടെ കൈപിടിച്ച് കണ്ണുകൾ ഇറുക്കിയടച്ച് കണികാണുവാൻ നീങ്ങവെ, പെട്ടെന്ന് അറിയാതെ കണ്ണു തുറന്നു പോയി. ഇരുട്ടും ഇരുട്ടിൽ മയങ്ങുന്ന ഗ്രാമത്തിലെ കൂരകളുമാണ് അപ്പോൾ ജനലിലൂടെ കണ്ണിൽ പെട്ടത്. കണ്ണുകൾ വീണ്ടും അടച്ച് കൊന്നയും പൊന്നും ചാർത്തിച്ചിരിക്കുന്ന മഹാലക്ഷ്മിയെ കണി കണ്ടു കൈനീട്ടം വാങ്ങി പൂത്തിരി കത്തിച്ചു കൂട്ടരുമൊത്ത് പടക്കം പൊട്ടിച്ചു രസിച്ചു. പക്ഷേ, കരളിലെ ഇരുൾ നീങ്ങിയില്ല. ഉൾനാട്ടിലെ തന്റെ ചങ്ങാതിമാരുടെ വീടുകൾ ഇപ്പോഴും ഇരുട്ടിൽ ആണെന്ന ബോധം കവിയെ അസ്വസ്ഥനാക്കുന്നു.

'കണികാണ്മതിൻമുമ്പേ കൺതുന്നിട്ടാവാം ഞാ-

നിനിയാപ്പുലർകാലം വരെയുമസംതൃപ്തൻ[142]

എന്ന് *വിട* എന്ന സമാഹാരത്തിലെ *വിഷുക്കണി*യിൽ വൈലോപ്പിള്ളി രേഖപ്പെടുത്തുന്നു. അടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിൽ എഴുതിയ മൂന്നാമത്തെ 'വിഷുക്കണിയിൽ' കൊല്ലപ്പെട്ട മകനെ കണി കാണാൻ വിളിക്കുന്ന ഭ്രാന്തിയായ അമ്മയുടെ ചിത്രമാണുള്ളത് . ഓട്ടുരുളി,കണിവെള്ളരി, തേങ്ങാമുറികൾ, അരികിഴി, തിരി, കൊന്ന, പൊന്ന്, ഞൊറിഞ്ഞകരമുണ്ട്, വാൽക്കണ്ണാടി, കുങ്കുമചെപ്പ് എന്നിവയെല്ലാം ചേർത്ത് ഒരുക്കുന്ന വിഷുക്കണി കാൺകെ, കവിയുടെ ദുഃഖവും പരാതികളും ഒഴിഞ്ഞുപോകുന്നു. ഐശ്വര്യദേവത അല്പനേരം ചാരി നിന്നതുകൊണ്ടാണ് ഇലകൾ ഉതിർന്ന്, സുവർണ്ണസുമങ്ങൾ കിങ്ങിണിപോലെ ഇണങ്ങി കൊന്നമരം പൊൻകണിവെയ്ക്കാൻ ഇടവന്നതെന്നാണ് വൈലോപ്പിള്ളിയുടെ സങ്കൽപ്പം. പണ്ട് ഇല്ലങ്ങളിലും കാവുകളിലും കണിയായും കൈനീട്ടത്തിനുള്ള വെള്ളിപ്പണമായും നിന്ന ഐശ്വര്യദേവത ഈ വിഷുവേളയിൽ എങ്ങോ പോയി മറഞ്ഞിരിക്കുന്നു. ദേവി പോയ വഴി പറഞ്ഞുതരികയാണ് പൂവുതിരുന്ന കൊന്നമരം. ഇതാണ് *കണിക്കൊന്ന*യിലെ കാഴ്ചപ്പാടെങ്കിൽ *കൊന്നപ്പൂക്കളിൽ* സങ്കല്പം വേറൊന്നാണ്. മാനവരാശിയിലെ ഓരോരുത്തർക്കും ഊണിനും ഉടുപ്പിനും വീടിനും വിദ്യയ്ക്കും തൊഴിലിനും തുണയാകുമ്പോഴാണ് ഐശ്വര്യദേവതയുടെ മഹത്വം പൂർണ്ണമാകുന്നത്. അത്തരമൊരു സന്ദർഭമായാണ് വിഷുവിനെ വൈലോപ്പിള്ളി *കൊന്നപ്പൂക്കളിൽ* കാണുന്നത്. മുറ്റത്തെ കണിക്കൊന്ന വീണ്ടും പൊന്നുരുക്കുന്നത് ഇമവെട്ടാതെ നോക്കി നിൽക്കുന്ന മുത്തശ്ശിയെ *പുതിയ വിഷു*വിൽ കാണാം പോയകാല ഭാഗ്യങ്ങളോർക്കുന്ന മുത്തശ്ശിയുടെ കരൾ കണിക്കൊന്ന പോലെയാണ് പൂക്കുന്നത്.

*സഹ്യന്റെ മകനി*ലെ ഉത്സവരംഗം കേരളീയതയിൽ മുങ്ങി നിൽക്കുന്നു. ഉത്സവം നടക്കുന്ന അമ്പലമുറ്റം, തീവെട്ടികൾ, പതയുന്ന നെറ്റിപ്പട്ടം, പതിനഞ്ചാന കരിമ്പാറ കൾ, വാദ്യമേളം, പൂത്തതാഴ്‌വരപോലെ തോന്നിക്കുന്ന പുരുഷാരം, ഉത്സവപ്പറമ്പിലെ വെറ്റില മുറുക്കുകാരുടെ സംഘം, അവരുടെ സംസാരത്തിന്റെ വിഷയങ്ങളും ശൈലിയും, ആനപ്പുറത്തെ കോലവും ശാന്തിക്കാരന്റെ ഇരിപ്പും വൈലോപ്പിള്ളി അത്യ ധികമായ സൂക്ഷ്മതയോടെ രേഖപ്പെടുത്തുമ്പോൾ ഉത്സവം അതിന്റെ പൂർണ്ണശോഭ യോടെ മുന്നിലെത്തുന്നു. തിരുവാതിര, ഹൃദ്യമായ അനുഭവമായും ഓർമ്മയായും പ്രത്യ ക്ഷപ്പെടുന്ന കവിതകളും വൈലോപ്പിള്ളി രചിച്ചിട്ടുണ്ട്. മർത്ത്യായുസ്സിൽസാരമായത് ചില മാത്രകൾ മാത്രമാണെന്നു വിശ്വസിക്കുന്ന വൈലോപ്പിള്ളി അത്തരമൊന്നിന്റെ സാക്ഷാത്കാരത്തിനുവേണ്ടി ആതിരരാവിൽ തന്നോടോപ്പം ഊഞ്ഞാലിൽ വന്നിരിക്കാൻ പ്രിയയെ ക്ഷണിക്കുന്ന കവിതയാണ് *ഊഞ്ഞാലിൽ*. താംബൂലപ്രിയയായ തിരുവാതി രരാവിൽ ഒരു വെറ്റില നൂറുതേച്ചു തന്നാലുമെന്ന് പ്രിയൻ ക്ഷണിക്കുന്നു. മുപ്പത് കൊല്ലം മുമ്പ് അവൾ മന്ദസ്മിത മുഗ്ധമായ പൊന്നാതിര പോലിരുന്നപ്പോൾ, ഇതുപോലൊരു രാവിൽ ആരും കാണാതെ, മഞ്ഞും വെളിച്ചവും മധുവും ഇറ്റുവീഴുന്ന മാവിൻചോട്ടിൽ, നൂറുവെറ്റിലതിന്ന പുലരി വരുന്നതുവരെ ഊഞ്ഞാലിൽ ആടിയ ഓർമ്മ അയാളിൽ നിറയുന്നു. 'ഏറിയ ദു:ഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പ് 'ഇവിടെയല്ലാതെ മറ്റെങ്ങും ലഭിക്കില്ലെന്നാണ് വൈലോപ്പിള്ളിയുടെ വിശ്വാസം. എല്ലാം മാഞ്ഞുപോകും. എന്നാൽ തിരുവാതിര നക്ഷത്രം തീക്കട്ടയായി എന്നും മിന്നിനിൽക്കും. തിരുവാതിര ഈ കവിതയിൽ ഓർമ്മയും പ്രതീക്ഷയും വിശ്വാസവുമാകുന്നു. തൃശൂരിന്റെ പഴയ ചിത്രങ്ങളും സ്വാതന്ത്ര്യസമരവും തിരുവാതിരയും ചേർന്ന് രൂപപ്പെട്ടതാണ് *തൃശൂരിലെ തിരുവാതിരകൾ* എന്ന കവിത. ഗ്രാമങ്ങൾ അനുഭവിച്ചിരുന്ന സമാധാനവും സ്നേഹവും സന്തോഷവുമാണ് പഴയ തിരുവാതിരാനുഭവങ്ങളിൽ തെളിയുന്നത്. ഇന്നു തിരുവാ തിര രാത്രി, കാളരാത്രിയായിരിക്കുന്നു. ഇത്തിരിയരിവെച്ച വെണ്ണീറിനരികത്തിരുന്നു കനൽ തോണ്ടുന്ന ശിവൻ, അടുത്ത് കുട്ട നെയ്യുന്ന പാർവ്വതി. ഗണപതി കുപ്പയിൽ ഭക്ഷണം ചികയുന്നു. കാർത്തികേയൻ ജടപിടിച്ച മുടിയുമായി ആളുകളുടെ കൈനോക്കി ഭാഗ്യം പറയുന്നു. ദൂതഗണങ്ങൾ ഭാഗ്യക്കുറി ടിക്കറ്റു വിൽക്കുന്നു. തിരു വാതിരയുടെ ഇന്നത്തെ അവസ്ഥയാണിത്. അനേകം നാദങ്ങൾഉണ്ടെങ്കിലും തിരുവാ തിര നാളുകളിൽ പെൺകൊടിമാർ തുടിച്ചു കുളിച്ചു പാടുന്നതും കൈക്കൊട്ടി പാടു ന്നതും കേൾക്കാനാണ് വൈലോപ്പിള്ളിക്ക് ഏറെ പ്രിയം. *പതക്കരമാം നാദങ്ങൾ* എന്ന

കവിതയിൽ മധുമാസം വരുന്നതു പോലും തിരുവാതിരപ്പാട്ടുകേൾക്കാനാണെന്നാണ് കവി പറയുന്നത്.

"കേരളമുഗ്ധാംഗിമാർ
കൈകൊട്ടിയാടിപ്പാടും
കേളിയാണല്ലോ മറ്റെ-
ല്ലാറ്റിലുമെനിക്കിഷ്ടം[142]

എന്ന് *തെങ്ങിൻ തോപ്പിൽ* എന്ന കവിതയിലും കവി വ്യക്തമാക്കുന്നുണ്ട്. കാക്ക തേൻകുടിച്ച് കൂത്തടിക്കുന്നത് പൂത്തിരുവാതിരപ്പെണ്ണിനെപോലെയാണ്.

വിജയദശമിനാളിലെ പുസ്തകപൂജയും വിദ്യാരംഭവും നമ്മുടെ സംസ്കാരത്തനിമ വ്യക്തമാക്കുന്നു. *വിദ്യാരംഭം* എന്ന കവിതയിൽ പണ്ടത്തെ വാളുകളും താളുകളും ജീവിതവൃത്തിയുടെ ക്ഷുദ്രായുധങ്ങളും പൂജക്കുവെച്ച് അനുഗ്രഹം നേടുന്ന കേരളീയരെയാണ് കവി അവതരിപ്പിക്കുന്നത്. 'കേരള കേളീ കദംബവനാന്തരം' കോരിത്തരിക്കുന്ന മട്ടിൽ തങ്ങളിൽ നിറയാൻ കവി വാണീദേവിയോട് പ്രാർത്ഥിക്കുന്നു. മോതിരം കൊണ്ട് നാവിലും മണലിലും എഴുതി വിദ്യ തുടങ്ങുന്ന മലനാട്ടിലെ മക്കൾക്ക് മുഴുവൻ, ധീരവും ഉചിതവുമായ ജീവിതദർശനം ലഭിക്കട്ടെയെന്നാണ് കവിയുടെ ആശംസ.

പിറന്നാളാഘോഷത്തിന്റെ വിശദാംശങ്ങളും വിശ്വാസങ്ങളും ചേർന്നു രൂപപ്പെട്ട കവിതയാണ് *പിറന്നാൾക്കാരൻ.* അന്നേ ദിവസത്തെ ചടങ്ങുകളും സദ്യയും കവിതയ്ക്ക് ഹൃദ്യത പകരുന്ന മട്ടിൽ വൈലോപ്പിള്ളി രേഖപ്പെടുത്തുന്നു. ഇല്ലംനിറ കാർഷിക കേരളത്തിന്റെ സവിശേഷമായ ചടങ്ങാണ്. ഇതേ പേരിലുള്ള കവിതയിൽ വൈലോപ്പിള്ളി ഇല്ലംനിറയുടെ സൂക്ഷ്മാംശങ്ങൾ പോലും പകർത്തുന്നു. കുട്ടികൾ തലേദിവസം തന്നെ നെൽക്കതിരുകൾ കൊണ്ടുവന്നു പടിക്കു പുറത്തു വയ്ക്കുന്നതും അമ്മ നിലവിളക്കും ഇലയും തുളസിയും ദശപുഷ്പങ്ങളും ചന്ദനവും ഇരുപുറം സമം ഉടച്ചുവച്ച നാളികേരവും മറ്റുമായി ആ കതിരുകളെ വിരുന്നുകാരെപ്പോലെ എതിരേൽക്കുന്നതും ഉമ്മറത്തും മറ്റും കതിർക്കുലകൾ തൂക്കുന്നതുമെല്ലാം ഭംഗിയായി കവി കവിതയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*കഥകളി ഭ്രാന്ത്* എന്ന കവിതയിൽ ആ കലയുടെ പഴയ പ്രതാപവും ഇന്നത്തെ അവസ്ഥയും ആവിഷ്കരിക്കുന്നു. വലിയ തറവാടുകളെയും കോവിലകങ്ങളെയും കേന്ദ്രീകരിച്ച് കഥകളിയഭ്യാസം നടന്നിരുന്ന കാലവും കഥകളി നേടിയ അംഗീകാ

രവും കഥകളി കലാകാരന്മാരുടെ ദൈന്യവും അസ്തംഗതമായ പുരാതന സംസ്കാരത്തിന്റെ ഉയിർത്തെഴുന്നേൽപ്പും ഈ കവിതയിൽ പ്രത്യക്ഷപ്പെടുന്നു. കഥകളി വേഷങ്ങളും മേളവും ചടങ്ങുകളും ചേർന്നു രൂപം കൊണ്ട കവിതയാണ് *തിരനോട്ടം.* നളചരിതം മുഴുവൻ സൂചിതമാകുന്ന ഈ കവിതയിൽ കലികന്മഷം നീങ്ങി, ശാന്തസുന്ദരമായി, ദേവകളുടെ അനുഗ്രഹത്തിന് പാത്രമാകുന്ന കേരള നാടിനു വേണ്ടി പ്രാർത്ഥിക്കുന്നു. കാലൻ കോഴിയുടെ കൂവൽ കേട്ടാൽ അനർത്ഥമുണ്ടാകുമെന്ന വിശ്വാസം *കാലൻ കോഴി* എന്ന കവിതിയൽ സൂചിതമാവുന്നു.

'ക്ലാവെഴുമോരോ ചെമ്പുകിണ്ണത്തിൽനിന്നും പഴം-
പ്ലാവില കോട്ടി ച്ചുടുകഞ്ഞിമോന്തുന്നൂ മന്ദം
ചുട്ട പപ്പടമാണു കൂട്ടുവാൻ, ചമ്മന്തിയും,
ഒട്ടുകായുപ്പേരിയു, മോട്ടപ്പാഴിലക്കീറിൽ.'[144]

*പെൻഷൻകാർ* എന്ന കവിതയുടെ വിഷയം അവരനുഭവിക്കുന്ന അവഗണനയാണെങ്കിലും അതിൽ പഴയ കേരളീയ ഭക്ഷണശൈലി സൂചിതമാവുന്നു. പൊട്ടിയെ പുറത്താക്കൽ, ഇല്ലം നിറ എന്നീ ചടങ്ങുകളുടെ വിവരണം കൊണ്ടും രാഷ്ട്രീയ ധ്വനികൾ കൊണ്ടും ശ്രദ്ധേയമാണ് *പൊട്ടി പുറത്ത്, ശീവോതി അകത്ത്* എന്ന കവിത. ആനയും മേളവും അരയാൽത്തറയിലെ കാണികളും വാണിഭക്കാരും അക്ഷരശ്ലോകക്കാരും പഞ്ചവാദ്യത്തിനു തലയാട്ടുന്ന പുരുഷന്മാരും ചേർന്ന ഉത്സവരംഗം ഭംഗിയായി പകർത്തുന്ന കവിതയാണ് *ആറാട്ടു പുഴയിൽ. പട്ടുടുപ്പ്, ഓടികളുടെ മത്സരം, കൃഷിപ്പാട്ട്* എന്നീ കവിതകളിലും ഉത്സവത്തിന്റെ നിരവധി ചിത്രങ്ങൾ മിന്നിനിൽക്കുന്നുണ്ട്.

സർപ്പാരാധന കേരളീയ പൈതൃകങ്ങളിൽ പ്രധാനമാണ്. 'സർപ്പക്കാട്' എന്ന കവിതയിൽ നാഗരാധനയുടെയും കളമെഴുത്തുപാട്ടിന്റെയും പുള്ളുവൻ പാട്ടിന്റെയും അന്തരീക്ഷം ഘനീഭവിച്ചിട്ടുണ്ട്.

'ബ്രഹ്മക്ഷത്രിയ പാദജവൈശ്യവി-
ഭേദമിയന്ന മഹാനാഗങ്ങൾ
കാവുകൾതോറും തറവാട്ടുകളെ-
ക്കാവലിരിക്കുമനുഗ്രഹമൂർത്തികൾ
ക്കാലനു ദൃഷ്ടിക,ളീശനു മാലകൾ
മലയലനാട്ടിനു മംഗല്യങ്ങൾ"[145] ആണ് നാഗങ്ങൾ. പകയുടെ സത്യം പാലിക്കുന്ന,

പാലച്ചില്ലയൊടിച്ചാൽ പോലും കുഷ്ഠപ്പുണ്ണുകൊണ്ടു പകരം ചോദിക്കുന്ന, കുടവും മണിയും കൊട്ടിവിളിക്കുന്ന പുള്ളുവർ കാൺകെ പെണ്ണിന്റെ സിരകളിൽ കയറികൂത്താടുന്ന, തലയിൽ മാണിക്യമണിഞ്ഞ, നിധിക്കു കാവലിരിക്കുന്ന നാഗങ്ങളെക്കുറിച്ചുള്ള വിവരണം കവിതയുടെ സവിശേഷമായ അന്തരീക്ഷം നൽകുന്നു. ഈ വിശേഷണങ്ങൾ ഓരോന്നും ദ്രാവിഡവും കേരളീയവുമായ വിശ്വാസങ്ങളിൽ നിന്നു രൂപം കൊണ്ടവയാണ്. പാമ്പിനു നീരും പാലും കൊടുത്തു പ്രസാദിപ്പിക്കുന്ന രീതിയും കവിതയിൽ സൂചിതമാകുന്നുണ്ട്. പുരോഗമനവാദിയാകുമ്പോഴും കവിയിൽ കേരളീയാചാരങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നതിന് ഉദാഹരണമാണ് ഇത്.

കാർഷികസംസ്കാരത്തോട് ബന്ധപ്പെട്ട കാവ്യബിംബങ്ങളും കേരളീയ പ്രകൃതിയും ഉത്സവങ്ങളും ആഘോഷങ്ങളും വൈലോപ്പിള്ളിക്കവിതകളിൽ സജീവമാണ്. കവിയുടെ വർഗ്ഗാവബോധത്തിന് പിൻബലമാകുന്നത് കാർഷികസംസ്കൃതിയാണ്. നിസ്വവർഗ്ഗത്തോട് വൈലോപ്പിള്ളിക്കുള്ള ആഭിമുഖ്യം മേൽപ്പറഞ്ഞ കവിതകളിൽനിന്നും വ്യക്തമാണ്.

## കുറിപ്പുകൾ

1. Try to be precise and your are bound to be metaphorical. Metaphor is essential to precision of language.

   Middleton Murray, J. *The Problems of style*, London: Oxford University Press, 1973. p. 75-76.

2. Metaphor and simile are a kind of crystallisation of poetic experience

   -Middleton Murray, J. *The Problems of style*, p. 80-81.

   "A drop of the river of experience crystallised perhaps into an image"

   Day lewis, C. *The poetic image*, London: Jonathan cape, 1961. p. 68.

3. "ഒരു കവിതയിൽ ഏതെങ്കിലും ഒരു നിഴൽ അല്ലെങ്കിൽ ഒരാശയം വേഷം മാറി ആവർത്തി ച്ചുവരുന്നുണ്ടെങ്കിൽ നിശ്ചയമായും അതിനൊരു കാരണമുണ്ടായിരിക്കും. കവിയുടെ വൈയക്തികമായ ഭാവഗ്രന്ഥി (complex) തന്നെയായിരിക്കും അതിനു കാരണം. താൻ മറച്ചിട്ടും മറയ്ക്കാനാവാതെ, താനേറെ സംസ്കരിച്ചിട്ടും സംസ്കൃതമാകാതെ തന്നെ കളിപ്പിച്ചുകൊണ്ട് അത് മുന്നിലേയ്ക്ക് കടന്നെത്തുന്നു എന്നതാണ് അതിന്റെ മന ശാസ്ത്രം:-

   ജി. എൻ. പിള്ള. *കുടിയൊഴിക്കലിനെക്കുറിച്ച് അല്പം*, സാഹിത്യനിരൂപണം, ജി.എൻ. പിള്ളയുടെ പ്രബന്ധങ്ങൾ, തിരുവനന്തപുരം: സാംസ്കാരികവകുപ്പ്, കേരള സർക്കാർ, 1996. പു. 27-28.

4. " When you describe a thing you see it and touch it with your hand, that is real style"

   Middleton Murray. J. *The Problems of style*, London: Oxford University Press, 1973. p. 81.

5. "സാഹിത്യത്തിലെ ചിന്ത അഥവാ അർത്ഥം മിക്കപ്പോഴും ഇന്ദ്രിയ ഗ്രാഹ്യങ്ങളായ ബിംബ ങ്ങളുടെ (images) രൂപം കൊള്ളുന്നു. ഭാരതീയസാഹിത്യശാസ്ത്രത്തിലെ അർത്ഥാല ങ്കാരങ്ങളിൽ ഏറിയകൂറും ഇത്തരം ബിംബങ്ങളാകുന്നു. ഈ അലങ്കാരങ്ങൾ കാവ്യ ശരീരത്തിൽ നിന്നു വേറിട്ടു നിൽക്കുന്നവയല്ല. കാവ്യശരീരം തന്നെയാണ്. അത്യുത്ത മങ്ങളായ കാവ്യബിംബങ്ങൾ. അവ ആവിഷ്കരിക്കുന്ന ആശയങ്ങളിൽ നിന്ന് അഭിന്ന ങ്ങളാകുന്നു."

   കൃഷ്ണവാരിയർ, എൻ.വി. *എൻ.വി.യുടെ കൃതികൾ*, കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കോ-ലിമിറ്റഡ്, 1976. പു. 50.

6. "The image is considered as the matrix rather than the clothing of poetic thought"

   Day Lewis, C. *The Poetic Image,* p. 54.

7. "It is better to present one image in a life time than to produce Voluminous works."

   Ezra pound. *'A Retrospect' 20th century literary criticism*, Ed. David Lodge, 1992. p. 59.

8. "An image is that which presents and intellectual and emotional complete in and instant of time"

   Ibid. 59.

9. Complexes do indeed behave like secondary or partial personalities possessing a mental life of their own.

   C.G.Jung. *Psychology and Religion: West and East* (Collected works of C.G. Jung Voume II), London: Routledger Kegan Paul, 1969. p. 14.

10. "ഭാഷ, വാക്കുകൾ, ബിംബങ്ങളോ ബിംബങ്ങളുടെ നേരിട്ടുള്ള ആവിഷ്കരണങ്ങളോ അല്ല. കോഡ്‌വെൽ പറയും പോലെ അവ ബിംബങ്ങളുടെ ചിഹ്നങ്ങളാകുന്നു. കവി അനുവാചകഭാവനയെ വാക്കുകളിലൂടെ ബിംബങ്ങളിലേക്കും ബിംബങ്ങളിലൂടെ അനുഭൂതികളിലേക്കും മടക്കിക്കൊണ്ടു ചെല്ലുന്നു".

    ബോധാബോധ മണ്ഡലങ്ങളുടെ സംഗമസ്ഥാനത്തു നിന്നുകൊണ്ട് സന്ധ്യയുടെ വർണ്ണപ്പൊലിമയിൽ ഒരു യഥാർത്ഥകവി വാക്കുകളുടെ നേരെ നോക്കുമ്പോൾ അവ നമ്മുടെ അർത്ഥത്തിലുള്ള വെറും വാക്കുകളല്ല, അനുഭൂതിയാൽ ദീപ്തമായ സജീവമായ ബിംബങ്ങൾ തന്നെയാകുന്നു".

    എം.എൻ. വിജയൻ. *കവിതയും മനശ്ശാസ്ത്രവും*, കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ്, 1987. പു. 55.

11. To see a world in a again of sand

    And a heaven in a wild flower

    Hold infinity in the palm of your hand

    And Eternity in an hour"

    William, Blake. *Auguries of Innocence: Blake complete writing with Variant readings*, Ed. Geoffrey- Keynes London: Oxford University Press, 1966. p. 431.

12. വൈലോപ്പിള്ളി ശ്രീധരമേനോൻ. *കന്നിക്കൊയ്ത്ത്*, വൈ.ക.പു. 44.

13. "കവിതയിൽ രസം, രസേതരമായ വ്യംഗ്യം എന്നിവ നീക്കി നിർത്തിയാൽ ചമൽക്കാരജനകമായി അവശേഷിക്കുന്നതെന്തോ അതാണ് അലങ്കാരം. ഇത് ശബ്ദഗരിമയാൽ ശബ്ദാലങ്കാരവും അർത്ഥഗരിമയിൽ അർത്ഥാലങ്കാരവും ആകും. വാച്യമായിരിക്കേ അലങ്കാരമെന്നു വിളിക്കപ്പെടാവുന്ന ഒരാശയം വ്യംഗ്യമായാണ് ബോധിപ്പിക്കപ്പെടുന്നതെങ്കിൽ അപ്പോൾ അത് അലങ്കാരമല്ല ധ്വനികാവ്യമാണ്. വ്യംഗ്യമായ അർത്ഥാംശം വാച്യത്തിനു വിധേയമായി, വാച്യശോഭാധായകമായി, ഭൃത്യന്റെ വിവാഹത്തിൽ പങ്കെടുക്കുന്ന രാജാവിനെപ്പോലെ, തൽക്കാലത്തേക്കുകീഴ്പ്പോട്ടിറങ്ങി നിലകൊള്ളുമ്പോൾ മാത്രമേ അതുൾക്കൊള്ളുന്ന ഉക്തിവൈചിത്ര്യം അലങ്കാരമാകുകയുള്ളു."

    കൃഷ്ണവാരിയർ, എൻ. വി. *എൻ.വി.യുടെ കൃതികൾ*, കോട്ടയം: നാ.ബു., 1976. പു. 83.

14 "അത്തലിൻകെടുപായലിൻ മീതെ ഉൾതെളിവിന്റെ നെല്ലിപ്പുന്തോട്ടം"

   വൈ.ശ്രീ. *കന്നിക്കൊയ്ത്ത്*, വൈ.ക.പു. 44.

15. "A really memorable image does not merely state an obvions similarity but discovers a hidden analogy between two seeminaly disperate phenomena".

    Ullmann stephen. *Language and style*, Oxford: Black well, 1964. p. 212.

    "Observations of affinities in objects where no brotherhood exists to passive minds" wordsworth.

    "Juxta position of two objects seemingly different in a striking way"

    Ullmann stephen. *Language and style*, p. 212.

16. It is an essential feature of a metaphor that there must be a certain gap between the tenor and the vehicle. The smilarity must be accompanied by a feeling of disparity. they must belong to different spheres of thought. If they are too colse to one another they can not produce the perspective of double vision peculiar to metaphor.

    Ullmann stephen. *Language and style*, p. 214.

17. "It is unquestionable that the actual experiences which even good critics undergo when reading as we say, the same poem differ very widely"

    Richards, 1.A. *Principles of Literary Criticism*, London: Routledge & Kegan Paul Ltd, 1963. p.115.

18. "ഇമേജുകളുണ്ടാക്കുന്ന മാനസിക പ്രതികരണങ്ങളെ കണക്കിലെടുത്ത് അവയെ സ്വതന്ത്രങ്ങളെന്നും ബന്ധങ്ങളെന്നും റിച്ചാർഡ്സ് (1967:92) വിഭജിക്കുന്നു. സ്വതന്ത്രബിംബങ്ങൾ വായനക്കാരിൽ വ്യത്യസ്ത പ്രതികരണങ്ങളുണ്ടാക്കുമ്പോൾ ബന്ധബിംബങ്ങൾ എല്ലാവരിലും ഒരേ പ്രതികരണമുളവാക്കുന്നു."

    രാധ, പി.ഐ. *ആധുനിക കവിതയിലെ ഇമേജറി*, മലയാളവിമർശം ലക്കം ഏഴ്: ജൂലൈ-ഡിസംബർ 1987:പുറം 52.

19. The sensory qualities of images their vivality, clearness, fullness of detail and so on do not hear any constant relation to their effects.. Too much importance has always been attached to the sensory qualities of images. What gives an image efficacy is less its vividness as an image than its character as a mental event peculiarly connected with sensation"

    Richards, 1.A. *Principles of Literary Criticism*, P. 119.

20. ഇടശ്ശേരി ഗോവിന്ദൻ നായർ, *ഇടശ്ശേരിയുടെ കവിതകൾ*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1958. പു. 676.

21. വൈ.ശ്രീ. *കുടിയൊഴിക്കൽ*, വൈ.ക.പു. 704.

22. ഇടശ്ശേരി ഗോവിന്ദൻ നായർ, *ഇടശ്ശേരിയുടെ കവിതകൾ*, പു. 560.

23. "An intense image is the opposite of a symbol. A symbol is denotative; It stands for one thing only. Images in poetry are seldom, purely symbolic, for they are affected by the emotional vibrations of their context so that each reader's response to them is apt to be modified by his personal experiences.'

    Day lewis, C. *The Poetic Image,* p. 40-41.

24. "The word *symbol* which in this essay means any unit of any literary structure that can be isolated for critical attention. A word, a phrase or an image used with some kind of special refrence (which is what a symbol in usually taken to mean) all symbols when they are distingquishable elements in critical analysis. Even the letters the writter spells his words with form part of his symbolism in this sense"

    Frye Northrop. *Anatomy of Criticism*, Princeton University press, 1973. p.71.

25. "The idea that imagery is at the core of the poem, that a poem may itself be an image composed from a multiplicity of images.

    Ullmann Stephen. *Language and style,* p. 193.

26. തർജ്ജമ: കൃഷ്ണവാരിയർ, എൻ.വിയുടേത്.
27. സി.പി.ബേബീഷീബ. *വൈലോപ്പിള്ളിക്കവിത ശൈലീപരമായ അപഗ്രഥനം*, (പി.എച്ച്.ഡിപ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 2001) പു. 115.
28 വൈ.ശ്രീ. *കുടിയൊഴിക്കൽ*, വൈ.ക.പു. 688.
29. ടി.പു.702.
30. *കണ്ണീർപ്പാടം*, വൈ.ക.പു. 387.
31. *ജലസേചനം*, വൈ.ക.പു.105.
32. *ഗന്ധങ്ങൾ*, വൈ.ക.പു.151.
33. എം.എൻ.വിജയൻ, *കവിതയും മനഃശാസ്ത്രവും*, പു. 33
34. *കുടിയൊഴിക്കൽ*, വൈ.ക.പു.690. 91.
35. *സാവിത്രി*, വൈ.ക.പു. 608.
36. *കുടിയൊഴിക്കൽ*, വൈ.ക.പു. 695.
37. *കന്നിക്കൊയ്ത്ത്*, വൈ.ക.പു. 43.
38. *പടയാളികൾ*, വൈ.ക.പു. 57.
39. *ആസ്സാംപണിക്കർ*, വൈ.ക.പു. 86.
40. *ജലസേചനം*, വൈ.ക.പു. 103.
41. *പൂക്കൈത*, വൈ.ക.പു. 120.
42. *ഗന്ധങ്ങൾ*, വൈ.ക.പു. 151.
43. *സർപ്പക്കാട്*, വൈ.ക.പു. 161.
44. *കേരളകവി*, വൈ.ക.പു. 195.
45. *വിത്തും കൈക്കോട്ടും*, വൈ.ക.പു. 203.
46. *കൊയ്ത്തുകഴിഞ്ഞ്*, വൈ.ക.പു. 209.
47. ടി.പി. 210.
48. *ഓണക്കളിക്കാർ*, വൈ.ക.പു. 261.

49 *തൊഴിലാളി*, വൈ.ക.പു. 283.

50 *വിഷുക്കണി*, വൈ.ക.പു. 291.

51 *മാവുപൂക്കുന്നു*, വൈ.ക.പു. 324.

52 ടി.പു.

53 *ചേറ്റുപുഴ*, വൈ.ക.പു. 330.

54 *വിദ്യാരംഭം*, വൈ.ക.പു. 345.

55 *കടലും കരയും*, വൈ.ക.പു. 347.

56 *കയ്പവല്ലരി*, വൈ.ക.പു. 349.

57 ടി.പു. 350.

58 *ചലനവും ശബ്ദവും*, വൈ.ക.പു. 359.

59 *കത്തിയും മുരളിയും*, വൈ.ക.പു. 399.

60 *കൃഷ്ണാഷ്ടമി*, വൈ.ക.പു. 380.

61 *മാമ്പഴം*, വൈ.ക.പു. 54.

62 *ഓണപ്പാട്ട്*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, വാല്യം 1, തൃശൂർ: കറന്റ് ബുക്സ്, 2001. പു. 596.

63 *നെയ്യാമ്പൽ*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 910.

64 *പൂത്തുമ്പ*, വൈലോപ്പിള്ളി, സമ്പൂർണ്ണകൃതികൾ, പു. 905.

65 *ഓണമുറ്റത്ത്*, വൈ.ക.പു. 490.

66 *മധുമക്ഷിക*, വൈ.ക.പു. 442.

67. "Although the mind cannot apprehend its own form of existence, owing to an Archemedia point outside, it nevertheless exists. Not only does the psyche exist, It is existence itself"

Jung, C.G. *Psychology and Religion: West and East*, p. 12.

68. Jung, C.G. *Four Archetypes,* London: ARK Paper Basks, 1972. p. 3-4.

69. “ഫോക്‌ലോറിൽനിന്ന് ഒരു ക്ലാസ്സിക്കൽ ലോർ ഉണ്ടായിത്തീരുകയും, ഈ ക്ലാസ്സിക്കൽ ലോറിന്റെ അവസാനത്തിൽ ഇന്ന് നാം ആസ്വദിക്കുന്ന രീതിയിലുള്ള ഇൻഡിവിജ്വൽ ലോർ ഉണ്ടായിത്തീരുകയും ചെയ്യുന്നു എന്നു പറയാം.”

വിജയൻ, എം.എൻ. *കവിതയും മനശ്ശാസ്ത്രവും*, പു. 15.

70. "The Archetype 'anrich' as I have explained else where is an 'Irrepresentable' factor, a 'disposition' which starts functioning at a given moment in the development of the human mind and arranges the meterial of consciousness into the definite patterns".

Jung, C.G. *Psychology and Religion: West and East*, p. 148-149.

71. "വ്യക്തിക്കെന്നപോലെ സാമൂഹിക ചേതസ്സിനുമുണ്ട് രണ്ട് പ്രതലങ്ങൾ. സമൂഹബോധ പ്രതലത്തിൽ അതിന്റെ മൂല്യസങ്കല്പങ്ങളും സംസ്ക്കാര സങ്കല്പങ്ങളും സംസ്ക്ക രണ പദ്ധതികളും വർത്തിക്കുന്നു. സമൂഹാബോധ പ്രതലത്തിൽ ആണ് പരിണാമ ങ്ങൾക്കും നവോത്ഥാനങ്ങൾക്കും വികാസങ്ങൾക്കും വിപ്ലവങ്ങൾക്കും വേണ്ടിയുള്ള മഥനങ്ങൾ സംഭവിക്കുന്നത്."

ലീലാവതി, എം. *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ-ഒരു പഠനം*, തിരുവനന്തപുരം: കേ.ഭാ.ഇ., 1993. പു.30.

72. വൈ.ശ്രീ. *കുടിയൊഴിക്കൽ*, വൈ.ക.പു. 704.

73. "In the products of creative phantasy the porimordial images are made visible.'

Jung, C.G. *For Archetypes.* p. 12.

74. Ibid. 15.

75. The Inner voices condemning the moral lapses, that an earlier age intepreted as the voice of god is regarded by frend as that of the introjected parents what has been called a higher nature in man is in fact, says frend, the representative of our relation to our parants. When we were little children we knew these higher natures, we admired them and feared therm and later we took them into ourselves.'

Baudkin Mead: 1934:181.

76. വൈ.ശ്രീ. *മാമ്പഴം*, വൈ.ക.പു. 54.

77. *ആശുപത്രിയിൽ*, വൈ.ക.പു. 273.

78. *ഒന്ന്, രണ്ട്, മൂന്ന്*, വൈ.ക.പു. 276.

79. *മഞ്ഞക്കിളി*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, വാള്യം 1, തൃശൂർ: കറന്റ് ബുക്സ്, പു. 284.

80. *വർക്കത്തു കെട്ട താറാവ്*, വൈ.ക.പു. 672.

81. *അമ്മയുടെ പുഞ്ചിരി*, വൈ.ക.പു. 635.

82. *മൃഗശാലയിൽ*, വൈ.ക.പു. 641.

83. *കൂടും കിളിയും*, വൈ.ക.പു. 304.

84. *എണ്ണപ്പുഴുക്കൾ*, വൈ.ക.പു. 305.

85. *വിഷുക്കണി*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 655.

86. വൈ.ശ്രീ. *വൈലോപ്പിള്ളി* (അനുബന്ധം-3), വൈ.ക.പു. 737.

87. Frye Northrop. *Anatomy of Criticism,* p. 429.

88. The Archetypal Image of the wise man, the Xavier or the redeemer lies burried and dormant in man's unconscious since the down of cultrue. It is awaikened whenever the times are out of joint and human society is committed to a serious error.'

Jung: C.G. *Four Archetypes,* p. 187.

89. വൈ.ശ്രീ. *ജലസേചനം*, വൈ.ക.പു. 103.
90. ടി.പു. 104.
91. *ലെനിൻ*, വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, പു. 728.
92. *ഓണപ്പാട്ടുകാർ*, വൈ.ക. പു. 228.
93. *ഓണക്കളിക്കാർ*, വൈ.ക.പു. 263-64.
94. *ഓണം*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 305.
95. *ഓണക്കിനാവ്*, വൈ.ക.പു. 421.
96. *ഓണമുറ്റത്ത്*, വൈ.ക.പു. 488.
97. *എഴുത്തച്ഛൻ*, വൈ.ക.പു. 513.
98. ടി.പു. 514.
99. *ഗൃഹപുരാണം*, വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, പു. 586
100. ടി.പു. 587.
101. ടി.പു. 586.
102. "കടുത്ത ബ്രഹ്മചാരിയായ ഹനുമാൻ അല്ലെങ്കിൽ മാരുത് എന്ന ദൈവം പിൽക്കാല വേദകാലത്തിന്റെ ഒടുവിൽ കർഷകർക്കിടയിലെ ശക്തനായ ദൈവമാകുന്നു. ഹനുമാനെ ആരാധിക്കാൻ സ്ത്രീകൾക്ക് അനുവാദമുണ്ട്."

    Kosambi, D.D. *Culture and Civilization of Ancient India,* Historical Outline, Bombay: Popular Prakasan, 1965. p. 142.
103. *ഓണക്കിനാവ്*, വൈ.ക.പു. 420.
104. *തെങ്ങിൻതോപ്പിൽ*, വൈ.ക.പു. 475.
105. *ഓണമുറ്റത്ത്*, വൈ.ക.പു. 487.
106. *കൊയ്ത്ത്കഴിഞ്ഞ്*, വൈ.ക.പു. 208.
107. *സർപ്പക്കാട്*, വൈ.ക.പു. 157.
108. *താമരയും കവിതയും*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 268.
109. *ഓണക്കളിക്കാർ*, വൈ.ക.പു. 263-264.
110. *ഓണപ്പാട്ടുകാർ*, വൈ.ക.പു. 228.
111. ടി.പു. 230.
112. *കൊന്നപ്പൂക്കൾ*, വൈ.ക.പു. 538.
113. *മാമ്പഴം*, വൈ.ക.പു. 54.
114. *കയ്പവല്ലരി*, വൈ.ക.പു. 349.
115. *ചരിത്രത്തിലെ ചാരുദൃശ്യം*, വൈ.ക.പു. 435.
116. *പൂക്കാലം*, വൈ.ക.പു. 60.
117. *വർഷാഗമം*, വൈ.ക.പു. 140.

118. ടി.പു. 140.
119. ടി.പു. 141.
120. *അമൃതബിന്ദു*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 475.
121. *ചേറ്റുപുഴ*, വൈ.ക.പു. 327.
122. ടി.പു. 328.
123. *കടലും കരയും*, വൈ.ക.പു. 347.
124. *മഴത്തുള്ളികളും കടലും*, വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, 691.
125. *വർഷവും വസന്തവും*, വൈ.ക.പു. 906.
126. *കായലുകളും കരകളും*, വൈ.ക.പു. 622.
127. *വേനൽക്കൊരു മഴ*, വൈ.ക.പു. 522.
128. *മീനപ്പുലരിയിലെ മഴ*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 547.
129. ഡോ. കെ. അയ്യപ്പപ്പണിക്കർ. *വൈലോപ്പിള്ളിക്കവിതയിലെ കേരളീയത*, അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ - 1981-90, കോട്ടയം: ഡി സി ബുക്സ്, 1990, പു. 23.
130. വൈ. ശ്രീ. *കടലിലെ കവിതകൾ*, വൈ. ക. പു. 82.
131. *തിരനോട്ടം*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, പു. 929.
132. *ഓണപ്പാട്ടുകാർ*, വൈ.ക.പു. 230.
133. *ചേറ്റുപുഴ* (അടിക്കുറിപ്പ്), വൈ. ക. പു. 330.
134. *ഓണമുറ്റത്ത്*, വൈ. ക. പു. 488.
135. പി. സോമൻ. *കാവ്യം അന്നരസമയം*, കോട്ടയം: നാഷണൽ ബുക്സ്, 1990 പു. 64.
136. വൈ. ശ്രീ. *സ്വർണ്ണക്കൊടിമരം*, വൈ. ക. പു. 495.
137. *കുട്ടിയുടെ കഥ*, വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, വാല്യം 2, തൃശൂർ: കറന്റ് ബുക്സ്, 2001. പു. 93.
138. *കറുത്ത അത്തം*, പു. 757.
139. *ആശംസ*, പു. 756.
140. ഡോ. എസ്. രാജശേഖരൻ. *ഓണസങ്കല്പം*, വൈലോപ്പിള്ളി-കവിതയും ദർശനവും തിരുവനന്തപുരം: കേ.ഭാ.ഇ., 1994, പു. 224.
141. വൈ. ശ്രീ. *വിഷുക്കണി*, വൈ. ക. പു. 293.
142. *വിഷുക്കണി*, വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ, വാല്യം-1, തൃശൂർ: കറന്റ് ബുക്സ്, 2001 പു 657.
143. *തെങ്ങിൻതോപ്പിൽ*, പു. 690.
144. *പെൻഷൻകാർ*, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, വാല്യം 2, തൃശൂർ: കറന്റ് ബുക്സ്, 2001. പു. 208.
145. *സർപ്പക്കാട്*, വൈ. ക. പു. 157.

## അധ്യായം അഞ്ച്

# ഉപസംഹാരം

കേരളത്തിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ കർഷകസംഘങ്ങൾ സംഘടിക്കാൻ തുടങ്ങിയ കാലഘട്ടത്തിലാണ് വൈലോപ്പിള്ളി കാവ്യസൃഷ്ടിയിലേർപ്പെടുന്നത്. ഫ്യൂഡൽ കാലഘട്ടത്തിന്റെ തകർച്ചയും അന്നു തുടങ്ങിയിരുന്നു. ഈ പശ്ചാത്തലത്തിൽ വളർന്ന വൈലോപ്പിള്ളിയുടെ കവിതകളിൽ കാർഷികസംസ്കൃതിയിലൂന്നിയ വർഗ്ഗാവബോധം തെളിഞ്ഞുകാണാം.

താരതമ്യേന ദീർഘമായ ഒരു കാവ്യജീവിതമായിരുന്നു വൈലോപ്പിള്ളിയുടേത്. ആദ്യകവിതാസമാഹാരപ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഏതാണ്ടു നാലു പതിറ്റാണ്ടിന്റെയും കവിതാപ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ അരനൂറ്റാണ്ടിന്റെയും ആയുസ്സാർന്ന കാവ്യജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഒരു ഖണ്ഡകാവ്യവും പതിമൂന്നു കാവ്യസമാഹാരങ്ങളും മരണാനന്തരം രണ്ടു കാവ്യസമാഹാരങ്ങളും സമാഹരിക്കാത്ത 20 കവിതകളുമടക്കം നാനൂറ്റി അമ്പത്തിമൂന്നു കവിതകളാണ് അദ്ദേഹം കൈരളിക്കു സമ്മാനിച്ചത്.

വൈലോപ്പിള്ളി പച്ച ജീവിതത്തിന്റെ ശാദ്വലഭൂമിയിലേക്കാണ് കവിതയെ നയിച്ചത്. പാടത്ത് പുഞ്ചയ്ക്കു തേവുന്ന വേട്ടുവൻമാരും, കന്നിക്കൊയ്ത്തിനും മകരക്കൊയ്ത്തിനും ചേറിലിറങ്ങിയ കർഷകത്തൊഴിലാളികളും, മണ്ണിൽ പൊന്നു വിളയിക്കുന്ന കൃഷിക്കാരുമടങ്ങിയ ഗ്രാമമാണ് വൈലോപ്പിള്ളിക്കവിതയിൽ.

വടക്കൻ പാട്ടിന്റെ താളവും, മുലപ്പാലിന്റെ മാധുര്യവും പുരാണകഥകളും കൂടിക്കുഴഞ്ഞ ശൈശവത്തിലും, ബാല്യത്തിലുമായി രൂപപ്പെട്ട അവ്യക്തമായ സൗന്ദര്യബോധമാണ് പിൽക്കാലത്ത് കവിയുടെ വാങ്മയചിത്രങ്ങളായി രൂപപ്പെട്ടത്. ഓണവും ഓണപ്പാട്ടുകാരും വിഷുവും വിഷുക്കണിയും മറ്റു കാർഷികസംബന്ധിയായ ഉത്സവങ്ങളും ആവർത്തിച്ചാവർത്തിച്ച് നിത്യനൂതനയോടെ വൈലോപ്പിള്ളി ആവിഷ്കരിച്ചി

ട്ടുണ്ട്. കേരളത്തിന്റേതു മാത്രമായ കാർഷികസവിശേഷതകളും ഉത്സവങ്ങളും ഇത്രയധികം കവിതയിൽ ആവാഹിച്ചിട്ടുള്ള കവികൾ വൈലോപ്പിള്ളിയെപ്പോലെ മറ്റാരെങ്കിലും ഉണ്ടാകുമോ എന്നു സംശയമാണ്. കാർഷികവൃത്തിയോട് വൈലോപ്പിള്ളിക്കുള്ള അദമ്യമായ അഭിനിവേശത്തിന്റെ ഉദാഹരണമാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികളായ *കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, കയ്പവല്ലരി, വിത്തും കൈക്കോട്ടും* എന്നീ കാവ്യസമാഹാരങ്ങളും *ജലസേചനം, സർപ്പക്കാവ്, വർഷാഗമം, ഗന്ധങ്ങൾ, യുഗപരിവർത്തനം, കൊയ്ത്തു കഴിഞ്ഞ്, ഓണക്കിനാവ്, ഓണമുറ്റത്ത്, കൃഷിപ്പാട്ട്* എന്നീ കവിതകളും.

"ഉർവിയെ പുഷ്പിപ്പിക്കും കലപോൽ നമുക്കത്ര നിർവൃതികരം സർഗവ്യാപാരമുണ്ടോ മന്നിൽ" എന്ന വരികൾ അദ്ദേഹത്തിന്റെ കാവ്യജീവിതമാനിഫെസ്റ്റോവിലെ മുഖ്യമുദ്രാവാക്യമായി നാം ഇന്നു വായിച്ചെടുക്കുന്നു.

സാമൂഹ്യവിപ്ലവത്തിന്റെ നേർക്ക് ഒരിടത്തരക്കാരന്റെ സമീപനങ്ങളും ധർമ്മസങ്കടങ്ങളും സമന്വയിപ്പിച്ച് ഏതാണ്ടാത്മകഥാരൂപത്തിൽ രചിച്ചിട്ടുള്ള ഖണ്ഡകാവ്യമാണ് കുടിയൊഴിക്കൽ. മധ്യവർഗ്ഗത്തിന്റെ മാനസികസംഘർഷം ഈ കൃതിയിൽ തെളിഞ്ഞ് കാണാം. കന്നിക്കൊയ്ത്തിൽ ഏതാണ്ട് ഒരടിമയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട കർഷകത്തൊഴിലാളി ഉശിരും വീറും വർഗബോധവുമുള്ള തൊഴിലാളിയായി മാറിവരുന്നതിന്റെ ചിത്രംകൂടി ഈ കാവ്യശില്പം കാണിച്ചുതരുന്നു.

'കെട്ടജീവിതം ഉണ്ടെനിക്കെന്നാൽ
മറ്റൊരു കാവ്യജീവിതം മന്നിൽ'.

എന്നു സമാശ്വസിക്കുന്ന കവി-

'കെട്ട ഞങ്ങൾതൻ കേവലസ്വപ്ന-
ക്കെട്ടെടുത്തു കയറുക നിങ്ങൾ.
കേവലം മൺതുരുമ്പിൽ കിടപ്പൂ
ദേവലോകം തുറന്നിടും താക്കോൽ.'

എന്ന ആഹ്വാനത്തോടെയാണ് കാവ്യം അവസാനിപ്പിക്കുന്നത്. കവിയുടെ സാമൂഹ്യശാസ്ത്രബോധവും, ഉൽപതിഷ്ണുത്വവും അതിന്റെ അങ്കുരാവസ്ഥയിൽ നാം ഇവിടെ കാണുന്നു. ചീവീടുകളുടെ പാട്ട് എന്ന ഖണ്ഡം തൊഴിലാളി ഐക്യത്തിന്റെ, സംഘശക്തിയുടെ വിജയം പ്രഖ്യാപിക്കുന്നു.

ദേശീയസാർവദേശീയ സംഭവവികാസങ്ങളോടും, കേരളത്തിലെ സാമൂഹ്യജീവിതത്തെ ബാധിക്കുന്ന രാഷ്ട്രീയസംഭവവികാസങ്ങളോടും നിസ്വവർഗതാല്പര്യത്തെ ഉയർത്തിപ്പിടിച്ച് കവിത എഴുതിയ ലക്ഷ്യബോധമുള്ള കവികൂടിയായിരുന്നു വൈലോപ്പിള്ളി. *ത്യാഗോപഹാരം, കൊറിയയിൽ സിയൂളിൽ, ശിബിയില്ല, ഇരുളിൽ, അഭിവാദനം, പട്ടയദാനം, ഹരിജനങ്ങളുടെ പാട്ട്, ലെനിൻ* തുടങ്ങി അടിയന്തിരാവസ്ഥക്കാലത്തെഴുതിയ കവിതകളടക്കം നിരവധി കവിതകൾ ഉദാഹരണമായെടുക്കാം.

ഭൗതികശാസ്ത്രം അഭ്യസിച്ച വൈലോപ്പിള്ളി വിശ്വാസങ്ങളെ അതിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്നു. ജീവിതം ദുരിതം നിറഞ്ഞതാണെങ്കിലും അതിൽ പരാജയം സമ്മതിച്ചു പിൻതിരിയരുതെന്നാണ് കവിയുടെ ഉദ്ബോധനം. പഴയലോകത്തിന്റെ കുറവുകൾ തീർത്ത് പുതിയ ലോകം സൃഷ്ടിക്കണമന്ന് വൈലോപ്പിള്ളി ആഹ്വാനം ചെയ്യുന്നു. ജീവിതം അനസ്യൂതമാണെന്നും വിശ്വസംസ്കാരപാലകർക്ക് അതിനു സാധ്യതയുണ്ടെന്നും കവി ഓർമ്മിപ്പിക്കുന്നു.

*പന്തങ്ങൾ* പഴയ പ്രൊമെത്യൂസിയൻ സങ്കല്പം മുതൽ പ്രകൃതിയുമായേറ്റു മുട്ടി വളർന്ന മനുഷ്യന്റെ അധ്വാനശീലത്തിന്റെ മഹിമ പ്രകീർത്തിക്കുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ഉദ്ഘോഷമാണ്. *ജലസേചനം, മലതുരക്കൽ, യുഗപരിവർത്തനം* തുടങ്ങിയ കവിതകളിൽ ഭാവിലോകത്തിന്റെ പാത ശാസ്ത്രസാങ്കേതിക വിദ്യകളുടേതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. *കണ്ണീർപ്പാടം, സാവിത്രീ* എന്നീ കവിതകളിൽ ദുസ്സഹമായ വർത്തമാനജീവിതത്തെ കാവ്യജീവിതസ്വപ്നങ്ങൾ കൊണ്ടെങ്ങനെ സഹനീയമാക്കാമെന്ന് കവി വിഭാവനം ചെയ്യുന്നു. കവിതയിലെ അടിയുറച്ച ശാസ്ത്രബോധം, മാറിവരുന്ന തലമുറകളോട് പൊരുത്തപ്പെടാമെന്ന ശുഭാപ്തിവിശ്വാസം, സ്വന്തം മണ്ണിന്റെ പഴമകളോടും പാരമ്പര്യങ്ങളോടുമുള്ള ഹൃദയസമ്പർക്കം, നിലവിലുള്ള സമൂഹത്തെ മാറ്റിമറിക്കുന്നതിൽ തൊഴിലാളി വർഗ്ഗത്തിനുള്ള പങ്കിനെക്കുറിച്ചുള്ള അഭിമാനം, ജീവിതത്തിന്റെ ദ്വന്ദഭാവങ്ങളെ സമർത്ഥമായി സമന്വയിക്കുന്നതിൽ കാണിക്കുന്ന വൈദഗ്ധ്യം, പോയ തലമുറ അത്യന്തം കാല്പനികമായിക്കണ്ടുപോന്ന ചില ചമൽക്കാരങ്ങളെ "ആന്റി റൊമാന്റിസൈസ്" ചെയ്യാനുള്ള വെമ്പൽ എന്നിങ്ങനെ വൈലോപ്പിള്ളിക്കവിതയുടെ ഗുണവിശേഷങ്ങളായി കരുതുന്ന എല്ലാ കാര്യങ്ങളും വിപ്ലവോന്മുഖ താൽപര്യങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ചുരുക്കത്തിൽ ഒരു വിപ്ലവകാരിക്കുവേണ്ട പല ഗുണങ്ങളും വൈലോപ്പിള്ളിക്കവിതയുടെ മുഖമുദ്രകളായി നിൽക്കുന്നു.

വൈലോപ്പിള്ളി കവിതകളിൽ കാർഷിക സംസ്കാരത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന കാവ്യ ബിംബങ്ങളെ പ്രത്യക്ഷ ബന്ധമുള്ളവയെന്നും പരോക്ഷ ബന്ധമുള്ളവയെന്നും രണ്ടായി തിരിക്കാം. ഉപമാരൂപകാദി സ്വഭാവത്തോടു കൂടിയ കേവല വാങ്മയ ചിത്രങ്ങളാണ് പ്രത്യക്ഷ ബിംബങ്ങൾ. ആദിപ്രരൂപങ്ങൾ, പ്രകൃതിബിംബങ്ങൾ എന്നിങ്ങനെ കാർഷിക സംസ്കാരത്തോടു പരോക്ഷമായി ബന്ധപ്പെടുത്താവുന്നവയാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നവ. പാടത്ത് പുഞ്ചയ്ക്ക് തേവുന്ന വേട്ടുവന്മാരെയും, കന്നിക്കൊയ്ത്തിനും മകക്കൊയ്ത്തിനും ചേറിലിറങ്ങിയ കർഷകതൊഴിലാളികളെയും, മണ്ണിൽ പൊന്നു വിളയിക്കുന്ന കൃഷിക്കാരനെയും ചിത്രീകരിക്കുന്നിടത്ത് വൈലോപ്പിള്ളിയുടെ കാർഷിക സംസ്കാരത്തോടുള്ള ഈ ആഭിമുഖ്യം പ്രത്യക്ഷത്തിൽ തന്നെ പ്രകടമാകുന്നുണ്ട്.

കാർഷിക സംസ്കാരത്തിലൂന്നുന്ന ഒരു കവിയെ സംബന്ധിച്ചിടത്തോളം പ്രകൃതിയിൽ നിന്നുരുത്തിരിയുന്ന ബിംബങ്ങൾ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നത് സ്വാഭാവികം മാത്രം. മിത്തുകളിലും മറ്റും മാതൃപ്രതീകങ്ങളായി കടൽ, പുഴ, ജലാശയങ്ങൾ എന്നിവ പ്രത്യക്ഷപ്പെടുന്നത് അവയുടെ ആകൃതികൊണ്ടും ജലസാന്നിദ്ധ്യം കൊണ്ടുമാണ്. കാർഷിക സംസ്കാരത്തോടെന്ന പോലെത്തന്നെ മാതൃബോധത്തോടും ബന്ധപ്പെട്ടാണ് മേഘങ്ങളും നദികളും വൈലോപ്പിള്ളി കവിതകളിൽ ഏറെയും പ്രത്യക്ഷപ്പെടുന്നത്. പ്രകൃതിയിലെ പലതരം പുനരുത്പാദന ശക്തികളിൽ ചിലതായതു കൊണ്ട് മേഘങ്ങളും നദികളും ഉർവ്വരതാബിംബങ്ങൾ കൂടിയാണ്.

*ജലസേചനം, വർഷാഗമം, അമൃതബിന്ദു, ചേറ്റുപുഴ, കടലും കരയും, മഴത്തുള്ളികളും കടലും, വർഷവും വസന്തവും, കായലും കരകളും* തുടങ്ങിയ കവിതകളിലെല്ലാം പ്രത്യക്ഷമായി തന്നെ കടൽ, പുഴ ജലാശയങ്ങൾ എന്നിവ പ്രകടമാവുന്നുണ്ട്. *ജലസേചന*ത്തിൽ ജലം പ്രധാന ബിംബമാണ്. കാളിന്ദിയെ ഭേദിച്ച് ബലരാമൻ ഗോകുലത്തെ ഉർവരതീയമാക്കിത്തീർക്കുന്ന ചിത്രമാണ് കവിതയിൽ. അതു കൊണ്ടു തന്നെയാണ് ബലരാമനെ ആദ്യത്തെ കർഷക രാജാവായി കവി വാഴിക്കുന്നത്.

കൃഷിയോടുള്ള കവിയുടെ ആഭിമുഖ്യമാണ് ജലബിംബങ്ങൾ തെളിയിക്കുന്നത്. നമ്മുടെ സംസ്കാരങ്ങളെല്ലാം ഉത്ഭവിക്കുന്നത് നദീ തടങ്ങളിൽ നിന്നാണ്. വസന്തം വൈലോപ്പിള്ളിക്കവിതകളിൽ ആവർത്തിച്ചു വരുന്നതും ഇക്കാരണത്താലാണ്. ഓണക്കവിതകൾ പോലെ, വൈലോപ്പിള്ളിക്കവിതകളിൽ മഴക്കവിതകളും നിറയുന്നത് ഈ പശ്ചാത്തലത്തിലാണ്.

ഇല്ലംനിറ കാർഷിക കേരളത്തിന്റെ സവിശേഷമായ ചടങ്ങാണ്. ഇതേ പേരിലുള്ള കവിതയിൽ വൈലോപ്പിള്ളി ഇല്ലംനിറയുടെ സൂക്ഷ്മാംശങ്ങൾ പോലും പകർത്തുന്നു. കുട്ടികൾ തലേദിവസം തന്നെ നെൽക്കതിരുകൾ കൊണ്ടുവന്നു പടിക്കു പുറത്തു വയ്ക്കുന്നതും അമ്മ നിലവിളക്കും ഇലയും തുളസിയും ദശപുഷ്പങ്ങളും ചന്ദനവും ഇരുപുറം സമം ഉടച്ചുവച്ച നാളികേരവും മറ്റുമായി ആ കതിരുകളെ വിരുന്നുകാരെപ്പോലെ എതിരേൽക്കുന്നതും ഉമ്മറത്തും മറ്റും കതിർക്കുലകൾ തൂക്കുന്നതുമെല്ലാം ഭംഗിയായി കവി കവിതയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കാർഷികസംസ്കാരത്തോട് ബന്ധപ്പെട്ട കാവ്യബിംബങ്ങളും കേരളീയ പ്രകൃതിയും ഉത്സവങ്ങളും ആഘോഷങ്ങളും വൈലോപ്പിള്ളിക്കവിതകളിൽ സജീവമാണ്. കവിയുടെ വർഗ്ഗാവബോധത്തിന് പിൻബലമാകുന്നത് കാർഷികസംസ്കൃതിയാണ്. നിസ്വവർഗ്ഗത്തോട് വൈലോപ്പിള്ളിക്കുള്ള ആഭിമുഖ്യം മേൽപ്പറഞ്ഞ കവിതകളിൽനിന്നും വ്യക്തമാണ്.

വൈലോപ്പിള്ളിയുടെ കാവ്യങ്ങളെ ആസ്പദമാക്കിയുള്ള ഈ പഠനത്തിന്റെ ഫലമായി എത്തിച്ചേർന്ന നിഗമനങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാവുന്നതാണ്.

വിഷയപരമായി വൈവിധ്യം പുലർത്തുന്ന രചനകളാണ് വൈലോപ്പിള്ളിയുടേത്. അതുകൊണ്ടുതന്നെ ഭാവപരമായും അവ ഒട്ടേറെ വൈവിധ്യങ്ങൾ പ്രദർശിപ്പിക്കുന്നു. മുൻഗാമികളുടെ കാവ്യസരണിയിൽ നിന്നും വ്യതിചലിച്ചുകൊണ്ട് രചനാമേഖലയിൽ പുതിയൊരു ശൈലി അദ്ദേഹം വാർത്തെടുത്തു. പാരമ്പര്യത്തോട് അതിരുകവിഞ്ഞ കൂറും അന്ധമായ അനുകരണ വ്യഗ്രതയും വെടിഞ്ഞ വൈലോപ്പിള്ളി മുൻഗാമികളിൽ നിന്നും സ്വീകാര്യമെന്നു തോന്നിയ അംശങ്ങളെ സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രകൃതിയിലെ സുന്ദര വസ്തുക്കളിൽ മാത്രം അഭിരമിക്കുന്ന സൗന്ദര്യാരാധനകനെയല്ല, ഏതു വസ്തുവിന്റെയും മറുപുറം തിരയുന്ന ഉൽപതിഷ്ണുവായ സത്യാന്വേഷകനെയാണ് വൈലോപ്പിള്ളിയിൽ കാണുക. സൗന്ദര്യം ബാഹ്യമെന്നതിലേറെ ആന്തരികമായ സത്തയാണ്, അദ്ദേഹത്തിന്. വൈലോപ്പിള്ളിയുടെ ശാസ്ത്രബോധം ഈ സ്വാഭവവിശേഷത്തിന് പ്രേരകമായിട്ടുണ്ട്.

ഭാവനയിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും ഉത്തജിതമാകുന്ന വികാരങ്ങളെ സഹൃദയനിലേക്ക് പകർന്ന് അവനെകൂടി ആ ഭാവവുമായി തന്മയീഭവിപ്പിക്കാൻ ശക്തങ്ങളാണ് വൈലോപ്പിള്ളിയുടെ കാവ്യബിംബങ്ങൾ. സാദൃശ്യമൂലകങ്ങളായ ബിംബ

ങ്ങൾ ഗഹനമായ ആന്തരികഭാവങ്ങളെ പ്രകാശിപ്പിക്കാൻ സമർത്ഥങ്ങളാണ് പ്രതീക ങ്ങളും ആദിരൂപബിംബങ്ങളും പുരാവൃത്തബിംബങ്ങളുമെല്ലാം അർത്ഥപുര:ക്ഷേപണം സാധിക്കുന്നു. ആദിരൂപ ബിംബങ്ങളിൽ പിതൃബിംബമായ മഹാബലി വൈലോപ്പി ള്ളിക്കവിതയിൽ സജീവമാണ്. *ഓണക്കവിതകളി*ൽ പ്രത്യക്ഷമായും പരോക്ഷമായും ഈ ബിംബം കടന്നുവരുന്നു. വൈലോപ്പിള്ളിയുടെ സ്ഥിതി സമത്വബോധത്തിന്റെയും പ്രാദേശിക സംസ്കൃതിയുടെയും തെളിവാണ് *ഓണക്കവിതകൾ.* ആസുരഗീതങ്ങളോ ടുള്ള ഈ ആഭിമുഖ്യം കീഴാള വർഗ്ഗത്തോടുള്ള താൽപ്പര്യം സൂചിപ്പിക്കുന്നു.

വൈലോപ്പിള്ളിക്കവിതകളിലെ കർഷകത്തൊഴിലാളികളിൽ അന്യവൽക്കരിക്കപ്പെ ടാത്ത അധ്വാനം തെളിഞ്ഞ് കാണാം. ശരീരം കവിതയിലെ പ്രധാന രൂപകമാണ്.

ശരീരം - അധ്വാനം - ഉൽപന്നം - ആഹ്ലാദം എന്ന മാർക്സിയൻ സങ്കല്പം വൈലോപ്പിള്ളിക്കവിതകളിലെ പ്രാഥമിക ഉൽപാദകരിൽ കാണാം. ഉപരി വർഗ്ഗത്തെക്കാളേറെ കവിതയിൽ സജീവമാകുന്നത് കീഴാളവർഗ്ഗമാണ്. മധ്യവർഗം തൊഴിലാളി മുന്നേറ്റത്തിന് കീഴ്പ്പെടുന്നത് (വഴി മാറി നിൽക്കുന്നത്) *കുടിയൊഴി ക്കലി*ലും *യുഗപരിവർത്തന*ത്തിലും ആവിഷ്കരിക്കപ്പെടുന്നുണ്ട്. ചീവീടുകളുടെ പാട്ട് എന്ന *കുടിയൊഴിക്കലി*ലെ അവസാനഭാഗം തൊഴിലാളികളുടെ സംഘബോധത്തിന്റെ വിജയം സൂചിപ്പിക്കുന്നു.

ചേല്xവേല എന്ന ദ്വന്ദം കവിതയിൽ സജീവമാണ്. ചേല് മുതലാളിത്ത സൗന്ദര്യബോധത്തിന്റെയും വേല തൊഴിലാളി സൗന്ദര്യബോധത്തിന്റെയും സൂചക മാണ്. വേലയുടെ മാഹാത്മ്യമാണ് വൈലോപ്പിള്ളിയുടെ പ്രധാന (പഠന വിധേയമാ ക്കിയ) കവിതകളിൽ ആവിഷ്കൃതമാകുന്നത്.

കർഷക പ്രസ്ഥാനങ്ങളും സമരങ്ങളും വൈലോപ്പിള്ളിയുടെ ആദ്യകാല കവിത കളെ സ്വാധീനിച്ചിട്ടുണ്ട്. ദേശാഭിമാനി സ്റ്റഡി സർക്കിളുമായും പുരോഗമനകലാസാ ഹിത്യസംഘവുമായുള്ള സജീവബന്ധം അവസാനകാലം വരെ ഈ പുരോഗമനസ്വ ഭാവം നിലനിർത്താൻ വൈലോപ്പിള്ളിയെ സഹായിച്ചു.

വർഗാവബോധത്തിന്റെ വിചാര മാതൃകയായ ശുഭാപ്തിവിശ്വാസം, സ്ഥിതിസമത്വ ബോധം, മനുഷ്യശക്തിയിലുള്ള പ്രതീക്ഷ, വ്യക്തിസ്വാതന്ത്ര്യം എന്നിവ കവിതകളിൽ സീജവസാന്നിദ്ധ്യമാണ്. ഈ കാവ്യബോധത്തിലേക്ക് വൈലോപ്പിള്ളിയെ നയിച്ചത് കേരളീയ കാർഷിക ജീവിതാവബോധമാണ്.

ദേശീയ സാർവ്വദേശീയപ്രശ്നങ്ങൾ കവിതയിൽ ആവിഷ്കരിക്കുമ്പോഴും പ്രാദേശികതയിലൂന്നിയാണ് അദ്ദേഹം അവ ചിത്രീകരിക്കുന്നത്. കേരളീയ ചുറ്റുപാടുകളും ഉൽസവങ്ങളും ആഘോഷങ്ങളും കവിതയിൽ നിറയുന്നത് ഈ പശ്ചാത്തലത്തിലാണ്. കാർഷികോത്സവങ്ങളായ ഓണം, വിഷു, തിരുവാതിര എന്നിവ വൈലോപ്പിള്ളിക്കവിതകളിൽ പ്രധാനമാണ്.

തന്റെ കാവ്യപ്രമേയങ്ങളിൽ തുടിച്ചുനിൽക്കുന്ന ജീവിതം കാർഷിക സംസ്കാരത്തിൽ ഊന്നിയ ഒന്നാണെന്നും  അതിനനുരൂപമായ ഒരു കാവ്യഭാഷ തനിക്കു സൃഷ്ടിക്കേണ്ടതായിട്ടുണ്ടെന്നും തിരിച്ചറിഞ്ഞ വൈലോപ്പിള്ളി പ്രാദേശികത്തനിമകളിലേക്കു തിരിച്ചുപോയികൊണ്ടാണ് കാവ്യഭാഷയെ ദൃഢീകരിച്ചെടുത്തത്.

കവിതകളുടെ ബാഹ്യഘടനയിൽതന്നെ ശ്രദ്ധയാകർഷിക്കുന്ന കാർഷിക, കീഴാളവർഗ സംസ്കാരത്തിനനുരൂപമായ ബിംബകല്പനകൾ ശില്പഘടനയിലും സ്വീകരിച്ചിരിക്കുന്നതിനാൽ ഭാവരൂപങ്ങളുടെ സല്ലയനം വൈലോപ്പിള്ളിക്കവിതകളിൽ സംഭവിക്കുന്നുണ്ട്.

പ്രത്യാവൃത്തി ബിംബങ്ങളിൽ ആദിപ്രരൂപബിംബങ്ങൾ, ഉർവരതാബിംബങ്ങൾ, ശുഭാപ്തിബോധത്തോടു ബന്ധപ്പെട്ട ബിംബങ്ങൾ എന്നിവയെല്ലാം വൈലോപ്പിള്ളിയുടെ മനുഷ്യസ്നേഹത്തെയും പുരോഗമന ചിന്തകളെയും പ്രതിഫലിപ്പിക്കുന്നവയാണ്.

വരുംതലമുറയെക്കുറിച്ചു തികഞ്ഞ ശുഭാപ്തിവിശ്വാസം വൈലോപ്പിള്ളിക്കുണ്ടായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ കാവ്യബിംബങ്ങൾ തെളിയിക്കുന്നത്. കാവ്യഭാഷയിലും പ്രമേയങ്ങളിലും വൈലോപ്പിള്ളി ആവിഷ്കരിച്ച പുതിയ പദ്ധതികൾ പിൽക്കാല കവികളിൽ വളരെയേറെ പ്രേരണകൾ ചെലുത്താൻ പര്യാപ്തമായിരിക്കും.

## അനുബന്ധം - ഒന്ന്

# ജീവിതരേഖ

ചേരാനെല്ലൂർ കൊച്ചുകുട്ടൻ കർത്താവിന്റെയും നാണിക്കുട്ടിയമ്മയുടെയും മകനായി 1911 മെയ്-11ന് എറണാകുളത്തിനടുത്തുള്ള കലൂരിൽ ജനിച്ചു. കലാപരമായോ സാഹിത്യപരമായോ ഏറെ പ്രസിദ്ധിയൊന്നും അവകാശപ്പെടാനില്ലാത്ത ഒരു ഗ്രാമത്തിൽ വളർന്ന ശ്രീധരമേനോന് അമ്മയിൽ നിന്നാണ് കവിതാവാസന പകർന്ന് കിട്ടിയത്. കഥകളിക്കമ്പക്കാരനായ അച്ഛനിൽ നിന്നു പുരാണേതിഹാസങ്ങളിലെ കഥകൾ കുട്ടിക്കാലത്തു കേട്ടു മനസ്സിലാക്കി. പാർവ്വത്യക്കാരൻ കുട്ടൻ മേനോൻ എന്ന ഭക്തനായ വല്യമ്മാവൻ ഭജനയ്ക്ക് കൈമണി കൊട്ടിച്ച് കീർത്തനം പാടുവാൻ കൂടെ ഇരുത്തിവന്നതും ആ ബാലന്റെ കവിതാവാസനയെ പോഷിപ്പിച്ചഘടകമാണ്. കവിയുടെ അകന്ന ബന്ധത്തിൽപ്പെട്ട പുന്നുരുന്നിൽ ചാത്തോളിൽ പാറുഅമ്മ കൂടെ കൂടെ അദ്ദേഹത്തിന്റെ വീട്ടിൽ വന്ന് താമസിക്കാറുണ്ടായിരുന്നു. കുട്ടിക്കാലത്ത് അവരിൽ നിന്നു കേട്ടുപഠിച്ച വടക്കൻ പാട്ടുകളിലൂടെ നാടൻ പാട്ടുകളുടെ സ്വാധീനവും പില്ക്കാലത്ത് ആ കവിത്വസിദ്ധിയെ പോഷിപ്പിക്കുവാനിടയാക്കി.

ഒരു ഇടത്തരം ജന്മി കുടുംബത്തിൽ പിറന്ന ശ്രീധരമേനോന് ബാല്യത്തിൽ തന്നെ ഏറെ ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. മരുമക്കത്തായസമ്പ്രദായ പ്രകാരം അമ്മാവന്റെ ചെലവിലും നിയന്ത്രണത്തിലും കഴിയേണ്ടി വന്നു. ജാതിക്കോയ്മ കാരണം ഹോട്ടൽ ഭക്ഷണം നിഷിദ്ധമായിരുന്നു.

കുറ്റിപ്പുറത്തുകേശവൻ നായരെപ്പോലെയുള്ള അദ്ധ്യാപകരെയും ഇടപ്പള്ളി കരുണാകരമേനോനെപ്പോലെയുള്ള സുഹൃത്തുക്കളെയും ശ്രീധരമേനോന് ലഭിച്ചത് എറണാകുളം മഹാരാജാസ് കോളേജിലെ വിദ്യാഭ്യാസകാലത്താണ്. കാവ്യരചനയ്ക്ക് പ്രചോദനം നൽകുന്നതിലും ഈ സാഹചര്യം ഏറെ സഹായകമായി. ശാകുന്തളത്തിന്റെ മാതൃകയിൽ ഈർക്കിൽകൊണ്ട് മുറ്റത്തെഴുതി പിന്നീട് നോട്ടുപുസ്തകത്തിൽ

പകർത്തി കീറിക്കളഞ്ഞ ഒരു ശ്ലോകനാടകമാണ് തന്റെ ആദ്യകൃതി എന്ന് ശ്രീധരമേനോൻ പറയുന്നു.

വൈലോപ്പിള്ളിയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു കുമാരാനാശാന്റെ കവിതയുമായുള്ള ബന്ധം. സുഹൃത്തായിരുന്ന യു.കെ കുമാരനാണ് ആശാന്റെ കാവ്യഗ്രന്ഥങ്ങളും 'സഹോദരൻ' പത്രത്തിന്റെ പഴയ ലക്കങ്ങളും സ്കൂൾ വിദ്യാഭ്യാസകാലത്ത് ശ്രീധരമേനോന് കൊണ്ടുവന്നുകൊടുത്തത്. ഇത് സമൂഹത്തിലെ അധഃസ്ഥിതരുടെ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാൻ ജന്മികുടുംബത്തിൽ പിറന്ന ശ്രീധരമേനോനെ പ്രാപ്തനാക്കി.

എറണാകുളം മഹാരാജാസ് കോളേജിൽ ബി.എ.യ്ക്ക് പഠിക്കുമ്പോൾ താൻ എഴുതിയ കവിത വായിച്ച് 'എന്റെ കവിതപോലെ തന്നെ എനിക്കിഷ്ടപ്പെട്ടു' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ അദ്ധ്യാപകൻ കൂടിയായ കുറ്റിപ്പുറത്തു കേശവൻനായർ അഭിനന്ദിച്ചതാണ് തന്നെ ഏറ്റവുമധികം ധന്യനാക്കിയതെന്ന് വൈലോപ്പിള്ളി അനുസ്മരിക്കുന്നു. ആധുനികരായ ഇംഗ്ലീഷ് കവികളെ പുസ്തകങ്ങളിലൂടെ കവിക്ക് പരിചയപ്പെടുത്തിക്കൊടുത്തത് ഇംഗ്ലീഷ് അദ്ധ്യാപകനായ എൽ.വി.രാമസ്വാമി അയ്യരായിരുന്നു. കോളേജിലെ കവിതാ മാഗസിനിൽ പ്രസിദ്ധീകരിച്ച 'വീരവൈരാഗ്യ'ത്തോടെയാണ് ശ്രീധരമേനോൻ ഒരു കവി എന്ന നിലയിൽ അറിയപ്പെടുവാൻ തുടങ്ങിയത്. 1931 ൽ കോളേജിലെ സമസ്തസാഹിത്യപരിഷത്തിൽ ശ്രീധരമേനോൻ അവതരിപ്പിച്ച 'ജീവിതം' എന്ന സ്വന്തം കൃതി ജീവിതത്തിന്റെ മഹത്വം വാഴ്ത്തുന്ന ഒരു രചനയായിരുന്നു.

1931 ൽ ജന്തുശാസ്ത്രത്തിൽ ബിരുദമെടുത്തതോടെ വൈലോപ്പിള്ളി ശ്രീധരമേനോൻ തൃശ്ശൂരിലെ കണ്ടശ്ശാംകടവ് ഹൈസ്കൂളിൽ സയൻസ് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ഒല്ലൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരിക്കെ, 1938 മുതൽ 44 വരെ തൃപ്പൂണിത്തുറ ഹൈസ്കൂളിലും 46 മുതൽ 56 വരെ എറണാകുളത്ത് എസ്. ആർ. വി ഹൈസ്കൂളിലും ശാസ്ത്രാധ്യാപകനായി ജോലി നോക്കി. 1956 ൽ ഭാനുമതിയമ്മയെ വിവാഹം ചെയ്ത വൈലോപ്പിള്ളിക്ക് രണ്ട് ആൺമക്കളാണ്- ശ്രീകുമാർ, വിജയകുമാർ. ഇരുവരും ഡോക്ടർമാരാണ്. 1966-ൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വൈലോപ്പിള്ളി ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിച്ചു. 1970 ജൂണിൽ അദ്ദേഹം റഷ്യ സന്ദർശിച്ചു. 1968 മുതൽ 1971 വരെ കേരളസാഹിത്യ അക്കാദമി അംഗമായിരുന്നിട്ടുണ്ട്.

**അവാർഡുകൾ ബഹുമതികൾ**

കന്നിക്കൊയ്ത്തിന് 1947ൽ മദ്രാസ് ഗവൺമെന്റിന്റെ സമ്മാനവും 56ൽ വിത്തും കൈക്കോട്ടിന് എം.പി പോൾ സമ്മാനവും കിട്ടി. കടൽക്കാക്കകൾക്ക് കല്ല്യാണി കൃഷ്ണ മേനോൻ പ്രൈസും ലഭിച്ചു. 1951ലും 1959ലും മലയാളത്തിന്റെ പ്രതിനിധിയായി ഡൽഹി ഭാഷാ സമ്മേളനത്തിലും കവിസമ്മേളനത്തിലും പങ്കെടുത്തു. 1965-ൽ 'കയ്പ വല്ലരി'ക്ക് കേരള സാഹിത്യ അക്കാദമി അവാർഡും 1969 ൽ സോവിയറ്റ്ലാന്റ് നെഹ്രു അവാർഡും ലഭിച്ചു. 1972 ൽ 'വിട' കേന്ദ്രസാഹിത്യ അക്കാദമി അവാർഡിനും ഓട ക്കുഴൽ അവാർഡിനും 1981-ൽ 'മകരക്കൊയ്ത്ത്' സാഹിത്യഅക്കാദമി രജതജൂബിലി അവാർഡിനും അർഹമായി. ആശാൻ പ്രൈസും, 'സാഹിത്യനിപുണൻ' എന്ന ബഹു മതിയും വൈലോപ്പിള്ളി ശ്രീധരമേനോനെ തേടിയെത്തിയിട്ടുണ്ട്. പുരോഗമന കലാ സാഹിത്യ സംഘത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്നു വൈലോപ്പിള്ളി.

തന്റെ കാവ്യസപര്യകൊണ്ട് മലയാളത്തെ ധന്യമാക്കിയ ആ പ്രതിഭാധനൻ 1985 ഡിസംബർ 22 ന് തൃശൂരിൽ വെച്ച് അന്തരിച്ചു.

## അനുബന്ധം – രണ്ട്

# സമ്പൂർണ്ണകൃതികൾ

## കവിതകൾ

**കന്നിക്കൊയ്ത്ത്(1947)**
കന്നിക്കൊയ്ത്ത്
ആയിരത്തൊന്നു രാവുകൾ
അരിയില്ലാഞ്ഞിട്ട്
വസന്തം
മാമ്പഴം
പടയാളികൾ
പൂക്കാലം
ദീപാവലി
നർത്തകി
ഹിമാലയം
ത്യാഗോപഹാരം
കാക്ക
സഹ്യന്റെ മകൻ
കടലിലെ കവിതകൾ
ആസ്സാംപണിക്കാർ
വിരഹത്തിൽ
പശ്ചിമസമുദ്രം

**ശ്രീരേഖ(1950)**
തുയിലുണർത്തൽ
രണ്ടു നാദങ്ങൾ
ജലസേചനം
പന്തങ്ങൾ
കൃഷ്ണപ്പരുന്ത്
ഊഞ്ഞാലിൽ
വാനമ്പാടിയോട്
ഹരിജനങ്ങളുടെ പാട്ട്
പടക്കളത്തിലെ പൂമ്പാറ്റ
ഒരു കൊടി
പൂക്കൈത
ഒരു ഗാനം
അമ്മയും നമ്മളും
മലതുരക്കൽ
കാരാഗൃഹത്തിൽനിന്ന്
ദത്തപുത്രൻ
വർഷാഗമം
സ്വർണ്ണമത്സ്യങ്ങൾ
കേരളത്തിന്റെ ചിരി

**കുടിയൊഴിക്കൽ(1952) (ഖണ്ഡകാവ്യം)**

**ഓണപ്പാട്ടുകാർ(1952)**
കന്യക
കവിയും കുഷ്ഠരോഗിയും
മഴത്തുള്ളികൾ
കുറ്റക്കാരൻ
ഓണപ്പാട്ടുകാർ
മരണം കനിഞ്ഞോതി
ആ കണ്ണുകൾ
മണിനാദം
പത്രം വേണോ പത്രം?
പക്ഷേ
ധന്യകന്യക
സ്വാതന്ത്ര്യദിനത്തിൽ
കൊറിയയിൽ സീയുളിൽ
പെരിയാറിനോട്
പഴയപള്ളി
ഓണക്കളിക്കാർ

പുല്ലുകൾ
താരാട്ട്
വിപ്ലവകാരി
അധഃപതനം
ആശുപത്രിയിൽ
ഒന്ന്,രണ്ട്,മൂന്ന്
താമരയും കവിതയും
വിരുന്നുകാരൻ
കവിയും സൗന്ദര്യബോധവും

**കുന്നിമണികൾ(1954)**

ഒരു പൂവ്
ശിവനാഥൻ
ഞാൻ വരുന്നില്ല
മഞ്ഞക്കിളി
സനാഥൻ
തുമ്പപ്പൂ
ശോകഭാവം
തോക്കും തുലാസ്സും
പിച്ചകപ്പൂ
കാബൂൾക്കാരി
വർക്കത്തുകെട്ട താറാവ്
പ്രകാശം
ഓണം
പെണ്ണും പുലിയും

**വിത്തും കൈക്കോട്ടും (1956)**

ഗന്ധങ്ങൾ
ശിബിയില്ല
പ്രഭാതഗാനം
സർപ്പക്കാട്
മൂന്നു ഗീതകങ്ങൾ
ഇന്ത്യ കൊറിയയിൽ
എന്റെ ഗ്രാമം
ഓർമ്മകൾ
പോക
പത്മനാഭപുരത്തിൽ
കവിക്കു മറുപടി
ഓടക്കുഴൽ
കുന്നിമണികൾ
കേരളത്തിലെ യഹൂദർ ഇസ്രയേലിലേയ്ക്ക്
ഭേരി
"ജാതി ജാതാനുകമ്പാ ഭവ"
പട്ടിണിപ്പാട്ടുകാർ
കാവൽക്കാരൻ
മുലകുടി
കേരളകവി
ആരു നമ്മെ നയിക്കുമിപ്പോൾ?
ഇപ്പോഴും മുന്നേപ്പോലെ?
രണ്ടു ഗീതകങ്ങൾ
രണ്ടു ചീനക്കവിതകൾ
വൈസ്രോയിയും കുരങ്ങുസൂപ്പും
ധിക്കാരവും പ്രതികാരവും
കൊയ്ത്തുകഴിഞ്ഞ്
വിത്തും കൈക്കോട്ടും
കിനാവിൽ കണ്ട കവിത
ഹസ്തദാനം

**കടൽക്കാക്കകൾ (1958)**

കടൽക്കാക്കകൾ
പട്ടുടുപ്പ്
ചലനവും ശബ്ദവും
യുഗപരിവർത്തനം
പാവക്കിനാവ്
ശുപ്പു
കൃഷ്ണാഷ്ടമി
കണ്ണീർപാടം
കരിയിലാംപീച്ചികൾ
കത്തിയും മുരളിയും
നന്ദി
സംസ്കൃതം
രണ്ടു കാറ്റുകൾ
പുതിയ കാഴ്ചപ്പാട്
മുത്തച്ഛന്റെ വെണ്മഴു
പുതിയ വസന്തം
ലില്ലിപ്പൂക്കൾ

**കുരുവികൾ (1961)**

അമൃതബിന്ദു
വേനൽപച്ചകൾ

പുക
നിന്റെ ഹൃദയം
വാഴാനിയിൽ
ചുംബനം
വീണ്ടും
കാക്കകൾ
ഓന്ത്
മ്യൂസിയം പാർക്കിൽ
പനിനീർപൂന്തോട്ടം
അമ്മയുടെ പുഞ്ചിരി
പ്രാർത്ഥന
ഫാഹിയാൻ
പിച്ചിപ്പൂ
തവള
വൈകിയ വസന്തത്തിൻ പുഷ്പങ്ങൾ
ഒരു പോത്തും രണ്ടു മൈനകളും
കൊച്ചുമുഖം
മൃഗശാലയിൽ
പനിനീർപൂ
ഒഴിഞ്ഞ കൂട്
മണ്ണിലെ പൊന്ന്
കാശിത്തുമ്പകൾ
മറ്റൊരു തുറമുഖം
കിഴവൻ മാവ്
തപോവനത്തിൽ
താമസിച്ച മനുഷ്യൻ
മലർക്കുല
കവിതയോട്

**കയ്പവല്ലരി (1963)**

എഴുത്തച്ഛൻ
തൊഴിലാളി
മഞ്ഞക്കടലിനോട്
പൂവും കായും
വിമർശനം
ഞങ്ങളുടെ കൊടി
വിഷുക്കണി
പുണ്യദർശനം
ഇരുളിൽ
കൂടും കിളിയും
എണ്ണപ്പുഴുക്കൾ
അഭിവാദനം
മീനപ്പുലരിയിലെ മഴ
ഗോസംരക്ഷണം
പൈതൃകം
നടക്കാവിൽ
തച്ചന്റെ മകൻ
പ്രഭാതം
മാവു പൂക്കുന്നു
മഹാബലിയോട്
ചേറ്റുപുഴ
പുതിയ പാഠങ്ങൾ
കനി
പൂച്ചക്കുട്ടികൾ
കിളിയും മനുഷ്യനും
വടക്കൻപ്പാട്ട്
കുചേലൻ
വിലങ്ങൻകുന്നിനോട്
വിദ്യാരംഭം
ഓണപ്പാട്ട്
കടലും കരയും
കയ്പവല്ലരി
ഉണ്ണികൾ

**വിട (1970)**

ഓണക്കിനാവ്
ഉജ്ജ്വലമുഹൂർത്തം
വിരുന്നുകാരൻ
സുൽത്താനും കവിയും
ലാടംതറയ്ക്കൽ
ഇതുപോലെ
ഉഷസ്സിലേയ്ക്ക്
ഗ്രീഷ്മത്തിൽ
ചരിത്രത്തിലെ ചാരുദൃശ്യം
കുറുക്കന്മാർ
മധുമക്ഷിക
കൂ
തിരിയേ വരൂ
ശകുനം

ഗണപതിഹോമം
റൊമാന്റിക് ഭാവന
ഹെഡ്മാസ്റ്ററും ശിഷ്യനും
മുത്തും പവിഴവും
വിഷുക്കണി
പള്ളിമണികൾ
പരിണാമഗാഥ
ഉണ്മയുടെ പുഞ്ചിരി
പാപപ്പല്ല്
കുടങ്ങൾ
പുതിയ ചോറൂണ്
ആറാട്ടുപുഴയിൽ
അത്ഭുതമണി
രക്തദാനം
സർക്കസ്സ്
തെങ്ങിൻതോപ്പിൽ
മഴത്തുള്ളികളും കടലും
പനിനീർപ്പൂവിനോട്
കൃഷിപ്പാട്ട്
ഓണമുറ്റത്ത്
ജീർണ്ണാവശിഷ്ടങ്ങൾ
അമ്മാവന്റെ കണി

**മകരക്കൊയ്ത്ത് (1980)**

സ്വർണ്ണക്കൊടിമരം
നമ്മുടെ ഭീമൻ
രാജകവി
ചർച്ചകൾ
പൂങ്കോഴികൾ കൂകുന്നു
അത്യാനന്ദം
ലെനിൻ
വാക്കുൾ
മഴക്കാലത്ത്
ഓണത്തല്ല്
മേടരാവിൽ
തീപ്പെട്ടി
കവിസിംഹം
പഴയത്
വേനല്ക്കൊരു മഴ
നവലോകം
നഗരത്തിന്റെ ശബ്ദം
ഗന്ധർവ്വബാലന്മാർ
പൂതനകൾ
കണിക്കൊന്ന
പഴയ മദ്യം
കുറുമൊഴി
കവിയച്ഛൻ
പൈതൃകം
രത്നമാല
അച്ഛൻ
വിഷുപ്പുലരിയിൽ
കൊന്നപ്പൂക്കൾ
അശ്വിനീദേവന്മാർ
പട്ടംപറത്തൽ
കുമാരകോകിലം
കല്ല്
ഗൾഫ് സ്റ്റേറ്റുകളോട്
വെള്ളിലവള്ളി
മറക്കാതിരിക്കുവാൻ
പൂവും മുള്ളും
അലയാഴി പെറ്റ മകൾ
മുടിനാര്
തൃശ്ശൂരിലെ തിരുവാതിരകൾ
മാനഭംഗം
അടിയന്തിരം
പൊട്ടി പുറത്ത്, ശീവോതി അകത്ത്
ശ്രീവത്സം
കുരങ്ങുരാമൻ
മാവേലീ നാടുവാണീടും കാലം
കാർട്ടൂൺകവിതകൾ
വിഷുക്കണി
പശു
പിന്നത്തെ വസന്തമേള
മിണ്ടുക, മഹാമുനേ
പുലിയമ്മ
തൊപ്പി
വള്ളത്തോൾസ്മരണ
തൃശ്ശൂരിലെ വടക്കേച്ചിറ
കർക്കിടകത്തിലെ കാക്കകൾ

മഞ്ഞുകാലത്തെ കരിയിലകൾ
ഒരുവൾ
ഗൃഹപുരാണം
ശ്ലോകങ്ങൾ
കൃഷ്ണനും ദുർവ്വാസസ്സും
മരനീരും കണ്ണീരും
അഭിവാദനം
പട്ടയദാനം
ഉപമന്യൂ
തേനീച്ചയുടെ സ്വയംവരം
ഗുരുസന്നിധിയിൽ
സാവിത്രി
കവിയും കാറ്റും
പൂത്തുമ്പ
വർഷവും വസന്തവും
ഇത്തിരിമാത്രം രക്തം
നെയ്യാമ്പൽ
ചന്ദ്രന്റെ ചിരി
ഞങ്ങളും ഇവരും നാട്ടുകാരും
പത്തിലൊന്ന്
കായലുകളും കരകളും
വളർത്തുമകൾ
പുണ്യദർശനം
തപാൽക്കാരൻ
തിരനോട്ടം
ദർശനം

**മിന്നാമിന്നി (1981)**

ശബ്ദങ്ങൾ
കിടുക്കിട്ടം
ആന
മണി
തീൻകൊതി
കോടാലി
പച്ചക്കറിത്തോട്ടം
പുഴുപ്പല്ല്
ഉറക്കുപാട്ടും ഉണർത്തുപാട്ടും
പേരെഴുത്ത്
കാക്കച്ചി
നായ്ക്കുട്ടി
വാ വാ വാ-പോ പോ പോ
ജലദോഷം
കൊക്കരക്കോ
ഊഞ്ഞാൽ
ബുൾബുൾ പക്ഷികൾ
കായ്കനികൾ പലതരം
പൂച്ച സുഖിക്കുന്നു
ഞാനും അവനും
കള്ളൻ
ഉറുമ്പും കുഴിയാനയും
കാറ്റും മഴയും കഥയും
വാ,വാ,വാ, കൂ,കൂ,കൂ
കാക്കയും പൂച്ചയും
മിടുക്കൻ
ഒരിരട്ടി, രണ്ടിരട്ടി
നൃത്തം
മഴ
കട്ടവണ്ടി
തുമ്പപ്പൂ
പൊട്ടുകുത്തൽ
ഭയം
ഉത്സവമേളം
മിന്നാമിനുങ്ങ്
മഞ്ഞുതുള്ളി
പല്ലുപറിക്കൽ
വാഹനങ്ങൾ
പിറന്നാൾക്കാരൻ
കട്ടുറുമ്പിന്റെ കഥ
മാടത്തക്കിളി
കൊങ്ങിണിപ്പൂ
വൗവാൽ
കുഞ്ഞിനു വീട്ടിൽ പൊന്നോണം
കുന്നുകൾ കുന്നുകൾ

**പച്ചക്കുതിര(1981)**

ആനയും ഓടക്കുഴലും
പലതരമാം നാദങ്ങൾ
കടങ്കഥ
ചങ്ങാലിപ്രാവ്
ശോകം

കുട്ടികളും പക്ഷികളും
കിനാവു കാണുന്ന കൊച്ചുകണ്ണ്
ച്യൂയിംങ്ഗം
പൂമ്പാറ്റ
മീനുകൾ
കഴുതയും കുതിരയും
കുട്ടിയുടെ കഥ
കാക്കയും കല്ലും
കാളയും തവളയും
കുറുക്കനും മുന്തിരിങ്ങയും
മയിൽപ്പീലി

**മുകുളമാല (1984)**

ഇന്നത്തെ കൈരളി
ശുക്തികൾ
ഇല്ലംനിറ
തെരുവിലെ സംഗീതം
ശിശുപാഠം
വീട്
ചായ
ജീവിതകാലം
ചിരി
സ്വപ്നലോകം
മായാമൃഗം
സരോജിനി നായിഡുവിന്റെ രണ്ട് ഗീതങ്ങൾ
അപവാദം
കഥകളിഭ്രാന്ത്
പൂവിളി
കടം വാങ്ങിയ പീലികൾ
കല്ലോലഗാനം
കിളിയുടെ കുട്ടികൾ
അമ്മുവിന്റെ ആട്ടിൻകുട്ടി
കാലൻകോഴി
നൃത്തം
ബലൂണുകൾ
പലതരമാം നാദങ്ങൾ
നമ്മൾക്കൊപ്പം പാടാമതുനാൾ
പശപച്ചരി
പനിനീർത്തുള്ളികൾ
ഓടികളുടെ മത്സരം
തെച്ചിപ്പൂ
മൃഗശാലയിലെ ആമ
തൃശൂർ മെഡിക്കൽകോളേജ്
ബാഷ്പബിന്ദു

**കൃഷ്ണമൃഗങ്ങൾ (1986)**

മൃതസഞ്ജീവനി
രാമനാഥൻ ഒരു ബാല്യാനുഭവം
ഓണക്കാഴ്ച
അമ്മ
പെൻഷൻകാർ
ഔഷധത്തോട്ടം
കല്യാണസൗഗന്ധികം
സ്റ്റേഷനിൽ
ഉദയക്കിനാവുകൾ
പുലികൾ
പൂന്താനം
കൃഷ്ണമൃഗങ്ങൾ

**അന്തി ചായുന്നു (1995)**

അന്തി ചായുന്നു
നിളാതീരത്തിൽ
ഉൾക്കൊള്ളാത്ത നിറം
രാമകഥ
പുതിയ വിഷു
മഹോദ്യമം
ചാത്തനും കുയിലും ഞാനും
നീണ്ട രാത്രി
ചുംബനം
സന്ധ്യാദീപം
കല്ലുകളി
മന്ത്രവാദി
ചങ്ങമ്പുഴ
മുത്തശ്ശിയുടെ മുത്ത്
വെളിച്ചം
സാന്ധ്യതാരം
മലബാറിലെ ശിക്കാറ്
അശ്വാരൂഢൻ
തോരണം
നന്നു വൃശ്ചികക്കാറ്റേ

കൂണുകൾ
തിരുമുമ്പിൽ
വനരോദനം
നിശാഗീതി
ആർഷഭൂമിയുടെ ആത്മാവ്
വീരവൈരാഗ്യം
സ്നേഹിതന്മാർക്ക്
വള്ളത്തോൾ ഷഷ്ടിപൂർത്തിയിൽ
എന്തിനു കരയുന്നു?
യോഗിയും വിരാഗിയും
മുത്തുമാല
മാധവി
മാതൃവാത്സല്യം
ചിലമ്പൊലി
പൂന്താനം
ലെനിൻ
വാനമ്പാടി
കറുപ്പും വെളുപ്പും
സ്വീകരണമുറിയിലെ കൊച്ചു റെഡ് റൈഡിങ്ങ് ഹുഡ്
രക്തം
പൊന്മാനിന്റെ പിന്നാലെ
കാത്തുകാത്തു കഴിയുന്ന അമ്മ
ഒഡീസിയിൽനിന്നൊരേട്

**കാവ്യനാടകങ്ങൾ**

ഋശ്യശൃംഗൻ
അലക്സാണ്ടർ

**സ്മരണകൾ**

കാവ്യലോകസ്മരണകൾ

**കുറിപ്പുകൾ**

മകരക്കൊയ്ത്തിനെപ്പറ്റി
എന്റെ കവിത

## അനുബന്ധം മൂന്ന്

# സമാഹരിക്കാത്ത കവിതകൾ

| | | |
|---|---|---|
| നന്ദി | 1973 | മഞ്ജുഷ മാസിക |
| നാട് വിശ്രമിക്കട്ടെ | 1958 | ആകാശവാണി പ്രസാ രിക, ത്രൈമാസിക |
| ചക്കക്കുരു | – | – |
| ഇന്നത്തെ കൈരളി | 1937 | മാതൃഭൂമി, ഡിസംബർ 6 |
| അബ്ദുർറഹിമാൻ | – | – |
| അന്നും ഇന്നും | 1938 | മാതൃഭൂമി, ഫിബ്രവരി 28 |
| ഒരു പാട്ട് | 1938 | മാതൃഭൂമി, ഏപ്രിൽ 4 |
| ഓണപ്പാട്ട് | 1938 | മാതൃഭൂമി, സപ്തംബർ 18 |
| വിസ്മൃതി | 1938 | മാതൃഭൂമി, സപ്തംബർ 25 |
| ആനിബസന്റ് | 1948 | സാഹിത്യപരിഷത്ത് |
| മാർച്ച് | 1954 | ജനയുഗം, ഓണം വിശേഷാൽപ്രതി |
| ശുക്രനും ധൂമകേതുവും | – | മനോരമ ആഴ്ചപ്പതിപ്പ് |
| കഞ്ഞിയിലെ കല്ല് | 1964 | കേരളഭൂഷണം, വാർഷികപ്പതിപ്പ് |
| മായാത്ത മഴവില്ല് | 1959 | ജനയുഗം വാരിക, റിപ്പബ്ലിക് വിശേഷാൽ പ്രതി |
| സംഗീതലഹരി | 1938 | മാതൃഭൂമി, ആഗസ്ത് 14 |
| ഹേമന്തത്തിലെ മഴ | 1959 | നവയുഗം വിശേഷാൽപ്രതി |
| ആശംസ | 1970 | ദേശാഭിമാനി ഓണപ്പതിപ്പ് |
| കറുത്ത അത്തം | 1967 | ദേശാഭിമാനി ഓണപ്പതിപ്പ് |
| ബംഗ്ലാദേശ് | – | – |
| പുഷ്പദർശനം | – | കൈരളി |
| പനിനീർപൂന്തോപ്പ് | – | സദ്വൈമാസിക |

# ഗ്രന്ഥസൂചി

## ENGLISH


1 Althusser, Louis. *Lenin and Philosophy and other Essays*, New York: Monthly Review, 1971.

*2* ,, *For Marx,* Verso London- New York: 1996.

3 Beams, Nick. *Marxism and Fundamental Problems of the 20th Century*, New York: St. Martin's Press, 1975.

4 Beirstedt, Robert. *The Social Order,* Bombay: Tata-M Graw Hill, 1970

5 Belesely, Catherine. *Critical Practice,* London and New York: Methuen, 1980

6 Biswas, S.K. *Pathos of Marxism,* Culcutta: Orion Books, 1993.

7 Brett, R.L. *Fancy and Imagination*, London; Methunens Co. Ltd., 1969.

8 Burkett, P. *Marx and Nature*, New York : St. Martin's Press, 1999.

9 Caudwell, Christopher. *Studies in a dying culture*, New delhi: Peoples Publishers House, 1990.

10 ,, *Illusion and Reality*, New Delhi: Peoples Publishers House, 1981.

11 Chandra, Bipin and others. *India's Struggle for independence 1875-1947*, New Delhi: Penguin Books (India), 1970

12 Child, Gorden. *What happend in History*, New York: Menter Book, 1972.

13 Chomsky, Noam. *Understanding Power,* New Delhi: Penguin Books, 2002.

14 Clemens, Dutt. *Fundamentals of Marxism-Leninism*, Moscow: Foreign Publishing House, 1961.

15 Cohen, R Ralph. (Ed.) *Future Literary Theories,* New York: Bantam Books, 1989.

16 Craig, David. (Ed) *Marxists on Literature - An Anthology*, England: Middle sex, 1975.

17 Davison, Donald. *Theses and Dissertations*, London: Clive Bingley, 1977.

18 Day Lewis, C. *The Poetic Image,* (The Clark Lecturers), London: Jonathan Cape, 1961.

19 Eagleton, Terry. *The Idea of Culture*, Oxford: Black Well Publishers, 2000.

20 Eliot, T.S. *On Poetry and Poets*, London: Faber and Faber. 1971.

21 Foster, J. B. *Marx's Ecology,* New York: Monthly Review Press, 2000.

22 Fowler, Roger. *The Language and Literature*, London: Routledge and Kegan Paul, 1971.

23 Frye, Northrop. *Anatomy of Criticism Princeton,* New Jersey: Princeton University Press, 1973.

24 „ *Educated imagination*, Bloomington: Indian University press, 1964.

25 Gorky, Maxim. *On Literature*, Moscow: progress publishers, 1980.

26 Gramsci, Antonio, *Selections from the Prison note books*. David Forgaes and Geoffrey Nowell smith trans. William Boelhower (London: Law rence and Wishart, 1985)

27 Guha, Ranjith (Ed). *Sabaltern Studies,* New york: Oxfort University Press, 1983.

28 Hobbelink, H. *Biotechnology and Future of world Agriculture*, London: Zed Books, 1991.

29 Honigmann, John. J. *Understanding Culture*, Calcutta: Oxford & IBH, 1967.

30 John Peck & Martin Coyle. *Literary Terms and Cititicism*, London: The Mcmillan Press Ltd; 1984.

31 Joyce Patrick (Ed.). *Class*, New York: Oxford University Press, 1995.

32 Jung, C.G. *Psychology and Religion: West and East,* (Collected works of C.G. Jung Volume II), London: Routledger Kegan Paul, 1969.

33 „ *Four Archetypes*, London: ARK Paper Backs, 1972.

34 Kosambi, D.D. *Culture and Civilization of Ancient India,* Historical Outline, Bombay: Popular Prakasan, 1965.

35 Lacan, Jacques. *The Language of the self*, Baltimore and London: The John Hopkin's Press, 1973.

36 Lenin, V.I. *Selected works,* London: Lawrence and Wishart, 1969,

37 Levi Strauss, Claud. *Myth and Meaning*, London: Routledge & Keegan Paul, 1988.

38 Lodge, David. (Ed.) *20th Century Literary Criticism*, London & New York: Longman, 1972.

39 Lucas, George. *Lenin: A Study in the unity of His thought*, Calcutta, New Delhi: Seagall Books, 2005.

40 Lukes, Steven *Marxism and Morality*, Oxford: Clarendon Press, 1985.

41 Marx, Karl and F. Engels. *Selected works*, London: Laurance and Wishart, 1950.

42 Marx, Karl. *Capital Volume 1*, Moscow: Progress Press, 1971.

43 Marx, Karl. *Economic and Political Manuscripts of 1844*, Moscow: Progress Publishers, 1977.

44 Murry, Middleton, J. *The Problems of style*, London: Oxford University press, 1973.

45 Oomen, T.K. *Issues in the study of Agrarian Movements in India*, Bombay: Popular Prakashan, 1985.

46 Panikkar, K.N. *Against Lord and State - Religion and Peasant up rising in Malabar 1836-1921*, Bombay: Oxford University Press, 1989.

47 Richards, I.A. *Principles of Literary Criticism*, London: Routledge & Kegan Paul Ltd, 1963.

48 Saad Filho, A. *Anti Capitalism: a Marklist Introduction*, London: Pluto Press, 2003.

49 Sen, Sukomal. *Communist Manifasto and theory of revelution*, Culcutta: National Book Agency Ltd.,1980.

50 Trotsky, Leon. *The Permanent Revolution*, New York: Aakar Books, 2006.

51 Ullmann, Stephen. *Language and style*, Oxford: Blackwell, 1964.

52 Wood, E.M. *The Origin of Capitalism*, New York: Monthly Review Press, 1999.

53 Zeller, Edward. *Outlines of the History of Greek Philosophy*, New York: World Publishing Company, Meridian Books, 1962.

## മലയാളം

1. അച്യുതനുണ്ണി, ചാത്തനാത്ത്. *സാഹിത്യഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1993.

2. അയ്യപ്പപ്പണിക്കർ, കെ. *കവിദർശനം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002

3. ആണ്ടലാട്ട്. *കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ പിറവി*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2000.

4. ആസാദ് *പ്രതിരോധത്തിന്റെ പാഠങ്ങൾ*, കോഴിക്കോട്: സെക്യൂലർ ബുക്സ്, 1992.

5. കക്കാട്, എൻ.എൻ. *കവിതയും പാരമ്പര്യവും*, ശുകപുരം: വള്ളത്തോൾ വിദ്യാ പീഠം, 1984.

6. കാറൽ മാർക്സ് & ഫ്രെഡറിക് എംഗൽസ്. *തെരഞ്ഞെടുത്ത കൃതികൾ*, മോസ്കോ: വാല്യം 1. പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, പ്രഭാത് ബുക്ക് ഹൗസ്, 1987.

7. കാർത്തികേയൻ, ഷൊർണൂർ. *വൈലോപ്പിള്ളിക്കവിത*, ഏഴുചോട്: നിത്യചൈതന്യയതിയുടെ അവതാരിക, തൃശൂർ: കറന്റ് ബുക്സ്, 1990.

8. കാപ്പൻ, എസ്. *സോഷ്യലിസത്തിന്റെ ഭാവി*, ചങ്ങനാശ്ശേരി: മാനുഷം പ്രസിദ്ധീകരണം, 1993.

9. കുമാരനാശാൻ. *കുമാരനാശാന്റെ സമ്പൂർണ്ണപദ്യകൃതികൾ*, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1981

10. കുഞ്ഞികൃഷ്ണൻ, വി.വി. *കേരളീയനും കർഷക പ്രസ്ഥാനവും*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1996.

11. കുറുപ്പ്, ഒ.എൻ.വി. *കവിതയിലെ സമാന്തരരേഖകൾ*, കോട്ടയം: ഡി.സി ബുക്സ്, 1992..

12. കൃഷ്ണവാരിയർ, എൻ. വി. *എൻ.വിയുടെ കൃതികൾ*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1976.

13. ” *എൻ.വിയുടെ സാഹിത്യവിമർശനം*, കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കോ-ലിമിറ്റഡ്, 1986.

14. കൃഷ്ണപിള്ള, എൻ. *കൈരളിയുടെ കഥ*, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം, 1975.

15. ” കാളിദാസൻ മുതൽ ഒ.എൻ.വി വരെ, കോട്ടയം: ഡി.സി. ബുക്സ് 1992.

16. കെ.ഇ.എൻ. *കറുപ്പിന്റെ സൗന്ദര്യശാസ്ത്രം*. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1999.

17. ഗണേഷ്, കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ*, തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 1990

18. ഗോവിന്ദപ്പിള്ള, പി. *മാർക്സിസവും മൂലധനവും*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1987.

19. ” *സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത*, പയ്യന്നൂർ: നയന ബുക്സ്, 1998.

20. ” *ആഗോളവൽക്കരണം സംസ്കാരം മാധ്യമം*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2004.

21. ഗോവിന്ദൻനായർ, ഇടശ്ശേരി. *ഇടശ്ശേരിയുടെ കവിതകൾ*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1958.

22. ഗോപിനാഥ്, ഇരവിനെല്ലൂർ. *ഉദയകിരണങ്ങൾ*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1989.

23. ചന്ദ്രശേഖരൻ, മേലത്ത്. *വൈലോപ്പിള്ളിക്കവിത*, കോട്ടയം: ഡി.സി. ബുക്സ്, 1995.

24. ജയശ്രീ, വി.ആർ. *കവിതയിലെ സ്വർഗവാതിൽപ്പക്ഷി*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2000.

25. ജോസഫ് മുണ്ടശ്ശേരി. *മുണ്ടശ്ശേരി കൃതികൾ*, കോട്ടയം: ഡി.സി. ബുക്സ്, 1981.

26. ജോളി സക്കറിയ. *വർണബോധം മലയാളകവിതയിൽ*, കോട്ടയം: ഡി.സി. ബുക്സ്, 2004.

27. ടാഗോർ, സൗമ്യേന്ദ്രനാഥ. *മലബാറിലെ കാർഷിക കലാപം*, കാലിക്കറ്റ് യൂണിവേഴ്സിറ്റി: സന്ധ്യ പബ്ലിഷേഴ്സ്, 1982.

28. ദേവദാസ്, എം എസ്. *മാർക്സിസ്റ്റ് ദർശനം*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 3-ാം പതിപ്പ്, 1992.

29. നമ്പൂതിരിപ്പാട്, ഇ.എം.എസ്. *ഇന്ത്യൻ കർഷക പ്രസ്ഥാനവും കർഷക പ്രശ്നം സംബന്ധിച്ച മാർക്സിയൻ സിദ്ധാന്തവും*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1992.

30. നമ്പൂതിരിപ്പാട്, ഇ.എം.എസ്. & പി. ഗോവിന്ദപ്പിള്ള. *ഗ്രാംഷിയൻ വിചാര വിപ്ലവം*, തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1996.

31. നാരായണൻ, തോന്നയ്ക്കൽ. *കാവ്യസമീക്ഷണം*, കോട്ടയം: അരോവിൽ ബുക്സ്, 1991.

32. നാരായണപ്പിള്ള, കെ.എസ്. *കവിസദസ്സ്*, കോട്ടയം: എൻ.ബി.എസ്., 1986.

33. പരമേശ്വരൻപിള്ള, എരുമേലി. (പ്രസാ.) *കന്നിക്കൊയ്ത്തു മുതൽ മകരക്കൊയ്ത്തു വരെ*, കൊച്ചിൻ: ദേശാഭിമാനി സ്ഡിസർക്കിൾ, 1981.

34. " (എഡി.) *വൈലോപ്പിള്ളി*, മാവേലിക്കര: പുരോഗമന കലാസാഹിത്യ സംഘം, 1987.

35. പരമേശ്വരൻ, എം.പി. *വൈരുദ്ധ്യാത്മക ഭൗതികവാദം*, തിരുവനന്തപുരം: ചിന്ത പബ്ലി ഷേഴ്സ്, 2000.

36. പിള്ള, ജി.എൻ. *സ്വപ്നങ്ങൾക്കപ്പുറം*, കോഴിക്കോട്: പി.കെ ബ്രദേഴ്സ്, 1992.

37. " *ജി.എൻ പിള്ളയുടെ പ്രബന്ധങ്ങൾ*, തിരുവനന്തപുരം: സാംസ്കാരിക വകുപ്പ്, കേരള സർക്കാർ, 1996.

38. " *കല-സൃഷ്ടി, ആസ്വാദനം*, കോഴിക്കോട്: റെയർ പബ്ലിക്കേഷൻസ്, 1992.

39. പ്രസന്നരാജൻ. *കേരള കവിതയിലെ കളിയും ചിരിയും*, കോട്ടയം: ഗ്രന്ഥകർത്താവ്, എൻ.ബി.എസ്, 1992.

40. ബഷീർ, എം.എം. *അന്തർധാര*, കുന്നംകുളം: കാലിക്കറ്റ് സർവ്വകലാശാല, വിക്ടോറിയ പ്രസ്സ്, 1996.

41. ബഞ്ചമിൻ, ഡി. *സാഹിതീയ പ്രതികരണങ്ങൾ*, വൈലോപ്പിള്ളിയുടെ പ്രേമസ ങ്കല്പം. കോഴിക്കോട്: മലയാളം, 1988.

42. ബാലകൃഷ്ണൻ, കല്പറ്റ. *മലയാള സാഹിത്യചരിത്രം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

43. ഭാസ്കരൻ, ടി. *കാവ്യാസ്വാദനം*. കെ. രാമചന്ദ്രൻ നായരുടെ അവതാരിക, കോട്ടയം: എൻ.ബി.എസ്, 1989.

44. മുകുന്ദൻ, എൻ. *കവിത: ധ്വനിയും പ്രതിധ്വനിയും*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1988.

45. മേനോൻ, എം.എസ്. *സാഹിതീയ പഠനങ്ങൾ*. കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1995.

46. മേനോൻ, എ.കെ. *ഉതിർമണികൾ*, കോട്ടയം: എൻ.ബി.എസ്, 1976.

47. രാധാകൃഷ്ണൻ, കെ എസ്. *മാർക്സിസവും അദ്വൈതവേദാന്തവും*, കോട്ടയം: നാഷ ണൽ ബുക്സ്റ്റാൾ, 1991.

48. രാജശേഖരൻ, എസ്. *വൈലോപ്പിള്ളി: കവിതയും ദർശനവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994.

49 ,, *ഞാനിന്നിവിടെ പാടുംപോലെ*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1990.

50. ,, (സമ്പാ.) *വൈലോപ്പിള്ളിക്കവിതാ സമീക്ഷ*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

51. ,, *കവിതയുടെ ജാതകം*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1984.

52. ,, *കവിത: വിത്തും കൊയ്ത്തും*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1996.

53. രാജീവൻ, ബി *അന്യവൽക്കരണവും യോഗവും*, കോഴിക്കോട് : മൾബറി പബ്ലിക്കേഷൻസ്, 1990.

54. ,, *ജനനിബിഡമായ ദന്തഗോപുരം*, തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1991.

55. ,, *മാർക്സിസവും ശാസ്ത്രവും*, തിരുവനന്തപുരം: ഫോക്കസ് ബുക്സ്, 1991.

56. രാമകൃഷ്ണൻ, ഇ.വി. *അക്ഷരവും ആധുനികതയും*, തൃശൂർ: ആതിര ബുക്സ്, 1992.

57. ലീലാവതി, എം. *മലയാളകവിതാ സാഹിത്യചരിത്രം*, തൃശൂർ: കേരള സാഹിത്യ അക്കാദമി, 1991.

58. ,, *കവിതാരതി*, കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിക്കേഷൻസ്, 1997.

59. ,, *കവിതാധ്വനി*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1985.

60. ,, *അമൃതശ്മനുതേ*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1984.

61. ,, *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ - ഒരു പഠനം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

62. ,, *വർണ്ണരാജി*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1977.

63 ,, *സത്യം, ശിവം, സുന്ദരം*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1989.

64. വത്സൻ, എം.കെ. *വാക്കുകൾക്കപ്പുറം*, എം എസ് മേനോന്റെ അവതാരിക, കോഴിക്കോട്: മലയാളം, 1987.

65. വസന്തൻ, എസ്.കെ. *ആശയസംവാദം*, കോട്ടയം: ഡി.സി ബുക്സ്, 1984.

66. ,, *അന്വേഷണം, ആസ്വാദനം*, കോട്ടയം: വിദ്യാർത്ഥിമിത്രം, 1987.

67. വി.ബി.സി നായർ. *വൈലോപ്പിള്ളിയും മറ്റും*,കോട്ടയം: ഡി.സി ബുക്സ്, 1986.

68. വിജയൻ. എം.എൻ. *ശീർഷാസനം*, കാലിക്കറ്റ് സർവ്വകലാശാല: പ്രസിദ്ധീകരണ വിഭാഗം, 1994.

69. ,, *നൂതനലോകങ്ങൾ*, തൃശൂർ: കറന്റ് ബുക്സ്, 1994.

70. ,, *കവിതയും മനഃശാസ്ത്രവും*, കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ്, 1987.

71. വേണു. കെ. *സോഷ്യലിസ്റ്റു പാതയും മുതലാളിത്ത പാതയും*, എറണാകുളം: സാംസ്കാരിക പഠന കേന്ദ്രം, 1980.

72. വേലായുധൻ പിള്ള, പി.വി. (സമ്പാ.) *ഗവേഷണത്തിന്റെ പ്രശ്നങ്ങൾ*, തിരുവനന്തപുരം: കേരള സർവ്വകലാശാല, 1976.

73. ശങ്കുണ്ണിനായർ, എം.പി. *കാവ്യവ്യുൽപ്പത്തി*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1974.

74. ,, *കന്നിക്കൊയ്ത്ത്*, മാരാരുടെ അവതാരികയോടുകൂടിയത്, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ 1947.

75. ,, *ശ്രീരേഖ*, എറണാകുളം: സാഹിത്യ പരിഷത്ത് സഹകരണസംഘം, 1958.

76. ,, *ഋശ്യശൃംഗനും അലക്സാണ്ടറും* രണ്ടാംപതിപ്പ്, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ. 1960.

77. ,, *വിത്തും കൈക്കോട്ടും*, തൃശ്ശൂർ: കറന്റ് ബുക്സ്, 1963.

78. ,, *വിട*. ഡോ. ലീലാവതിയുടെ അവതാരികയോടുകൂടിയത്, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1970.

79. ,, *കുരുവികൾ*, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1978.

80. ,, *കുടിയൊഴിക്കൽ*, 7-ാം പതിപ്പ്, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1980.

81. ,, *കടൽക്കാക്കകൾ*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണംഘം, 1980.

82. ,, *പച്ചക്കുതിര*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1981.

83. ,, *മിന്നാമിന്നി*, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 1981.

84. ,, *മകരക്കൊയ്ത്ത്*, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1981.

85. ,, *കയ്പവല്ലരി*, 3-ാം പതിപ്പ്, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1982.

86. ,, *ഓണപ്പാട്ടുകാർ*, എം.എൻ. വിജയന്റെ അവതാരികയോടുകൂടിയത്, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1982.

87. ശ്രീധരമേനോൻ, വൈലോപ്പിള്ളി. *വൈലോപ്പിള്ളിക്കവിതകൾ*, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, 1984.

88. ,, *കുന്നിമണികൾ*, 3-ാം പതിപ്പ്, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1986.

89. ,, *കാവ്യലോകസ്മരണകൾ*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1988.

90. ,, *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ*, വാല്യം 1, 2. തൃശൂർ: കറന്റ് ബുക്സ്, 2001.

91. സുകുമാരൻ ടി.പി. *ഉർവരതയുടെ താളം*, ടി.പി. സുകുമാരൻ സ്മാരക സമിതി, കണ്ണൂർ: പാപ്പിയോൺ, 2003.

92. സുകുമാരൻ പൊറ്റക്കാട്. *സാഹിത്യചക്രവാളം*, കൊച്ചി: ജനത, 1993.

93. സൂസിതാരു, എസ് സഞ്ജീവ് (എഡി.). *കീഴാള പഠനങ്ങൾ*, കോട്ടയം: ഡി സി ബുക്സ് 2006.

94. സോമൻ, പി. *കാവ്യം അന്നരസമയം*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1990.

95. രവികുമാർ, ജി. (സമ്പാ.) *ആധുനിക കവിതാ പഠനങ്ങൾ*, തിരുവനന്തപുരം: ദർപ്പൺ ബുക്സ്, 1994.

**ഗവേഷണപ്രബന്ധങ്ങൾ**

1. തോമസ്, കെ.വി. *നഗരീകരണവും മലയാള നോവലും*, ഗവേഷണ പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, മലയാളവിഭാഗം, 1995.

2. പാർവ്വതി, ബി. *ചങ്ങമ്പുഴയുടെയും വൈലോപ്പിള്ളിയുടെയും കൃതികളിലെ കാല്പനിക ഘടകങ്ങൾ*, ഗവേഷണ പ്രബന്ധം, കേരള സർവകലാശാല, 1993.

3. ബേബി ഷീബ, സി.പി. *വൈലോപ്പിള്ളിക്കവിത: ശൈലീവിജ്ഞാനപരമായ അപഗ്രഥനം*, ഗവേഷണപ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 1997.

4. മോഹനൻ, കെ.പി. *ഇടശ്ശേരിയുടെ കാവ്യബിംബങ്ങൾ*, ഗവേഷണപ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 1994.

5. രാധ, പി.ഐ. *ആധുനിക മലയാളകവിതയിലെ ബിംബകല്പന*, പി.എച്ച്.ഡി പ്രബന്ധം, കോഴിക്കോട് സർവ്വകലാശാല, 1990.

6. വത്സലകുമാരി, വി. *കുടുംബജീവിതം വൈലോപ്പിള്ളിക്കവിതയിൽ*, ഗവേഷണ പ്രബന്ധം, കോഴിക്കോട് സർവ്വകലാശാല, 1994.

7. ശിവശങ്കരൻ നായർ, ടി.ആർ. *കേരളീയത-ആധുനികമലയാളകവിതയിൽ*, ഗവേഷണപ്രബന്ധം, തൃശൂർ: മലയാളവിഭാഗം, ശ്രീ കേരളവർമകോളേജ്, 2003.

**ആനുകാലികങ്ങൾ**

1. അയ്യപ്പപ്പണിക്കർ, കെ. *വൈലോപ്പിള്ളിക്കവിതയിലെ കേരളീയത*, ഭാഷാപോഷിണി 9, 3 (ഒക്ടോബർ, നവംബർ, 1985)

2. ആത്മാരാമൻ. *കറ്റയിൽ പെടാത്ത കതിർ*, മാതൃഭൂമി ആഴ്ചപ്പതിപ്പ് 78, 47 (ജനുവരി 2001)

3. കുറുപ്പ്, ഒ.എൻ.വി. *വൈലോപ്പിള്ളി നെഞ്ചുകീറി നേരുകാട്ടിയ കവി.* മലയാള സാഹിത്യം റിപ്പബ്ളിക് പതിപ്പ്. 9, 56, 1986.

4. „ *വൈലോപ്പിള്ളിയും ചങ്ങമ്പുഴയും*, ഗ്രന്ഥാലോകം 39, 11-12 (നവംബർ - ഡിസംബർ, 1987)

6. കൃഷ്ണവാര്യർ, എൻ.വി. *വൈലോപ്പിള്ളിയും മലയാളകവിതയും*, സാഹിത്യലോകം 6, 4 (ഏപ്രിൽ-ജൂൺ 1981)

7. ഗുപ്തൻനായർ., എസ്. *വൈലോപ്പിള്ളിഎന്ന വിചിത്ര മനുഷ്യൻ*, മാതൃഭൂമി ആഴ്ചപ്പതിപ്പ് 64-42 (ഡിസംബർ 24 1989)

8. ഗോവിന്ദൻകുട്ടിനായർ. *കന്നിക്കൊയ്ത്ത് ഒരാസ്വാദനം,* മാതൃഭൂമി ആഴ്ചപ്പതിപ്പ് (ഏപ്രിൽ 4, 1948)

9. നമ്പൂതിരി, എ.പി.പി *വൈലോപ്പിള്ളിക്കവിതയിൽ പ്രകൃതിയുടെ സ്വാധീനത,* ഭാഷാപോഷിണി 9, 3 (ഒക്ടോബർ - നവംബർ 1985)

10. പ്രഭാകരവാര്യർ,കെ.എം. *വൈലോപ്പിള്ളിക്കവിത- ഒരു പാർശ്വവീക്ഷണം,* മലയാള സാഹിത്യം റിപ്പബ്ളിക് പതിപ്പ് 9, 5, 6, 1986.

11. ബഞ്ചമിൻ, ഡി. *വൈലോപ്പിള്ളിയുടെ ജീവിതദർശനം,* സാഹിത്യസമിതി (ജനുവരി 1978)

12. രാഘവൻപിള്ള, കെ. *വൈലോപ്പിള്ളിക്കവിതയിലെ വൈരുദ്ധ്യാത്മക സമീപനം,* ഭാഷാപോഷിണി. 9.3 (ഒക്ടോബർ - നവംബർ 1985)

13. രാമചന്ദ്രൻ, കരിമ്പുഴ. *തൃശൂരിലെ വടക്കുംനാഥൻ,* മാതൃഭൂമി ആഴ്ചപ്പതിപ്പ് 63, 45 (ജനുവരി 19, 1986)

14. ലീലാവതി, എം. *അന്ത:സത്തയുടെ ദൈവികസാന്നിദ്ധ്യം,* മാതൃഭൂമി ആഴ്ചപ്പതിപ്പ് 64, 43 (ജനുവരി 8, 1983)

15. „ *ബിംബയോജന വൈലോപ്പിള്ളിക്കവിതയിൽ,* ഭാഷാപോഷിണി 9, 3 (ഒക്ടോബർ, നവംബർ 1985)

16. „ *മറ്റൊരു വിധമായിരുന്നെങ്കിൽ!,* മാതൃഭൂമി ആഴ്ചപ്പതിപ്പ് 69, 42 (ഡിസംബർ 22-28. 1991)

17. വിജയൻ, എം.എൻ. *ഓർമ്മകളുടെ കവി,* സമകാലിക മലയാളം വാരിക (19 ജനുവരി 2001)

18. വേലായുധൻ പിള്ള, പി.പി. *നൊസ്റ്റാൾജിയയും വൈലോപ്പിള്ളിക്കവിതയും,* ഗ്രന്ഥാലോകം 41, 8 (ആഗസ്റ്റ് 1989)

19. ശങ്കരൻ, കെ.പി. *കുടുംബം - വൈലോപ്പിള്ളിക്കവിതയിൽ,* കവനകൗമുദി 3,1 (ആഗസ്റ്റ്-ഒക്ടോബർ 2000)

20. സുരേന്ദ്രൻ, പി. *വളർത്തുമകളും പോറ്റമ്മയും* വിജ്ഞാനകൈരളി 3,26 (മാർച്ച് 1945)

21. സുരേന്ദ്രൻ, ആർ. *വൈലോപ്പിള്ളിയുടെ കാവ്യവീക്ഷണം,* ചന്ദ്രിക 9, 34 (ഫെബ്രുവരി 18, 1984)

22. ശങ്കുണ്ണിനായർ, എം.പി. *ഗ്രാമീണജീവിതപരിണാമം സാഹിത്യത്തിൽ,* ഭാഷാപോഷിണി പ. 3, ല. 1; കോട്ടയം 1979.